*24-06-2026*

*Financial Business - General Discussion on the Revised Budget (2026-27)*

## 2026-2027 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച

മി. സ്പീക്കർ: ഇന്ന് ബജറ്റിനെ സംബന്ധിച്ച ചർച്ച അവസാനിക്കുന്ന ദിവസമാണ്. അതിനാൽ ബഹുമാനപ്പെട്ട അംഗങ്ങളെല്ലാവരും സഹകരിച്ചാൽ മാത്രമേ കൃത്യമായി പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. ടോണി ചമ്മണി: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2026-2027 സാമ്പത്തിക വർഷത്തേക്ക് അവതരിപ്പിച്ച ഈ പുതുക്കിയ ബജറ്റിനെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്.

ഈ ബജറ്റ് സംസ്ഥാനത്തിന്റെ വികസനത്തിന് ഒരു പുതിയ ദിശാബോധം നൽകുന്നതാണെന്ന് സുവ്യക്തമാണ്. വർധിച്ച പൊതുകടം, ശമ്പളം, പെൻഷൻ, പലിശ എന്നീ അനിവാര്യ ചെലവുകൾ, പരിമിതമായ ധനകാര്യ വിഹിതം എന്നിങ്ങനെയുള്ള സംസ്ഥാനത്തിന്റെ വികസന വെല്ലുവിളികളെ അതിജീവിക്കാനാവശ്യമായ പ്രായോഗിക സമീപനം സ്വീകരിക്കുന്നതാണ് ഈ ബജറ്റ്. മാത്രമല്ല, വിദ്യാർഥികൾ, യുവജനങ്ങൾ, തൊഴിലാളികൾ, കർഷകർ, സ്ത്രീകൾ, നിരാലംബർ അത്തരത്തിൽ ഒരു ഗവൺമെന്റ് ചേർത്തുപിടിക്കേണ്ട സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന ഈ ബജറ്റ് ഇൻക്ലൂസീവ് ഡെവലപ്മെന്റ് എന്ന ആശയം ഉൾക്കൊള്ളുന്നതാണെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ഒരു ബജറ്റിന്റെ വിശ്വാസ്യത എന്നത് അതിൽ പറഞ്ഞിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെയാണ് പ്രസക്തമാകുന്നത്. ബജറ്റ് അവതരിപ്പിക്കുന്നതിനുമുമ്പ് ഈ ഗവൺമെന്റ് നടപ്പിലാക്കിയ ഒരു പദ്ധതിയിലൂടെ ഈ ബജറ്റിലെ എല്ലാ പദ്ധതികളും സാക്ഷാത്കരിക്കപ്പെടുമെന്ന് എനിക്ക് ഉറപ്പുണ്ട്. 2026 ജൂൺ 19-നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ ബജറ്റ് അവതരിപ്പിച്ചത്. അതിനുമുമ്പ് 2026 ജൂൺ 15-ാം തീയതി കേരളത്തിന്റെ പൊതുഗതാഗത രംഗത്ത് വിപ്ലവം സൃഷ്ടിച്ച ഒരു പദ്ധതിക്ക് സർക്കാർ തുടക്കം കുറിച്ചു. സ്ത്രീകൾക്ക് സൗജന്യമായി കെ.എസ്.ആർ.ടി.സി. ഓർഡിനറി ബസ്സുകളിൽ സഞ്ചരിക്കാൻ അവസരമൊരുക്കുന്ന പദ്ധതിയാണിത്. ജനങ്ങൾക്ക് നൽകിയ വാക്ക് പാലിക്കുന്ന ഒരു ഗവൺമെന്റാണിതെന്ന് ഞങ്ങൾ പ്രവർത്തിയിലൂടെ തെളിയിച്ചു.

*24-06-2026*
*Financial Business - General Discussion on the Revised Budget (2026-27)*

അതുകൊണ്ട് ഈ ബജറ്റിൽ പറയുന്ന ഓരോ കാര്യങ്ങളും സാക്ഷാത്കരിക്കപ്പെടും. ഇതിൽ നിരവധി പദ്ധതികളുണ്ട്. കേരളത്തിന്റെ സമഗ്രമായ വികസനത്തിന് ആ പദ്ധതികളെല്ലാം സാധ്യമാകുമെന്ന് ഞാൻ കരുതുകയാണ്. ഈ ബജറ്റ് ഞങ്ങൾക്ക് ഇവിടെ അവതരിപ്പിക്കാൻ സാധ്യമായ രാഷ്ട്രീയ പശ്ചാത്തലംകൂടി ഈ സന്ദർഭത്തിൽ നാം പരിശോധിക്കണം. ഇടതുപക്ഷത്തിന്റെ മൂന്നാം സർക്കാർ അധികാരത്തിൽ വരുമെന്ന വലിയ രാഷ്ട്രീയ പ്രചരണം കണ്ട നാടാണ് കേരളം. ലക്ഷക്കണക്കിനും കോടിക്കണക്കിനും പണം ചെലവഴിച്ചാണ് ആ പ്രചരണം നടത്തിയത്. പക്ഷെ കേരളത്തിലെ ജനങ്ങൾ ഐക്യ ജനാധിപത്യ മുന്നണിയെയാണ് ഈ സംസ്ഥാനത്തിന്റെ ഭരണം ഏൽപിച്ചത്. അതെന്തുകൊണ്ടാണെന്ന് പരിശോധിക്കുമ്പോൾ വിശ്വാസ്യത ഒരു ഘടകമാണെന്ന് മനസ്സിലാകും. വിശ്വാസ്യത നഷ്ടപ്പെട്ട ഒരു സർക്കാരാണ് കഴിഞ്ഞ അഞ്ച് വർഷക്കാലം കേരളം ഭരിച്ചത്. എന്തെല്ലാമാണ് കേരളം കണ്ടത്? പത്ത് വർഷത്തെ എൽ.ഡി.എഫ്. സർക്കാരിന്റെ അവസാനത്തെ അഞ്ച് വർഷക്കാലത്തെക്കുറിച്ചാണ് ഞാൻ പറയുന്നത്. അഴിമതി, സ്വജനപക്ഷപാതം, ധൂർത്ത് തുടങ്ങി കെട്ടുകാഴ്ചകളുടെ വലിയ ഘോഷയാത്രയാണ് കേരളം കണ്ടത്. കഴിഞ്ഞ ദിവസം കേരളത്തിന്റെ മുൻ മുഖ്യമന്ത്രി കണ്ണൂർ റെയിൽവേ സ്റ്റേഷനിലൂടെ ശാന്തനായി നടന്നുപോകുന്ന രംഗം ഞാൻ കണ്ടു. ഇതേ മുൻ മുഖ്യമന്ത്രിയെ ഞാൻ മറ്റൊരു സന്ദർഭത്തിലും കണ്ടിട്ടുണ്ട്. ഒരു കോടി പത്ത് ലക്ഷം രൂപയുടെ ബെൻസ് ബസ്സിൽ കേരളം മുഴുവൻ സഞ്ചരിക്കുകയും ബസ് നിർത്തുന്നയിടത്ത് ഹൈഡ്രോളിക് ലിഫ്റ്റിൽ വന്നിറങ്ങുന്നതുമായ മുഖ്യമന്ത്രിയെ ഞാൻ നവകേരള സദസ്സിൽ കണ്ടിരുന്നു. കേരളത്തിലെ ഒരു ഡസനിലധികം സർക്കാർ വിദ്യാലയങ്ങളുടെ മതിൽ പൊളിച്ചാണ് അദ്ദേഹം പല വേദികളിലേക്കുമെത്തിയത്. അത് ചെയ്തത് അദ്ദേഹത്തിന് നടക്കാൻ സാധിക്കാത്തതുകൊണ്ടല്ല. അതേ മുൻ മുഖ്യമന്ത്രിയാണ് കണ്ണൂർ റെയിൽവേ സ്റ്റേഷനിലൂടെ നടന്നുപോകുന്നത്. ഇതെല്ലാം ജനങ്ങൾ കാണുകയാണ്. ആ നവകേരള സദസ്സ് കേരളത്തിൽ നടന്നപ്പോൾ ഒരു ഭരണകൂടത്തിന്റെ ഫാസിസം എന്താണെന്ന് നാം കണ്ടതാണ്. എന്റെ സമീപത്തിരിക്കുന്ന എം.എൽ.എ. ശ്രീ. എ. ഡി. തോമസ് ആ ഫാസിസത്തിന് ഇരയും അതിന്റെ ഗുണഭോക്താവുമാണ്. നവകേരള സദസ്സ് കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും കടന്നുചെല്ലുകയും ജനങ്ങൾ

*24-06-2026*

*Financial Business - General Discussion on the Revised Budget (2026-27)*

അവരുടെ സങ്കടങ്ങൾ പറയുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും മന്ത്രിമാരെയും കാണാൻ വരികയും ചെയ്തു. പക്ഷെ, ഒരാൾക്കുപോലും കേരളത്തിലെ മുഖ്യമന്ത്രിക്ക് നിവേദനം നൽകാൻ സാധിച്ചില്ല. ആ സമയത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രതിക്ഷനേതാക്കന്മാരെ ആക്ഷേപിക്കുന്ന രാഷ്ട്രീയ പ്രസംഗം നടത്തുകയായിരുന്നു. ആ പരിപാടി, സർക്കാർ ഫണ്ട് ഉപയോഗിച്ച് 2024-ലെ പാർലമെന്റ് തിരഞ്ഞെടുപ്പിനുമുമ്പുള്ള ഒരു രാഷ്ട്രീയ നാടകമായിരുന്നു. ഒരാൾക്കുപോലും മുഖ്യമന്ത്രിയെ കാണാനോ കേൾക്കാനോ സാധിച്ചില്ല. പക്ഷെ, കേരളത്തിലെ മുഴുവൻ ജനങ്ങളെയും കാണുകയും കേൾക്കുകയും ചെയ്ത ഒരു മുഖ്യമന്ത്രിയുണ്ടായിരുന്നു. കേരളത്തിലെ 14 ജില്ലകളിലും ജന സമ്പർക്ക പരിപാടി നടത്തി തന്റെ അടുത്തുവന്ന് ജീവിത സങ്കടങ്ങൾ പറഞ്ഞ ആളുകളെ കേൾക്കുകയും അവയ്ക്ക് പരിഹാരമുണ്ടാക്കുകയും ചെയ്ത ഒരു മുഖ്യമന്ത്രിയെ കേരളം കണ്ടിട്ടുണ്ട്. ഒരു ജില്ലയിൽ ജന സമ്പർക്ക പരിപാടി നടത്തുമ്പോൾ സ്ത്രീകൾ ഉൾപ്പെടെയുള്ള ആയിരക്കണക്കിന് ജനങ്ങളാണ് പങ്കെടുത്തത്. വൈകുന്നേരമായി, സന്ധ്യയും കഴിഞ്ഞ് രാത്രിയായിട്ടും വന്ന ജനങ്ങൾ പിരിഞ്ഞുപോയില്ല. മന്ത്രിമാരും സഹപ്രവർത്തകരും ആ മുഖ്യമന്ത്രിയോട് പറഞ്ഞു; 'പ്രിയപ്പെട്ട മുഖ്യമന്ത്രി, നമുക്ക് ഇത് ഇവിടെ നിർത്താമെന്ന്'. പക്ഷെ, അത് പറ്റില്ലെന്നും എന്നെ കാണാൻ വന്ന അവസാനത്തെ ആളിനെയും കണ്ടിട്ടുമാത്രമെ ഞാൻ പോകുകയുള്ളൂവെന്നുമാണ് അദ്ദേഹം പറഞ്ഞത്. എന്തുകൊണ്ടാണെന്ന് ചോദിച്ചപ്പോൾ, 'ആ പാവപ്പെട്ട ജനങ്ങൾ ഇല്ലാത്ത കാശിന് വണ്ടിക്കൂലിയും ചെലവാക്കി വന്നതാണ്, ഇത് നാളത്തേക്ക് മാറ്റിവച്ചാൽ അവർക്ക് വരാൻ സാധിച്ചെന്നുവരില്ല' എന്നാണ് മറുപടി പറഞ്ഞത്. അങ്ങനെ പിറ്റേന്ന് വെളുപ്പിന് ഒരു മണിക്ക് അവസാനത്തെ ആളിനെയും കണ്ടശേഷമാണ് ആ മുഖ്യമന്ത്രി വേദി വിട്ടത്. ആ മുഖ്യമന്ത്രിയുടെ പേരാണ് ഉമ്മൻ ചാണ്ടി. അങ്ങനെയുള്ള മുഖ്യമന്ത്രിയെ കണ്ട നാടാണിത്. തന്റെ ജനതയെ ഒരു മുഖ്യമന്ത്രി സ്വീകരിക്കുന്നത് എങ്ങനെയാണെന്ന് ജനങ്ങൾ കണ്ടതാണ്. അവിടെയാണ് കഴിഞ്ഞ അഞ്ച് വർഷക്കാലം നടത്തിയ പൊറാട്ടുനാടകങ്ങൾക്ക് ജനങ്ങൾ അവരുടെ സമ്മതിദാനവകാശം രേഖപ്പെടുത്തിക്കൊണ്ട് മറുപടി നൽകിയത്.

*24-06-2026*
*Financial Business - General Discussion on the Revised Budget (2026-27)*

പ്രിയപ്പെട്ട ഇടതുപക്ഷ ജനാധിപത്യ മുന്നണി സുഹൃത്തുക്കളോട് ഒരു കഥ വായിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. 1937-ൽ ഡാനിഷ് കഥാകാരനായ Hans Christian Andersen എഴുതിയ The Emperor's New Clothes എന്നാണ് ആ കഥയുടെ പേര്. പണ്ട് ഒരു നാട്ടിൽ ജീവിച്ചിരുന്ന ഒരു രാജാവ് ആർഭാടപ്രിയനും പുതുവസ്ത്രങ്ങളോട് കമ്പമുള്ളവനുമായിരുന്നു. ഒരു ദിവസം രണ്ട് തട്ടിപ്പുകാർ അദ്ദേഹത്തെ സമീപിച്ച് വിഡ്ഢികൾക്ക് കാണാൻ സാധിക്കാത്ത വസ്ത്രം നിർമ്മിച്ച് നൽകാമെന്ന് പറഞ്ഞു. രാജാവിന് സന്തോഷമായി, വിഡ്ഢികൾക്ക് കാണാൻ സാധിക്കാത്ത വസ്ത്രമാണെങ്കിൽ തന്റെ സേവകരെയും മന്ത്രിമാരെയും അളക്കാൻ സാധിക്കുമല്ലോ? രാജാവ് വസ്ത്രം നെയ്യാൻ ഏൽപ്പിച്ചു. ആ തട്ടിപ്പുകാർ നെയ്ത്ത് തുടങ്ങി, പക്ഷെ യഥാർത്ഥത്തിൽ നൂലുണ്ടായിരുന്നില്ല. രാജാവ് ആദ്യം സേവകരെ വിട്ടു, അവർ നോക്കിയപ്പോൾ ഒന്നും കാണുന്നില്ല. ആ സത്യം പറഞ്ഞാൽ വിഡ്ഢിയായി പോകുമെന്ന് കരുതി അവർ രാജാവിനോട്, അതിമനോഹരമായ വസ്ത്രമാണെന്ന് പറഞ്ഞു. രണ്ടാമത് രാജാവ് മന്ത്രിമാരെ വിട്ടു, അവർ നോക്കിയപ്പോഴും ഒന്നും കാണുന്നില്ല. പക്ഷെ സത്യം തുറന്ന് പറഞ്ഞാൽ വിഡ്ഢിയാകും. അവസാനം രാജാവ് നേരിട്ടുവന്ന് നോക്കിയപ്പോഴും വസ്ത്രം കാണുന്നില്ല. പക്ഷെ അദ്ദേഹവും മനോഹരമായ വസ്ത്രമാണെന്ന് പറഞ്ഞു. അവസാനം തട്ടിപ്പുകാർ വസ്ത്രം നെയ്തില്ല. ഇല്ലാത്ത വസ്ത്രം ധരിപ്പിച്ച് രാജാവിനെ അവർ ആ പട്ടണത്തിലൂടെ നഗ്നനായി പ്രദക്ഷിണം നടത്തിയ കഥ നാം കേട്ടിട്ടുണ്ട്. ഇവിടെയും രാജാവ് നഗ്നനാണെന്ന് വിളിച്ചുപറയാൻ കഴിഞ്ഞ അഞ്ച് വർഷക്കാലം ഒരു ബാലൻ പോലും ഉണ്ടായിരുന്നില്ല. അതിന്റെ ഫലമായാണ് ഈ സർക്കാർ അധികാരത്തിൽ വന്നത്.

ഓരോ പദ്ധതികളെയും കുറിച്ച് പരമാർശിക്കുന്നതിന് സമയ പരിമിതിയുണ്ട്. 'മിഷൻ സമുദ്ര' ഈ സർക്കാർ ആരംഭിക്കുന്ന നൂതന പദ്ധതിയാണ്. കേരളത്തിന് 590 കിലോമീറ്റർ ജലപാതയും തീരദേശ പാതയുമുണ്ട്. അത് ഇന്നേവരെ കേരളത്തിന്റെ വാണിജ്യ ആവശ്യങ്ങൾക്കുവേണ്ടി പ്രയോജനപ്പെടുത്തിയിട്ടില്ല. കേരളത്തിലെ ജലപാതശൃംഖലയെ കോസ്റ്റൽ ഷിപ്പിങ് വാണിജ്യ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്തുകയെന്നത് നൂതന സംരംഭമാണ്. അതോടൊപ്പം അതിന്റെ ടൂറിസം സാധ്യതകളും നമുക്ക് പ്രയോജനപ്പെടുത്താൻ

സാധിക്കും. കേരളത്തിലെ ചരക്ക് നീക്കം ജലപാതയിലൂടെയാകുമ്പോൾ റോഡിൽ വാഹനങ്ങളുടെ തിരക്ക് കുറയുകയും റോഡ് സുരക്ഷ ഉറപ്പുവരുത്താനും സാധിക്കും. കോസ്റ്റൽ ഷിപ്പിങ് പദ്ധതിയുമായി ബന്ധപ്പെട്ട് തീരപ്രദേശത്തെ ജനങ്ങൾക്ക് ജോലിയിൽ സംവരണം നൽകുമെന്ന മാനവികമായ ഒരു നിലപാട് ആ പദ്ധതിയിലുള്ളതാണ് എന്നെ ഏറെ ആകർഷിച്ചത്.

മാഡം ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് വേഗത്തിൽ സംസാരിച്ച് അവസാനിപ്പിക്കണം. സമയപരിമിതിയുണ്ട്.

ശ്രീ. ടോണി ചമ്മണി: സർ, അതുപോലെ 'വൺ കേരള കരുതൽ മിഷൻ' കേരളത്തിന് ഏറ്റവും അനിവാര്യമായ ഒന്നാണ്. പലപ്പോഴും കേരളം ഒരു നിക്ഷേപസൗഹൃദ സംസ്ഥാനമല്ലെന്ന അഭിപ്രായമുണ്ട്. അവയ്ക്ക് പരിഹാരമാകുന്ന പദ്ധതി എന്ന നിലയിൽ 'ഇൻവസ്റ്റ്മെന്റ് കേരളം' എന്ന പദ്ധതിയെ ഞാൻ സ്വാഗതം ചെയ്യുകയാണ്. കേരളത്തിലെ ധാരാളം കുട്ടികൾ വിദേശനാടുകളിൽ പഠിക്കാൻ പോകുന്നുണ്ട്. അവർക്ക് ഈ നാട്ടിൽത്തന്നെ പഠിക്കാൻ ആവശ്യമായ സാഹചര്യമുണ്ടാക്കുക എന്ന ലക്ഷ്യമാണ് 'കേരള നോളജ് വാലി'-യിലൂടെ ഉദ്ദേശിക്കുന്നത്. കേരളം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം വയോജനങ്ങളുടെ വർധനവാണ്. കേരളത്തിലെ ചെറുപ്പക്കാരും വിദ്യാർത്ഥികളും വിദേശത്ത് പഠിക്കാൻ പോകുമ്പോൾ വയോജനങ്ങൾ മാത്രമാണ് വീട്ടിലുള്ളത്. അവിടെയാണ് അവർക്ക് വയോജന ഷെൽറ്റർ ഹോമുകൾ നിർമ്മിച്ചുകൊണ്ട് കാലോചിതമായ ഒരു പരിരക്ഷ 'കേരള സിൽവർ ഇക്കോണമി'-യിലൂടെ നടപ്പിലാക്കാൻ ശ്രമിക്കുന്നത്.

മാഡം ഡെപ്യൂട്ടി സ്പീക്കർ: അധികം സമയം എടുത്തു. വളരെ വേഗം സംസാരിച്ചുതീർക്കണം. രാവിലെ പ്രത്യേക റൂളിങ് ഉണ്ടായിരുന്നതാണ്.

ശ്രീ. ടോണി ചമ്മണി: സർ, ആദ്യത്തെ പ്രസംഗമല്ലേ? ഫിഷറീസുമായി ബന്ധപ്പെട്ട സബ് പ്ലാൻ; തീരദേശ മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം നൽകുന്ന ഫിഷറീസ് സബ് പ്ലാൻ ഈ അർത്ഥത്തിൽ പുതിയ ദിശാബോധം നൽകുകയാണ്. ഈ ബജറ്റിലെ ഏറ്റവും ആകർഷകമായ കാര്യം 'ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയാണ്. ഒരു കുടുംബത്തിന്റെ പരിരക്ഷ 25 ലക്ഷം രൂപയാണ്. മഹാനായ ഉമ്മൻ ചാണ്ടി കേരളത്തിലെ

*24-06-2026*
*Financial Business - General Discussion on the Revised Budget (2026-27)*

ജനങ്ങൾക്ക് വികസനവും കരുതലും പ്രദാനം ചെയ്ത് കടന്നുപോയ വ്യക്തിയാണ്. ആ മഹാന്റെ നാമധേയത്തിൽ ഈ പദ്ധതി ആരംഭിക്കുമ്പോൾ ആ വ്യക്തിയോട് ചെയ്യുന്ന പുണ്യമായി ഞാൻ കരുതുകയാണ്.

മാഡം ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട അംഗം പ്ലീസ്...... കൺക്ലൂഡ്. സമയം അധികരിച്ചിരിക്കുന്നു.

ശ്രീ. ടോണി ചമ്മണി: സർ, വൈപ്പിനുമായി ബന്ധപ്പെട്ട പ്രാദേശിക പ്രശ്നങ്ങളാണ് പറയാനുള്ളത്. ഏഷ്യയിൽ ഏറ്റവും ജനസാന്ദ്രതയുള്ള ഒരു ദ്വീപാണിത്. കുടിവെള്ളത്തിന്റെയും കടൽകയറ്റത്തിന്റെയും കായലിലെ ഓരുവെള്ളം കയറുന്നതിന്റെയുമൊക്കെ പ്രശ്നങ്ങളുണ്ട്. ഈ പ്രശ്നങ്ങളുടെയൊക്കെ പരിഹാരം കാണാൻ വൈപ്പിന് ഒരു സ്പെഷ്യൽ പാക്കേജ് എന്നത് ഞങ്ങളുടെ ആവശ്യമാണ്. അത് ഈ ഗവൺമെന്റ് പരിഗണിക്കുമെന്ന് ഞാൻ കരുതുന്നു. ഒരിക്കൽക്കൂടി ഈ ബജറ്റിനെ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ: സർ, കേരളത്തിലെ മുൻ മുഖ്യമന്ത്രി റെയിൽവേ സ്റ്റേഷനിലൂടെ നടന്നുപോകുന്നത് ആദ്യമായി കണ്ടുവെന്നാണ് ബഹുമാനപ്പെട്ട വൈപ്പിൻ അംഗം പറഞ്ഞത്. അത് വളരെ സുതാര്യമാണ്. എന്നാൽ പ്രത്യേകം ചാർട്ട് ചെയ്ത ഫ്ലൈറ്റിലെ ഇപ്പോഴത്തെ മുഖ്യമന്ത്രിയുടെ ദുരൂഹമായ യാത്രയെ സംബന്ധിച്ച് അങ്ങേയ്ക്ക് എന്തെങ്കിലും പറയാനുണ്ടോ എന്നതാണ് എന്റെ ചോദ്യം? കോൺഗ്രസ്സിന്റെ പഴയ മുഖ്യമന്ത്രി ജനങ്ങളെ വെളുപ്പിന് ഒരു മണി വരെ കണ്ടുവെന്നുപറഞ്ഞു. എന്നാൽ ഇടതുപക്ഷമുന്നണിയുടെ നേരത്തെയുണ്ടായിരുന്ന മുഖ്യമന്ത്രി സി.എം.ഡി.ആർ.എഫ്. പദ്ധതി മുഖേന ആളുകൾക്ക് നേരിട്ട് ഫണ്ട് എത്തിച്ചുനൽകുന്ന സംവിധാനമായിരുന്നു സ്വീകരിച്ചത്. അല്ലാതെ പാവപ്പെട്ട എല്ലാ ജനങ്ങളെയും ആംബുലൻസ് വിളിച്ചുകൊണ്ടുവന്ന് ഒരു ജന്മിയുടെ മുമ്പിൽ ജനങ്ങളെ അണിനിരത്തുന്ന സ്ഥിതിയല്ല ഉണ്ടായിരുന്നത്. ഇവിടെ അഴിമതിയെ സംബന്ധിച്ച് പറഞ്ഞു. കഴിഞ്ഞ 5 വർഷത്തിനിടയിൽ ഒരു മന്ത്രിക്കെതിരെയെങ്കിലും ഒരു അവിശ്വാസമോ ഒരു ആരോപണമോ ഉന്നയിച്ചിട്ടുണ്ടോ? കഴിഞ്ഞ 5 വർഷത്തിനിടയിൽ പ്രതിപക്ഷം ഒരു

അവിശ്വാസ പ്രമേയം കൊണ്ടുവന്നിട്ടുണ്ടോ? അപ്പോൾ അക്കാര്യമൊന്നും പറയേണ്ട ആവശ്യമില്ല.

ഈ ബജറ്റിൽ 'ഇന്ദിര ഗ്യാരണ്ടി-പ്രിയദർശിനി' പദ്ധതിക്കായി കെ.എസ്.ആർ.ടി.സി.-ക്ക് 800 കോടി രൂപയാണ് ആവശ്യമായുള്ളത്. എന്നാൽ ബജറ്റിൽ 600 കോടി രൂപ മാത്രമാണ് നീക്കിവച്ചിട്ടുള്ളത്. കൊല്ലത്ത് നമ്മുടെ പ്രിയങ്കരിയായ, ബഹുമാന്യയായ മന്ത്രി ഇന്ദിര ഗ്യാരണ്ടി ഉദ്ഘാടനം ചെയ്യുന്നതിനിടയിൽ അബദ്ധത്തിൽ അവരുടെ തലയിൽ പായസം വീണു. നമ്മുടെ മഹാഭാഗ്യം ഒരു പ്രശ്നവുമുണ്ടായില്ല. എന്നാൽ ഗവൺമെന്റ് ആസൂത്രിതമായി കെ.എസ്.ആർ.ടി.സി.-യുടെ തലയിൽ മണ്ണെണ്ണ ഒഴിക്കാൻ പോകുന്നു; കാരണം പൈസയില്ല. കെ.എസ്.ആർ.ടി.സി. ഇടിച്ച് ജനങ്ങൾ മരിച്ചുവെന്ന് കേട്ടിട്ടുണ്ട്. എന്നാൽ ഇപ്പോൾ, ഇന്ദിര ഗ്യാരണ്ടി ഇടിച്ച് കെ.എസ്.ആർ.ടി.സി. മരിക്കും. അതുകൊണ്ട് കൂടുതൽ തുക അനുവദിക്കണമെന്ന് അഭ്യർഥിക്കുകയാണ്.

ഈ ബജറ്റിൽ പൊതുജനാരോഗ്യ മേഖലയിൽനിന്ന് 424 കോടി രൂപ, പൊതു വിദ്യാഭ്യാസ മേഖലയിൽനിന്ന് 200 കോടി രൂപ, മത്സ്യമേഖലയിൽനിന്ന് 38 കോടി രൂപ, ഗ്രാമീണ വ്യവസായ മേഖലയിൽനിന്ന് 1000 കോടി രൂപ, പരമ്പരാഗത വ്യവസായ തൊഴിലാളികളുടെ ഇൻസെന്റീവിൽനിന്ന് 7 കോടി രൂപ എന്നിങ്ങനെ തുകകൾ വെട്ടിക്കുറച്ചിരിക്കുകയാണ്. കൊടുവള്ളി അംഗത്തിനും കുന്ദമംഗലം അംഗത്തിനുംവേണ്ടി മാവൂരിലെ വിഷയം ബിർളയുമായി സംസാരിച്ചിട്ടുണ്ടെന്ന് ഇന്നലെ വ്യവസായവകുപ്പുമന്ത്രി പറഞ്ഞു. 100 കോടി രൂപ വെട്ടിക്കുറച്ചിരിക്കുകയാണ്. അതുകൊണ്ട് എനിക്ക് നിങ്ങളോട് പറയാനുള്ളത് അംഗങ്ങളെ, പി. ഭാസ്കരൻ മാഷ് രചിച്ച;

"പൊട്ടിത്തകർന്ന കിനാവിന്റെ മയ്യത്ത്
കെട്ടിപ്പിടിച്ച് കരയുന്ന പെണ്ണേ"

എന്ന പഴയ പാട്ടുപാടി ഇരിക്കാനുള്ള ഫണ്ട് മാത്രമാണ് ബജറ്റിലുള്ളത്.

കഴിഞ്ഞ മേയ് മാസത്തിൽ നടന്ന മുഖ്യമന്ത്രി ലഹളയിൽ പരിക്ക് പറ്റിയ ആളാണ് നമ്മുടെ പോലീസ് മന്ത്രി. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ ഉന്നത ചികിത്സയ്ക്കായി ഒരു മെഡിക്കൽ കോളേജ് തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംഭാവനയായി നൽകിയിട്ടുണ്ട്;

*24-06-2026*
*Financial Business - General Discussion on the Revised Budget (2026-27)*

അക്കാര്യം നല്ലതുതന്നെയാണ്. എന്നാൽ ഒരു മെഡിക്കൽ കോളേജ് അനുവദിക്കുമ്പോൾ അതിന് ശാസ്ത്രീയമായ പഠനവും കാര്യങ്ങളുമെല്ലാം ആവശ്യമാണ്. നിപ രോഗം അടക്കം വ്യാപിച്ചിട്ടുള്ള വടക്കൻ മലബാർ പ്രദേശത്ത് ഇത്തരത്തിൽ സാധ്യതാപരിശോധന നടത്തിയപ്പോൾ അവിടെ മെഡിക്കൽ കോളേജ് വേണ്ടെന്നും അതിനെക്കാൾ പ്രിഫറൻസ് ഇവിടെ ആണെന്നുമാണോ നിങ്ങൾ കണ്ടത്. നിപ രോഗം പകരുന്ന മേഖലയിലെ ആരോഗ്യ സേവനങ്ങൾ അവഗണിച്ച് ഗ്രൂപ്പ് സമവാക്യങ്ങളുടെ സന്ധി സമ്മാനങ്ങളായി മാറാൻ പാടുണ്ടോ? ഞങ്ങൾ എൽ.ഡി.എഫ്.-ന്റെ ആരോഗ്യ നയം എല്ലാ താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റുണ്ടാക്കി ഡയാലിസിസ് സംവിധാനം ആരംഭിക്കുകയും എല്ലാ മണ്ഡലങ്ങളിലും ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കുകയും എല്ലായിടത്തും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററു (സി.എച്ച്.സി.)-കൾ ആരംഭിക്കുകയും വൈകുന്നേരം അഞ്ച് മണിവരെയുള്ള ചികിത്സ സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുന്നതായിരുന്നു. എന്നാൽ ഇപ്പോൾ അക്കാര്യങ്ങളൊന്നുമില്ല. എനിക്ക് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയോട് പറയാനുള്ളത് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഡയാലിസിസ് ആശുപത്രികളിൽ ഒരു ന്യൂറോളജി ഡോക്ടറുടെ സേവനം അനുവദിക്കണമെന്നാണ്. (……ബഹളം……)

(ശ്രീ. വി. ടി. ബൽറാം സംസാരിക്കുന്നതിനായി എഴുന്നേറ്റു.(മൈക്ക് ഓഫ്))

<u>മാഡം ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം ഇരിക്കണം.

<u>ശ്രീ. എൻ. കെ. അക്ബർ</u>: സർ, മണ്ണെണ്ണ സബ്സിഡി വർധിപ്പിച്ചത്…….. എനിക്ക് സംസാരിക്കേണ്ടതുണ്ട്. എന്നെ disturb ചെയ്യാൻ അനുവദിക്കരുത്. (...ബഹളം...)

<u>മാഡം ഡെപ്യൂട്ടി സ്പീക്കർ</u>: അങ്ങ് പ്രസംഗം പൂർത്തിയാക്കണം

<u>ശ്രീ. എൻ. കെ. അക്ബർ</u>: സർ, ബഹളം നടക്കുമ്പോൾ പ്രസംഗം പൂർത്തിയാക്കാൻ സാധിക്കുമോ? (...ബഹളം...)

<u>മാഡം ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം ഇരിക്കൂ... അംഗത്തിന് പ്രസംഗം പൂർത്തിയാക്കേണ്ടതുണ്ട്.

*24-06-2026*
*Financial Business - General Discussion on the Revised Budget (2026-27)*

<u>ശ്രീ. എൻ. കെ. അക്ബർ</u>: സർ, മണ്ണെണ്ണ സബ്സിഡി വർധിപ്പിച്ചത് നല്ല കാര്യമാണ്. പക്ഷെ നിലവിൽ പല യാനങ്ങളും ഡീസലിലേക്ക് മാറിയിട്ടുണ്ട്. അതുകൊണ്ട് ഇതിന്റെ ഭാഗമായി ഡീസൽ സബ്സിഡികൂടി അനുവദിക്കണമെന്ന് അഭ്യർഥിക്കുകയാണ്. നമ്മുടെ ബഹുമാന്യനായ മുഖ്യമന്ത്രി നെഹ്റുവിയൻ ലെഫ്റ്റ് ആണ്. പഞ്ചവത്സര പദ്ധതി, പ്ലാനിംഗ് ബോർഡ് എന്നിവ തുടങ്ങിയത് ജവഹർലാൽ നെഹ്റുവാണ്. പക്ഷെ ആ പ്ലാനിംഗ് ബോർഡ് ഇല്ലാതാക്കി പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി നീതി ആയോഗ് കൊണ്ടുവന്നു. ഇപ്പോൾ നമ്മുടെ ബഹുമാന്യനായ മുഖ്യമന്ത്രി പ്ലാനിംഗ് ബോർഡിനുള്ള ഫണ്ട് 15 ശതമാനമായി ചുരുക്കിയിരിക്കുകയാണ്. എന്നിട്ട് 'think tank' - 'think tank' എന്നുപറയുകയാണ്. ഇക്കാര്യം സംബന്ധിച്ച് വിശദീകരിക്കണം. എന്തായാലും അദ്ദേഹം ചാച്ചാജിയെ കൈയൊഴിഞ്ഞ് മോദിജിയെ കെട്ടിപ്പിടിക്കുന്ന സ്ഥിതിയാണോ ഇതെന്ന് സംശയിക്കുന്നു.

1533 കോടി രൂപയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വെട്ടിക്കുറച്ചത്. തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. കെ. എം. ഷാജി ഇത് മനസ്സിലാക്കണം. ഭൂരിഭാഗവും യു.ഡി.എഫ്. അംഗങ്ങൾ അല്ലേ? മാർക്സിസ്റ്റ് വിരോധം തലയ്ക്ക് പിടിച്ച് ഇപ്പോൾ ലൈഫ് പദ്ധതിയുടെ ലൈഫ് കളഞ്ഞിരിക്കുകയാണ്. 1497.26 കോടി രൂപയാണ് മുൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ ലൈഫ് പദ്ധതിക്കുവേണ്ടി നീക്കിവച്ചതെങ്കിൽ ഇപ്പോൾ അത് 58.15 കോടി രൂപയാണ്; അല്ലേ? നിലവിൽ 'ലൈഫ് പദ്ധതി' എസ്.സി./എസ്.റ്റി., മത്സ്യത്തൊഴിലാളി എന്നീ വിഭാഗങ്ങളിലേക്ക് മാറ്റുകയാണ് ചെയ്തത്. ഇതുകൊണ്ട് എന്താണ് സംഭവിക്കുന്നത്? ലൈഫ് പദ്ധതിയിൽ അപേക്ഷ നൽകിയാൽ ആദ്യം പരിഗണിക്കുന്നത് എസ്.സി./എസ്.റ്റി. വിഭാഗത്തെയാണ്. അതിനുശേഷം പരിഗണിക്കുന്നത് മത്സ്യത്തൊഴിലാളി വിഭാഗത്തെയാണ്. അതുകഴിഞ്ഞ് മാത്രമെ ജനറൽ വിഭാഗത്തിന് അനുവദിക്കാറുള്ളൂ. ഇങ്ങനെ വന്നാലുള്ള ആപത്ത് എന്താണ്? പട്ടികജാതി വിഭാഗത്തിന്റെ വീടും മത്സ്യത്തൊഴിലാളി വിഭാഗത്തിന്റെ വീടും ജനറൽ വിഭാഗത്തിന്റെ വീടും ഒരുമിച്ച് ഒരാൾ വാങ്ങിയാൽ സ്വഭാവികമായും...

<u>മാഡം ഡെപ്യൂട്ടി സ്പീക്കർ</u>: അങ്ങയുടെ സമയം കഴിഞ്ഞു...

*24-06-2026*
*Financial Business - General Discussion on the Revised Budget (2026-27)*

ശ്രീ. എൻ. കെ. അക്ബർ: സർ, രണ്ട് മിനിട്ടിൽ അവസാനിപ്പിക്കാം. സ്വാഭാവികമായും ഈ പദ്ധതിയിൽ ഇരട്ടിപ്പുണ്ടാകും. ഈ പദ്ധതി തകരും. നേരത്തെ എസ്.സി./എസ്.റ്റി. വിഭാഗത്തിൽ ഇടുക്കി ജില്ലയിൽ മാത്രം 11500-ഓളം വീടുകൾ നൽകിയെന്ന് മാധ്യമം ദിനപ്പത്രം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 14.5 കോടി രൂപയുടെ കണക്ക് പരിശോധിച്ചുനോക്കിയാൽ 5 കോടി രൂപയിൽ ഇതുവരുമ്പോൾ എത്രയുണ്ട്? അതുകൊണ്ട്, അതിൽ എന്തെങ്കിലും അപാകതയുണ്ടെങ്കിൽ തിരുത്തണം. ലൈഫ് എന്ന പേര് വേണമെങ്കിൽ നമ്മുടെ ലീഡറുടെ പേരിലുള്ള യോജന പദ്ധതി എന്ന് മാറ്റുന്നതിന് വിരോധമില്ല. പക്ഷെ അത് അട്ടിമറിക്കാൻ പാടില്ല. അതുപോലെ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന പൊതുമേഖല മരുന്ന് കമ്പനിയെ എങ്ങനെയോ കൈകാര്യം ചെയ്യാൻ പോകുന്നുവെന്ന രീതിയിലാണ് കണ്ടത്. ബഹുമാന്യനായ മന്ത്രിയോട് എനിക്ക് പറയാനുള്ളത് അതിന് ചിലപ്പോൾ കുറവുകളുണ്ടാകും. ആ കുറവുകൾ പരിഹരിക്കുകയെന്നതല്ലാതെ ആ കമ്പനിയെ മരുന്ന് മാഫിയകൾക്ക് എറിഞ്ഞുകൊടുക്കുന്ന സാഹചര്യമുണ്ടാകരുത്. ഇനിയും കൂടുതൽ കാര്യങ്ങൾ പറയാനുണ്ട്. മലപ്പുറത്തെ അവഗണിച്ചെന്ന് ഇവിടെ പറയുകയുണ്ടായി.

മാഡം ഡെപ്യൂട്ടി സ്പീക്കർ: അങ്ങയുടെ സമയം കഴിഞ്ഞു. കൺക്ലൂഡ് ചെയ്യണം.

ശ്രീ. എൻ. കെ. അക്ബർ: സർ, എന്നാൽ, മലപ്പുറം ജില്ല രൂപീകരിക്കുമ്പോൾ അതിനെതിരായി സമരം ചെയ്ത രണ്ട് കൂട്ടർ ജനസംഘവും കോൺഗ്രസ്സുമാണെന്ന കാര്യം നിങ്ങൾ മനസ്സിലാക്കണം. കോൺഗ്രസിന്റെ അന്നത്തെ നേതാവ് കേളപ്പജി, അതുപോലെ ആര്യാടൻ മുഹമ്മദ് ഉൾപ്പെടെയുള്ള ആളുകൾ അന്ന് പദയാത്ര നടത്തിയവരാണ്. സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാട് ആണ് മലപ്പുറം ജില്ല രൂപീകരിച്ചതെന്നുള്ള കാര്യം അറിയാമല്ലോ.

മാഡം ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... കൺക്ലൂഡ്....

ശ്രീ. എൻ. കെ. അക്ബർ: സർ, ഞാൻ കൂടുതൽ നീട്ടിക്കൊണ്ടുപോകുന്നില്ല. എന്റെ മണ്ഡലവുമായി ബന്ധപ്പെട്ട രണ്ട് കാര്യങ്ങൾകൂടി പറയാനുണ്ട്. നേരത്തെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ഗുരുവായൂരിൽ ഫ്ലൈ ഓവർ ഇല്ലാത്തതിനാൽ

ശീവേലിക്കുപോലും ആനയെകൊണ്ടുപോകാൻ സാധിക്കാത്ത വിധത്തിൽ വലിയ ബ്ലോക്ക് ആണ് ഉണ്ടാകുന്നത്. ഫ്ലൈഓവർ അനുവദിക്കണമെന്ന് അഭ്യർഥിക്കുകയാണ്.

മറ്റൊന്ന്, കടപ്പുറം പഞ്ചായത്തിലെ രൂക്ഷമായിട്ടുള്ള കടലാക്രമണം തടയുന്നതിനുവേണ്ടിയുള്ള കടൽഭിത്തി നിർമ്മാണം സംബന്ധിച്ചാണ്. കടപ്പുറം പഞ്ചായത്തിനെ സംബന്ധിച്ച് വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിന് അറിയാവുന്നതാണ്. ആ പ്രദേശത്ത് കടൽഭിത്തി നിർമ്മാണത്തിനുള്ള ഫണ്ട് അനുവദിക്കണം. അതോടൊപ്പംതന്നെ എനിക്ക് പറയാനുള്ള ഒരു അഭ്യർഥന, കഴിഞ്ഞ ബജറ്റ് പ്രസംഗത്തിന്റെ മറുപടിയിൽ ബഹുമാന്യനായ മുൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ കോട്ടപ്പടി-തമ്പുരാൻപടി റോഡിന് ഫണ്ട് അനുവദിച്ചിരുന്നു. ആ ഫണ്ടുംകൂടി ഉൾപ്പെടുത്തണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ബജറ്റിനെ എതിർക്കുന്നു.

<u>ശ്രീമതി ഫാത്തിമ തഹിലിയ</u>: മാഡം ഡെപ്യൂട്ടി സ്പീക്കർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച 2026-27 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബജറ്റിനെ ഞാൻ അനുകൂലിക്കുകയാണ്.

"എല്ലാ കോട്ടകൊത്തളങ്ങളും പുരാവസ്തുവാകും
എല്ലാ പീരങ്കികളും നിശബ്ദമായി തുരുമ്പിക്കും
എല്ലാ സുൽത്താന്മാരും വെളിച്ചം കടക്കാത്ത
ഗുഹയിലൂടെ ഒളിച്ചോടും
ഉറക്കച്ചടവില്ലാത്ത എന്റെ കുട്ടികൾ
ഇവയെല്ലാം കൗതുകപൂർവം നോക്കിക്കാണും."

കവി കടമ്മനിട്ട രാമകൃഷ്ണന്റെ വരികളാണിവ. ഏത് തരംഗം വന്നാലും ഇടതുപക്ഷം തോൽക്കാത്ത 55-ലധികം നിയമസഭാ മണ്ഡലങ്ങൾ 2008-ലെ ഡിലിമിറ്റേഷനുശേഷമുണ്ടായെന്ന വീരവാദം ഇടതുപക്ഷത്തുനിന്നും കഴിഞ്ഞ തിരഞ്ഞെടുപ്പുകാലത്ത് നാം കേട്ടിരുന്നു. എൽ.ഡി.എഫ്.-ന് ഭരണം ലഭിക്കാൻ 55 കോട്ടകളോടൊപ്പം കേവലം 16 സീറ്റുകൾ മാത്രം ജയിച്ചാൽ മതിയെന്നായിരുന്നു അവരുടെ

*24-06-2026*
*Financial Business - General Discussion on the Revised Budget (2026-27)*

അഭിപ്രായം. എന്നാൽ ഇന്ന് എൽ.ഡി.എഫ്.-ന്റെ എല്ലാ കോട്ടകൊത്തളങ്ങളും പുരാവസ്തു ആയിരിക്കുകയാണ്, കോട്ടകൾ നെടുകെ പിളർന്നു. അതിനുള്ളിലേക്ക് വികസനത്തിന്റെ വായുവും വെളിച്ചവുമെത്തി. തകർന്നുതരിപ്പണമായ അത്തരമൊരു കോട്ടയിൽനിന്നാണ് ഞാൻ ഈ നിയമസഭയിലെത്തിയത്. 49 വർഷങ്ങൾക്കുശേഷമാണ് പേരാമ്പ്രയിൽ ഒരു യു.ഡി.എഫ്.-ന്റെ എം.എൽ.എ. ഉണ്ടാകുന്നത്. മാത്രമല്ല, ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെയും പേരാമ്പ്രയുടെയും ചരിത്രത്തിലെ ആദ്യത്തെ വനിതാ എം.എൽ.എ. ആകാനുള്ള ഭാഗ്യവും എനിക്ക് ലഭിച്ചു. എന്റെ സ്വന്തം പേരാമ്പ്രക്കാരോടും ബഹുമാന്യരായ പാണക്കാട് സയ്യിദ് സാദിഖ് അലി ശിഹാബ് തങ്ങൾ, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, ഡോ. എം. കെ. മുനീർ ഉൾപ്പെടെയുള്ള സമുന്നതരായ നേതാക്കളോടും എന്റെ നന്ദിയും കടപ്പാടും അറിയിക്കുകയാണ്. പേരാമ്പ്ര നിയോജകമണ്ഡലത്തിലേയ്ക്ക് യു.ഡി.എഫ്. നേതാക്കൾ എന്നെ സ്ഥാനാർത്ഥിയായി പറഞ്ഞയച്ചപ്പോൾ തിരഞ്ഞെടുപ്പ് ഒരു കുട്ടിക്കളിയല്ലെന്നായിരുന്നു ഇടതുപക്ഷത്തിന്റെ സമുന്നതരായ നേതാക്കൾ പറഞ്ഞത്. എതിരാളികളെ കുട്ടികളായി ചിത്രീകരിച്ച് പുച്ഛിച്ചും പരിഹസിച്ചും ധാർഷ്ട്യം കാണിക്കുന്ന സി.പി.ഐ.(എം.)-ന്റെ പതിവുശൈലിതന്നെയാണ് പേരാമ്പ്രയിലും കണ്ടത്. ഈ പ്രയോഗം അവിടെയും നിന്നില്ല, ഖൗമിലെ കുട്ടിയെന്ന വർഗീയ അനൗൺസ്മെന്റുമായി അവർ വീണ്ടും ഇറങ്ങി. ഒരു കാര്യം പറയാതെ നിവൃത്തിയില്ല, ശ്രീ. നിധിൻ ഗഡ്കരി പെട്രോളിൽ എഥനോൾ എങ്ങനെയാണോ കലർത്തുന്നത് അതുപോലെയാണ് ഇന്ന് സി.പി.ഐ.(എം.) കമ്മ്യൂണിസത്തിൽ വർഗീയത കലർത്തുന്നത്. ഉത്തരേന്ത്യയിൽ ബി.ജെ.പി. നടത്തുന്ന അപകടകരമായ വർഗീയ പ്രചാരണം അവർ കാഫിർ സ്ക്രീൻ ഷോട്ടിലൂടെ വടകരയിലും ഖൗമിലെ കുട്ടിയെന്ന അനൗൺസ്മെന്റിലൂടെ പേരാമ്പ്രയിലും പുറത്തെടുത്തു. 'നിനക്ക് ഒന്നുമറിയില്ല, നീ കുട്ടിയാണ് എന്ന് നാട്ടുരാജാവ് സിനിമയിൽ ശ്രീ. മോഹൻലാലിന്റെ കഥാപാത്രം പറയുന്നതിന് തുല്യമായി ഫ്യൂഡൽ മാടമ്പികളോട് വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കാൻ ഇടതുപക്ഷ രാഷ്ട്രീയത്തിൽ വ്യക്തതയുള്ളവരാണ് എന്റെ മണ്ഡലമായ പേരാമ്പ്രയിലുള്ള ഇടതുപക്ഷക്കാർ എന്നുള്ളതുകൂടി ഞാൻ അറിയിക്കുകയാണ്. വർഗീയപരമായി ആക്ഷേപിക്കാൻ തുടങ്ങിയപ്പോൾ എന്നെ ചേർത്തുപിടിച്ചവരിൽ നിരവധി അമ്മമാരും സഹോദരങ്ങളുമുണ്ട്,

ഗതാഗതസൗകര്യംപോലും എത്തിയിട്ടില്ലാത്ത വീടുകളിൽ താമസിക്കുന്ന ഒരുപാട് കുടുംബങ്ങളുണ്ട്, വർഗീയത തള്ളിക്കളഞ്ഞ നല്ലവരായ പേരാമ്പ്രയിലെ കമ്മ്യൂണിസ്റ്റുകാരുമുണ്ട്. അവരുടെയെല്ലാം പ്രതിനിധിയായി സർക്കാരിനോടൊപ്പം നിൽക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നത്.

ഞങ്ങളെ സംബന്ധിച്ചിടത്തോളം ഈ ബജറ്റ് ഒരു വൈകാരികമായ ഡോക്യുമെന്റാണ്. 1987-ൽ യു.ഡി.എഫ്.-ന്റെ നേതൃത്വത്തിൽ പേരാമ്പ്രയിൽ നടന്ന ഒരു പിക്കറ്റിങ്ങിനെ സംബന്ധിച്ച് മലയാള മനോരമ പത്രത്തിൽ പ്രസിദ്ധീകരിച്ച വാർത്തയാണ് (പത്രം ഉയർത്തി കാണിച്ചു) എന്റെ കൈവശമുള്ളത്. അതുപോലെ 2000 മേയ് 21-ന് മുസ്ലീം യൂത്ത് ലീഗിന്റെ നേതൃത്വത്തിൽ ഒരു ഹൈവേ മാർച്ചും നടത്തി. ഇവ രണ്ടിലും ഞങ്ങൾ ആവശ്യമായി പറയുന്നത് ഞങ്ങൾക്ക് ഒരു താലൂക്ക് വേണമെന്നുള്ളതാണ്. അന്നത്തെ പിക്കറ്റിങ്ങിൽ പങ്കെടുത്ത് സംസാരിച്ച കുറെയധികം ആളുകൾ ഇന്ന് ജീവിച്ചിരിക്കുന്നില്ല. അതിൽ പ്രധാനപ്പെട്ട വ്യക്തിയായിരുന്ന ശ്രീ. കെ. ബാലനാരായണൻ എന്റെ തിരഞ്ഞെടുപ്പ് പ്രചാരണം നയിക്കുകയും തിരഞ്ഞെടുപ്പ് വിജയം അറിഞ്ഞതിനുശേഷം മരണപ്പെടുകയും ചെയ്തു. ബജറ്റിലൂടെ ഈ സർക്കാർ ഞങ്ങൾക്ക് നൽകിയ ആദ്യത്തെ ചുവടുവയ്പ്പ് അവർക്കെല്ലാം സമർപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. മുൻ കെ.പി.സി.സി. അധ്യക്ഷനും ധനകാര്യ വകുപ്പുമന്ത്രിയുമായിരുന്ന ഡോ. കെ. ജി. അടിയോടി എന്ന വലിയ മനുഷ്യൻ പേരാമ്പ്രയിൽക്കൊണ്ടുവന്ന വികസനങ്ങളുടെ മുകളിൽ ഒരു കല്ലെടുത്തുവയ്ക്കാൻപോലും കഴിയാത്ത ഇരുണ്ട കാലമാണ് പേരാമ്പ്രയെ സംബന്ധിച്ചിടത്തോളം കടന്നുപോയത്. വിദ്യാഭ്യാസ മേഖല തകർന്നുകിടക്കുകയാണ്, ഡോ. കെ. ജി. അടിയോടിയുടെ കാലത്ത് കൊണ്ടുവന്ന ഒരു ഉന്നതവിദ്യാഭ്യാസ സ്ഥാപനമല്ലാതെ ഞങ്ങളുടെ നാട്ടിൽ മറ്റൊരു ഗവൺമെന്റ് വിദ്യാഭ്യാസ സ്ഥാപനവും ഉണ്ടായിട്ടില്ല.

ടൂറിസം മേഖലയ്ക്ക് വലിയ സാധ്യതയുള്ള പ്രദേശമാണ് പേരാമ്പ്ര. മുൻ ടൂറിസം വകുപ്പുമന്ത്രി ഞങ്ങളുടെ ജില്ലയിൽനിന്നുള്ള ആളായിരുന്നിട്ടും എൽ.ഡി.എഫ്. കൺവീനറുടെ മണ്ഡലത്തിലെ ഈ പിന്നോക്കാവസ്ഥ പരിഹരിക്കാൻ യാതൊരു നടപടിയുമെടുക്കാൻ സാധിച്ചിട്ടില്ലെന്നുള്ള അക്ഷന്തവ്യമായ കുറ്റം പേരാമ്പ്രക്കാരുടെ മനസ്സിൽ നീറിപ്പുകയുന്നുണ്ട്.

ഈ ബജറ്റിലെ മറ്റൊരു ശ്രദ്ധേയമായ പ്രഖ്യാപനമാണ് നമ്മുടെ സ്കൂളുകളെ വിദ്യാർഥിനി സൗഹൃദമാക്കുമെന്നുള്ളത്. ആർത്തവ അവധി നമ്മുടെ സമൂഹം ആഴത്തിൽ ചർച്ച ചെയ്തുകഴിഞ്ഞു. പെൺകുട്ടികൾക്ക് ആർത്തവ സമയത്ത് വിശ്രമിക്കുന്നതിനും ഹോട്ട് ബാഗുകൾ, ഫൂട് മസ്സാജർ, ചൂടുവെള്ളം ഉൾപ്പെടെയുള്ളവ ലഭ്യമാകുന്ന Recuperation Pod-കൾ തുടങ്ങാൻ സാധിച്ചാൽ അതൊരു വലിയ അനുഗ്രഹവും ആശ്വാസവുമാകുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനാഗ്രഹിക്കുകയാണ്.

സെൽഫിയെടുക്കാൻ വരുന്ന ചെറുപ്പക്കാരെ തട്ടിയോടിക്കുന്ന മുഖ്യമന്ത്രിയെ പ്രതിപക്ഷത്തിരുത്തി ആ കസേരയിൽ ഒരു പൂക്കി മുഖ്യമന്ത്രിയെക്കൊണ്ടുവന്ന ഡിജിറ്റൽ സാക്ഷരതയുടെ മനുഷ്യരാണ് നമ്മുടെ നാട്ടിലുള്ളത്. ബജറ്റ് പ്രസംഗത്തിലെ പേജ് 34-ലെ പോയിന്റ് 56-ൽപ്പറയുന്ന ഡിജിറ്റൽ ധാർമ്മികത, സ്വകാര്യത സംരക്ഷണം, സൈബർ സുരക്ഷ, മാനുഷിക മൂല്യങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനുവേണ്ട ഒരു Code of conduct രൂപീകരിക്കാനുള്ള ശ്രമം നടത്തണമെന്ന് അഭ്യർഥിക്കുകയാണ്. സ്വകാര്യതയിലേക്ക് കടന്നുകയറുന്ന ഓൺലൈൻ മീഡിയകളെ റെഗുലേറ്റ് ചെയ്യാനുള്ള നയംകൂടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

സാധാരണക്കാരന്റെ മേൽ യാതൊരു പുതിയ നികുതിയും അടിച്ചേൽപ്പിക്കാത്ത, ദീർഘവീക്ഷണത്തോടെയുള്ള ഒരു ബജറ്റാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ അവതരിപ്പിച്ചത്. കൃത്യമായ ആസൂത്രണത്തോടെ, കേരളത്തിന്റെ തീരദേശത്തെയും സമുദ്രത്തെയും ഉപയോഗപ്പെടുത്തുന്ന വിവിധ പദ്ധതികൾ മുന്നോട്ടുവയ്ക്കാൻ ഈ ബജറ്റിന് സാധിച്ചിട്ടുണ്ട്. സർവമേഖലയിലും ഭരണമാറ്റത്തിന്റെ ഉണർവ് പ്രകടമാണ്, ഓപ്പറേഷൻ തൂഫാൻ അതിനൊരു ഉദാഹരണമാണ്. കഴിഞ്ഞ പത്ത് വർഷമായി നമ്മുടെ ആഭ്യന്തര വകുപ്പുമന്ത്രി എവിടെയായിരുന്നുവെന്നും അദ്ദേഹം എന്ത് ചെയ്യുകയായിരുന്നുവെന്നും സോഷ്യൽ മീഡിയയിലൂടെ ഇതിനോടകം ജനങ്ങൾ ചോദിച്ചുകൊണ്ടിരിക്കുകയാണ്.

വ്യവസായത്തിനാവശ്യമായ ഭൂമി ധാരാളമുള്ള സ്ഥലമാണ് പേരാമ്പ്ര. കോഴിക്കോട് ജില്ലയിലെ ഒരു ഇൻഡസ്ട്രിയൽ കോറിഡോറായി കുറ്റ്യാടിക്കും ബാലുശ്ശേരിക്കും ഇടയിലുള്ള സ്ഥലത്തെ നമുക്ക് ഉയർത്തിക്കൊണ്ടുവരേണ്ടതുണ്ട്. അതുവഴി ധാരാളം വ്യവസായശാലകളും

തൊഴിലവസരങ്ങളും ഈ മണ്ഡലത്തിന് ലഭിക്കും. ഇതിന് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകേണ്ട നടപടി വളരെ ലളിതമാണ്. കോഴിക്കോടുനിന്നും കുറ്റ്യാടിയിലേക്കുള്ള റോഡ് ധാരാളം വളവുകളും കയറ്റിറക്കങ്ങളുമുള്ളതും ആവശ്യത്തിന് വീതിയില്ലാത്തതുമാണ്. കുറ്റ്യാടിയെയും കോഴിക്കോടിനെയും ദേശീയപാതയുമായി ബന്ധിപ്പിച്ച് ഒരു നാലുവരിപ്പാത വന്നാൽ ചരക്കുനീക്കം സുഗമമാകും. അതുവഴി ഈ മേഖലയിലെ വ്യവസായങ്ങൾക്ക് പുത്തനുണർവേകാൻ സാധിക്കും. ഓരോ പേരാമ്പ്രക്കാരുടെയും സ്വപ്നമായ പൂഴിത്തോട്-പടിഞ്ഞാറത്തറ റോഡുകൂടി യാഥാർഥ്യമാക്കുന്നതോടെ പേരാമ്പ്ര നിയോജകമണ്ഡലത്തിന്റെ റോഡ് കണക്ടിവിറ്റി വയനാട് ജില്ലയിലേക്കും തുടർന്ന് കർണാടകയിലേക്കും വരുമ്പോൾ ദേശീയ വ്യവസായ ഭൂപടത്തിൽ നമുക്ക് പേരാമ്പ്രയെ അടയാളപ്പെടുത്താൻ സാധിക്കും.

എനിക്ക് മുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗം നിപയെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. കഴിഞ്ഞ ദിവസം ഈ സഭയിൽ നിപയെ സംബന്ധിച്ച ചർച്ച നടക്കുകയും ബഹുമാനപ്പെട്ട ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി അതിന് മറുപടി നൽകുകയും ചെയ്തതാണ്. കേരളത്തിൽ ആദ്യമായി നിപ വൈറസ് ബാധ റിപ്പോർട്ട് ചെയ്യപ്പെട്ട നിയോജകമണ്ഡലമാണ് പേരാമ്പ്ര. നിപ വൈറസ് ബാധിച്ച് രണ്ടുസഹോദരങ്ങളെ നഷ്ടപ്പെട്ട അബ്ദുൾ മുത്തലിബ് എന്ന ഒരു ചെറുപ്പക്കാരൻ ഞങ്ങളുടെ നാട്ടിലുണ്ട്. കുടുംബത്തിന്റെ മുഴുവൻ ഭാരവുംപേറി വിദേശത്ത് ജോലിക്കുപോയ ഈ ചെറുപ്പക്കാരന്റെ കുടുംബത്തെ സംരക്ഷിക്കാൻ അന്നത്തെ സർക്കാർ തയ്യാറായില്ല. നിപ വൈറസ് ബാധിച്ച് ഒരു കുടുംബത്തിലെ രണ്ടുപേർ മരണപ്പെട്ടിട്ടും അവർക്ക് വേണ്ടതൊന്നും ചെയ്യാതിരിക്കുകയും ഇപ്പോൾ നടന്നുവരുന്ന നിപ പ്രതിരോധപ്രവർത്തനങ്ങളെ അട്ടിമറിക്കാൻ ശ്രമിച്ചതുമായ എൽ.ഡി.എഫ്.-ന്റെ ക്രൂരതയ്ക്കും എമ്പതിയില്ലായ്മയ്ക്കും കേരളത്തിന്റെ പൊതുമനഃസാക്ഷി മാപ്പ് നൽകില്ല.

സുനാമി വന്ന് 140 ആളുകളുടെ ജീവനെടുത്തപ്പോൾ അതിന്റെ നടുവിലേക്കുചെന്ന് ദുരിതാശ്വാസപ്രവർത്തനങ്ങൾ ഏകോപിപ്പിച്ച ഒരു മുഖ്യമന്ത്രിയുണ്ടായിരുന്ന കേരളത്തിൽ.

2016 ഏപ്രിൽ 10-ന് പുറ്റിങ്ങലിൽ വെടിക്കെട്ട് അപകടമുണ്ടായപ്പോൾ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ മുഴുവൻ മാറ്റിവച്ച് ഓടിയെത്തിയ ഒരു മനുഷ്യനുണ്ടായിരുന്നു.

മാഡം ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട അംഗം കൺക്ലൂഡ് ചെയ്യണം.

ശ്രീമതി ഫാത്തിമ തഹിലിയ: മാഡം, അവസാനിപ്പിക്കുകയാണ്. പുല്ലൂരാംപാറയിലും ചീയപ്പാറയിലും ഉരുൾപൊട്ടലുണ്ടായപ്പോൾ ആ നാട്ടിലെ മനുഷ്യരെ ചേർത്തുനിർത്താൻ കേരളത്തിൽ ഒരാളുണ്ടായിരുന്നു. എമ്പതിയെക്കുറിച്ച് പറയുമ്പോൾ ഞങ്ങളുടെ ഉമ്മൻ ചാണ്ടി സാറിനെക്കുറിച്ച് എങ്ങനെയാണ് പറയാതിരിക്കുന്നത്? കഴിഞ്ഞ പത്ത് വർഷംകൊണ്ട് കേരളത്തിന് കൈമോശം വന്ന രാഷ്ട്രീയസംസ്കാരത്തിൽ ഏറ്റവും പ്രധാനപ്പെട്ടത് ഈ നാട്ടിലെ ജനങ്ങൾ അനുഭവിക്കുന്ന ഭരണപരമായ അനാഥത്വമായിരുന്നു. കവളപ്പാറ ദുരന്തമുഖം സന്ദർശിക്കാതെ ഒളിച്ചോടികയും ഓഖി ദുരന്തബാധിത പ്രദേശത്ത് പോകാതിരിക്കുകയും പിന്നീട് അവിടെയെത്തിയപ്പോൾ ജനങ്ങൾ കൈകാര്യം ചെയ്യുകയും ചെയ്ത ഒരു മുഖ്യമന്ത്രിയെയാണ് കഴിഞ്ഞ പത്ത് വർഷം കേരളത്തിന് ലഭിച്ചത്. 'മുഖ്യമന്ത്രി സന്ദർശിച്ചാൽ എന്ത്; സന്ദർശിച്ചില്ലെങ്കിൽ എന്ത്?' എന്ന അവസ്ഥയായിരുന്നു ഈ നാടിന്. ഭരണപരമായ ഈ അനാഥത്വത്തിന്റെ പരിഹാരമാണ് യു.ഡി.എഫ്.-ന് ലഭിച്ച ഈ മാൻഡേറ്റ്. ഈ തിരിച്ചടി വാങ്ങി മുപ്പത് ദിവസം തികയുന്നതിനുമുമ്പ് ആരോഗ്യ വകുപ്പുമന്ത്രി...

മാഡം ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട അംഗം പ്ലീസ് കൺക്ലൂഡ്, സമയക്ലിപ്തത പാലിക്കണം.

ശ്രീമതി ഫാത്തിമ തഹിലിയ: മാഡം, വൺ മോർ മിനിറ്റ്. ആരോഗ്യ വകുപ്പുമന്ത്രി കോഴിക്കോട് കേന്ദ്രമാക്കി പ്രവർത്തിച്ചില്ലെന്ന ആരോപണം ഉന്നയിക്കണമെങ്കിൽ ചില്ലറ രാഷ്ട്രീയ അന്ധതയൊന്നും പോരാ. ഒരു കാര്യംകൂടി പറയാനാഗ്രഹിക്കുകയാണ്, മഹാത്മാ ഗാന്ധിയുടെ പാദങ്ങൾ പതിഞ്ഞ മണ്ണാണ് എന്റെ പേരാമ്പ്രയുടേത്. മതേതര ഇന്ത്യയുടെ പ്രതീക്ഷയായ ശ്രീ. രാഹുൽ ഗാന്ധി നേരിട്ടെത്തി നയിച്ചാണ് ഈ തിരഞ്ഞെടുപ്പിൽ ഞാൻ വിജയിക്കുന്നത്. മഹാത്മാ ഗാന്ധിയുടെ ഘാതകരുടെ പിൻതലമുറക്കാരുടെ മുന്നിലോ, മുമ്പ് ബംഗാളിലും ഇപ്പോൾ കേരളത്തിലും അവർക്ക് വഴി തെളിച്ചുകൊണ്ടിരിക്കുന്നവർക്ക് മുന്നിലോ

നിലപാട് പണയം വയ്ക്കാൻ ഞാൻ ഒരിക്കലും മുതിരില്ല എന്ന വാക്ക് എന്റെ പ്രിയപ്പെട്ട പേരാമ്പ്രക്കാർക്ക് നൽകിക്കൊണ്ടും ഈ ബജറ്റിനെ അനുകൂലിച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. സി. അജയപ്രസാദ്: സർ, ഈ ബജറ്റിനെ എതിർത്തുകൊണ്ടാണ് ഞാൻ സംസാരിക്കുന്നത്.

" പുഞ്ചിരി, ഹാ, കുലീനമാം കള്ളം
നെഞ്ചു കീറി ഞാൻ നേരിനെ കാട്ടാം"

മഹാകവി വൈലോപ്പിള്ളി ശ്രീധരമേനോന്റെ ഈ വരികളുടെ അർഥപൂർണ്ണത അറിയുന്ന ദിവസങ്ങളാണ് ഇപ്പോൾ കടന്നുപോയിക്കൊണ്ടിരിക്കുന്നത്. സത്യത്തെ കഴുത്തുഞെരിച്ചുകൊന്ന് അസത്യം അരങ്ങുവാഴുകയാണ്. ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങളെല്ലാം മറന്ന് അധികാരം കിട്ടിയപ്പോൾ കട്ടും വെട്ടുകളുടെ വഴി തേടുന്ന ബജറ്റുമായി സർക്കാർ പരസ്യമായി അഴിമതിക്ക് വഴിയൊരുക്കുകയാണ്. നിങ്ങൾ തിരഞ്ഞെടുപ്പിന് മുമ്പ് പറഞ്ഞ വാഗ്ദാനങ്ങൾ ഓരോന്നായി പരിശോധിക്കുന്നത് നല്ലതായിരിക്കും. എല്ലാ പരിശോധനയിലേയ്ക്കും പോകുന്നില്ല. നിങ്ങൾ എല്ലാ സ്ത്രീകൾക്കും കെ.എസ്.ആർ.ടി.സി.-യിൽ സൗജന്യ യാത്ര പ്രഖ്യാപിച്ചു. എന്നാൽ അധികാരത്തിൽ വന്നതിനുശേഷം ഓർഡിനറി എന്നെഴുതിയ ബസ്സിൽമാത്രം സ്ത്രീകൾ സഞ്ചരിച്ചാൽ മതി എന്ന് പറഞ്ഞ് സ്ത്രീകളെ ആക്ഷേപിച്ച സർക്കാരാണിത്. രണ്ടാമത്, ക്ഷേമ പെൻഷൻ തുക 3,000 രൂപയാക്കി വർധിപ്പിക്കുമെന്ന വാഗ്ദാനമാണ് നിങ്ങൾ നൽകിയത്. കഴിഞ്ഞകാല അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ, കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ നാമമാത്രമായിട്ടുള്ള 600 രൂപ പെൻഷൻ തുക പതിനെട്ട് മാസത്തേയ്ക്ക് കുടിശ്ശിക വച്ചിട്ടാണ് അധികാരത്തിൽനിന്ന് പോയത്. ആ പതിനെട്ട് മാസത്തെയും കുടിശ്ശിക ഞങ്ങൾ കൊടുക്കുമെന്ന് പറഞ്ഞ് അധികാരത്തിൽ വരികയും അധികാരത്തിൽ വന്നപ്പോൾ കുടിശ്ശിക തീർത്ത് കൊടുക്കുകയും ചെയ്ത ഒരു സർക്കാർ കഴിഞ്ഞ പത്തു വർഷക്കാലം ഇവിടെ ഉണ്ടായിരുന്നു. എന്നാൽ, അതുപോലെതന്നെ ഈ സർക്കാരും ചെയ്യുമെന്ന് പ്രതീക്ഷയർപ്പിച്ചിരുന്ന കേരളത്തിലെ എല്ലാ പെൻഷൻകാരും നിരാശരായിപ്പോയ ഒരു

കാഴ്ചയാണ് നമ്മൾ കണ്ടത്. ഇപ്പോഴത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവായി ഇരുന്നപ്പോൾ ആശാ വർക്കർമാർക്ക് 21,000/- രൂപ ശമ്പളം കൊടുക്കണമെന്ന് അവരുടെ സമരപ്പന്തലിൽ പോയി ആവശ്യപ്പെട്ടതാണ്. എന്നാൽ അദ്ദേഹം മുഖ്യമന്ത്രിയായതിനുശേഷം 21,000/- രൂപ കൊടുക്കാൻ തയ്യാറായോ; നാമമാത്രമായ തുകയാണ് അവർക്ക് കൊടുത്തിട്ടുള്ളത്. ലൈഫ് മിഷൻ പദ്ധതി പുതിയ ബജറ്റിൽ ഇല്ല. ഇതൊരു പുതുക്കിയ ബജറ്റ് അല്ല. മന്ത്രിസഭയിലെ ബഹുമാനപ്പെട്ട ഒരു മന്ത്രി പറഞ്ഞ വാചകം കടമെടുത്താൽ ഇതൊരു തൊരപ്പൻ ബജറ്റ് ആണ്. എൽ.ഡി.എഫ്. സർക്കാരിന്റെ അവസാന കാലഘട്ടത്തിൽ 20 ശതമാനം തുക അനുവദിച്ച പദ്ധതികൾ തുരന്നെടുത്തുകൊണ്ടു പോയിരിക്കുകയാണ്.

നാട്ടിൽ വിലക്കയറ്റം അതീവ ഗുരുതരമാണ്. ഈ വിലക്കയറ്റം നിയന്ത്രിക്കാൻ എന്തു മാർഗ്ഗമാണ്; എന്തു പദ്ധതിയാണ് ഈ ബജറ്റിലുള്ളത്; അത് പരിശോധിക്കണം. ഈ ബജറ്റിൽ വികസനവും ക്ഷേമവും പടിക്കു പുറത്തല്ലേ; സ്വകാര്യവൽക്കരണത്തിനുള്ള ആവേശവും ഭൂമി കച്ചവടം നടത്തി അഴിമതിക്കുള്ള വഴി കണ്ടെത്തലുമല്ലേ ഈ ബജറ്റിലുള്ളതെന്ന് സംശയിക്കേണ്ട സാഹചര്യമാണ്. കരിമണലിനോട് എന്താണിത്ര സ്നേഹം; ആർക്കുവേണ്ടിയാണ്, എന്തിനുവേണ്ടിയാണ് ഈ സ്നേഹം കാണിക്കുന്നത്; ഇത് അദാനിയുടെ ബജറ്റാണെന്ന് സോഷ്യൽ മീഡിയ പറഞ്ഞാൽ അവരെ എങ്ങനെയാണ് കുറ്റം പറയാൻ കഴിയുന്നത്. കുടിവെള്ളം, പാർപ്പിടം, ആരോഗ്യം തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ സ്വകാര്യമേഖലയ്ക്ക് തീറെഴുതിയാൽ നാടിന്റെ സ്ഥിതി എന്താകുമെന്ന് നെഹ്റുവിയൻ സോഷ്യലിസ്റ്റുകളോട് ചോദിക്കാതിരിക്കുന്നത് ശരിയാണോ; സ്വകാര്യവൽക്കരണമാണ് യു.ഡി.എഫ്.-ന്റെ നയമെന്ന് മുഖ്യമന്ത്രി കടുപ്പിച്ച് പറയുന്നു. എൽ.ഡി.എഫ്. സ്വകാര്യവൽക്കരണത്തെ പൂർണ്ണമായി എതിർക്കുന്നില്ല. എന്നാൽ സ്വകാര്യവൽക്കരണംകൊണ്ട് ഒരു സംസ്ഥാനത്തെ വികസനത്തിലേയ്ക്ക് നയിക്കാൻ കഴിയില്ല എന്നുള്ള യാഥാർത്ഥ്യം തിരിച്ചറിയണ്ടേ; ലാഭം കൊയ്യുന്ന മേഖലകളെ മാത്രമേ സ്വകാര്യമേഖലകൾ ഏറ്റെടുക്കൂ. ലാഭം മാത്രം ലക്ഷ്യമാക്കിയുള്ള സ്വകാര്യമേഖലയുടെ പ്രവർത്തനം പ്രത്യേകം പറയേണ്ടതില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി

*24-06-2026*
*Financial Business - General Discussion on the Revised Budget (2026-27)*

പ്രതിപക്ഷത്തായിരുന്നപ്പോൾ പറഞ്ഞിരുന്നത് സർക്കാർ 21,000/- കോടി രൂപ പിരിച്ചെടുക്കാനുണ്ട് എന്നാണ്. എന്നാൽ അധികാരത്തിലെത്തിയപ്പോൾ നികുതി കുടിശ്ശിക എഴുതിത്തള്ളി. ചിലരെ സഹായിക്കുന്ന നിലപാട് എന്തുതരം വിസ്മയമാണെന്ന് സർക്കാർ വ്യക്തമാക്കിയില്ലെങ്കിലും നാട്ടുകാർക്ക് നന്നായി അറിയാം. കടമെടുക്കലിനെ അധിക്ഷേപിക്കുന്നവർ അധികാരത്തിൽ വന്നപ്പോൾ വീണ്ടും കൂടുതൽ കടമെടുക്കുന്നതാണ് നാം കാണുന്നത്. തനത് വരുമാനം ഉയർത്താൻ മാർഗ്ഗങ്ങളില്ല. കേരളത്തിന് കേന്ദ്രം നൽകേണ്ട റവന്യൂ ഡെഫിസിറ്റായ 20,000/- കോടി രൂപ ചോദിച്ചുവാങ്ങാൻ ഉദ്ദേശ്യമില്ലേ; എന്താണ് കേന്ദ്രത്തോട് ഇത്ര താൽപര്യം; കേന്ദ്രത്തോടുള്ള വിധേയത്വമല്ലേ ഇത് സൂചിപ്പിക്കുന്നത്? 2.18 ലക്ഷം കോടി രൂപയായിരുന്ന എൽ.ഡി.എഫ്.-ന്റെ അവസാന ബജറ്റിലെ ചെലവ്. ബജറ്റ് പുതുക്കിയപ്പോൾ അത് 2.05 ലക്ഷം കോടി രൂപയായി കുറഞ്ഞു. 1,700 കോടി രൂപയുടെ കുറവാണ് വന്നത്. ദുർവ്യയമില്ലാതെ ചെലവ് ഉയർത്തുന്നതാണ് ഒരു നല്ല ബജറ്റിന്റെ ലക്ഷണം. എന്നാൽ ഇവിടെ ബജറ്റ് എക്സ്പെൻഡിച്ചർ ചുരുക്കുന്നത് എന്ത് വിസ്മയമാണെന്ന് മനസ്സിലാകുന്നില്ല. കയർ, കശുവണ്ടി ഉൾപ്പെടെയുള്ള കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണവും അത് മെച്ചപ്പെടുത്തുന്നതും സംബന്ധിച്ച് ഫണ്ട് വകമാറ്റിയിട്ടില്ല. പട്ടികജാതി ക്ഷേമം, തൊഴിലുറപ്പ് തുടങ്ങിയ പദ്ധതികൾക്കെല്ലാം ഫണ്ട് വകയിരുത്തേണ്ടതല്ലേ; പക്ഷേ അവയൊന്നും പരിഗണിക്കാൻ ഈ സർക്കാർ ശ്രമിച്ചിട്ടില്ല. 'ഹൃദയത്തിന്റെ നിറവിൽനിന്നാണല്ലോ അധരം സംസാരിക്കുന്നത്' , ഇത് മത്തായിയുടെ സുവിശേഷത്തിലുള്ളതാണ്. ഹൃദയത്തിന്റെ പൂർണ്ണത വാക്കുകളിലുണ്ടായിരിക്കണം. വാചക കസർത്തുകൊണ്ട് അന്നന്നത്തെ കാര്യം നടത്തിക്കൊണ്ടുപോകാം എന്ന ധാരണയിൽ സർക്കാർ മുന്നോട്ടു പോകരുത്. നുണയുടെ ലോകം വൈകാരികമായി ആവർത്തിച്ച് അധികാരം നേടിയവരിൽ ഗീബൽസ് എന്ന ചെകുത്താന്റെ ഭൂതം ആവേശിച്ചിരിക്കുന്നുവെന്നാണ് ഇത് കാണുമ്പോൾ മനസ്സിലാകുന്നത്. അതുകൊണ്ട് ഈ ബജറ്റ് എല്ലാ വിഭാഗം ജനങ്ങളുടെയും വിമർശനങ്ങൾക്ക് വിധേയമാവുകയാണ്. യു.ഡി.എഫ്. സർക്കാരിനെതിരെയുള്ള സമരങ്ങളുടെ വിസ്മയം തെരുവിൽ ആരംഭിച്ചിട്ടുണ്ട്. രാഷ്ട്രീയ പാർട്ടികളുടെയും സമുദായ സംഘടനകളുടെയും

മാത്രമല്ല. പ്രബുദ്ധ കേരളത്തിന്റെ മുഴുവൻ ജനതയും യു.ഡി.എഫ്.-ന്റെ വീതംവയ്പ്പ് മനസ്സിലാക്കിയിട്ടുണ്ട്. അതിന്റെ അടയാളമാണ് ഈ ബജറ്റ് എന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഇവിടെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെക്കുറിച്ച് പറഞ്ഞു. ഇടതുപക്ഷ മുന്നണി ഒരിക്കലും പരാജയപ്പെടുന്നതല്ല. ഈ നാട്ടിലെ സാധാരണക്കാരന്റെ, പാവപ്പെട്ടവന്റെ, കർഷകത്തൊഴിലാളികളുടെ, വീടില്ലാത്തവന്റെ, നീതി നിഷേധിക്കപ്പെട്ടവന്റെ മുന്നണിയാണ് എൽ.ഡി.എഫ്. മുന്നണി. അതുകൊണ്ട് ആ മുന്നണി സംവിധാനത്തെ പരാജയപ്പെടുത്താൻ കഴിയില്ല. എന്നാൽ താൽക്കാലികമായി ചിലപ്പോൾ തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടുകാണും. ആ പരാജയം സംഭവിച്ചതുകൊണ്ട് കേരളത്തിൽ ഒരിക്കലും ഇടതുപക്ഷ മുന്നണി അധികാരത്തിൽ വരില്ലെന്ന ധാരണയിലേയ്ക്ക് പോകുന്നത് ശരിയല്ല. ആ കാഴ്ചപ്പാട് യു.ഡി.എഫ്. തിരുത്തണമെന്നാണ് ഇത് സംബന്ധിച്ച് പറയാനുള്ളത്. ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. പുനലൂർ നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട ആവശ്യങ്ങളിലൊന്നായിരുന്നു ഒരു റവന്യൂ ടവർ. കഴിഞ്ഞ ബജറ്റിൽ അതിന് 10 കോടി രൂപ വകയിരുത്തുകയും 20 ശതമാനം തുക ബജറ്റിൽ ഉൾക്കൊള്ളിക്കുകയും ചെയ്തു. എന്നാൽ നേരത്തെ സൂചിപ്പിച്ചതുപോലെ അതും തുരന്നുകൊണ്ടുപോയിരിക്കുകയാണ്. ദയവായി ബജറ്റിന്റെ ചർച്ചയ്ക്ക് മറുപടി പറയുമ്പോൾ കേരളത്തിന്റെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി റവന്യൂ ടവർ കൂടി അതിലുൾപ്പെടുത്താൻ ആവശ്യമായ തീരുമാനമെടുക്കണം എന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ ബജറ്റിനെ എതിർത്തുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. മാണി സി. കാപ്പൻ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച 2026-27 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബജറ്റിനെ ഞാൻ പിന്തുണയ്ക്കുന്നു. ഈ ബജറ്റ് വരവും ചെലവും കണക്കാക്കുന്ന വെറും സാമ്പത്തികരേഖ മാത്രമല്ല. കേരളത്തിന്റെ ഭാവി വികസനത്തിനുള്ള ഒരു ദിശാസൂചിക കൂടിയാണ്. സാമ്പത്തിക പ്രതിസന്ധികളും കടബാധ്യതകളും നിലനിൽക്കുന്ന സാഹചര്യത്തിൽ ജനക്ഷേമവും വികസനവും ഒരുപോലെ മുന്നോട്ടുകൊണ്ടുപോകാനുള്ള ശ്രമമാണ് ഈ ബജറ്റിൽ കാണാൻ കഴിയുന്നത്. ആരോഗ്യരംഗത്തിന് നൽകിയ പ്രാധാന്യം പ്രത്യേകം അഭിനന്ദനാർഹമാണ്. 'വൺ കേരള

കരുതൽ മിഷൻ' പോലുള്ള പദ്ധതികളും ഉയർന്ന ഇൻഷ്വറൻസ് പരിരക്ഷയും സാധാരണക്കാരായ ജനങ്ങൾക്ക് വലിയ ആശ്വാസമാകും. ആരോഗ്യമേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള സർക്കാരിന്റെ പ്രതിബദ്ധത ഇതിലൂടെ വ്യക്തമാകുന്നു.

എന്റെ നിയോജകമണ്ഡലമായ പാലായിലെ ടൂറിസ്റ്റ് ഡെസ്റ്റിനേഷനായ ഇലവീഴാപൂഞ്ചിറയിലേയ്ക്ക് പോകുന്ന പാലാ-മേലുകാവ് റോഡ് ബി.എം.&ബി.സി. നിലവാരത്തിൽ ചെയ്തതാണ്. പതിനൊന്ന് വർഷമായിട്ടും അതിന്റെ ഓവർലേ നടത്തിയിട്ടില്ല എന്നത് ഖേദകരമാണ്. അതിനൊരു പരിഹാരമുണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുന്നു. കേരളത്തിന്റെ തീരദേശ മേഖലകൾക്കും ജലസേചന പദ്ധതികൾക്കും വെള്ളപ്പൊക്ക നിയന്ത്രണത്തിനുമായി ഗണ്യമായ തുക ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ വെല്ലുവിളികൾ നേരിടുന്ന നമ്മുടെ സംസ്ഥാനത്തിന് ഇത് അനിവാര്യമായ ഒരു നിക്ഷേപമാണ്. തൊഴിൽസൃഷ്ടി, ടൂറിസം, വികസനം, സമുദ്ര മേഖലയുടെ വളർച്ച, തുറമുഖാധിഷ്ഠിത സമ്പദ് വ്യവസ്ഥ എന്നിവയ്ക്കും ബജറ്റിൽ പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. കേരളത്തെ നിക്ഷേപസൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള സർക്കാർ കാഴ്ചപ്പാട് അഭിനന്ദനാർഹമാണ്.

കേരളത്തിന്റെ വിദ്യാഭ്യാസ ഹബ്ബാണ് പാലാ. നിരവധി വിദ്യാർഥികൾ കേരളത്തിന്റെ എല്ലാ പ്രദേശത്തുനിന്നും അവിടെ പഠിക്കുന്നുണ്ട്. അവിടെനിന്ന് പഠിച്ചിറങ്ങുന്ന വിദ്യാർഥികൾക്കും മറ്റുള്ളവർക്കും ചുരുങ്ങിയ സമയം കൊണ്ട് എറണാകുളം ഇൻഫോപാർക്ക്, കളക്ടറേറ്റ്, എയർപോർട്ട്, മെട്രോ സ്റ്റേഷൻ, കണ്ടെയ്നർ ടെർമിനൽ എന്നിവിടങ്ങളിൽ എത്തുന്ന രീതിയിലും തീർഥാടക കേന്ദ്രങ്ങളായ, ഇന്ത്യയിലെ ആദ്യത്തെ വിശുദ്ധയായ അൽഫോൻസാമ്മയുടെ ഭരണങ്ങാനത്തെ ഖബറിടവും വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ ഖബറിടവും നാലമ്പലങ്ങൾ സ്ഥിതി ചെയ്യുന്ന രാമപുരവും വഴി അൻപത് കിലോമീറ്ററിൽ താഴെ എറണാകുളത്തേയ്ക്ക് എത്തുന്ന രീതിയിലും ഒരു സൂപ്പർ എക്സ്പ്രസ്സ് ഹൈവേ നിർമ്മിക്കുവാൻ തയ്യാറാകണം. സർക്കാരിന് വെറും ഒന്നരക്കോടി രൂപ മാത്രമേ ഇതിന് ചെലവ് വരികയുള്ളൂ. ഇതേക്കുറിച്ച് ഒരു സാധ്യതാ പഠനം നടത്തി അനുമതി നൽകി, എഴുപത് കൊല്ലത്തേയ്ക്ക് ടോൾ പിരിക്കാൻ അനുവദിച്ചാൽ സർക്കാരിന് വർഷംതോറും 25 കോടി രൂപ വീതം അതിൽനിന്നും

വരുമാനമുണ്ടാക്കാൻ കഴിയും എന്നത് വസ്തുതയാണ്. മാത്രമല്ല, ഭാവിയിൽ എറണാകുളത്തുനിന്നും കോട്ടയത്തേയ്ക്കും ഇടുക്കിയിലേയ്ക്കുമെത്തുന്ന ടൂറിസ്റ്റുകൾക്ക് എളുപ്പമുള്ള പാതയായി ഇത് മാറും. ഈ പദ്ധതിയുടെ സാധ്യതാപഠനത്തിന് ബജറ്റിൽ മതിയായ തുക വകയിരുത്തുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരിക്കൽക്കൂടി ഞാൻ അഭ്യർത്ഥിക്കുയാണ്. ഒരു മുൻ സ്പോർട്സ്മാൻ എന്ന നിലയിൽ വളരെ വേദനയോടെ കഴിഞ്ഞ സർക്കാരിന്റെ വീഴ്ചയെക്കുറിച്ച് പറയാനാഗ്രഹിക്കുകയാണ്. ഭിന്നശേഷിസൗഹൃദ സർക്കാർ എന്നാണ് കഴിഞ്ഞ സർക്കാർ വീമ്പിളക്കിയിരുന്നത്. കേരളത്തിൽനിന്ന് സ്പെഷ്യൽ ഒളിമ്പിക്സിന് ജർമ്മനിക്ക് പോയ പന്ത്രണ്ടോളം കുട്ടികളിൽ സമ്മാനം ലഭിച്ചത് എട്ടുപേർക്കാണ്. അതിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ ലഭിച്ച കുട്ടികൾക്ക് 10 ലക്ഷം, 5 ലക്ഷം, 3 ലക്ഷം എന്നിങ്ങനെ നൽകാൻ ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രിയോടും ധനകാര്യ വകുപ്പുമന്ത്രിയോടും സ്പോർട്സ് മന്ത്രിയോടും ഞാൻ അഭ്യർത്ഥിച്ചിരുന്നു. ആകെ 50 ലക്ഷം രൂപയിൽ കൂടുതൽ ഇതിന് ചെലവ് വരില്ല. ആ സർക്കാർ കാണിച്ച തെറ്റ് ഈ സർക്കാർ തിരുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കായിക താരങ്ങളുടെ നാടാണ് പാലാ നിയോജകമണ്ഡലം. നാട്ടിലും വിദേശത്തുമുള്ള നിരവധി കായിക താരങ്ങൾ ദീർഘകാലമായി മനസ്സിൽ താലോലിക്കുന്ന സ്വപ്നമാണ് പാലായിൽ ഒരു സ്പോർട്ട്സ് അക്കാദമി എന്നത്. ഇതിനാവശ്യമായ 25 ഏക്കർ സ്ഥലം സർക്കാർ വാങ്ങി കൊടുത്താൽ, അതിന്റെ എല്ലാ ചെലവുകളും വഹിക്കാനുള്ള പണം യൂറോപ്പ്, യു.എസ്.എ., കാനഡ ഗൾഫ് മുതലായ മേഖലകളിലുള്ള പ്രവാസികളായ മലയാളികൾ മുടക്കാൻ തയ്യാറാണ്. അതുപോലെ പാലായിൽ കോൾഡ് സ്റ്റോറേജും ഫുഡ് പാർക്കും സ്ഥാപിക്കുന്ന കാര്യം പലപ്പോഴും ഞാൻ അങ്ങയോട് സൂചിപ്പിച്ചിട്ടുള്ളതാണ്. ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സർക്കാർ ഒരുക്കിക്കൊടുക്കുകയാണെങ്കിൽ ഭാവിയിൽ സർക്കാരിന് വരുമാനം ലഭ്യമാകുന്ന ഒരു ഇൻവെസ്റ്റ്മെന്റ് കൂടിയാകും. എല്ലാവർക്കും പെൻഷൻ കൊടുക്കുന്നുണ്ടെങ്കിലും സന്യസ്തർക്കുംകൂടി പെൻഷൻ കൊടുക്കാൻ തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രികൂടിയായ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഈ ബജറ്റ് വികസനവും സാമൂഹികനീതിയും ഒരുമിപ്പിക്കുന്ന ഒരു രേഖയാണ്. ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും കേരളത്തെ വളർച്ചയുടെ പുതിയ പാതയിലേക്ക് നയിക്കുന്നതിനും ഈ ബജറ്റിന് കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു. പരിഷ്കരിച്ച ഈ ബജറ്റിനെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു.

ചെയർപേഴ്സൺ: സമയകൃത്യത പാലിച്ചതിന് അങ്ങേയ്ക്ക് പ്രത്യേക നന്ദി രേഖപ്പെടുത്തുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ ഈ ബജറ്റിനെ അനുകൂലിക്കുന്നു. സാമ്പത്തികമായി തകർന്നടിഞ്ഞ തറവാട്ടിലെ പ്രായപൂർത്തിയായ മകളെ നല്ല യുവാവിനെ കണ്ടെത്തി കല്ല്യാണം കഴിപ്പിച്ചയച്ച്, അവർ സംതൃപ്തിയോടെ ജീവിക്കുന്നത് കാണുമ്പോൾ മാതാപിതാക്കാൾ ഏറെ സന്തോഷിക്കുകയാണ് ചെയ്യുന്നത്. കേരളത്തെ 'തറവാട്' എന്നും ജനങ്ങളെ 'മാതാപിതാക്കൾ' എന്നും ഭരണത്തെ 'മകൾ' എന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ നയിക്കുന്ന ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിനെ 'വരനെന്നും' സൂചിപ്പിക്കുകയാണ്. ഈ കുടുംബം സമാധാനപരമായി ജീവിക്കാൻ തുടങ്ങുമ്പോൾ, അസൂയകൊണ്ടോ മറ്റ് കാരണങ്ങൾ കൊണ്ടോ ഈ കുടുംബത്തെ തകർക്കാൻ ശ്രമിക്കരുത്, അവർ ഭംഗിയായി ജീവിച്ചുപോകട്ടെയെന്നാണ് 'അയൽക്കാരായ' പ്രതിപക്ഷത്തോട് എനിക്ക് സൂചിപ്പിക്കാനുള്ളത്. കഴിഞ്ഞ ദശവർഷക്കാലംകൊണ്ട് മുൻ സർക്കാർ വരുത്തിയ സാമ്പത്തിക പ്രതിസന്ധിയിൽനിന്നും കരകയറാൻ ശ്രമിക്കുന്ന സർക്കാരിനെയാണ് ഇവിടെ കാണാൻ സാധിക്കുന്നത്. നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് ഏവിയേഷൻ-ലോജിസ്റ്റിക് ഹബ്ബ്, കോഴിക്കോട്ടും തിരുവനന്തപുരത്തും ഏറെ നാളായി കാത്തിരിക്കുന്ന ലൈറ്റ് മെട്രോ പദ്ധതി, യുവാക്കൾക്കുള്ള

*24-06-2026*
*Financial Business - General Discussion on the Revised Budget (2026-27)*

കേരള നോളജ് വാലി, ഭൂപരിഷ്കരണം, പൊതുവിദ്യാഭ്യാസ മേഖലയിലും തൊഴിൽ രംഗത്തും യുവജനങ്ങൾക്ക് പുത്തനുണർവേകുന്ന നയപ്രഖ്യാപനങ്ങൾ, ലോകോത്തര ഫുട്ബോൾ സ്റ്റേഡിയം, റബ്ബറിന് താങ്ങുവില 250 രൂപ, എന്നിങ്ങനെ ഒട്ടനവധി വികസന പ്രവർത്തനങ്ങളാണ് ഈ സർക്കാർ സർവതലസ്പർശിയായ ഈ ബജറ്റിലൂടെ നടപ്പാക്കിയിട്ടുള്ളത്. 'ഇന്ദിര ഗ്യാരന്റി' പദ്ധതിയിലെ പ്രഖ്യാപനങ്ങൾ ഓരോന്നായി നടപ്പിലാക്കാൻ ആർജ്ജവം കാണിച്ച ഗവൺമെന്റാണ് നമ്മുടേത്. പ്രകൃതിരമണീയമായ നാടാണ് നമ്മുടേത്. അനന്യമായ ധാതു-മത്സ്യ-വന സമ്പത്ത്, മിതകാലാവസ്ഥ, മനോഹരമായ തീരപ്രദേശം തുടങ്ങിയവകൊണ്ട് സമ്പന്നമായ കേരളത്തെ അനാവശ്യ തടസ്സപ്പെടുത്തലുകളും സമരങ്ങളും ഒഴിവാക്കി ലോകത്തിന്റെ മുൻ നിരയിലേയ്ക്ക് എങ്ങനെ എത്തിക്കാമെന്നാണ് നാം ചിന്തിക്കേണ്ടത്. പിറന്നുവീഴുന്ന ഓരോ കുട്ടിക്കും അടിസ്ഥാനവിദ്യാഭ്യാസം ഉറപ്പാക്കുകയും ഓരോ സെക്കന്റിനുപോലും വിലകൽപ്പിക്കുകയും ചെയ്യുന്ന നാട്ടുകൂട്ടിയാണിത്. കാലഘട്ടത്തിന്റെ ആവശ്യകത മനസ്സിലാക്കി, മനുഷ്യജീവിതത്തെ സ്തംഭിപ്പിക്കുന്ന ഹർത്താലുകളും ബന്ദുകളും ഒഴിവാക്കുന്നതിനുള്ള രാഷ്ട്രീയ വിവേകം കാണിക്കേണ്ട സന്ദർഭമാണിതെന്ന് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തെ ലോകത്തിലെ വികസിത രാജ്യങ്ങളുടെ മാതൃകയിലേക്ക് എത്തിക്കാൻ മികച്ച ഭരണാധികാരികൾക്ക് കഴിയും. നമ്മുടെ കേരളം വലിയ നിലയിലേക്ക് മാറുകയാണ്. മഹാകവി പാലാനാരായണൻ രചിച്ച പ്രസിദ്ധമായ വരികളാണ്...

'കേരളം വളരുന്നു, പശ്ചിമഘട്ടങ്ങളെ-
ക്കേറിയും കടന്നും ചെന്നന്യമാം രാജ്യങ്ങളിൽ....'

നമ്മുടെ കേരളം വളരുകയാണ്. വിരൽത്തുമ്പിലൂടെ ലോകത്തെയും വികസിത രാജ്യങ്ങളുടെ മുന്നേറ്റത്തെയും മനസ്സിലാക്കാൻ ശ്രമിക്കുന്നവരാണ് യുവാക്കളും വിദ്യാർഥികളുമടങ്ങിയ ഇവിടത്തെ യുവതലമുറ. ഈ നാട് കൂടുതൽ സ്മാർട്ടാകാൻ അവർ ആഗ്രഹിക്കുന്നു. ഇവരുടെ മനോഭാവത്തെ മനസ്സിലാക്കാൻ സകല ജനതകൾക്കും കഴിയേണ്ടതാണ്. കേരളത്തിലെ ജനങ്ങൾ ആഗ്രഹിച്ച മാറ്റം സാധ്യമായി. എല്ലാവരുടെയും മുഖത്ത് സന്തോഷവും സംതൃപ്തിയും കാണാൻ തുടങ്ങിയിരിക്കുന്നു. വ്യാപാര സ്ഥാപനങ്ങളും നിരത്തുകളും ഭരണസിരാ കേന്ദ്രങ്ങളുമൊക്കെ സജീവമായിരിക്കുന്നു. മുഖ്യമന്ത്രിയെ കാണാനും കേൾക്കാനും ദിവസവും നൂറുകണക്കിന് ആളുകളാണ് തടിച്ചുകൂടുന്നത്. 'കടക്ക് പുറത്ത്' എന്ന ധാർഷ്ട്യം കലർന്ന ഭരണ മനോഭാവത്തിൽനിന്നും 'കേറി വാ മക്കളെ' എന്ന നയസംവിധാനത്തിലേക്കുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മാറ്റത്തിന്റെ സമീപനവും കൂടിയാണ്. കേരളത്തിന്റെ മനുഷ്യ സമ്പത്തിനെ പിടിച്ചുലയ്ക്കുകയും തകർക്കുകയും ചെയ്യുന്ന മയക്കുമരുന്നിനെതിരെ ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല പ്രഖ്യാപിച്ച ഓപ്പറേഷൻ 'തൂഫാൻ' കേരളത്തിലെ ജനങ്ങളൊന്നാകെ ഹൃദയപൂർവ്വം സ്വീകരിച്ചിരിക്കുന്ന കാഴ്ചയാണ് നമുക്ക് കാണാൻ സാധിച്ചത്. വരദാനങ്ങളുടെ നാടായ ഇരിങ്ങാലക്കുടയിലെ ജനങ്ങളാണ് ഈ നിയമസഭയിലേക്ക് എന്നെ നാലാം തവണ എത്തിച്ചത്. മതസൗഹാർദത്തിനും രാഷ്ട്രീയ സഹോദര്യത്തിനും പേര് കേട്ട നാടാണ് ഇരിങ്ങാലക്കുട. ഗണിത ശാസ്ത്രത്തിലെ മഹാപ്രതിഭയായ സംഗമഗ്രാമ മാധവൻ, മലയാള സാഹിത്യത്തിലെ പ്രമുഖനായ ഉണ്ണായി വാര്യർ, വിശുദ്ധരായ എവുപ്രാസ്യാമ്മ, മറിയം ത്രേസ്യ കൂടാതെ കലാ-സാംസ്കാരിക രംഗത്തെ പ്രതിഭകളായ അമ്മന്നൂർ മാധവ ചാക്യാർ, ഇന്നസെന്റ്, പി. ജയചന്ദ്രൻ എന്നിവരുൾപ്പെടെയുള്ള വിശിഷ്ട വ്യക്തിത്വങ്ങൾക്ക് ജന്മം നൽകിയ നാടാണ് ഇരിങ്ങാലക്കുട. ആത്മീയവിശുദ്ധിക്കായി എന്റെ നാട് നാലമ്പല ദർശനത്തിന്

ഒരുങ്ങുകയാണ്. കർക്കിടക മാസത്തിൽ ദശരഥപുത്രന്മാരായ ശ്രീരാമൻ, ഭരതൻ, ലക്ഷ്മണൻ, ശത്രുഘ്നൻ എന്നിവർക്കായി പ്രതിഷ്ഠിക്കപ്പെട്ട ക്ഷേത്രങ്ങളിലേക്കുള്ള തീർഥാടനമാണ് നാലമ്പല യാത്ര. എല്ലാ വർഷവും കർക്കിടക മാസത്തിൽ ശ്രീരാമൻ, ഭരതൻ, ലക്ഷ്മണൻ, ശത്രുഘ്നൻ തുടങ്ങിയ ദേവന്മാരെ ഒരേ ദിവസം ദർശിക്കാൻ പതിനായിരക്കണക്കിന് ഭക്തരാണ് എത്തിച്ചേരുന്നത്. ഇരിങ്ങാലക്കുടയിലെ കൂടൽമാണിക്യ ക്ഷേത്രം, പായമ്മൽ ശത്രുഘ്ന ക്ഷേത്രം, തൃപ്രയാർ ശ്രീരാമസ്വാമിക്ഷേത്രം, തിരുമൂഴിക്കുളം ശ്രീ ലക്ഷ്മണപ്പെരുമാൾ ക്ഷേത്രം എന്നിവയെ ഉൾപ്പെടുത്തി നാലമ്പല തീർഥാടന പാക്കേജ് പ്രഖ്യാപിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ഒരിക്കൽക്കൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഈ ബജറ്റിനെ സർവാത്മനാ പിന്തുണയ്ക്കുന്നു.

<u>ശ്രീ. കെ. ബിനിമോൻ</u>: സർ, ഞാൻ ഈ ബജറ്റിനെ പൂർണ്ണമായും പിന്തുണയ്ക്കുന്നു. വൈക്കം സത്യാഗ്രഹം എന്ന ചരിത്രസമരത്തിന്റെയും വൈക്കം അഷ്ടമിയുടെയും പുണ്യഭൂമിയായ വൈക്കത്തിന്റെ മണ്ണിൽനിന്ന് പതിനാറാം കേരള നിയമസഭയിൽ അംഗമാകാൻ അവസരം നൽകിയ എന്റെ പ്രസ്ഥാനത്തോടും, എന്നെ നിയമസഭാംഗമായി തെരഞ്ഞെടുത്ത വൈക്കത്തെ പ്രിയപ്പെട്ട ജനങ്ങളോടും ഞാൻ നന്ദി രേഖപ്പെടുത്തുന്നു. മണിച്ചിത്രത്താഴ് എന്ന സിനിമയിൽ 'മറ്റാരും സഞ്ചരിക്കാത്ത വഴികളിലൂടെ ഞാൻ സഞ്ചരിച്ചെന്നിരിക്കും' എന്ന് മോഹൻലാൽ അവതരിപ്പിച്ച ഡോ. സണ്ണി എന്ന കഥാപാത്രം പറയുന്നുണ്ട്. അതുപോലെ, കേരളത്തിന്റെ ഓജസ്സും തേജസ്സും തേടിയുള്ള യാത്രയാണ് നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയിട്ടുള്ളത്. ഈ ബജറ്റിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത്തരമൊരു കേരളത്തെയാണ് നമുക്ക് നൽകുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രതിപക്ഷ നേതാവായിരിക്കെ നടത്തിയ പുതുയുഗ യാത്രയിൽ മുന്നോട്ടുവച്ച പ്രധാന ആശയങ്ങളിലൊന്നായിരുന്നു കടൽമാർഗ ചരക്കുഗതാഗതം. തുടർന്ന് അത് യു.ഡി.എഫ്.-ന്റെ

*24-06-2026*
*Financial Business - General Discussion on the Revised Budget (2026-27)*

പ്രകടനപത്രികയിലും ഉൾപ്പെട്ടു. ഇപ്പോൾ അത് ബജറ്റിന്റെ ഭാഗമായി മാറിയിരിക്കുകയാണ്. ബിസിനസ്സും വ്യവസായവും നടത്തേണ്ട ചുമതല സർക്കാരിന്റേത് മാത്രമാണെന്ന പൊതുബോധത്തിൽ ഞാൻ വിശ്വസിക്കുന്നില്ല. അങ്ങനെ ചെയ്യാൻ കഴിയുന്നവർക്ക് സൗകര്യമൊരുക്കുകയാണ് സർക്കാർ ചെയ്യേണ്ടത്. ഇതിനെ നമ്മൾ സ്വകാര്യവൽക്കരണമെന്ന് പറഞ്ഞ് തടയരുത്. വർഷങ്ങൾക്കുമുമ്പ്, ലോകപ്രശസ്ത ഡാറ്റാ സ്റ്റോറേജ് കമ്പനിയായ Seagate Technology തിരുവനന്തപുരത്ത് ഹാർഡ് ഡിസ്ക് നിർമാണ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി മുന്നോട്ടുവച്ചിരുന്നു. ഏകദേശം അയ്യായിരത്തോളം യുവതികൾക്ക് നേരിട്ട് തൊഴിൽ ലഭ്യമാക്കാൻ കഴിയുമായിരുന്ന, അയ്യായിരത്തോളം കുടുംബങ്ങളുടെ ജീവിതഗതിയെത്തന്നെ മാറ്റിമറിക്കുമായിരുന്ന ആ സംരംഭം എന്തുകൊണ്ട് നടപ്പായില്ല? പുതിയ സംരംഭങ്ങൾ തുടങ്ങാൻ നമുക്ക് സാധിക്കണം. ഇവിടെ പഠിച്ചിറങ്ങുന്ന ചെറുപ്പക്കാർക്ക് ഇവിടെത്തന്നെ തൊഴിൽ ലഭിക്കണം. ദക്ഷിണകൊറിയയിൽനിന്നും നമുക്ക് ചിലത് പഠിക്കാനുണ്ട്. 1950-കളിൽ നടന്ന കൊറിയൻ യുദ്ധത്തിനുശേഷം ദക്ഷിണകൊറിയ ഒരു ദരിദ്ര രാഷ്ട്രമായി തീർന്നു. 1960-70 കാലഘട്ടത്തിൽ ദക്ഷിണകൊറിയൻ സർക്കാർ വിദേശത്ത് തൊഴിൽ നേടുവാൻ യുവാക്കളെ പ്രോത്സാഹിപ്പിച്ചു. അവർ വിദേശത്തുനിന്നും അയയ്ക്കുന്ന പണം വ്യവസായങ്ങളിൽ നിക്ഷേപിച്ചു. ഈ വ്യവസായ ഗ്രൂപ്പുകൾ അവരുടെ ലാഭം യൂണിവേഴ്സിറ്റികളിൽ റിസർച്ചിനായി മുടക്കി. ഇന്ന് ഈ രാജ്യം വികസിത രാജ്യമായി മാറിയിരിക്കുകയാണ്. ചിങ്ങ മാസത്തിൽ ഓണം വരുമ്പോൾ കേരളത്തിൽ നടക്കുന്ന ഇലക്ട്രോണിക്സ് കച്ചവടത്തിന്റെ പകുതി പണവും പോകുന്നത് ദക്ഷിണകൊറിയയിലേക്കാണ്. വിദേശ രാജ്യങ്ങളിൽനിന്നും ലഭിക്കുന്ന പണം ഉപഭോഗചെലവുകൾക്കല്ലാതെ വ്യവസായ വികസനത്തിനും വിദ്യാഭ്യാസത്തിനും സാങ്കേതിക മുന്നേറ്റത്തിനും നിക്ഷേപിച്ചതിലൂടെയാണ് ദക്ഷിണ കൊറിയ സാമ്പത്തിക വളർച്ച കൈവരിച്ചത്. ഒരു വിദ്യാർത്ഥി പ്ലസ് ടു വരെ പഠനം

പൂർത്തിയാക്കുമ്പോൾ ഏകദേശം ആറ് ലക്ഷത്തോളം രൂപ സർക്കാരിന് പ്രത്യക്ഷമായും പരോക്ഷമായും ചെലവാകുന്നുണ്ട്. ഈ കുട്ടികൾ തുടർപഠനത്തിനായി വിദേശ രാജ്യങ്ങളിലേക്ക് ചേക്കേറുകയുമാണ്. 2023-ലെ കേരള മൈഗ്രേഷൻ സർവെ പ്രകാരം ഏകദേശം 80000 കുട്ടികളാണ് വിദേശത്ത് പഠിക്കാൻ പോകുന്നത്. ഒരു വിദ്യാർഥിക്ക് ശരാശരി 25 ലക്ഷം രൂപ വിദേശ വിദ്യാഭ്യാസത്തിന് ചെലവഴിച്ചാൽ പ്രതിവർഷം 20000 കോടി രൂപ കേരളത്തിൽനിന്നും പുറത്തുപോകുകയും അഞ്ച് വർഷം ആകുമ്പോൾ അത് ഒരു ലക്ഷം കോടി രൂപയാകുകയും ചെയ്യുന്നു. ഈ കുട്ടികൾക്ക് വേണ്ട സൗകര്യം കേരളത്തിൽ ഒരുക്കിയാൽ ആ പണം സംസ്ഥാനത്തുതന്നെ നിക്ഷേപിക്കപ്പെടുമെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശ്വാസം അഭിനന്ദനാർഹമാണ്. കേരളത്തെ ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെടുന്ന ഒരു ഗ്ലോബൽ എഡ്യൂക്കേഷൻ ഹബ്ബാക്കി മാറ്റാൻ മുന്നോട്ടുവച്ച Kerala Knowledge Valley എന്ന ആശയം തീർത്തും ഉത്കൃഷ്ടമാണ്. പുതുയുഗത്തിലേക്ക് കേരള ജനതയെ നയിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പ്രസ്തുത പദ്ധതിയിലൂടെ ഒരു വേൾഡ് ക്ലാസ് എഡ്യൂക്കേഷൻ സിസ്റ്റവും അതുവഴി ഒരു മികച്ച ഇന്നവേഷൻ ഇക്കോ സിസ്റ്റവും കെട്ടിപ്പടുക്കാൻ സാധിക്കും. ഒരസുഖം വന്നാൽ കടക്കാരനാകുന്ന സാമ്പത്തിക ഭദ്രതയാണ് കേരളത്തിലെ ജനങ്ങൾക്കുള്ളത്. ഇതിനൊരു പരിഹാരമാർഗമാണ് കനിവിന്റെ ആൾ രൂപമായിരുന്ന ബഹുമാനപ്പെട്ട ഉമ്മൻചാണ്ടിയുടെ പേരിലുള്ള 25 ലക്ഷം രൂപയുടെ "ആരോഗ്യ ഇൻഷ്വറൻസ്" പദ്ധതി. ലോകോത്തര നിലവാരമുള്ള ആരോഗ്യ മേഖല എന്ന് പറയപ്പെടുമ്പോൾ നാം മറന്നുപോകാൻ പാടില്ലാത്ത ഒരു വിഭാഗമാണ് പ്രിയപ്പെട്ട ആശാ വർക്കർമാർ. അവരുടെ കഠിനാധ്വാനം, അർപ്പണമനോഭാവം, സേവന സന്നദ്ധത എന്നിവയെല്ലാം ഗ്രാമപഞ്ചായത്ത് പ്രസിഡന്റായിരുന്ന സമയത്ത് ഞാൻ നേരിട്ടറിഞ്ഞതാണ്. അവഗണനയുടെ കയ്പുനീർ കുടിക്കേണ്ടിവന്ന ഈ സഹോദരിമാരെ സർക്കാർ ചേർത്തുപിടിച്ചിരിക്കുന്നു. വികസനത്തിന്റെ ഫലം സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങൾക്കും ലഭിക്കണമെന്ന് ലക്ഷ്യംവയ്ക്കുന്നതും ജീവിതവുമായി ഏറെ ബന്ധപ്പെട്ടിരിക്കുന്നതുമാണ് ഈ ബജറ്റ്. തൊഴിലുറപ്പ് പദ്ധതി സാധാരണക്കാരായ സ്ത്രീകളുടെ ജീവിതത്തെ എങ്ങനെ

ബാധിക്കുന്നുയെന്ന് തലയാഴം ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റായിരുന്ന എനിക്ക് നല്ലതുപോലെ അറിയാവുന്നതാണ്. എന്റെ അമ്മ ഇന്നും തൊഴിലുറപ്പ് പദ്ധതിയിൽ പോകുന്ന വ്യക്തിയാണ്. ഗ്രാമീണ മേഖലയിലെ സ്ത്രീകളുടെ സാമ്പത്തിക സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുവേണ്ടി ആരാധ്യനായ മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ് നടപ്പാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ വിഭാവനം ചെയ്ത നൂറുതൊഴിൽ ദിനങ്ങൾ നൽകാൻ സാധിക്കാത്ത വിധം പുതിയ നിയമങ്ങളാൽ വരിഞ്ഞുമുറുക്കപ്പെട്ടിരിക്കുന്നു. കടുത്ത സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും ഈ ജനകീയ പദ്ധതി നടപ്പാക്കുന്നതിന് സംസ്ഥാന വിഹിതമായ 40 ശതമാനത്തിന്റെ ഒരു ഗഡുവായ 1422.60 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഞാൻ ഏറ്റവും കൂടുതൽ ശ്ലാഘിക്കുന്നത് വയനാട് ട്രൈബൽ യൂണിവേഴ്സിറ്റിക്കായി തുക മാറ്റിവച്ചതും പട്ടികജാതി, പട്ടികവർഗ വിദ്യാർഥികൾക്കുള്ള ഗ്രാന്റിനുള്ള തുക വകയിരുത്തിയതുമാണ്. സത്യാഗ്രഹ ചരിത്രഭൂമിയായ വൈക്കത്തെക്കുറിച്ച് ജനങ്ങൾ പറയുന്നൊരു കാര്യമുണ്ട്. നൂറ് വർഷങ്ങൾക്കുമുമ്പ് വൈക്കം സന്ദർശിച്ച മഹാത്മാ ഗാന്ധി ഇന്നുവന്നാലും വഴി തെറ്റില്ല, കാരണം വൈക്കത്തിനൊരു മാറ്റവും ഇതുവരെ സംഭവിച്ചിട്ടില്ല. വൈക്കത്ത് വേമ്പനാട് കായലിന് കുറുകെ പ്രിയപ്പെട്ട ഉമ്മൻചാണ്ടി സാറിന്റെ സ്വപ്ന പദ്ധതിയായിരുന്ന തുറവൂർ-പമ്പ ഹൈവേയുടെ ഭാഗമായി നേരേകടവ്- മാക്കേക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. 2016-ൽ നിർമ്മാണം ആരംഭിച്ച് 2018-ൽ പൂർത്തിയാക്കേണ്ടിയിരുന്ന പാലം 2026 ആയിട്ടും പണികൾ പൂർത്തീകരിച്ചിട്ടില്ല. നിർമ്മാണച്ചെലവ് 78 കോടിയിൽ നിന്നും 112 കോടി രൂപയായി ഉയർന്നു. അതുപോലെ ഈ പാലം പൂർത്തിയാകുമ്പോൾ നേരേകടവ് മുതൽ ഉദയനാപുരം വരെയുള്ള റോഡിന് നാല് മുതൽ അഞ്ച് മീറ്റർ വരെ വീതി മാത്രമാണുള്ളത്. പത്ത് വർഷം മുമ്പ് ആരംഭിച്ച തുറവൂർ-പമ്പ ഹൈവേയിലെ ഒരു റീച്ചിന്റെ ദുർഗതിയാണിത്. ഈ റോഡിന് കൂടുതൽ സ്ഥലം ഏറ്റെടുത്ത് വീതി കൂട്ടാനുള്ള നടപടികൾക്കായി ബജറ്റിൽ തുക വകയിരുത്തണമെന്ന് വിനീതമായി അഭ്യർഥിക്കുന്നു. ഉമ്മൻചാണ്ടി സർക്കാരിന്റെ അവസാന ബജറ്റിൽ പ്രഖ്യാപിച്ച വൈക്കം-പൂത്തോട്ട റോഡിന്റെ വികസനവും ഇതുവരെ നടപ്പാക്കിട്ടില്ല. ഇച്ഛാശക്തിയുള്ള ഒരു സർക്കാർ

ഉണ്ടെങ്കിൽ സ്വകാര്യ-പൊതുമേഖല പങ്കാളിത്തത്തോടെ ഒരു അന്താരാഷ്ട്ര വിമാനത്താവളം യാഥാർത്ഥ്യമാക്കാൻ സാധിക്കുമെന്ന് തെളിയിച്ച സംസ്ഥാനമാണിത്. കേരളത്തിലെ സ്ത്രീകൾ, യുവാക്കൾ, വിദ്യാർത്ഥികൾ എന്നുവേണ്ട സമസ്ത വിഭാഗങ്ങൾക്കും മുൻഗണന നൽകിക്കൊണ്ട് അവതരിപ്പിച്ച ഓജസ്സും തേജസ്സുമുള്ള ഈ പുതുക്കിയ ബജറ്റിനെ ഒരിക്കൽകൂടി ഞാൻ സർവാത്മനാ പിന്തുണയ്ക്കുന്നു.

<u>ശ്രീമതി ഉഷ വിജയൻ</u>: സർ, ബ്രിട്ടീഷ് ഭരണത്തിനെതിരെ പട പൊരുതിയ, പോരാട്ടം നടത്തിയ ചരിത്ര പുരുഷനായ വീര പഴശ്ശിരാജാവിന്റെ ചരിത്രമുറങ്ങുന്ന മണ്ണിൽനിന്നാണ് ഞാൻ വരുന്നത്. എന്നെ നിയമസഭയിൽ എത്തിച്ച എന്റെ പാർട്ടിയോടും മുന്നണിയോടും മാനന്തവാടി മണ്ഡലത്തിലെ ജനതയോടും എന്റെ കൃതജ്ഞത അറിയിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച 2026-27 സാമ്പത്തിക വർഷത്തെ ബജറ്റിനെ ഞാൻ പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ പത്ത് വർഷമായി നമ്മുടെ സംസ്ഥാനത്തെ കടക്കെണിയിലാക്കിയ ഇടതുപക്ഷ സർക്കാരിനെ ഇക്കാര്യം ബോധ്യപ്പെടുത്താൻ വലിയ സാമ്പത്തിക വൈദഗ്ധ്യങ്ങളൊന്നും നമുക്ക് ആവശ്യമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ അവതരിപ്പിച്ച ധവളപത്രത്തിലൂടെ കണ്ണോടിക്കുമ്പോൾ യു.ഡി.എഫ്. സർക്കാർ അഭിമുഖീകരിക്കാൻ പോകുന്ന വെല്ലുവിളികൾ ചെറുതല്ലെന്ന പൊതുബോധ്യം എല്ലാവർക്കുമുണ്ട്. കന്നി നിയമസഭാ സാമാജിക എന്ന നിലയിൽ മാനന്തവാടി നിയോജകമണ്ഡലത്തിന്റെ വികസന കുതിപ്പിന് ഇപ്പോഴത്തെ ധനസ്ഥിതി എത്രമാത്രം ആഘാതം സൃഷ്ടിക്കും എന്നോർത്ത് ആശങ്കപ്പെടുകയാണ് ഞാൻ. പക്ഷേ പ്രഗൽഭനായിട്ടുള്ള മുഖ്യമന്ത്രിയുടെയും വകുപ്പുമന്ത്രിമാരുടെയും കൂട്ടായ പ്രവർത്തനം വഴി യു.ഡി.എഫ്. സർക്കാരിന് വേറിട്ട പ്രവർത്തനം നടത്താൻ കഴിയുമെന്ന ഉത്തമബോധ്യം എനിക്കുണ്ട്. കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ കെ.എസ്.ആർ.ടി.സി. ബസ്സിൽ ലക്ഷക്കണക്കിന് സ്ത്രീകളാണ് സൗജന്യയാത്ര ചെയ്തത്. കേരള വികസന ചരിത്രത്തിൽ ഇതൊരു വിപ്ലവ പദ്ധതിയായി മാറിയില്ലേ; കഴിഞ്ഞ പത്ത് വർഷമായി കേരളം മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഹബ്ബായി മാറിയില്ലേ? സ്കൂൾ കുട്ടികളിൽ പെൺകുട്ടികളടക്കം മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഇടനിലക്കാരും

ഇരകളുമായിട്ടില്ലേ; ആഴ്ചകൾകൊണ്ട് ആയിരക്കണക്കിന് അറസ്റ്റുകൾ രേഖപ്പെടുത്താനും ലഹരിവസ്തുക്കൾ പിടിച്ചെടുക്കാനും കഴിഞ്ഞത് ചെറിയ കാര്യമാണോ; അറിയാതെ ലഹരിയിലേക്ക് വഴിതെറ്റുന്ന ജെൻസി തലമുറയ്ക്ക് "ഹ്യൂമൻ ഹണ്ട്" നൽകുന്ന സുരക്ഷിതത്വ ബോധം ചെറുതല്ല. പൊതുജനാരോഗ്യ സംരക്ഷണത്തിൽ പതിറ്റാണ്ടുകളായി കേരളം മുൻപന്തിയിലാണ്. അതുകൊണ്ടുതന്നെ ആയുർദൈർഘ്യത്തിന്റെ കാര്യത്തിൽ ദേശീയ ശരാശരിയെക്കാൾ മുകളിലാണ് കേരളം. വയോജനങ്ങളുടെ എണ്ണം കേരളത്തിൽ കൂടുതലായതിനാൽ അവരുടെ ക്ഷേമം ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ട സർക്കാരിനുണ്ട്. ഇതുമനസ്സിലാക്കി ഇന്ത്യയിൽതന്നെ ആദ്യമായി വയോജന ക്ഷേമ വകുപ്പ് രൂപീകരിച്ചത് ഏറെ സ്വാഗതാർഹമാണ്. കേരള സംസ്ഥാനത്തുതന്നെ ഏറ്റവും കൂടുതൽ പട്ടികവർഗക്കാർ അധിവസിക്കുന്ന ജില്ലയാണ് വയനാട്. അതിൽ ഏറിയ പങ്കും മാനന്തവാടിയിലാണ്. കഴിഞ്ഞ സർക്കാർ പട്ടികവർഗ മേഖലയെ തീർത്തും അവഗണിച്ചു. പത്തുവർഷമായിട്ട് മാനന്തവാടിയിലെ പട്ടിക വർഗക്കാരിൽ അടിസ്ഥാനസൗകര്യങ്ങളില്ലാതെ വീർപ്പുമുട്ടുന്നവരിൽ ഭൂരിഭാഗവും രോഗികളും വീടും സ്ഥലവും കുടിവെള്ളവും ഇല്ലാത്തവരാണ്. രോഗാവസ്ഥയും പാതിവഴിയിൽ വിദ്യാഭ്യാസം മുടങ്ങിയവരും വന്യമൃഗ ശല്യം കാരണം ജീവനെ ഭയന്ന് ജോലിക്ക് പോകാൻ കഴിയാത്തവരുമുണ്ട്. കൂടാതെ വന്യമൃഗശല്യം കാരണം കൃഷി നശിച്ചവരും വന്യമൃഗ ആക്രമണത്തിൽ പരിക്കുപറ്റി നിരാലംബരായിട്ടുള്ള കുടുംബാംഗങ്ങൾ വരെ ഇതിലുൾപ്പെടും. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ വയനാട് ജില്ലയെകൂടി പാക്കേജിൽ ഉൾപ്പെടുത്തി ബജറ്റിൽ അവതരിപ്പിച്ചതിൽ വളരെയധികം സന്തോഷമുണ്ട്. വയനാടിന് ട്രൈബൽ യൂണിവേഴ്സിറ്റി എന്ന ബജറ്റിലെ പ്രഖ്യാപനം വയനാട്ടുകാർ വളരെ ആവേശത്തോടെയാണ് സ്വീകരിച്ചത്. പട്ടികവർഗ വിഭാഗത്തിലുൾപ്പെട്ട ഒരാളെന്ന നിലയിൽ സർക്കാരിനെ ഇക്കാര്യത്തിൽ മുക്തകണ്ഠം പ്രശംസിക്കാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്. എന്റെ മണ്ഡലമായ മാനന്തവാടിയിൽ നെട്ടറ ഗ്രാമം, മീൻമുട്ടി, കുങ്കിച്ചിറ, പഴശ്ശി പാർക്ക്, പഴശ്ശി മ്യൂസിയം, കുറുവാ ദ്വീപ്, തിരുനെല്ലി ക്ഷേത്രം, വള്ളിയൂർക്കാവ് ക്ഷേത്രം, മുനീശ്വരൻ കുന്ന് എന്നീ വിനോദസഞ്ചാര കേന്ദ്രങ്ങളാണുള്ളത്. വളരെ അനന്ത സാധ്യതയാണ് ടൂറിസം മേഖലയിൽ

*24-06-2026*

*Financial Business - General Discussion on the Revised Budget (2026-27)*

മാനന്തവാടിക്കുള്ളത്. വയനാടിന് പ്രയോജനപ്പെടുന്ന ഫാം ടൂറിസം വിനോദ സഞ്ചാര മേഖലയിൽ വലിയ കുതിപ്പുണ്ടാക്കുമെന്നതിൽ ഞങ്ങൾക്ക് യാതൊരുവിധ സംശയവും ആശങ്കയുമില്ല. മനുഷ്യ-വന്യമൃഗ സംഘർഷങ്ങളിൽ ജീവൻ പൊലിഞ്ഞ നിരവധി മനുഷ്യാത്മാക്കൾ വയനാട്ടിലുണ്ട്. ജീവൻ പൊലിഞ്ഞവരുടെ കുടുംബാംഗങ്ങൾക്ക് താമസംവിനാ നഷ്ടപരിഹാരത്തുകയും അവകാശികൾക്ക് സ്ഥിരം തൊഴിലും എത്രയുംവേഗം ലഭ്യമാക്കാനുള്ള നിയമനടപടി സ്വീകരിക്കണം. മാനന്തവാടിയിൽ ഇക്കഴിഞ്ഞ മേയ് 10-ാം തീയതി ഒരു സഹോദരനെ ആന ചവിട്ടിക്കൊന്ന അതിദാരുണമായ സംഭവമുണ്ടായി. "ഈ നിമിഷം നിങ്ങൾ അമ്പത് ലക്ഷം രൂപയും മരണപ്പെട്ടയാളുടെ ആശ്രിതന് സ്ഥിരംജോലിയും ഉറപ്പുനൽകാതെ ബോഡി അടക്കം ചെയ്യില്ലെന്നാണ്" എം.എൽ.എ. ആയി സത്യപ്രതിജ്ഞ ചെയ്തിട്ട് വെറും ഇരുപത് ദിവസം മാത്രമായ എന്നോട് സഖാക്കൾ പറഞ്ഞത്. കഴിഞ്ഞ പത്തുവർഷമായി ഇതുപോലെ മരണമടഞ്ഞവരുടെ ആശ്രിതരിൽ എത്രപേർക്കാണ് അന്നത്തെ സർക്കാർ സ്ഥിരം ജോലിയും അമ്പത് ലക്ഷം രൂപയും നൽകിയിട്ടുള്ളത്? അതിനുള്ള മറുപടിയുംകൂടി ഈ അവസരത്തിൽ ഞാൻ ചോദിക്കുകയാണ്. വയനാട്ടിലെ സാധാരണ കർഷകരും കാർഷിക മേഖലയും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കർഷകർക്ക് ലഭിക്കാനുള്ള കോടിക്കണക്കിന് രൂപയുടെ വിള നഷ്ടപരിഹാരത്തുക നൽകുന്നതിനും യു.ഡി.എഫ്. സർക്കാർ മുന്തിയ പരിഗണന നൽകുമെന്ന ഉറച്ച പ്രതീക്ഷയിലാണ് ഞാൻ. പിന്നാക്ക ജില്ലയായ വയനാട്ടിലെ ജനങ്ങൾ വിദഗ്ധ ചികിത്സക്കായി മാനന്തവാടി മെഡിക്കൽ കോളേജിനെയാണ് ആശ്രയിക്കുന്നത്. 2019-ൽ അന്നത്തെ ഇടതുപക്ഷസർക്കാർ മാനന്തവാടിയിൽ പ്രവർത്തിച്ചിരുന്ന ജില്ലാശുപത്രിയെ യാതൊരു മാനദണ്ഡവുമില്ലാതെ, ഒരു പരിശോധനയും നടത്താതെ ഒരു പ്രത്യേക ഉത്തരവിലൂടെ മെഡിക്കൽ കോളേജായി അപ്ഗ്രേഡ് ചെയ്യുകയാണുണ്ടായത്. യഥാർത്ഥത്തിൽ ഒരു റഫറൽ മെഡിക്കൽ കോളേജായാണ് അത് പ്രവർത്തിച്ചുവരുന്നത്. വന്യമൃഗ ആക്രമണംമൂലമോ, വാഹനാപകടംമൂലമോ അത്യാസന്ന നിലയിൽ മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിക്കുന്നവരെ ചില പ്രാഥമിക ചികിത്സകൾ നൽകി

നൂറ്റിയഞ്ച് കിലോമീറ്റർ അകലെയുള്ള കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യുകയാണ് പതിവ്. വയനാട് ചുരത്തിൽ തീക്ഷ്ണമായ ഗതാഗതക്കുരുക്ക് പതിവായതുകൊണ്ട് ഭൂരിപക്ഷംപേരും ആംബുലൻസിൽവച്ചുതന്നെ മരണമടയുന്ന ഒരു ഗതികേട് നിത്യസംഭവമാണ്.

ചെയർപേഴ്സൺ: പ്ലീസ് കൺക്ലൂഡ്.......

ശ്രീമതി ഉഷ വിജയൻ: സർ, മാനന്തവാടി മെഡിക്കൽ കോളേജ് എന്ന സ്വപ്നം കഴിഞ്ഞ പത്തുവർഷമായി ഇടതുപക്ഷസർക്കാർ യാഥാർത്ഥ്യമാക്കിയിട്ടില്ല. മാനന്തവാടിയിലെ ജനതയ്ക്കുവേണ്ടി മാനന്തവാടി മെഡിക്കൽ കോളേജ് യാഥാർത്ഥ്യമാക്കാൻ കനിവുണ്ടാകണം. സമസ്ത മേഖലകളിലും കൈയ്യൊപ്പ് ചാർത്തി വിസ്മയം തീർത്ത സംസ്ഥാന സർക്കാരിന് ഒരിക്കൽകൂടി സർവാത്മനാ പൂർണ്ണ പിന്തുണ നൽകിക്കൊണ്ട് നിർത്തുന്നു. ജയ് ഹിന്ദ്.

ശ്രീ. സി. വി. ശാന്തകുമാർ: സർ, ഒരുനാൾ തമ്പാനൂരിൽനിന്ന് എന്റെ അംഗപരിമിതനായ അച്ഛനുമായി വീട്ടിലേയ്ക്ക് പോകുമ്പോൾ പഴയ നിയമസഭാ മന്ദിരം കണ്ടുകൊണ്ട് ഞാൻ ചോദിച്ചു, അച്ഛാ, ഇതിനുള്ളിൽ പ്രവേശിക്കാൻ എന്തു ചെയ്യണമെന്ന്; ഒന്നുകിൽ എം.എൽ.എ. ആകണം, അല്ലെങ്കിൽ പഠിച്ച് ജോലികിട്ടണമെന്നാണ് എന്റെ അച്ഛൻ അന്ന് പറഞ്ഞത്. അച്ഛനെ സ്മരിച്ചുകൊണ്ട് ഞാൻ തുടങ്ങുകയാണ്. 2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിനെ പിന്തുണച്ചുകൊണ്ട് കേരള നിയമനിർമ്മാണ സഭയിൽ, മഹനീയമായ ഈ പുതിയ നിയമസഭാ മന്ദിരത്തിന്റെ അകത്തളത്തിലേക്ക് കടന്നുവരാൻ എനിക്ക് സാഹചര്യം ഒരുക്കിയ മഹത്തായ ഇന്ത്യൻ ഭരണഘടനയോട് ഞാൻ നീതി പുലർത്തുന്നു. ഇന്ത്യൻ ഭരണഘടന രൂപകല്പന ചെയ്യുന്നതിന് നെടുനായകത്വം വഹിച്ച എന്റെ പ്രസ്ഥാനമായ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനോടും ഇന്ത്യൻ ഭരണഘടനയിൽ തങ്കലിപികളാൽ എഴുതിച്ചേർത്ത ഡോ. ബി. ആർ. അംബേദ്കറിനോടുമുള്ള പാവനസ്മരണയ്ക്ക് മുന്നിൽ ഞാൻ നമ്രശിരസ്കനാവുകാണ്. രാഷ്ട്രപിതാവിന്റെ ഓർമ്മകൾക്ക് മുന്നിൽ പ്രണാമം അർപ്പിക്കുന്നു. പത്തനംതിട്ട ജില്ലയിലെ പ്രധാന മുനിസിപ്പൽ പട്ടണമാണ് എന്റെ അടൂർ. മധ്യതിരുവിതാംകൂർ

മേഖലയിൽ വേരൂന്നിയ സമ്പന്നമായൊരു പൈതൃകം അടൂരിനുണ്ട്. ബ്രിട്ടീഷ് കോളനിവൽക്കരണത്തിന് മുമ്പുള്ള സ്വയംഭരണ കേന്ദ്രമായിരുന്നു അടൂർ. ഒടുവിൽ സാംസ്കാരികവും ചരിത്രപരവുമായ ഒരു കേന്ദ്രമായി അടൂർ വളർന്നു. അടൂർ എന്ന പേരിന്റെ അർഥം 'വേർപിരിയലിലൂടെ ലഭിച്ച ഭൂമി' അല്ലെങ്കിൽ 'ആഢ്യൻമാരുടെ ഊര്' എന്നാണ്. തിരുവിതാംകൂറിനൊപ്പം ഉറച്ചുനിന്നതിനാൽ അടൂർ നേരിട്ട് ബ്രിട്ടീഷ് അധിനിവേശത്തിന് വിധേയമായില്ല. അതിനാൽ പ്രാദേശിക സംസ്കാരവും പൈതൃകവും നിലനിർത്തുന്നതിന് അടൂരിന് കഴിഞ്ഞു. ചരിത്രപരമായി കൊല്ലം ജില്ലയുടെ ഭാഗമായിരുന്നു അടൂർ. പത്തനംതിട്ട നിയമസഭാമണ്ഡലത്തിലെ മുൻ എം.എൽ.എ. ആയിരുന്ന യശശ്ശരീരനായ കെ. കെ. നായർ സാറിന് ലീഡർ കെ. കരുണാകരൻ നൽകിയ വാക്കിന്റെയടിസ്ഥാനത്തിലാണ് 1982-ൽ പത്തനംതിട്ട ജില്ല രൂപീകൃതമായത്. സ്വാതന്ത്ര്യ സമരവും വേലുത്തമ്പി ദളവയുടെ ത്യാഗവും കാരണം അടൂർ വളരെ പ്രസിദ്ധിയാർജ്ജിച്ചിട്ടുണ്ട്. ചരിത്ര വർഷം 1802-ഉം 1809-ഉം അടൂരുകാർക്ക് മറക്കാനാകില്ല. 1957 മുതൽ ഈ സഭയിൽ അംഗങ്ങളായിരുന്നവർക്കും മുഖ്യമന്ത്രിയായിരുന്നവർക്കും ഞാൻ പ്രണാമം അർപ്പിക്കുകയാണ്. ആദരണീയനായ ആർ. ശങ്കർ, ലീഡർ കെ. കരുണാകരൻ, പുതുപ്പള്ളിയിൽ അന്ത്യവിശ്രമം കൊള്ളുന്ന കേരള ജനതയുടെ ജനകീയ മുൻമുഖ്യമന്ത്രി ഉമ്മൻചാണ്ടി സാറിന്റെയും ഓർമ്മകൾക്കുമുമ്പിൽ ഞാൻ നമ്രശിരസ്കനാവുകയാണ്. അടൂരിന്റെ മുൻകാല ജനപ്രതിനിധികളെയും ഈ സമയം ഓർക്കുന്നു. മുമ്പ് നാലുതവണ അടൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചിരുന്ന പ്രിയങ്കരനായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സാറിന്റെ പിൻഗാമിയായി ഈ സഭയിൽ എത്തിയതിൽ ഞാൻ അഭിമാനിക്കുന്നു. കക്ഷി രാഷ്ട്രീയത്തിനതീതമായി ജാതിമത ഭേദമന്യേ ഈ തിരഞ്ഞെടുപ്പിൽ കേരള ജനത ഐക്യജനാധിപത്യ മുന്നണിക്ക് നൽകിയ 102 സീറ്റ് എന്ന മഹാ വിജയത്തിൽ അടൂരിനെക്കൂടി ചേർത്തുപിടിച്ചതിൽ ഞാൻ അഭിമാനിക്കുകയാണ്. ഈ വിജയം എനിക്ക് സമ്മാനിച്ച അടൂരിലെ പ്രബുദ്ധരായ എല്ലാ വോട്ടർമാർക്കും കോന്നി നിവാസികൾക്കും ഞാൻ നന്ദി അറിയിക്കുകയാണ്.

*24-06-2026*

*Financial Business - General Discussion on the Revised Budget (2026-27)*

മുഖ്യമന്ത്രിയിലൂടെ വീണ്ടും ചരിത്രം വഴിമാറുന്നു. ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച ബജറ്റ് സംസ്ഥാനത്തിന്റെ വികസനത്തിനും ജനക്ഷേമത്തിനും പുതിയ ദിശാബോധം നൽകി ഒരു പുതുയുഗ കേരളം സൃഷ്ടിക്കുകയാണ്. വിദ്യാഭ്യാസം, ആരോഗ്യം, കാർഷികം, അടിസ്ഥാനസൗകര്യ വികസനം, വയോജനം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകിയത് സ്വാഗതാർഹമാണ്. ബജറ്റ് എന്നത് സർക്കാരിന്റെ കാഴ്ചപ്പാടും ജനങ്ങളോടുള്ള പ്രതിബദ്ധതയും പ്രകടിപ്പിക്കുന്ന ഒരു വികസന രേഖയാണ്. എന്റെ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമായ ശ്രീ. വി. ഡി. സതീശൻ സഭയിൽ അവതരിപ്പിച്ച 2026-27 സാമ്പത്തിക വർഷത്തെ ജനകീയ ബജറ്റിനെ ഞാൻ അടൂരുകാർക്കുവേണ്ടി സർവാത്മനാ പിന്തുണയ്ക്കുന്നു. പ്രതിപക്ഷത്തിരിക്കുന്നവരോട് 'പൊൻമുട്ടയിടുന്ന താറാവിനെ കൊല്ലാൻ ശ്രമിക്കരുത്' എന്നൊരപേക്ഷയുണ്ട്.

അടൂരിന്റെ സാംസ്കാരിക പൈതൃകത്തിന് വേരൂന്നിയ ഇ.വി. കൃഷ്ണപിള്ള, അടൂർ ഭാസി, അടൂർ പങ്കജം, അടൂർ ഭവാനി, ശ്രീ. അടൂർ ഗോപാലകൃഷ്ണൻ തുടങ്ങിയ നിരവധി കലാകാരൻമാർക്ക് ജന്മം നൽകിയ മണ്ണാണ് അടൂർ. സിനിമ, നാടകം, ഫോക്‌ലോർ എന്നീ മേഖലകളുമായി ബന്ധപ്പെട്ട സാംസ്കാരിക കേന്ദ്രങ്ങളുടെ കാര്യത്തിൽ അടൂരിന് അർഹമായ പരിഗണന നൽകണം. രണ്ട് മുനിസിപ്പാലിറ്റിയും ഏഴ് ഗ്രാമപഞ്ചായത്തും ഉൾപ്പെടുന്ന എന്റെ നിയോജകമണ്ഡലത്തിൽ കുടിവെള്ളക്ഷാമം അതിരൂക്ഷമാണ്. ഗ്രാമീണ റോഡുകൾ തകർന്നും കനാൽ പ്രദേശം കാടുമൂടിയും സഞ്ചാര യോഗ്യമല്ലാതായിരിക്കുകയാണ്. ഏറിയപങ്കും പട്ടികജാതി വിഭാഗക്കാരും ഇടത്തരം വരുമാനക്കാരുമാണ് ഇവിടെയുള്ളത്. അടൂർ ജനറൽ ആശുപത്രിയിൽ പോലീസ് സർജനെ നിയമിക്കേണ്ടതും ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തേണ്ടതും അത്യാവശ്യമാണ്. തൊഴിൽശാലകൾ ഇനിയും അനിവാര്യമാണ്. നിരവധി ചെറുകിട വരുമാന സംരംഭങ്ങൾക്ക് വിജയ സാധ്യതയുള്ള നാടാണ് അടൂർ. ഉന്നത വിദ്യാഭ്യാസ രംഗത്ത് കൂടുതൽ മെച്ചപ്പെട്ട കോഴ്സുകൾ അനിവാര്യമാണ്. അടൂർ നഗരവൽക്കരണത്തോടൊപ്പം പന്തളം നഗരവൽക്കരണത്തിന്റെ കാര്യത്തിലും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത് അത്യാവശ്യമാണ്. അതിലേയ്ക്ക് കൂടുതൽ തുക വകയിരുത്തണമെന്നാണ് എന്റെ അപേക്ഷ. ഒരു തീർഥാടന നഗരം കൂടിയാണ് അടൂരും

*24-06-2026*
*Financial Business - General Discussion on the Revised Budget (2026-27)*

പന്തളവും. 2026-27 സംസ്ഥാന ബജറ്റിൽ ഇടംപിടിച്ച പന്തളം ബൈപ്പാസ്, കെ.എസ്.ആർ.ടി.സി., സ്വാമി ഭക്തൻമാർക്കുവേണ്ടിയുള്ള അമിനിറ്റീസ് സെന്റർ, പന്തളം-പൂഴിക്കാട് ബണ്ട് നിർമ്മാണം, അടൂർ സ്റ്റേഡിയം തുടങ്ങിയവയ്ക്ക് ഇനിയും കൂടുതൽ തുക വകയിരുത്തേണ്ടതായിട്ടുണ്ട്. കൂടാതെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യു.ഐ.ടി. (UIT - University Institute of Technology) കെട്ടിടം എന്നിവ പുനർനിർമ്മിക്കേണ്ടതുണ്ട്. ഗ്രാമീണ റോഡുകൾ ഇനിയും നവീകരിക്കേണ്ടതായിട്ടുണ്ട്. ഏറെ പ്രതീക്ഷ അർപ്പിക്കുന്ന ടി പദ്ധതികൾക്ക് തുക വർധിപ്പിക്കേണ്ടതുണ്ട്.

ബജറ്റിലെ ഇന്ദിര ഗാരന്റിയുടെ ഭാഗമായ 'പ്രിയദർശിനി കെ.എസ്.ആർ.ടി.സി. സൗജന്യ ബസ് യാത്ര' മഹനീയരായ അമ്മമാരും സഹോദരിമാരും നെഞ്ചിലേറ്റിയിരിക്കുകയാണ്. 'ഓപ്പറേഷൻ തൂഫാൻ' വിജയം കണ്ടിരിക്കുകയാണ്. അടൂരിന്റെ സ്വപ്നം എന്നത് ഏറ്റവും പരിപാവനമായ ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ടതാണ്. കോടാനുകോടി ഭക്തജനങ്ങൾ വരുന്ന പരിപാവനമായ ശബരിമലയുടെ ആതിഥേയമാണ് എന്റെ പന്തളം. അയ്യപ്പസ്വാമിയുടെ തിരുവാഭരണം സൂക്ഷിക്കുന്ന സ്ഥലമാണ് പന്തളം. ഭഗവാന്റെ തിരുവാഭരണം സൂക്ഷിക്കുന്നതുപോലെ ശബരിമലയുടെ പവിത്രതയും പന്തളത്തിന് ഉണ്ടാകണം. പന്തളം ടൗണിനെ ഏറ്റവും കൂടുതൽ വീർപ്പുമുട്ടിക്കുന്നത് ഗതാഗതതടസ്സമാണ്. അതൊഴിവാക്കുന്നതിന് ബൈപ്പാസ് യാഥാർഥ്യമാക്കണം. ശബരിമലയിൽ ദർശനം നടത്തി പന്തളം കൊട്ടാരവും വണങ്ങി എരുമേലി, ആറന്മുള, മലയാലപ്പുഴ, കോന്നി വഴി കാനന ക്ഷേത്രമായ കല്ലേലി-ഊരാളി -അപ്പൂപ്പൻകാവ് വഴി അച്ചൻകോവിലിലേക്ക് പോകുന്ന പമ്പിളി-തെങ്കാശി-രാജപാളയം വനപാത യാഥാർഥ്യമാക്കണം. മണ്ഡല മകരവിളക്ക് സമയത്ത് തീർഥാടകർ നടന്നുവരുന്ന കാനന പാതയാണിത്.

'ഒരു നേതാവ് ഇടയനെപ്പോലെയാണ്. കൂട്ടത്തെ മുന്നോട്ട് നയിക്കുമ്പോൾ അവൻ പിന്നിൽനിന്ന് അവരെ പ്രോത്സാഹിപ്പിക്കുന്നു, ഗതിമാറിപ്പോകുന്നവരെ നേർ രേഖയിലേയ്ക്കാക്കുന്നു' . പ്രതിപക്ഷ നേതാവായിരുന്ന ശ്രീ. വി. ഡി. സതീശൻ നയിച്ച 'പുതുയുഗ യാത്ര' ഒരു മാർഗരേഖയാണ്. ജനങ്ങളുടെ സ്വപ്നങ്ങൾക്ക് യഥാർഥ ദിശ

കാണിച്ചുതരുന്നവരാണ് നേതാവ്. പ്രതിപക്ഷത്തിരിക്കുന്നവർ ഈ ബജറ്റിന് വലിയ പിന്തുണ നൽകുന്നില്ലെങ്കിലും അവർ മനസ്സുകൊണ്ട് പരിപൂർണ്ണമായി അതിനെ പിന്തുണക്കുന്നുണ്ട്. ...........

മി.സ്പീക്കർ: പ്ലീസ്...പ്ലീസ്...

ശ്രീ. സി. വി. ശാന്തകുമാർ: അഞ്ചിന ഇന്ദിര ഗാരന്റി സ്കീമുകൾ കേരള ജനത അംഗീകരിച്ചുകഴിഞ്ഞു. വിലക്കയറ്റമില്ല, നികുതിഭാരമില്ല, ഭൂനികുതിയില്ല, പിന്നെന്തുകൊണ്ടാണ് ചിലർ ഇതിൽ എതിർപ്പ് പ്രകടിപ്പിക്കുന്നത്? പട്ടികജാതി മേഖലയ്ക്ക് 527.68 കോടി രൂപയും പട്ടികവർഗ മേഖലയ്ക്ക് 152.52 കോടി രൂപയും അധികതുക വകയിരുത്തിയത് ബജറ്റിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. 2026-2027 സാമ്പത്തികവർഷത്തേക്കുള്ള പുതുക്കിയ ബജറ്റിൽ " Legislation will be introduced to ensure that funds allocated in the budget for Scheduled Castes and Scheduled Tribes are utilized properly and that schemes are implemented in a time-bound manner" എന്ന് ഉൾപ്പെടുത്തിയതിൽ വളരെയധികം സന്തോഷമുണ്ട്. യോഗ്യരായ എസ്.സി./എസ്.ടി. കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് നിലവിൽ നാലുലക്ഷം രൂപയാണ് അനുവദിക്കുന്നത്. അത് പത്തുലക്ഷം രൂപയാക്കണമെന്ന എളിയ അഭ്യർഥനയുണ്ട്. ഇതിനുമുമ്പ് 40 ലക്ഷം രൂപ കന്നുകാലി തൊഴുത്തിന് (cattle shed) നൽകിയിരുന്നു. ജപ്തി നടപടി ഭീഷണി ഒഴിവാക്കുന്നതിലും അതുപോലെ പട്ടയം ലഭ്യമാക്കുന്നതിലും നല്ല തീരുമാനങ്ങളുണ്ടാകണം.

ചെയർപേഴ്സൺ: യെസ്, പ്ലീസ് കൺക്ലൂഡ്...

ശ്രീ. സി. വി. ശാന്തകുമാർ: സർ, അയ്യങ്കാളിയുടെ സമുദായത്തിൽനിന്ന് പത്ത് ബി.എ. ബിരുദധാരികളെ കണ്ടിട്ട് മരിക്കണമെന്നുള്ള ഒരാഗ്രഹം മഹാത്മാ അയ്യങ്കാളി തിരുവിതാംകൂർ ശ്രീമൂലം പ്രജാസഭയിൽ പറഞ്ഞിരുന്നു. ആ മഹാനുഭാവനുമുന്നിൽ പ്രണാമം അർപ്പിക്കുന്നു. ഈ സഭയിൽ പട്ടികജാതി സംവരണ നിയോജകമണ്ഡലങ്ങളിൽനിന്നും പത്തിലധികം എം.എൽ.എ.-മാരെ വിജയിപ്പിക്കാൻ കഴിഞ്ഞതിൽ യു.ഡി.എഫ്.-ന് അഭിമാനമുണ്ട്. ഈ

മന്ത്രിസഭ ഞങ്ങളുടെ പ്രതീക്ഷയാണ്. സാമ്പത്തിക സംവരണം ഏർപ്പെടുത്തി സംവരണം പിടിച്ചെടുക്കാൻ ശ്രമിക്കുമ്പോൾ 'ഉന്നതി' എന്ന പേരു മാറ്റം മാത്രമല്ല, അവിടെ ഉയർച്ചയുമുണ്ടാകണം. ചേർത്തുപിടിക്കലാണ് വേണ്ടത്. അടുക്കള പൊളിച്ചുമാറ്റി അവിടെ മൃതദേഹം സംസ്കരിക്കുന്ന അവസ്ഥ ഇപ്പോഴും കേരളത്തിലുണ്ട്. അത്തരം വിഷയങ്ങളിൽ സർക്കാർ ശ്രദ്ധാപൂർവം ഇടപെടണം. തൊഴിൽപരമായ വിഷയങ്ങളുമായി ബന്ധപ്പെട്ട് നിരവധി എസ്.സി./എസ്.ടി. വിദ്യാർഥികൾ ഇന്നും സമരമുഖത്തുണ്ട്. അവരെയും പരിഗണിക്കണം. ബഹുമാനപ്പെട്ട ലീഡർ കെ. കരുണാകരൻ പ്രഖ്യാപിച്ച സ്പെഷ്യൽ റിക്രൂട്ട്മെന്റിന്റെ മുൻചുവടായി ശ്രീ. വി. ഡി. സതീശൻ പ്രഖ്യാപിച്ച സ്പെഷ്യൽ റിക്രൂട്ട്മെന്റ് സർക്കാരിന്റെ മുഖ്യധാരയിൽ വരണം. ത്രിതല പഞ്ചായത്തംഗങ്ങൾക്ക് മുൻഗണന നൽകണം. പഞ്ചായത്ത് മെമ്പർമാരുടെ ക്ഷേമങ്ങൾ അന്വേഷിക്കണം. അവരെ ചേർത്തു നിർത്തണം. ലൈഫ് മിഷൻ പദ്ധതി എവിടെ പോയി; ലൈഫ് മിഷൻ ആരുടെ ലൈഫാണ് നന്നാക്കിയത്?

<u>ചെയർപേഴ്സൺ</u>: പ്ലീസ് കൺക്ലൂഡ്. ഇന്ന് ബഹുമാനപ്പെട്ട മന്ത്രിമാരുടെ മറുപടികൂടിയുള്ളതാണ്.

<u>ശ്രീ. സി. വി. ശാന്തകുമാർ</u>: സർ, കേരളത്തിൽ പുതുതായി ആരംഭിക്കാൻ പോകുന്ന ഏവിയേഷൻ ഹബ്ബിലും റെയിൽവേയിലും അടൂർ നിയോജകമണ്ഡലത്തിന് പ്രഥമ പരിഗണന നൽകണമെന്നറിയിച്ചുകൊണ്ട് 2026-2027 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബജറ്റിനെ സർവാത്മനാ ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീ. എ. ഡി. തോമസ്</u>: സർ, കേരളത്തിന്റെ നിയമനിർമ്മാണ സഭയിൽ, ജനാധിപത്യത്തിന്റെ ശ്രീകോവിലിൽ വന്നുനിൽക്കാനും സാധാരണ ഒരു മത്സ്യത്തൊഴിലാളി കുടുംബത്തിൽപ്പെട്ട എനിക്ക് ഇവിടെനിന്ന് സംസാരിക്കാനും ഒരവസരം ഒരുക്കിതന്ന ആലപ്പുഴയിലെ പ്രബുദ്ധരായ വോട്ടർമാർക്ക് ഞാനാദ്യമായി നന്ദി അറിയിക്കുന്നു. ഇന്നിവിടെ നിൽക്കുമ്പോൾ എനിക്കുവേണ്ടി രാപ്പകലില്ലാതെ കഷ്ടപ്പെട്ട ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സഹപ്രവർത്തകരെയും ഐക്യജനാധിപത്യ മുന്നണിയുടെ

പ്രവർത്തകരെയും ഹൃദയത്തോട് ചേർത്തുപിടിക്കുകയാണ്. കേരളത്തിന്റെ ആദരണീയനായ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമായ ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച ബജറ്റിനെ സർവാത്മനാ പിന്തുണയ്ക്കുകയാണ്. ഈ ബജറ്റ് ഒരു സാധാരണ ബജറ്റല്ല. അനിതരസാധാരണമായ കാര്യങ്ങൾ ഒളിപ്പിച്ചുവച്ചിട്ടുള്ള, സാധാരണക്കാരെയും പട്ടിണിപ്പാവങ്ങളെയും അരികുവൽക്കരിക്കപ്പെട്ട സാധാരണക്കാരായ മനുഷ്യരെയും ചേർത്തുപിടിക്കുന്ന, അവരുടെ ജീവിതത്തിൽ പുതുവെളിച്ചം വീശുന്ന ഒരു ബജറ്റാണിത്. ഈ ബജറ്റിനെ എപ്പോക്കൽ ബജറ്റ് (Epochal Budget) എന്നുവിളിക്കാനാണ് ഞാനാഗ്രഹിക്കുന്നത്. യുഗ പരിവർത്തനാത്മകമായ ബജറ്റാണ് എപ്പോക്കൽ ബജറ്റ്. വികസന മുൻഗണനകളെ പുനർനിർവചിച്ച് സാധാരണക്കാരന്റെ ജീവിതത്തെ മാറ്റിമറിക്കുമ്പോഴാണ് ഒരു ബജറ്റ് എപ്പോക്കൽ ബജറ്റായി മാറുന്നത്. അരികുവൽക്കരിക്കപ്പെട്ട മനുഷ്യരെ ചേർത്തുപിടിച്ച ഈ ബജറ്റിനെ ഞാൻ ഹൃദയത്തോട് ചേർത്തുനിർത്തി പിന്തുണയ്ക്കുകയാണ്.

കേരളത്തിന്റെ നിയമനിർമ്മാണ സഭയിലേക്ക് ആലപ്പുഴയിലെ ജനങ്ങളെന്നെ ആദ്യമായി തിരഞ്ഞെടുത്ത് അയയ്ക്കുമ്പോൾ കേരളത്തിലെ പൊതുജനങ്ങളടക്കം ചില കാര്യങ്ങൾ ഇവിടെ പറയാൻ ഏൽപ്പിച്ചിട്ടുണ്ട്. അതിലേക്ക് കടന്നുവരുന്നതിനുമുമ്പ്, തിങ്കളാഴ്ച സഭയിൽ ആദരണീയനായ കേരളത്തിന്റെ പ്രതിപക്ഷ നേതാവിന്റെ ഇടപെടൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. അദ്ദേഹം ഒരു കുപ്പിയിൽ കുറച്ച് മലിനജലവുമായി കടന്നുവന്ന് "ഞങ്ങളുടെ എ.ഐ.എസ്.എഫ്., എ.ഐ.വൈ.എഫ്.-ന്റെ പ്രവർത്തകരെ പോലീസ് ഈ വെള്ളമുള്ള ജലപീരങ്കി ഉപയോഗിച്ച് അക്രമിച്ചുവെന്ന്" ആശങ്കപ്പെടുന്നത് കണ്ടു. "ഞങ്ങളുടെ കുട്ടികൾക്ക് വേദനിക്കുന്നു" എന്ന് അദ്ദേഹം പറയാതെ പറഞ്ഞു. തങ്ങളുടെ കുട്ടികൾക്ക് വേദനിച്ചപ്പോൾ ഒരു പിതാവിന്റെ കരുതൽ അദ്ദേഹത്തിന്റെ മനസ്സിലുണർന്നു. അദ്ദേഹത്തിന്റെ മനസ്സിൽ സഹജീവികളോടുള്ള ഒരു സ്നേഹമുണ്ടായി. ദീർഘമായ പത്തുവർഷങ്ങൾക്കുശേഷമാണ് മനുഷ്യസഹജമായ വികാരങ്ങൾ ആ മനുഷ്യനിലുണ്ടായത്. അതിനെ സർവാത്മനാ സ്വാഗതം ചെയ്യുകയാണ്. പക്ഷേ, കഴിഞ്ഞ പത്തുവർഷക്കാലം അങ്ങനെയൊരു വികാരം അദ്ദേഹത്തിനുണ്ടായിരുന്നോയെന്നുള്ള കാര്യത്തിൽ ആർക്കും ഒരു

തർക്കവുമില്ല. കേരളത്തിലെ പൊതുജനങ്ങൾക്ക് മുഴുവൻ ബോധ്യമുള്ള ഒരു കാര്യമാണ്. അദ്ദേഹം പത്തുവർഷക്കാലം ചെയ്തുകൂട്ടിയ കാര്യങ്ങളിൽ ഒരു ആത്മപരിശോധന നടത്തണമെന്ന് ഈ അവസരത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

കേരളത്തിന്റെ നിയമനിർമ്മാണ സഭയിൽ, 1977 മാർച്ച് 30-ന് നടന്ന ഒരു സംഭവം/പ്രസംഗം ഇവിടെ സൂചിപ്പിക്കുന്നു. ഞാനന്ന് ജനിച്ചിട്ടില്ല. ചരിത്രത്തിൽനിന്നും പഠിച്ചതാണ്. അന്ന് കേവലം ഇരുപത്തിയെട്ട് വയസ്സുമാത്രം പ്രായമുള്ള യുവാവായ ഒരു നിയമസഭാംഗം ഭരണകൂട ഭീകരതയ്ക്കെതിരെ, പോലീസ് ഭീകരതയ്ക്കെതിരെയെന്നോണം രക്തം പുരണ്ട വസ്ത്രം ഉയർത്തിപ്പിടിച്ച് പ്രസംഗിച്ച ഒരു ചരിത്രം കേരളത്തിന്റെ നിയമനിർമ്മാണ സഭയ്ക്കുണ്ട്. ഇരുപത്തിയെട്ട് വയസ്സുള്ള ആ ചെറുപ്പക്കാരൻ കേരളത്തിലെ വൈദ്യുതി വകുപ്പുമന്ത്രിയാവുകയും വർഷങ്ങൾക്കുശേഷം മുഖ്യമന്ത്രിയാവുകയും ചെയ്തു. ഭരണകൂട ഭീകരതയ്ക്കെതിരെ പ്രസംഗിച്ച, പോലീസ് രാജിനെതിരെ പ്രതികരിച്ച ആ ചെറുപ്പക്കാരൻ കേരളത്തിന്റെ മുഖ്യമന്ത്രിയായ കാലത്താണ് കേരളത്തിൽ ഏറ്റവുമധികം പോലീസ് മർദ്ദനങ്ങളുണ്ടായത്. ആ മുഖ്യമന്ത്രിയുടെ കാലത്താണ് തെരുവുകളിൽ ഏറ്റവുമധികം ചെറുപ്പക്കാർ ആക്രമിക്കപ്പെട്ടത്. അഭിപ്രായം പറഞ്ഞതിന്റെ പേരിൽ; ജനാധിപത്യപരമായി മൗലികാവകാശം ഉപയോഗിച്ച് സമരം ചെയ്തതിന്റെ പേരിൽ എത്രയോ ചെറുപ്പക്കാരുടെ തലയാണ് തല്ലിത്തകർത്തത്. കേരളത്തിന്റെ മുഖ്യമന്ത്രി മറ്റൊന്നും ചിന്തിക്കാതെ അതിനെ രക്ഷാപ്രവർത്തനമെന്ന് വാഴ്ത്തിപാടുകയാണുണ്ടായത്. അഭിപ്രായം പറഞ്ഞതിന്റെയും സമരം ചെയ്തതിന്റെയും പേരിൽ ഇത്തിരിപ്പോന്ന ഒരു കറുത്ത തുണിക്കഷണം ഉയർത്തികാണിച്ച് 'പ്രതിഷേധം പ്രതിഷേധം' എന്ന് മുദ്രാവാക്യം വിളിച്ചതിന് എന്നേയും യൂത്ത് കോൺഗ്രസ്സിന്റെ സംസ്ഥാന സെക്രട്ടറി ശ്രീ. അജയ് ജ്യുവൽ കുര്യാക്കോസിനെയും ആലപ്പുഴ നഗരത്തിലിട്ട് പട്ടിയെ തല്ലുന്നപോലെയാണ് തല്ലിയത്. മുഖ്യമന്ത്രിയുടെ ഗൺമാൻ ഞങ്ങളുടെ തലതല്ലി പൊളിച്ചപ്പോൾ കേരളത്തിന്റെ മുഖ്യമന്ത്രി ആദ്യം പറഞ്ഞത് അങ്ങനെയൊരു സംഭവമുണ്ടായിട്ടില്ലെന്നാണ്. പിന്നീട് അത് രക്ഷാപ്രവർത്തനമാണെന്ന് അദ്ദേഹം പറഞ്ഞു. കേരളത്തിന്റെ നിയമനിർമ്മാണ സഭയിൽ ഇവിടെനിന്ന് എന്നെപ്പോലൊരു സാധാരണക്കാരന് സംസാരിക്കാൻ അവസരമൊരുക്കിയതിന് ഒരു കാരണം ആ

രക്ഷാപ്രവർത്തനമാണ്. കേരളത്തിൽ തിരുവനന്തപുരം മുതൽ കാസർഗോഡുവരെ യൂത്ത് കോൺഗ്രസ്സിന്റെയും കെ.എസ്.യു.-വിന്റെയും യൂത്ത് ലീഗിന്റെയും എം.എസ്.എഫ്.-ന്റെയും ആർ.വൈ.എഫ്.-ന്റെയും ആയിരക്കണക്കിന് ചെറുപ്പക്കാരുടെ തലതല്ലിപ്പൊളിച്ച സർക്കാരാണ് കഴിഞ്ഞ പത്തുവർഷക്കാലം കേരളത്തിലുണ്ടായിരുന്നത്. അങ്ങനെ സമരം ചെയ്ത, ജനാധിപത്യപരമായും മൗലികവുമായ അവകാശം വിനിയോഗിച്ച ചെറുപ്പക്കാരുടെ തലതല്ലി തകർത്തിട്ട്, കേരളത്തിന്റെ അന്നത്തെ മുഖ്യമന്ത്രി ഇന്ന് പ്രതിപക്ഷ നേതാവായിരിക്കുമ്പോൾ പറയുകയാണ് ഞങ്ങളുടെ കുഞ്ഞുങ്ങളെ മലിനജലം ഉപയോഗിച്ച് അക്രമിച്ചപോലും! ഇതൊക്കെ ആരോടാണ് പറയുന്നത്; ഇതൊക്കെ ആരെയാണ് പറഞ്ഞ് വിശ്വസിപ്പിക്കാൻ കഴിയുന്നത്? കേരളത്തിന്റെ പ്രതിപക്ഷ നേതാവേ, അങ്ങയുടെ കാലത്ത് ആയിരക്കണക്കിന് അമ്മമാരുടെ കണ്ണുനീർ ഈ കേരളത്തിന്റെ തെരുവോരങ്ങളിൽ വീണിട്ടുണ്ട്. അതിന്റെയെല്ലാം ശാപം നിങ്ങളെ വിടാതെ പിന്തുടരുകയാണ്.

പ്രിയദർശിനി സൗജന്യയാത്രാ പദ്ധതി, ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്നിവ ഉൾപ്പെടെ കേരളത്തിലെ സാധാരണക്കാരായ അരികുവൽക്കരിക്കപ്പെട്ട പാവപ്പെട്ട ജനങ്ങളെ ചേർത്തുപിടിക്കുന്ന പദ്ധതികൾ കൊണ്ടുവന്നുവെന്നുള്ളതാണ് ഈ ബജറ്റിന്റെ പ്രത്യേകത. ഈ നാട്ടിലെ പാവപ്പെട്ട സാധാരണക്കാരായ കർഷകരെയും മത്സ്യത്തൊഴിലാളികളെയും കെട്ടിട നിർമ്മാണത്തൊഴിലാളികളെയും കയർ മേഖലയിലെ തൊഴിലാളികളെയും ചേർത്തുപിടിക്കുന്ന ആശാവഹമായ ബജറ്റാണ് കേരളത്തിന്റെ ആദരണീയനായ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമായ ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ചത്.

കിഴക്കും പടിഞ്ഞാറും കായൽത്തീരത്തും കടൽത്തീരത്തും മത്സ്യത്തൊഴിലാളികളും കയർ-കാർഷിക മേഖലയിലെ തൊഴിലാളികളും കെട്ടിടനിർമ്മാണ തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന സാധാരണ നിയോജകമണ്ഡലമായ ആലപ്പുഴയെയാണ് ഞാൻ പ്രതിനിധീകരിക്കുന്നത്. അവിടെ രൂക്ഷമായ കുടിവെള്ള പ്രശ്നമുണ്ട്. പതിനെട്ട് വർഷക്കാലമായി ചെത്തി ഹാർബറിന്റെ പണി ഒച്ചിഴയുന്നതുപോലെ മുമ്പോട്ടുപോവുകയാണ്.

*24-06-2026*
*Financial Business - General Discussion on the Revised Budget (2026-27)*

ചെട്ടികാട് ആശുപത്രിയുടെ പണി ഇതുവരെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. കയർ മേഖലയിൽ കഴിഞ്ഞ ഒൻപത് വർഷക്കാലമായി മൂല്യവർധനവുണ്ടായിട്ടില്ല. ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ ഇപ്പോഴും രൂക്ഷമായി തുടരുകയാണ്. ആലപ്പുഴ നഗരത്തിൽ ഒരു ചാറ്റൽ മഴ പെയ്താൽ വലിയ വെള്ളക്കെട്ടുണ്ടാകുന്ന സാഹചര്യമുണ്ട്. കേരളത്തിലെ ഏറ്റവുമധികം ശ്രദ്ധിക്കപ്പെടുന്ന മാരാരി ബീച്ചും ആലപ്പുഴ ബീച്ചും ഇപ്പോഴും ശാപമോക്ഷം കാത്തുകിടക്കുകയാണ്. പത്തുവർഷക്കാലം ധനകാര്യ വകുപ്പുമന്ത്രിയുണ്ടായിരുന്ന ഒരു നിയോജകമണ്ഡലമാണിത്. വികസനപരമായി ഏറെ പിന്നോട്ടുനിൽക്കുന്ന ഈ നിയോജകമണ്ഡലത്തിൽ ആദരണീയനായ കേരളത്തിന്റെ മുഖ്യമന്ത്രിയുടെ പ്രത്യേക ശ്രദ്ധയുണ്ടാകുമെന്നുള്ള കാര്യം ഞങ്ങൾക്കുറപ്പാണ്.

ഈ നിയോജകമണ്ഡലത്തിൽ, ഏറ്റവുമധികം തിങ്ങിപ്പാർക്കുന്ന മത്സ്യത്തൊഴിലാളികൾ ഈ സർക്കാരിനോട് പ്രത്യേകം നന്ദിയറിയിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ മണ്ണെണ്ണ സബ്സിഡി 75/- രൂപയായി വർധിപ്പിക്കുകയും മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക ഭവനപദ്ധതി നടപ്പാക്കുമെന്നും തീരദേശവാസികൾക്ക് പട്ടയം അനുവദിക്കുമെന്നും കടലിൽ പോകാൻ സാധിക്കാത്ത ദിവസങ്ങളിൽ സാധാരണക്കാരായ മത്സ്യത്തൊഴിലാളികൾക്ക് വേതന സഹായം ലഭ്യമാക്കുമെന്നും സർക്കാർ പ്രഖ്യാപിച്ചു.

ഞാൻ എന്റെ അപ്പനൊപ്പം പൊന്തുവള്ളത്തിൽ കടലിൽ പോയി മീൻ പിടിച്ച് പഠനവും സമരവും പോരാട്ടവും ജീവിതവുമെല്ലാം മുമ്പോട്ടുകൊണ്ടുപോയ ആളാണ്. എനിക്ക് ആ മത്സ്യത്തൊഴിലാളികളുടെ വേദനയും വികാരവുമെല്ലാം മനസ്സിലാകും. മത്സ്യത്തൊഴിലാളികളെയും കയർ കാർഷിക മേഖലയിൽ പണിയെടുക്കുന്നവരെയും കെട്ടിട നിർമ്മാണത്തൊഴിലാളികളെയും സാധാരണക്കാരെയും അരികുവൽക്കരിക്കപ്പെട്ടവരെയും പാർശ്വവൽക്കരിക്കപ്പെട്ടവരെയും ചേർത്തുനിർത്തുന്ന ഈ സർക്കാരിന്റെ 2026-2027 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബജറ്റിനെ സർവാത്മനാ ഹൃദയപൂർവം പിന്തുണച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ ഉപസംഹരിക്കുന്നു. നന്ദി. ജയ്ഹിന്ദ്.

*24-06-2026*
*Financial Business - General Discussion on the Revised Budget (2026-27)*

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ ഈ ബജറ്റ് നിർദേശങ്ങളെ അനുകൂലിക്കുന്നു. ഭരണത്തിലേറി ഒരു മാസം പൂർത്തിയാകുന്നതിന് തൊട്ടടുത്ത ദിവസം മുഖ്യമന്ത്രി കൂടിയായ നമ്മുടെ ധനകാര്യവകുപ്പുമന്ത്രി സഭയിൽ അവതരിപ്പിച്ച ബജറ്റ്, ഭാവികേരളത്തിന്റെ ബ്ലൂ പ്രിന്റായാണ് വിദഗ്ധർ ഉൾപ്പെടെ വിലയിരുത്തുന്നത്. മലയാളത്തിലെ ഒരു പ്രമുഖ പത്രം ബജറ്റിനെ വിശേഷിപ്പിച്ചത് 'വിഭവ സമുദ്രം' എന്നായിരുന്നു. നമ്മുടെ നാടിന്റെ പ്രകൃതിയും ചരിത്രവും സംസ്കാരവുമുൾപ്പെടെ സകലതും മനസ്സിലാക്കി കേരളത്തിന്റെ ഭാവിക്ക് ആവശ്യമായത് എന്താണോ അതാണ് ബജറ്റിലൂടെ ഇവിടെ അവതരിപ്പിക്കപ്പെട്ടത്. കേരളത്തിന്റെ ഭൂപ്രകൃതി വളരെ സവിശേഷമാണ്. അറുന്നൂറ് കിലോമീറ്റർ നീണ്ടുകിടക്കുന്ന തീരദേശം ലോകത്തിന് മുന്നിലേക്ക് മലർക്കെ തുറന്നിട്ട സാധ്യത കൂടിയാണെന്ന് ബജറ്റിൽ തിരിച്ചറിഞ്ഞിരിക്കുന്നു. 'മിഷൻ സമുദ്ര' പദ്ധതി അതിലേക്കുള്ള ചൂണ്ടുപലകയാണ്. നൂറ്റാണ്ടുകൾക്കുമുമ്പുതന്നെ ലോകമാപ്പിൽ അടയാളപ്പെടുത്തപ്പെട്ട പ്രദേശമായിരുന്നു നമ്മുടെ കേരളം. ഗ്രീക്കുകാരും റോമക്കാരും പാശ്ചാത്യരും നമ്മുടെ നാട്ടിലെത്തി കച്ചവടം ചെയ്തിരുന്നു. നമ്മുടെ ഉൽപന്നങ്ങൾക്ക് ലോകമാപ്പിൽ പ്രത്യേക ഒരിടമുണ്ടായിരുന്നു. പതിനാലാം നൂറ്റാണ്ടിലെ ലോക സഞ്ചാരി ഇബ്നുബത്തൂത്ത ഡൽഹിയിൽ എത്തി ചൈനയിലേക്ക് യാത്ര ചെയ്യാൻ തിരഞ്ഞെടുത്ത വഴി കോഴിക്കോട് തുറമുഖമായിരുന്നു. അന്ന് ഇന്ത്യയിൽനിന്ന് ചൈനയിലേക്ക് യാത്ര ചെയ്യാനായി കപ്പൽ സർവീസ് നടത്തിയിരുന്ന തുറമുഖ നഗരമായിരുന്നു കോഴിക്കോട്. 'മിഷൻ സമുദ്ര' പദ്ധതി വീണ്ടും ലോകമാപ്പിൽ കേരളത്തെ കൊണ്ടുപോകുമെന്ന് നമുക്ക് പ്രത്യാശിക്കാം. ഇതൊരു സാധാരണ ബജറ്റല്ല. വയോജനങ്ങൾ മുതൽ ജെൻ സി(Gen-Z) തലമുറ വരെയും സിനിമയും സാഹിത്യവും മുതൽ ആരോഗ്യവും കൃഷിയും ടൂറിസം വരെയും എല്ലാ മേഖലകൾക്കും പുതുയുഗപ്പിറവി സമ്മാനിക്കുന്ന രേഖയാണ്. കോഴിക്കോടും തിരുവനന്തപുരത്തും ലൈറ്റ് മെട്രോ, മലബാറിൽ അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ സ്റ്റേഡിയം, കോഴിക്കോട് അന്താരാഷ്ട്ര നിലവാരത്തിൽ എം.ടി. വാസുദേവൻ നായർ കൾച്ചറൽ പാർക്ക്, മലപ്പുറത്ത് കാൻസർ സെന്റർ, പുതിയ ജില്ലകളുടെയും താലൂക്കുകളുടെയും രൂപീകരണ സാധ്യതാ പഠനം എന്നിവയൊക്കെ ബജറ്റിൽ പ്രഖ്യാപിച്ച് ജനശ്രദ്ധ നേടിയ പദ്ധതികളിൽ ചിലത് മാത്രമാണ്.

*24-06-2026*
*Financial Business - General Discussion on the Revised Budget (2026-27)*

പ്രവാസികളെപ്പറ്റി ഈ ബജറ്റിൽ പരാമർശിക്കുന്നുണ്ട്. ഇന്നലെ ഖത്തറിലെ റാസ് ലഫാനിലെ ഫാക്ടറിയിലുണ്ടായ സ്ഫോടനത്തിൽ എന്റെ നിയോജകമണ്ഡലത്തിലെ പ്രവാസി മലയാളികൂടിയായ അർജ്ജുൻ എന്ന വ്യക്തി മരണപ്പെട്ടത്. ഒരു വീടിന്റെ അത്താണിയായി പ്രവാസം തിരഞ്ഞെടുത്ത ആ ചെറുപ്പക്കാരൻ പ്രവാസികളുടെ കണ്ണുനീരിന്റെ പ്രതീകമാണ്. ആ കുടുംബത്തിനെ നാം ചേർത്തുപിടിക്കണം. ആ കുടുംബത്തിനുണ്ടായ നഷ്ടത്തിന് ഒന്നും പകരമാകില്ലെങ്കിലും അടിയന്തര ധനസഹായം പ്രഖ്യാപിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു പ്രത്യേക ശ്രദ്ധ പതിപ്പിക്കണമെന്ന് ഇവിടെ സാന്ദർഭികമായി സൂചിപ്പിക്കുകയാണ്. പ്രവാസികളുടെ വേദനയും കണ്ണുനീരും നേരാംവണ്ണം മനസ്സിലാക്കാൻ നമുക്ക് കഴിയണം. നമ്മുടെ നാടിന്റെ നട്ടെല്ലും ഇന്ധനവുമാണവർ. സംസ്ഥാന ബാങ്കുകളിലെ പ്രവാസി നിക്ഷേപം ഇപ്പോൾ പത്ത് ലക്ഷം കോടി രൂപ കവിഞ്ഞു. വിദേശ പണംവരവ് പ്രതിവർഷം രണ്ട് ലക്ഷം കോടിരൂപയിലേറെ വർധിച്ചിട്ടുണ്ട്. ഈ പണം വിവിധ പ്രവാസി സ്റ്റാർട്ട്-അപ്പ്-കൾക്കും ടൂറിസത്തിനും വിവിധ ആരോഗ്യ-വിദ്യാഭ്യാസ പദ്ധതികൾക്കുമായി നിക്ഷേപിക്കണമെന്ന ആശയം ഈ ബജറ്റ് വിഭാവനം ചെയ്യുന്നുണ്ട്. സാധാരണക്കാരായ പ്രവാസികൾക്കുകൂടി മെച്ചപ്പെട്ട ജീവിതം കെട്ടിപ്പടുക്കാനുള്ള അവസരമുണ്ടാകണം. അതിലേക്കുള്ള ചുവടുവയ്പായി ഈ ബജറ്റ് മാറണമെന്ന് പ്രതീക്ഷിക്കുകയാണ്.

മലബാറിൽ ഒരു അന്താരാഷ്ട്ര ഫുട്ബോൾ സ്റ്റേഡിയം നിർമ്മിക്കുമെന്ന പ്രഖ്യാപനത്തെ ഏറെ പ്രതീക്ഷയോടെയാണ് ഞാൻ നോക്കിക്കാണുന്നത്. യുവകായിക പ്രതിഭകൾക്കുള്ള പ്രോത്സാഹനം എന്നതിനൊടൊപ്പം സമൂഹത്തെ കാർന്നുതിന്നുന്ന ലഹരിക്കെതിരെയുള്ള ക്രിയാത്മകമായ പ്രതിരോധം കൂടിയാണിത്. 'ജീവിതമാണ് ലഹരി' എന്ന സന്ദേശമാണ് അത് നൽകുന്നത്. ബഹുമാന്യനായ ആഭ്യന്തരവകുപ്പുമന്ത്രി രമേശ് ചെന്നിത്തലയെ അഭിനന്ദിക്കാതെ ലഹരിക്കെതിരെയുള്ള പോരാട്ടത്തെക്കുറിച്ച് സംസാരിക്കാൻ കഴിയില്ല. 'ഓപ്പറേഷൻ തൂഫാൻ' അതിന്റെ പേര് സൂചിപ്പിക്കുന്നതുപോലെ അക്ഷരാർഥത്തിൽ ഒരു കൊടുങ്കാറ്റായി മാറിയിരിക്കുന്നു. അത് കേരളത്തെ മാത്രമല്ല,

*24-06-2026*
*Financial Business - General Discussion on the Revised Budget (2026-27)*

ഇന്ത്യയെ മാത്രമല്ല, അന്താരാഷ്ട്ര തലത്തിലുള്ള ലഹരി-മാഫിയ സംഘങ്ങളുടെ അടിവേര് പിഴുതെറിയുന്ന 'തൂഫാൻ' ആയി മാറിയിരിക്കുന്നു.

കേരള രാഷ്ട്രീയത്തിൽ ആഞ്ഞടിച്ച മറ്റൊരു കൊടുങ്കാറ്റായിരുന്നു മേയ് 4-ന് കേരളമൊട്ടാകെ ഉണ്ടായത്. ഒരിക്കലും തകരില്ലെന്ന് കരുതിയ കോട്ടകളൊക്കെ തകർന്ന് തരിപ്പണമായിപ്പോയി. എങ്കിലും ചിലർക്ക് ഇപ്പോഴും അത് ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടില്ല. തിരഞ്ഞെടുപ്പ് വിജയിക്കുന്നതിനേക്കാൾ പ്രയാസം സി.പി.ഐ.(എം.)-നെ അവർ തോറ്റെന്ന് ബോധ്യപ്പെടുത്തുന്നതാണ്. എന്തൊരു സങ്കടമാണ്, തോറ്റെന്ന് മാത്രമല്ല, തോൽവിയിൽനിന്നും ഇനിയും പാഠമുൾക്കൊള്ളാൻ ചിലർ തയ്യാറായിട്ടില്ല എന്നതിന്റെ സൂചനകളാണ് സി.പി.ഐ.(എം.) നേതാക്കളിൽനിന്നും വന്നുകൊണ്ടിരിക്കുന്നത്. എന്നെയും എം.പി. കൂടിയായ ശ്രീ. ഷാഫി പറമ്പിലിനെയും വടകരയിൽ പുറത്തിറങ്ങാൻ അനുവദിക്കില്ല എന്നാണ് സി.പി.ഐ.(എം.)-ന്റെ ജില്ലാ സെക്രട്ടറി ഉൾപ്പെടെ പ്രസംഗിക്കുന്നത്. അവർ തീരുമാനിച്ചാൽ ഞങ്ങളാരും പുറത്തിറങ്ങില്ലെന്നും പുറത്തിറങ്ങിയാൽ ഞങ്ങളെ വകവരുത്തുമെന്നും പ്രസംഗിച്ചുനടക്കുകയാണ്. ഇത്തരത്തിൽ പറഞ്ഞവരുടെ സഹപ്രവർത്തകർ ഇവിടെയുണ്ട്. അവരോട് ഞങ്ങൾക്ക് പറയാനുള്ളത്, 'ഞങ്ങൾ അങ്ങ് പേടിച്ചുപോയി എന്ന് നിങ്ങളൊക്കെ പോയി അങ്ങ് പറഞ്ഞേക്കണം'. ഞങ്ങൾ ഇനി വടകരയിലോ അല്ലെങ്കിൽ നാട്ടിലോ കാലുകുത്തില്ല എന്നാണ് പറയുന്നത്. ഞാൻ തിരുവനന്തപുരത്തുനിന്ന് തിരിച്ചുപോകുമ്പോൾ വടകര റെയിൽവേ സ്റ്റേഷനിൽനിന്നും കൈകുത്തി പോയാൽ ചിലപ്പോൾ ഇവർ അനുവദിക്കുമായിരിക്കും. ഏത് ലോകത്താണ് സി.പി.ഐ.(എം.)-കാർ ജീവിക്കുന്നതെന്ന് ഞങ്ങൾക്ക് അറിയില്ല. നട്ടാൽ കുരുക്കാത്ത നുണകളും പച്ചവെള്ളത്തിന് തീ പിടിക്കുന്നതുപോലുള്ള നുണകളുമാണ് ഇവർ കഴിഞ്ഞ ലോക്സഭാതിരഞ്ഞെടുപ്പുകാലത്ത് പ്രചരിപ്പിച്ചത്. എന്താണ് 'കാഫിർ സ്ക്രീൻ ഷോട്ട്? വടകര സ്ക്വാഡ് എന്ന ഒരു വാട്സ് ആപ്പ് കൂട്ടായ്മയാണ്. 'കാഫിർ സ്ക്രീൻ ഷോട്ട്' ഉണ്ടാക്കിയതെന്ന് ഇവിടെ പ്രതിപക്ഷത്തിരിക്കുന്ന എന്റെ ഇടതുപക്ഷ സുഹൃത്തുക്കളോട് പറയുകയാണ്. ആ വാട്സ് ആപ്പ് കൂട്ടായ്മ എന്തിനുവേണ്ടിയാണ് ഉണ്ടാക്കിയതെന്ന് പ്രത്യേക അന്വേഷണ സംഘം (SIT) കണ്ടെത്തിയിട്ടുണ്ട്. വടകര ലോക്സഭാ തിരഞ്ഞെടുപ്പ് വിജയത്തിനുവേണ്ടി

ഉണ്ടാക്കിയ വാട്സ് ആപ്പ് കൂട്ടായ്മയാണ് 'വടകര സ്ക്വാഡ്'. ആ വാട്സ് ആപ്പ് കൂട്ടായ്മയിലൂടെയാണ് 'കാഫിർ സ്ക്രീൻ ഷോട്ട്' കേസ് പുറത്തുവന്നിരിക്കുന്നത്. അപ്പോൾ ഇതിന് ആരാണ് മറുപടി പറയേണ്ടത്? തിരഞ്ഞെടുപ്പ് വിജയത്തിനുവേണ്ടി ഔദ്യോഗികമായി സി.പി.ഐ.(എം.) ഉണ്ടാക്കിയ വടകര സ്ക്വാഡ് എന്ന വാട്സ് ആപ്പ് കൂട്ടായ്മയിലൂടെ പുറത്തുവന്ന കാഫിർ സ്ക്രീൻ ഷോട്ട് പ്രചരിപ്പിച്ചതും ഷെയർ ചെയ്തതും സി.പി.ഐ.(എം.) നേതാവാണ്. ഡിവൈ.എഫ്.ഐ.-യുടെ ബ്ലോക്ക്-ജില്ലാതല നേതാക്കളാണ് ഇതൊക്കെ പ്രചരിപ്പിച്ചത്. തിരഞ്ഞെടുപ്പ് കഴിഞ്ഞ് പിറ്റേ ദിവസം സി.പി.ഐ.(എം.) നേതാക്കൾ വലിയ മതേതര റാലി നടത്തുന്നതാണ് ഞങ്ങൾ പിന്നീട് കണ്ടത്. അതിനുള്ള കാരണം എന്താണ്? വടകരയിൽ വലിയ കലാപമുണ്ടാകും മതസൗഹാർദ്ദം തകർന്നുപോയിരിക്കുന്നു. അതുകൊണ്ട് ശ്രീ. എ. എ. റഹീം ഉൾപ്പെടെയുള്ള ആയിരക്കണക്കിന് ആളുകളെ വിളിച്ച് 'കേരളം കണ്ട ഏറ്റവും വലിയ പൊളിറ്റിക്കൽ പോയിസൺ ആണ് ശ്രീ. ഷാഫി പറമ്പിൽ' എന്ന് പറഞ്ഞുകൊണ്ടും ഞങ്ങളെയൊക്കെ വളരെ അധിക്ഷേപിച്ചുകൊണ്ടും മുസ്ലീം ലീഗ്-കാരാണ് ഇതിന്റെ പിന്നിൽ എന്ന് പഠിച്ച് പറഞ്ഞതാണ് എന്ന് ഇവർ പ്രചരിപ്പിച്ചുനടന്നു. ഇത് സംഘടിപ്പിച്ചത് സി.പി.ഐ.(എം.) കാരായ **റിബേഷ് രാമകൃഷ്ണനും** അറസ്റ്റിലായ ജിതിൻ ഭാസ്കർ-ഉം ആണെന്നത് പോലീസ് കണ്ടെത്തിയിരിക്കുകയാണ്. നിങ്ങളോടുതന്നെ, ഇടതുപക്ഷത്തോടുതന്നെ പറയുകയാണ് നിങ്ങൾ ഈ ഒരു അവസ്ഥ മാറ്റിയില്ലെങ്കിൽ... കോഴിക്കോട്നിന്നും മത്സരിച്ച് വിജയിച്ച 12 എം.എൽ.എ.-മാർ ഇവിടെയിരിക്കുന്നുണ്ട്. എന്താണതിന് കാരണം? വടകരയിലും കോഴിക്കോടും വർഗ്ഗീയ വിഷം ചീറ്റുന്ന രൂപത്തിൽ, ആർ.എസ്.എസ്.-നെപോലും നാണിപ്പിക്കുന്ന തരത്തിലുള്ള തിരഞ്ഞെടുപ്പ് വിദ്വേഷ പ്രസംഗങ്ങൾ നിങ്ങൾ നടത്തുകയാണ്. അതാണ് നിങ്ങൾക്ക് അവിടെ ഇത്രയും വലിയ പരാജയമുണ്ടായതിന് കാരണം. ഞാൻ പ്രസംഗം അധികം ദീർഘിപ്പിക്കുന്നില്ല. ഇടശ്ശേരി ഗോവിന്ദൻ നായർ എഴുതിയ ഒരു കവിത ചൊല്ലി അവസാനിപ്പിക്കുകയാണ്.

'മാപ്പിളേ, നീയെന്നലവിയെങ്കിൽ-
ത്തോളിൽ കൈയ്യിട്ട് നടന്നുകൊള്ളൂ

കാഫിറെന്നെന്നെ വിളിച്ചുകൊള്ളൂ
കാതു കുത്താതെ കഴിഞ്ഞുകൊള്ളൂ
നമ്മളെ വേർപിരിക്കുവാൻ നോക്കും
നരഭോജികൾതൻ നടുവിലൂടെ
ഒരേ ചോരതൻ സ്പന്ദനവുമായി
ഒരുമിച്ചു ഞങ്ങൾ മുന്നോട്ട് പോകും'.

ഇതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയോട്, സി.പി.ഐ.(എം.)-കാരോട് എനിക്ക് പറയാനുള്ളത്. ഈ ബജറ്റിനെ അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. ചാണ്ടി ഉമ്മൻ</u>: സർ, പതിനാറാം കേരള നിയമസഭിൽ ആദ്യമായി സംസാരിക്കുമ്പോൾ പുതുപ്പള്ളി നിയോജകമണ്ഡലത്തിലെ ജനതയോട് നന്ദി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ചരിത്രത്തിലെ ഏറ്റവും വലിയ ഭൂരിപക്ഷം നൽകിയാണ് അവർ എന്നെ ഈ അസംബ്ലിയിലേക്ക് അയച്ചിരിക്കുന്നത്. ഹൃദയംഗമായ ഭാഷയിൽ ഞാൻ അവരോട് നന്ദി അറിയിക്കുന്നു. അതോടൊപ്പം എനിക്ക് ഇങ്ങനെയൊരു അവസരം നൽകിയതിന് എന്റെ മുന്നണിയോടും നേതൃത്വത്തോടും നന്ദി അറിയിക്കുന്നു. യു.ഡി.എഫ്.-ൽ വിശ്വാസമർപ്പിച്ചതിനും യു.ഡി.എഫ്.-ന് മികച്ച വിജയം നൽകിയതിനും കേരളത്തിലെ ജനങ്ങളോട് ഞാൻ നന്ദി പറയാൻ ആഗ്രഹിക്കുന്നു.

പുതുക്കിയ ബജറ്റ് അവതരിപ്പിച്ച കേരളത്തിന്റെ ആദരണീയനായ മുഖ്യമന്ത്രി വി. ഡി. സതീശൻ കേരളത്തിലെ ചെറുപ്പക്കാരുടെയും വയോജനങ്ങളുടെയും കുട്ടികളുടെയുമെല്ലാം സ്വപ്നങ്ങൾക്ക് ചിറക് നൽകിയിരിക്കുകയാണ്. അദ്ദേഹം അവതരിപ്പിച്ച ഈ ബജറ്റിനെ പൂർണ്ണസന്തോഷത്തോടുകൂടി ഞാൻ അനുകൂലിക്കുകയാണ്.

കേരളത്തിൽ കഴിഞ്ഞ പത്ത് വർഷമായി ഒരു ഇക്കണോമിക് മോഡലില്ല, സമ്പത്തിന് സ്രോതസ്സില്ല. കഴിഞ്ഞ ഇടതുപക്ഷ സർക്കാർ ഏറ്റവും കൂടുതൽ ആശ്രയിച്ചത് മദ്യത്തെയും ലോട്ടറിയെയുമാണ്. അതുകൊണ്ട് അതിനെ ആൽക്കഹോൾ ഇക്കണോമി മോഡൽ എന്നുവേണമെങ്കിൽ പറയാം. തൊള്ളായിരത്തിൽപ്പരം ബാറുകൾ തുറന്നും മദ്യത്തിന്റെ ലഭ്യത വർധിപ്പിച്ചും സാമ്പത്തിക നില ഭദ്രമാക്കാനുമാണ് കഴിഞ്ഞ സർക്കാർ

ശ്രമിച്ചിട്ടുള്ളത്. അങ്ങനെയൊരു ഇക്കണോമിക് മോഡൽ നിലനിൽക്കുന്നതല്ലെന്നാണ് 35355 കോടി രൂപയുടെ റവന്യൂ കമ്മി വ്യക്തമാക്കുന്നത്. അതിൽനിന്നൊരു മാറ്റമാണ് ഈ സർക്കാർ ആഗ്രഹിക്കുന്നത്. ആ മാറ്റം നമുക്ക് കാണാൻ സാധിക്കും. ഉദാഹരണമായി, ബ്ലൂ ഇക്കോണമി, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി നമുക്ക് മുന്നിൽ വലിയൊരു സാധ്യത തുറന്നിട്ടിരിക്കുകയാണ്. കേരളത്തെ ഏറ്റവും മികച്ച രാജ്യങ്ങൾക്കൊപ്പം നിർത്താൻ സാധിക്കുന്ന വിഴിഞ്ഞം പദ്ധതിയുടെ സാധ്യത ഉപയോഗിച്ച് നമ്മൾ മുന്നോട്ടുപോകും. 2011-ൽ ഉമ്മൻ ചാണ്ടി സർക്കാർ കൊണ്ടുവന്ന വിഴിഞ്ഞം പദ്ധതിയെ ഒരു മാരിടൈം ഹബ്ബാക്കി മാറ്റാൻ കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളുടെ വികസനം നടത്തുന്നതോടൊപ്പം വിഴിഞ്ഞത്ത് ഒരു കപ്പൽ നിർമ്മാണ ശാല യാഥാർത്ഥ്യമാകുന്നതോടെ കേരളത്തിന്റെ വികസനത്തിന് ആക്കം കൂട്ടുന്നതാണ്.

രണ്ട്, നോളജ് ഇക്കോണമിയാണ്. ചെറുപ്പക്കാർ പഠിക്കാനും ജോലിചെയ്യാനുമായി വിദേശ രാജ്യങ്ങളെയാണ് ആശ്രയിക്കുന്നത്. അവരുടെ കഴിവ് മുഴുവൻ വിദേശ രാജ്യങ്ങളിലേക്ക് പോകുന്ന സാഹചര്യത്തിൽ നമുക്ക് അവരുടെ കഴിവുകൾ കേരളത്തിൽ ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ നോളജ് ഇക്കോണമി വളർത്താൻ കേരള നോളജ് വാലി പദ്ധതിയും വയനാട്ടിലെ ട്രൈബൽ യൂണിവേഴ്സിറ്റിയും ജെൻ Z സ്റ്റാർട്ടപ്പ് പദ്ധതികളെല്ലാം അന്താരാഷ്ട്ര നിലവാരത്തിൽ വിദ്യാർഥികൾക്ക് അവസരങ്ങൾ നൽകാനുള്ളതാണ്.

മൂന്ന്, ട്രാൻസ്പോർട്ട് ഇക്കോണമിയാണ്. തിരുവനന്തപുരം, കോഴിക്കോട് മെട്രോ പദ്ധതികളാണ് ഈ സർക്കാരിന്റെ ഫ്ലാഗ്ഷിപ് പദ്ധതിയായി ഞാൻ കണക്കാക്കുന്നത്. 2011-ൽ ഉമ്മൻ ചാണ്ടി സർക്കാർ മോണോറെയിൽ ആയി തുടങ്ങി പിന്നീട് ലൈറ്റ് മെട്രോയായി രൂപാന്തരം പ്രാപിക്കുകയും കഴിഞ്ഞ പത്തുവർഷക്കാലം ഇടതുപക്ഷ സർക്കാർ യാതൊന്നും ചെയ്യാത്ത അല്ലെങ്കിൽ വളരെ കുറച്ചുകാര്യം മാത്രം ചെയ്ത രണ്ട് പദ്ധതികൾക്കാണ് ഈ സർക്കാർ വീണ്ടും ജീവൻ നൽകിക്കൊണ്ട് ഇരുപത് കോടി രൂപ വകയിരുത്തിയിരിക്കുന്നത്. ഈ രണ്ട് നഗരങ്ങളുടെയും വികസനത്തിന് ആക്കം കൂട്ടുന്ന പദ്ധതി കേരളത്തിന്റെ ഭാവിക്ക് ശക്തി പകരുന്നതാണ്. എന്തിനാണ് കൂടുതൽ മെട്രോകൾ;

*24-06-2026*
*Financial Business - General Discussion on the Revised Budget (2026-27)*

എന്തിനാണ് പൊതുഗതാഗതത്തെ കൂടുതൽ ആശ്രയിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടത്? ഒന്ന്, മലിനീകരണ നിയന്ത്രണം രണ്ട്, ഇന്ധനച്ചെലവ്. നമുക്ക് നിയന്ത്രിക്കാൻ കഴിയാത്ത രീതിയിൽ ഇവ രണ്ടും വളർന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ നഗരങ്ങളിൽ ചെറിയ മാറ്റങ്ങൾ വരുത്തിയാൽ പൊതുഗതാഗത സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാൻ സാധിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഈ മെട്രോകൾക്കൊപ്പം കൊച്ചി മെട്രോയ്ക്ക് പുതിയ ലൈനിനായി സ്ഥലം ഏറ്റെടുക്കുമ്പോൾ ഒരു സൈക്ലിങ് ട്രാക്കിനുകൂടി സ്ഥലം ഏറ്റെടുക്കണമെന്നാണ് എന്റെ അഭിപ്രായം. വിദേശ രാജ്യങ്ങളിലെല്ലാം പ്രത്യേകിച്ച്, യു.എസ്., യു.കെ., യൂറോപ്പ് രാജ്യങ്ങളിലെല്ലാം ഒരു സൈക്ലിങ് ട്രാക്കും സൈക്ലിങ് റാക്കുമുണ്ട്. കൂടാതെ ഓഫീസുകളിൽ ചേഞ്ചിങ് ഫെസിലിറ്റിയുമുണ്ട്. നിയമസഭാ സമ്മേളനത്തിന്റെ ആദ്യദിവസം ഞാൻ സൈക്കിളിലാണ് വന്നത്. അന്ന് ഇവിടെ വന്നപ്പോൾ എനിക്ക് ചേഞ്ചിങ് ഫെസിലിറ്റിയില്ലായിരുന്നു. കേരള നിയമസഭയിൽ ചേഞ്ചിങ് ഫെസിലിറ്റിക്ക് ആരംഭം കുറിച്ചുകൊണ്ട് കേരളത്തിലെ എല്ലാ സ്ഥാപനങ്ങൾക്കും ഒരു മാതൃക കാണിച്ചു കൊടുക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട സ്പീക്കറോട് അഭ്യർത്ഥിക്കുകയാണ്. എല്ലാ വിദേശ രാജ്യങ്ങളിലെയും കമ്പനികൾ സൈക്കിളിൽ വരുന്ന സ്റ്റാഫിന് ഇൻസെന്റീവ് നൽകും. കേരളത്തിലെ മലിനീകരണ നിയന്ത്രണത്തിനും ഇന്ധനച്ചെലവിനും മാത്രമല്ല ആരോഗ്യത്തിനും ഇത്തരത്തിലൊരു പ്രോത്സാഹനം വളരെ നല്ലതാണ്. ഇന്ന് ജിമ്മിൽ പോകുന്നതിനുപകരം സൈക്കിളിൽ യാത്ര ചെയ്യുന്നത് ആരോഗ്യകരമാണ്. രണ്ടുപേരെ കണ്ട് സംസാരിച്ച് വരികയും ചെയ്യാം.

ഈ സർക്കാർ ഊന്നൽ നൽകുന്ന മറ്റൊരുകാര്യം സ്പോർട്സ് ഇക്കോണമിയാണ്. മലബാറിലെ പുതിയ സ്റ്റേഡിയം നിർമ്മാണം- നമ്മുടെ സ്പോർട്സ് ഇക്കോണമിക്ക് ആക്കം കൂട്ടുന്നതാണ്. ഇതുവഴി കേരളത്തിലെ സ്പോർട്സിനെ അടിസ്ഥാനപ്പെടുത്തി ഒരു ഇക്കോണമി ഡെവലപ് ചെയ്യാൻ സാധിക്കുന്നതാണ്. ലയണൽ മെസ്സിയെ കാത്ത് നമ്മളിരുന്നു, മെസ്സി വന്നില്ല. ലയണൽ മെസ്സി ഇന്ത്യയിൽവന്നു എന്നാൽ കേരളത്തിൽ വന്നില്ല, ഹൈദരാബാദ്, മുംബൈ, ഡൽഹി, കൽക്കട്ട നഗരങ്ങളിലെല്ലാം വരികയും കോടിക്കണക്കിന് രൂപ ഇന്ത്യയിൽനിന്ന് കൊണ്ടുപോകുകയും ചെയ്തു. കേരളത്തിൽ വരാത്തതിന്റെ

കാരണമെന്താണെന്ന് എനിക്ക് അറിയില്ല. കേരളത്തിൽ എന്തുകൊണ്ട് ലയണൽ മെസ്സി വന്നില്ലെന്നുള്ളത് കാലങ്ങൾ കഴിയുമ്പോൾ തെളിയുമായിരിക്കും. ലയണൽ മെസ്സിയെ കാത്താണ് ഞങ്ങളിരുന്നത്, പക്ഷെ മെസ്സി വന്നില്ല. കേരളത്തിൽ നിന്നൊരു ലയണൽ മെസ്സിയെ സൃഷ്ടിക്കുകയാണ് ചെയ്യേണ്ടത്. അതിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്. സ്കൂളുകളിൽ കായിക താരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുതകുന്ന അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനോടൊപ്പം വിദ്യാഭ്യാസ സമ്പ്രദായത്തിൽ സ്പോർട്സ് ഒരു നിർബന്ധ വിഷയമാക്കുന്നതിനെക്കുറിച്ചും ആലോചിക്കേണ്ടതാണ്. ഇന്ന് സ്പോർട്സ് സ്കൂളുകളിൽ അധ്യാപകരില്ല. വിദേശരാജ്യങ്ങളിലെ സ്കൂളുകളിൽ അധ്യാപകരില്ലെങ്കിൽ ആ സ്കൂളിന്റെ അംഗീകാരം റദ്ദാക്കും. ഫ്രാൻസ്, സ്വീഡൻ ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ നിശ്ചിത hours സ്പോർട്സ് പരിശീലനം നൽകിയിരിക്കണമെന്നാണ് വ്യവസ്ഥ. കെമിസ്ട്രിയും ഫിസിക്സും പഠിക്കുന്നതുപോലെ അവിടെ സ്പോർട്സ് ഒരു നിർബന്ധ ഒരു വിഷയമായി മാറിയിരിക്കുകയാണ്. നമ്മുടെ സ്കൂളുകളിലെ പാഠ്യപദ്ധതിയിൽ സ്പോർട്സ് ഒരു നിർബന്ധ വിഷയമായി പഠിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. കാരണം ലഹരിക്കെതിരെയുള്ള പോരാട്ടത്തിൽ സ്പോർട്സും അനിവാര്യമാണ്. അതുകൊണ്ട് മറ്റുള്ള വിഷയങ്ങൾ പഠിപ്പിക്കുന്നതുപോലെ ക്രിക്കറ്റും ഫുട്ബോളും മറ്റ് ഗെയിമുകളും പഠിപ്പിക്കേണ്ടതാണ്. ജപ്പാനിലുള്ളതുപോലെ കുട്ടികൾക്കായി സ്പോർട്സ് ദിനങ്ങളും സ്പോർട്സ് ക്ലബ്ബുകളും ആരംഭിക്കേണ്ടത് അനിവാര്യമാണ്. സ്പോർട്സിനെ അടിസ്ഥാനമാക്കി ഇക്കോണമി മാത്രമല്ല, ഇതുവഴി ഭാവി തലമുറയും കെട്ടിപ്പടുക്കുവാൻ സാധിക്കണം.

ഏവിയേഷൻ ഇക്കോണമിയാണ് ഈ ഗവൺമെന്റിന്റെ മറ്റൊരു പ്രത്യേകത. 200 കോടി രൂപ ചെലവഴിച്ച് ലോജിസ്റ്റിക് ഹബ്ബ് വരികയാണ്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് തുടങ്ങിയ എയർ ആംബുലൻസും സീ പ്ലെയിൻ പദ്ധതിയുംകൂടി തിരികെ കൊണ്ടുവരണമെന്നതാണ് എനിക്ക് സർക്കാരിനോട് ആവശ്യപ്പെടാനുള്ളത്. ഇന്നലെ കൗശിക്ക് എന്ന വിദ്യാർത്ഥിയെ ആശുപത്രിയിൽ കൊണ്ടുവരാൻ ആംബുലൻസിന് വഴികൊടുക്കണമെന്ന് പറഞ്ഞുകൊണ്ട് ആളുകൾ ആഹ്വാനം നൽകുന്നുണ്ടായിരുന്നു.

അതിനൊരു മാറ്റം വരണ്ടേ; നമ്മുടെ എയർ ആംബുലൻസ് ഉപയോഗിക്കേണ്ടൊരു കാര്യമല്ലേ? നമ്മുടെ കുട്ടികളെയും അപകടത്തിൽപ്പെടുന്നവരെയും സംരക്ഷിക്കുന്നതിനുവേണ്ടി, എയർപോർട്ടില്ലാത്ത എല്ലാ ജില്ലകളിലും എയർ സ്ട്രിപ്പ് നിർമ്മിക്കുന്നതിനെക്കുറിച്ചും ആലോചിക്കേണ്ടൊരു കാര്യമാണ്.

അടുത്തത് ടൂറിസം ഇക്കോണമിയാണ്. വ്യവസായ പദവി നൽകിയതിലൂടെ ടൂറിസം ഇക്കോണമിക്ക് ഒരു ബൂസ്റ്റ് കൊടുത്തിരിക്കുകയാണ്. ആ കാര്യത്തിൽ സർക്കാരിനെ പ്രത്യേകം അഭിനന്ദിക്കുന്നു. കേരളത്തിന് മാരിടൈം സ്പോർട്സും വാട്ടർ സ്പോർട്സും അനന്തമായ സാധ്യത നൽകുന്നുണ്ട്. അതോടൊപ്പം ഇന്റർനാഷണൽ മാരിടൈം മ്യൂസിയത്തിനും കരുത്തുപകരുന്നതാണ്.

റബ്ബറിന്റെ താങ്ങുവില 250/- രൂപയാക്കി വർദ്ധിപ്പിച്ചതിൽ പ്രത്യേകമായ നന്ദി അറിയിക്കുന്നു. പുതുപ്പള്ളി നിയോജകമണ്ഡലത്തിനായി മൂന്ന് പ്രധാനപ്പെട്ട പദ്ധതികളാണ് നൽകിയിരിക്കുന്നത്. ഒന്ന്, പുതുപ്പള്ളി-വെന്നിമല പദ്ധതിക്ക് ഒരു കോടി രൂപ വകയിരുത്തിയതും രണ്ട്, ഐ.ടി പാർക്ക് പ്രോജക്ടിന് 5 കോടി രൂപ വകയിരുത്തിയതും മൂന്ന്, തലപ്പാടി ആശുപത്രിക്ക് 4 കോടി രൂപ വകയിരുത്തിയതും അഭിമാനാർഹമാണ്.

കോട്ടയം ജില്ലയ്ക്ക് ഒരു ഐ.ടി. പാർക്ക് ആവശ്യമാണെന്നത് സംബന്ധിച്ച് എന്റെ ആദ്യ പ്രസംഗത്തിൽ ഞാൻ ഉന്നയിക്കുകയുണ്ടായി. കോട്ടയം ജില്ലയ്ക്ക് മാത്രമല്ല, മധ്യതിരുവിതാംകൂർ ഭാഗത്ത് ഒരു ഐ.ടി. പാർക്കില്ല. ഇന്ന് പുതുപ്പള്ളി നിയോജകമണ്ഡലത്തിൽ അനുവദിച്ചിരിക്കുന്ന ഐ.ടി. പാർക്കിന് സർക്കാർ പൂർണ്ണപിന്തുണ നൽകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ലോകത്തിലെ ഏറ്റവും കൂടുതൽ ശമ്പളം വാങ്ങിക്കുന്ന, പുതുപ്പള്ളിക്കാരനായ, മലയാളിയായ ഒരു വ്യക്തിയാണ് ശ്രീ. തോമസ് കുര്യൻ. അതുപോലുള്ള ചെറുപ്പക്കാരെ ഈ നാട്ടിൽ നിർത്തേണ്ടേ? ഐ.ടി. രംഗത്തുൾപ്പെടെ അവർക്ക് പ്രോത്സാഹനം നൽകേണ്ടേതല്ലേ? തീർച്ചയായും അതിനുള്ള പ്രോത്സാഹനം നൽകാൻ ഐ.ടി. പാർക്ക് പദ്ധതി ഉപകരിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയമില്ല. അതിന് സർക്കാരിന്റെ പൂർണ്ണ പിന്തുണയുണ്ടാകണം. നമ്മൾ എല്ലാ കാര്യങ്ങളും വിദേശ രാജ്യങ്ങളിൽനിന്നാണ് പഠിക്കുന്നത്. പ്രത്യേകിച്ച്, നമ്മുടെ കുടുംബബന്ധങ്ങളുൾപ്പെടെ

വിദേശരാജ്യങ്ങളിൽനിന്നാണ് പഠിക്കുന്നത്. ചില നല്ല കാര്യങ്ങൾ പഠിക്കേണ്ട ആവശ്യമുണ്ട്. പ്രത്യേകിച്ച് സംസ്കാരവും ചരിത്രവും സംരക്ഷിക്കുന്ന കാര്യങ്ങൾ, വിദേശത്ത് ഒരു ദേവാലയത്തിൽ ചെന്നാൽ അവിടെ പൈസ കൊടുത്തുവേണം അകത്തുകയറി അവരുടെ ഹെറിറ്റേജ് കാണേണ്ടത്. ഇവിടെ നമ്മുടെ പൈതൃകത്തെ സംരക്ഷിക്കേണ്ടത് അനിവാര്യമാണ്. ഓരോ നിയോജകമണ്ഡലത്തിലും ഇത്തരത്തിലുള്ള പൈതൃക സ്ഥലങ്ങൾ ഉണ്ടാകും. എന്റെ നിയോജകമണ്ഡലത്തിലുള്ള വളരെയധികം പഴക്കംചെന്ന ക്ഷേത്രമാണ് പുതുപ്പള്ളി-വെന്നിമല ശ്രീരാമ-ലക്ഷ്മണ ക്ഷേത്രം. പ്രസ്തുത ക്ഷേത്രത്തിന്റെ പുനരുദ്ധാരണത്തിന് പിന്തുണ നൽകിയ സർക്കാരിനെ നന്ദി അറിയിക്കുന്നു. അതുപോലെ കഴിഞ്ഞ സർക്കാർ അവഗണിച്ച ഒന്നായിരുന്നു തലപ്പാടി ആശുപത്രി. ഇതിനായി 4 കോടി രൂപ വളരെയധികം ശക്തി നൽകുന്ന ഒന്നായിരിക്കും. ഈ മൂന്നു പദ്ധതികളും എന്റെ പിതാവിന്റെ സ്വപ്നമായിരുന്നു. പ്രസ്തുത പദ്ധതികൾക്ക് ബജറ്റിൽ തുക വകയിരുത്തിയ സർക്കാരിനെ പ്രത്യേകം നന്ദി അറിയിക്കുന്നു.

ഇന്ദിരാ ഗാരണ്ടി പദ്ധതി വെറും വാക്കല്ലെന്ന് യു.ഡി.എഫ്.-സർക്കാർ തെളിയിച്ച് കഴിഞ്ഞു. 600 കോടിയോളം രൂപയാണ് പ്രിയദർശിനി ട്രാൻസ്പോർട്ട് സംവിധാനത്തിന് ബജറ്റിൽ അനുവദിച്ചിരിക്കുന്നത്. ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്ക് പത്ത് കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്. പ്രസ്തുത പദ്ധതികൾ വെറും വാക്കല്ല, അത് നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് പറയുന്നു. അങ്ങനെ ജനങ്ങളുടെ പ്രതീക്ഷക്കൊത്തുയരുന്ന ഈ സർക്കാരിനെയും ഇവിടെ അവതരിപ്പിച്ച ബജറ്റിനെയും പ്രത്യേകം പിന്താങ്ങിക്കൊണ്ട് ആദരണീയനായ മുഖ്യമന്ത്രിക്ക് അഭിവാദ്യം അർപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു, നന്ദി നമസ്കാരം.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഞാൻ ഈ ബജറ്റിനെ എതിർക്കുകയാണ്. ഇതിന്റെ സമീപനം കൊണ്ടാണ് എതിർക്കുന്നതിന്റെ പ്രധാന കാരണം. തൊട്ടുമുമ്പ് ജനുവരി മാസം 29-ാം തീയതി അവതരിപ്പിച്ച ഒരു ബജറ്റുണ്ട്. അതിലെ പ്രധാനപ്പെട്ട പലകാര്യങ്ങളും തുടർച്ചയെന്ന നിലയിൽ ഇതിൽ ഉൾക്കൊള്ളുന്നില്ല എന്നത് നമുക്കറിയാം. പത്തുവർഷത്തിനുശേഷം കേരളത്തിൽ അധികാരത്തിൽ വന്ന യു.ഡി.എഫ്. സർക്കാർ

*24-06-2026*
*Financial Business - General Discussion on the Revised Budget (2026-27)*

അവതരിപ്പിച്ച പുതുക്കിയ ബജറ്റിൽ കേരളത്തിൽ ഇതുവരെയുണ്ടായിരുന്ന, നേരത്തെയുള്ള കോൺഗ്രസ് ഗവൺമെന്റുകളുടെ കാലത്തുമുണ്ടായിരുന്ന സമീപനങ്ങളിൽ നിന്നൊക്കെ മാറി ഇന്ന് ഇന്ത്യ ഭരിക്കുന്ന ബി.ജെ.പി. ഗവൺമെന്റിന്റെ നിലപാടുകൾക്കൊപ്പം ചേർന്നുകൊണ്ട്, നമ്മുടെ പൊതുമേഖലയെയും ജനങ്ങളെയും സഹായിക്കുന്ന, എല്ലാവരെയും കൂട്ടിചേർത്തുകൊണ്ടുപോകുന്ന നിലപാടുകളെ തമസ്കരിക്കുന്നൊരു നിലപാടാണ് ഈ ബജറ്റിൽ സ്വീകരിച്ചിരിക്കുന്നത്. അതിന്റെ പശ്ചാത്തലം തയ്യാറാക്കുന്നതിനായി ആദ്യമൊരു ധവളപത്രം പുറപ്പെടുവിക്കുകയുണ്ടായി. അതിൽ ഉന്നയിക്കുന്ന കാര്യങ്ങൾ വാസ്തവത്തിൽ ഉള്ളിപൊളിച്ചത് പോലെയായി. മുമ്പ് പറഞ്ഞതുപോലൊരു കാര്യവും അതിൽ ഇല്ലെന്നത് വ്യക്തമാണ്. ആ ടീം തയ്യാറാക്കിയ, ധവളപത്രം തയ്യാറാക്കിയത് സംബന്ധിച്ച് വളരെ രഹസ്യമായ സീക്രട്ട് സെക്ഷന്റെ ഡോക്യുമെന്റ്സുൾപ്പെടെ എ.ഐ.-ക്ക് നൽകിയ തർക്കങ്ങളുണ്ട്. ഞാൻ ആ വിഷയത്തിലേക്ക് പോകുന്നില്ല. അങ്ങനെ ചെയ്യാൻ പാടില്ലാത്തതാണ്. പക്ഷെ അതിനകത്തെ പട്ടികകൾ പരിശോധിക്കുമ്പോൾ സംസ്ഥാന സർക്കാരിനെക്കുറിച്ച്, കഴിഞ്ഞ പത്ത് വർഷക്കാലത്തെ സംബന്ധിച്ച് കെട്ടിച്ചമച്ച കഥകൾ പലതും തെറ്റാണെന്ന് പറയുന്ന തരത്തിലാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ആ കണക്കുകൾ മുഴുവൻ പറയാൻ സമയമില്ലാത്ത ഘട്ടത്തിലാണ് നമ്മൾ നിൽക്കുന്നത്. ജി.എസ്.ഡി.പി.-യുടെ വളർച്ച/നികുതി വരുമാനം എന്നിവയുടെ കാര്യത്തിൽ മെച്ചപ്പെട്ട രീതിയിൽ മുന്നിൽ വരാൻ ഇക്കഴിഞ്ഞ പത്ത് വർഷത്തെ സർക്കാരിന് സാധിച്ചു. 7.9 ശതമാനം എന്ന നിലയിലുള്ള വളർച്ചാ നിരക്കുമായി മുന്നോട്ട് വരാൻ കഴിഞ്ഞു. യു.ഡി.എഫ്. കാലത്തെ വളർച്ചയുടെ ആവറേജ് 5.52 ശതമാനമായിരുന്നു, പിന്നീടൊരു ഘട്ടത്തിൽ അത് 3.89 ശതമാനമായി ചുരുങ്ങി. യു.ഡി.എഫ്. സർക്കാരിന്റെ ഭരണത്തിനുശേഷം അധികാരത്തിൽവന്ന എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കോവിഡ് മഹാമാരി, പ്രളയം എന്നിവ ഉൾപ്പെടെയുള്ള പ്രശ്നങ്ങളുണ്ടായിട്ടുപോലും ഈ പറഞ്ഞ തലത്തിലേക്ക് വളർച്ചയുണ്ടാക്കാൻ നമുക്ക് കഴിഞ്ഞു. സ്വന്തമായി തയ്യാറാക്കിയ ഒരു കണക്കല്ല, സി.&എ.ജി. റിപ്പോർട്ടാണ് ഞാൻ ഇവിടെ സൂചിപ്പിക്കുന്നത്. ചില ഘട്ടങ്ങളിൽ, പ്രത്യേകിച്ച്, കോവിഡ് കഴിഞ്ഞ വേളയിൽ ജി.എസ്.ഡി.പി. നിരക്കിൽ നല്ലരീതിയിലുള്ള വളർച്ചാ

വർധനയുണ്ടായിട്ടുണ്ട്. അക്കാലത്ത് സംസ്ഥാന സർക്കാരിന് ഈ വളർച്ചയുണ്ടായി എന്നുമാത്രമല്ല, ആകെ വരുമാനത്തിന്റെ കാര്യത്തിലും നേട്ടമുണ്ടായി എന്ന കണക്കുകളാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ധവളപത്രത്തിനോടൊപ്പം നൽകിയിട്ടുള്ള പട്ടികയിൽ ഈ കണക്കുകളെല്ലാം രേഖപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടാണ് 'ഇത് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന് എ പ്ലസ് മാർക്ക് നൽകുന്ന ഒരു ധവളപത്രമായിപോയി' എന്ന് പ്രമുഖ ചാനൽ ചർച്ചയിൽ ഒരു പത്രപ്രവർത്തകൻ പറഞ്ഞത്. കാരണം ആ കണക്കാണ് ടേബിളുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പുതിയൊരു സർക്കാർ അധികാരത്തിൽ വരുമ്പോൾ പുതിയ കണക്കുകൾ വച്ച് ചില വാദങ്ങൾ ഉന്നയിക്കേണ്ടിവരും. പക്ഷേ ആ കണക്കുകൾ സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതായിരിക്കണം. പ്രൈവറ്റൈസേഷനുവേണ്ടിയുള്ള പ്രധാനപ്പെട്ട കാര്യങ്ങളാണ് ആ പട്ടികയിലൂടെ ഇവിടെ പറയാൻ ശ്രമിച്ചത്. സാമ്പത്തിക പരിമിതി കാരണം പ്രൈവറ്റൈസേഷൻ വേണമെന്നതാണ് അതിൽ പറയുന്നത്. സാമ്പത്തിക പരിമിതിയുടെ കാര്യം പറയുമ്പോഴും കണക്കുകൾ പരിശോധിക്കുമ്പോൾ, തൊട്ടുമുമ്പത്തെ അഞ്ച് വർഷക്കാലം 1,17,000 കോടി രൂപയും അതിനുമുമ്പത്തെ അഞ്ച് വർഷക്കാലം ശരാശരി 70,000 കോടി രൂപയുമൊക്കെ ഒരു വർഷം ചെലവാക്കിക്കൊണ്ടിരുന്നിടത്തുനിന്ന് അത് വർധിച്ച് 1,70,000 കോടിയിലേയ്ക്ക്...... 1,60,000 കോടി രൂപ അവിടെനിന്നും 1,17,000 കോടി രൂപ അതിനുശേഷം 1,70,000 കോടി രൂപ വാർഷിക നിലയിൽ ചെലവാക്കാൻ കഴിയുന്ന തരത്തിലേക്ക് കേരളം മാറി എന്നുള്ള കണക്കുകളുണ്ട്. ആ കണക്കുകളെല്ലാം കാണാതെ കേരളത്തിന് സാമ്പത്തിക ബുദ്ധിമുട്ടാണെന്ന് പറയുകയാണ്. ഇവിടെ പറഞ്ഞ കടം വർധിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ തെറ്റായ കണക്കുകളാണ്. ഈ ചുരുങ്ങിയ വേളയിൽ അതിനെക്കുറിച്ച് പറയാൻ ഞാൻ സമയമെടുക്കുന്നില്ല.

കേരളത്തിന്റെ ഇരുപത്തിയഞ്ച്-മുപ്പത് വർഷത്തെ ചരിത്രമെടുത്താൽ, ഓരോ അഞ്ച് വർഷവും തൊണ്ണൂറ് ശതമാനമോ നൂറ് ശതമാനമോ വച്ച് കടം വർധിച്ചിരുന്നെങ്കിൽ... അറുപത്തിരണ്ട് ശതമാനം മാത്രമേ കടം വർധിച്ചിട്ടുള്ളൂവെന്ന് എൽ.ഡി.എഫ്.-ന്റെയും യു.ഡി.എഫ്.-ന്റെയും പഴയകാല കണക്ക് പരിശോധിച്ചാൽ മനസ്സിലാകും. അതുപോലെ

*24-06-2026*
*Financial Business - General Discussion on the Revised Budget (2026-27)*

കഴിഞ്ഞ സാമ്പത്തിക വർഷത്തിന് തൊട്ടുമുമ്പുള്ള സി.&എ.ജി. റിപ്പോർട്ടിലെ പ്രാഥമിക കണക്കനുസരിച്ച് നമ്മുടെ സംസ്ഥാനത്തിന്റെ ആകെ കടം 33.6 ശതമാനമാണ്. കേന്ദ്ര സർക്കാരിന്റേത് 57 ശതമാനത്തിൽ നിൽക്കുമ്പോഴാണ് നമുക്ക് 33.6 ശതമാനമുള്ളത്. ജി.എസ്.ഡി.പി.-യുടെ കണക്കുമായി പരിശോധിച്ച് നമുക്കങ്ങനെ എടുക്കാൻ സാധിക്കും. അത്തരത്തിൽ നമ്മുടെ കണക്കുകളെല്ലാം നിൽക്കുമ്പോൾ നമ്മുടെ വരുമാനം സംബന്ധിച്ച പൊതുവായൊരു സ്റ്റേറ്റ്മെന്റ് പറയേണ്ടതാണെന്ന് കരുതുന്നു. ഇരുപതിനായിരം കോടി രൂപയിലധികം അധികമായി ഞങ്ങൾ കണക്കിൽ എഴുതിവച്ചു. ബജറ്റ് കണക്ക് തയ്യാറാക്കുന്ന സമയത്ത്, ബജറ്റ് അവതരിപ്പിക്കുന്ന സമയത്ത് പതിനാറാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട് വന്നിട്ടില്ല. റിപ്പോർട്ടിനകത്ത് ഞങ്ങൾ ആവശ്യപ്പെട്ട ഡിമാൻഡ് അനുസരിച്ചുള്ള എക്സ്പെക്റ്റേഷൻ പറഞ്ഞു. കഴിഞ്ഞ പതിനഞ്ച് ധനകാര്യ കമ്മീഷന്റെ സമയത്തും R&D ഗ്രാന്റ്, റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് എല്ലാ സംസ്ഥാനങ്ങൾക്കും നൽകിയിരുന്നു. ഇത്തവണ ആദ്യമായി ഇത് നമുക്ക് കിട്ടില്ലെന്ന് പ്രശ്നം വച്ച് നോക്കാൻ കഴിയില്ല. കഴിഞ്ഞ അഞ്ചുവർഷം മുമ്പുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ സമയത്ത് ആദ്യത്തെ വർഷം 19,000 കോടി രൂപ, രണ്ടാമത്തെ വർഷം 13,000 കോടി രൂപ, മൂന്നാമത്തെ വർഷം 4,000 കോടി രൂപ എന്നനിലയിലാണ് ലഭിച്ചത്. അതുകൊണ്ട് 14,500 കോടി രൂപ എക്സ്പെക്റ്റ് ചെയ്തു. എന്നാലത് കിട്ടിയില്ല, ഞാനത് നിഷേധിക്കുന്നില്ല; ബാക്കി കണക്കുകളിലൊന്നുമില്ല. അങ്ങനെ വയ്ക്കാതിരിക്കുന്നത് എങ്ങനെയാണ്? കോൺഗ്രസ് നേതാവായ ഹിമാചൽ പ്രദേശിലെ മുഖ്യമന്ത്രിയും അവർക്ക് ഈ പണം കിട്ടിയിട്ടില്ലെന്നാണ് പറഞ്ഞത്. പതിനായിരം കോടി രൂപ ഈ വർഷം കുറവ് വന്നതിനാൽ അദ്ദേഹം ഡൽഹിയിൽപോയി ധനകാര്യ വകുപ്പുമന്ത്രിയെയും പ്രധാനമന്ത്രിയെയും കണ്ടു. കൂടാതെ അവരുടെ അസംബ്ലി റെസല്യൂഷൻ പാസ്സാക്കുകയും ചെയ്തു. ഇവിടെയും അത്തരത്തിലൊരു റെസല്യൂഷൻ പാസ്സാക്കണമെന്നാണ് എന്റെ അഭിപ്രായം. കാരണം 42 ശതമാനം സംസ്ഥാനങ്ങൾക്ക് നൽകിക്കഴിഞ്ഞാൽ.... കഴിഞ്ഞ തവണ നാലര ലക്ഷം കോടി രൂപ വിവിധ സംസ്ഥാനങ്ങൾക്കായി റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് കൊടുത്തിരുന്നു. ഇത്തവണ അത് ആറ് ലക്ഷം കോടി രൂപയെങ്കിലും കാണും.

*24-06-2026*
*Financial Business - General Discussion on the Revised Budget (2026-27)*

കേന്ദ്രസർക്കാരിന്റെ എ.ടി.ആർ. (Action Taken Report)-ലെ ആറാമത്തെ പോയിന്റായി പറഞ്ഞിരിക്കുന്നത്, ധനകാര്യ കമ്മീഷൻ പറഞ്ഞു ഇപ്രാവശ്യം റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് കൊടുക്കേണ്ടതില്ല എന്നാണ്. പക്ഷേ സർക്കാർ അതിൽ തീരുമാനമെടുത്തില്ല. 'നോട്ടഡ്' എന്നേ പറഞ്ഞുള്ളൂ. ബാക്കിയെല്ലാ തീരുമാനവും 'ഗവൺമെന്റ് അക്സപ്റ്റഡ്' എന്നാണ്. ഇത് 'നോട്ടഡ്' എന്ന് പറഞ്ഞതിന്റെ അർഥം എന്താണ്? ഇത് അവർ തീരുമാനിച്ചിട്ടില്ല. നൽകാനുള്ള സാധ്യതയുണ്ട്. ആര് ഭരിക്കുന്നു എന്നത് ഞങ്ങളുടെ പ്രശ്നമല്ല. ഞങ്ങളായിരുന്നു നേരത്തെ ഭരണപക്ഷത്തുണ്ടായിരുന്നത്. ഇപ്പോൾ ഞങ്ങൾ പ്രതിപക്ഷത്താണ്. പക്ഷേ കേന്ദ്രത്തിൽനിന്നും കേരളത്തിന് ലഭിക്കാനുള്ള പണം വാങ്ങാൻ നമ്മൾ സംയുക്തമായി പ്രവർത്തിക്കണമെന്നാണ് അതുസംബന്ധിച്ച് പറയാനുള്ളത്. ബജറ്റ് വെട്ടിക്കുറച്ചു. വെട്ടിക്കുറച്ചത് ഇനി കിട്ടില്ലെന്ന് പറഞ്ഞാൽ അവർ പ്രതീക്ഷിക്കില്ല. പതിനായിരം കോടി രൂപയാണ് ധനകാര്യ കമ്മീഷന്റെ വർധനവ് വന്നതിന്റെ ഗുണം നമുക്ക് ലഭിക്കുന്നത്. ബാക്കിയെല്ലാ കാര്യത്തിലുമുണ്ട്. ഇക്കാര്യത്തിൽ അത് വാങ്ങിയെടുക്കണം. നമുക്ക് മാനേജ് ചെയ്യാൻ കഴിയുന്ന തരത്തിലാണ് കണക്കുകളുള്ളത്. ആ കണക്ക് ഇവിടെ പറയുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയും. അദ്ദേഹത്തിന്റെ സ്വഭാവമനുസരിച്ച് ഇതൊന്നും അംഗീകരിക്കില്ലെന്ന് എനിക്കറിയാം. പക്ഷേ ഇവിടെ വാദിച്ചതുകൊണ്ടുമാത്രം കാര്യമില്ല. ഞാൻ കണക്കുകൾ വച്ചാണ് പറയുന്നത്. കേരളത്തിലെ എം.പി.-മാർ സംയുക്തമായി കേന്ദ്രത്തിൽ ശബ്ദമുയർത്തണം, സംസ്ഥാന സർക്കാർ ഇവിടെ റെസല്യൂഷൻ പാസ്സാക്കണം, ആ പണം വാങ്ങിയെടുക്കണം. ഇപ്പോഴത്തെ സർക്കാർ എന്തിനാണ് ധവളപത്രത്തിൽ അത്ര കറക്ടല്ലാത്ത പല ഫാക്ടുകളും ഫാക്ച്വലായി വച്ചത്? സർക്കാരിന്റെ ഈ ബജറ്റും നയങ്ങളും രാഷ്ട്രീയമായും ഭരണപരമായും സാമ്പത്തികമായും ആരോഗ്യപരമായും ശരിയായ ദിശയിലല്ല. രാഷ്ട്രീയമായി ഇന്ത്യക്കൊരു നയമുണ്ട്. ഇവിടെ നെഹ്റുവിയൻ സോഷ്യലിസത്തെപ്പറ്റിയും പഞ്ചവൽസര പദ്ധതികളെപ്പറ്റിയും പറഞ്ഞു. നമുക്ക് ഇപ്പോഴും പ്ലാനിങ് ബോർഡും പ്ലാനിങ് സംവിധാനമുണ്ട്. അത് ഒരു തിങ്ക് ടാങ്ക് മാത്രമാക്കി മാറ്റേണ്ടതില്ല. ഇനി എങ്ങനെയാണ് മാറ്റാൻ പോകുന്നത്? ഞങ്ങൾക്കൊക്കെ മനസ്സിലായത്

തിങ്ക് ടാങ്ക് മാത്രമായി മാറുന്ന എന്നാണ്. എന്തായാലും ആ പ്ലാനിങ് ബോർഡിന്റെ കാര്യത്തിൽ സംശയമുണ്ട്. കൃത്യമായ പദ്ധതിവച്ച് മുന്നോട്ടുകൊണ്ടുവന്ന ആ സംവിധാനം ഇന്ത്യ ഗവണമെന്റിലില്ല. ഇവിടെ ഈ തിങ്ക് ടാങ്കും പ്ലാനിങ്ബോർഡും മാത്രമല്ല, ഇലക്ട്രിസിറ്റി മേഖല സ്വകാര്യവൽക്കരിക്കണമെന്നാണ് ഒന്നാമത്തെ ശിപാർശ. രണ്ടാമത്തേത് കടലും കായലും ജലമേഖലയാകെ സ്വകാര്യവൽക്കരിക്കണമെന്നാണ്. മൂന്നാമത്തേത് ആകാശം. പോർട്ടുകൾ/തുറമുഖങ്ങൾ, സിവിൽ ഏവിയേഷൻ രംഗം, ഇലക്ട്രിസിറ്റിയും കരിമണലും എന്നിവയെപ്പറ്റിയെല്ലാം പറഞ്ഞുകൊണ്ടിരിക്കുകയാണ്. വൈദ്യുതിരംഗത്ത് കഴിഞ്ഞ പത്തുവർഷക്കാലമായി ഇല്ലാതിരുന്ന പവർകട്ട് ഇപ്പോൾ എന്തുകൊണ്ടാണ് വരുന്നത്? ഇപ്പോഴാണോ 'എൽ നിനോ' ഉണ്ടായത്? ഇനി ഫുട്ബോൾ കളിയുടെ സമയത്ത് അരമണിക്കൂർ പവർകട്ട് വന്നാൽ പിന്നീടത് ഒരു മണിക്കൂറാകും തുടർന്ന് ഒരു മണിക്കൂർ രണ്ടുമണിക്കൂറാകും. അപ്പോൾ ജനങ്ങൾതന്നെ പ്രൈവറ്റ്മേഖല വരട്ടെ, സ്വകാര്യവൽക്കരിക്കട്ടെ എന്നുപറയും. അങ്ങനെപറയാൻവേണ്ടിയാണ് പത്തുവർഷത്തിനുശേഷം ആദ്യമായി പവർകട്ട് ആസൂത്രിതമായി കൊണ്ടുവരുന്നത്. കേരളത്തിന്റെ തുറമുഖങ്ങളിൽ നാല് മൈനർ തുറമുഖങ്ങളെക്കുറിച്ച് അദ്ദേഹം പറഞ്ഞു. അതുപോലെ സിയാൽ ഉൾപ്പെടെയുമുള്ള കാര്യങ്ങൾ...... ഇതുപോലെ നിൽക്കുമെന്നുറപ്പ് മതി; വേറെയൊന്നും വേണ്ട. ഈ ബുദ്ധിമുട്ടുകൾക്കിടയിലും കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ ഞങ്ങൾ 370 കോടി രൂപ സിയാലിൽ ക്യാപിറ്റൽ ഇൻഫ്യൂസ് ചെയ്തതാണ്, അതിനുമുമ്പും കൊടുത്തിരുന്നു. ഞങ്ങൾ കെ.എഫ്.സി.-ക്ക് 570 കോടി രൂപ ക്യാപിറ്റൽ ഇൻഫ്യൂസ് ചെയ്തതാണ്. കെ.എസ്.ആർ.ടി.സി. എങ്ങനെയാണെന്നുള്ളത് നമുക്കറിയാം. അങ്ങനെകൊടുത്തു നിലനിർത്തുന്നതിനെ സ്വകാര്യവൽക്കരിക്കാൻ പാടില്ല. കരിമണലിനെ സംബന്ധിച്ചും ഇതേ സമീപനം തന്നെയാണ്. രാഷ്ട്രീയരംഗത്ത് ചില കാര്യങ്ങളിലൊക്കെ സത്യസന്ധത വേണം; ചിലകാര്യങ്ങളിലല്ല, എല്ലാത്തിലും വേണം. 'കരിമണൽ ഖനനം പൊതുമേഖലയ്ക്ക് നൽകുന്നതുകൊണ്ട്, അതിനെതിരായി സമരം ചെയ്യുകയാണ്. നമ്മൾ അധികാരത്തിൽ വന്നാൽ ഖനനം അപ്പോൾ നിർത്തും. ആലപ്പുഴയുടെ പാരിസ്ഥിതികമായ തകർച്ചക്ക്

ഏറ്റവും കൂടുതൽ ആക്കംകൊടുത്തിട്ടുള്ള സംഭവമാണിത്. മുഴവൻ ഉപ്പുവെള്ളം കയറുകയാണ്. 736 വീടുകളാണ് ഇല്ലാതായത്. ഒരു കോമ്പൻസേഷനും ഇല്ല. ഒരു കാരണവശാലും ഇനിയത് അനുവദിക്കില്ല. ഒരു തർക്കവുമുള്ള കാര്യമല്ല. ക്ലിയറാണ്. ആ നിലപാടിന് യാതൊരു മാറ്റവുമില്ല.' എന്നാണ് കരിമണലിനെക്കുറിച്ച് നമ്മുടെ ഇപ്പോഴത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രതിപക്ഷനേതാവായിരുന്നപ്പോൾ പറഞ്ഞത്. ഇങ്ങനെ പറഞ്ഞിരുന്നവരാണ് ഇപ്പോൾ കരിമണലിനെ സ്വകാര്യവൽക്കരിക്കാനുള്ള തീരുമാനമെടുത്തിരിക്കുന്നത്. പൊതുമേഖല നിലനിർത്തുന്നതിന് ഞങ്ങൾ കോറിഡോർ പറഞ്ഞിരുന്നതാണ്. പൊതുമേഖലയിൽപോലും ചെയ്യരുത് എന്നുപറയുന്ന അനുഭവത്തിനുപകരം.... അദ്ദേഹത്തിന്റെ പ്രസംഗം ഞാൻ പറഞ്ഞുവെന്നേയുള്ളൂ. അതുപോലെതന്നെയാണ് ഓരോ കാര്യത്തിലും. ഇപ്പോൾ വലിയ വിവാദമായി. സഭ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം കൊണ്ടുവന്നു.

അതുപോലെതന്നെയാണ് ഓരോ കാര്യങ്ങളും. ഇപ്പോൾ ബെക്കാർഡി ബ്രീസർ എന്ന കമ്പനിയുമായി ബന്ധപ്പെട്ട് വലിയ വിവാദമുണ്ടാവുകയും സഭാനടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപമുൾപ്പെടെ അവതരിപ്പിക്കുകയും ചെയ്തു. എന്തായാലും ഒരു കാര്യം സത്യമാണ്, ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അക്കാര്യത്തിൽ നികുതി നിശ്ചയിച്ചിരുന്നില്ല. ഞങ്ങൾ ഹോർട്ടിവൈൻ എന്ന പ്രോഡക്ടിന് മാത്രമേ കൃത്യമായ നികുതി നിശ്ചയിച്ചിട്ടുള്ളൂ. മറ്റ് പ്രോഡക്ടുകൾക്കൊന്നും നിശ്ചയിക്കാൻ ഉദ്ദേശിച്ചിട്ടില്ല. അത് മറ്റൊന്നുംകൊണ്ടല്ല, സാമ്പത്തികമായി സർക്കാരിന് പത്തോ അഞ്ചൂറോ കോടി രൂപ വരുമാനം ലഭിക്കുന്നതോടൊപ്പം പുതിയൊരു മാർക്കറ്റുണ്ടാവുകയും ചെയ്യും. എന്നാൽ കുട്ടികളടക്കമുള്ളവർ കുടിക്കുന്ന തരത്തിൽ flavoured ആയ പുതിയൊരു ബ്രാൻഡ് മദ്യം വരുന്നത് അപകടമാണ് എന്നതുകൊണ്ടാണ്. റേറ്റ് നിശ്ചയിച്ച് ഫിനാൻസ് ബില്ലിൽ വന്നാൽ അപ്പോൾ മുതൽ അത് വിൽക്കാൻ സാധിക്കും. ഇപ്പോൾ പുതിയൊരു ബോധോദയം വന്നതുകൊണ്ടാണോ ഈ സർക്കാർ ഇങ്ങനെ ചെയ്തത്. 2024-ലെ ലോക്സഭാ തിരഞ്ഞെടുപ്പിന് തൊട്ട് മുമ്പ് പറഞ്ഞത് എന്താണ്? 'തിരഞ്ഞെടുപ്പാണല്ലോ, തിരഞ്ഞെടുപ്പ് വരുമ്പോൾ കോടികളുടെ അഴിമതി കാണിക്കാനുള്ള ഒരു പരിപാടിയുമായി സർക്കാർ

ഇറങ്ങിയിരിക്കുകയാണ്. വീര്യം കുറഞ്ഞ മദ്യത്തിന് നികുതി കുറച്ചുകൊടുക്കാനുള്ള ഒരു നടപടിയുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. സർക്കാരിന് കിട്ടേണ്ട കോടികൾ വലിയ ഡിസ്റ്റിലറികളിലേയ്ക്ക് എത്തിക്കാനുള്ള അഴിമതിയാണ് ഇതിനുപിന്നിൽ' എന്നാണ് അദ്ദേഹം പറഞ്ഞത്. എന്നാൽ ഇപ്പോൾ എവിടെയാണ് നിൽക്കുന്നത്? അദ്ദേഹത്തെ ഇക്കാര്യം വീണ്ടും ഓർമ്മിപ്പിക്കാൻ ശ്രീ. വി. എം. സുധീരൻ അടക്കമുള്ള നേതാക്കന്മാർക്ക് അഭിപ്രായം പറയേണ്ടിവന്നില്ലേ. അതുകൊണ്ടാണ് ഇക്കാര്യത്തിൽ രാഷ്ട്രീയ സത്യസന്ധത പുലർത്തുന്നില്ലെന്ന് ഞങ്ങൾ പറയുന്നത്. ഇന്ന് രാവിലെ പിഎം ശ്രീ-യുമായി ബന്ധപ്പെട്ട വിഷയത്തിന്മേലുള്ള ചർച്ചയുണ്ടായിരുന്നല്ലോ; അതിനെപ്പറ്റി എല്ലാവർക്കും അറിയാവുന്നതാണ്. അതുസംബന്ധിച്ച് സത്യസന്ധമായ നിലപാടാണോ ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നത്? ' കേന്ദ്ര സർക്കാരിൽ നിന്ന് മതിയായ ഫണ്ട് ലഭിക്കണം, കാരണം കേരളം അടക്കമുള്ള സംസ്ഥാനങ്ങളിൽ നിന്നും ടാക്സ് ഇനത്തിൽ ഭീമമായ തുക കേന്ദ്ര സർക്കാർ ഈടാക്കുന്നുണ്ട്. ആ പണം സംസ്ഥാനത്തിന് അർഹതപ്പെട്ടതാണ്.' എന്നല്ലേ പറഞ്ഞത്. ആ ഒരു സമീപനം എടുക്കുകയാണ് വേണ്ടത്. അതുകൊണ്ടാണ് ഇത്തരം കാര്യങ്ങളിൽ രാഷ്ട്രീയ സത്യസന്ധത ഇല്ലെന്ന് ഞാൻ പറയുന്നത്. ഈ ബജറ്റിൽ എവിടെയെങ്കിലും കേന്ദ്ര ഗവൺമെന്റിന്റെ നിലപാടുകൾക്കെതിരെ 'ക മ' എന്നൊരു അക്ഷരം പറയാൻ സംസ്ഥാന സർക്കാർ തയ്യാറായിട്ടുണ്ടോ? പറയേണ്ടതല്ലേ? ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളുടെ സമീപനം അങ്ങനെയാണോ? ഞാൻ രണ്ടുമൂന്ന് മിനിറ്റ് അധികമെടുക്കുകയാണ്. പൊതുവിൽ അങ്ങ് അനുവദിച്ച സമയത്തേക്കാളും അധികസമയമെടുക്കും. ശ്രീ. വി. പി. സജീന്ദ്രൻ ചെയറിൽ ഇരിക്കുകയാണെങ്കിൽ കുറച്ചുകൂടി സമയം അനുവദിക്കുമായിരുന്നു. എല്ലാ അംഗങ്ങൾക്കും അദ്ദേഹം സമയം അനുവദിച്ചിരുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം, ഞങ്ങളെ തമ്മിൽ തെറ്റിക്കാൻ നോക്കരുത്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, സദുദ്ദേശത്തോടുകൂടി പറഞ്ഞതാണ്. കാരണം, അംഗങ്ങളുടെ അവകാശം സംരക്ഷിക്കുക എന്നതാണ് പ്രധാനം. ഇത്തരം കാര്യങ്ങളാണ് ഈ സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നതെന്ന് സൂചിപ്പിച്ചുവെന്നേയുള്ളൂ.

*24-06-2026*
*Financial Business - General Discussion on the Revised Budget (2026-27)*

പട്ടികജാതി,പട്ടികവർഗ്ഗ, ഒ.ബി.സി., ന്യൂനപക്ഷ വിഭാഗങ്ങൾക്കായി നീക്കിവച്ച വിഹിതം ക്രമാനുഗതമായി കുറഞ്ഞുകൊണ്ടിരിക്കുകയാണെന്ന് ഈ സർക്കാർ അവതരിപ്പിച്ച ധവളപത്രത്തിൽ പറഞ്ഞല്ലോ. പട്ടികജാതി ഉപപദ്ധതി വിഹിതത്തിന്റെ ഏകദേശം 45 ശതമാനവും പട്ടികവർഗ ഉപപദ്ധതി വിഹിതത്തിന്റെ ഏകദേശം 25 ശതമാനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് നൽകുന്നത്. ഇതൊന്നും ടി കണക്കിൽ കൃത്യമായി ഉൾക്കൊള്ളിച്ചിട്ടില്ല. അതുപോലെ ക്യാപ്പിറ്റൽ എക്സ്പെന്റീച്ചറിന്റെ കാര്യത്തിൽ എഫക്റ്റീവ് ക്യാപിറ്റൽ എക്സ്പെന്റീച്ചർ 2022-23-ൽ 21,635 കോടി രൂപയും 2026-27-ൽ 30,961 കോടി രൂപയുമായി വർധിക്കുമെന്നുള്ള കണക്ക് വന്നിരുന്നു. ഇക്കാര്യങ്ങളൊന്നും ധവളപത്രത്തിൽ പരാമർശിക്കാതെ കുടിശികയുടെ കാര്യങ്ങൾ മാത്രം പെരുപ്പിച്ച് പറയുകയാണ് ചെയ്തിരിക്കുന്നത്. ഇതിനകത്ത് ഏറ്റവും അവസാനം, എസ്.സി./എസ്.റ്റി. മേഖലയിൽ മൂന്നൂറ്റി ചില്ലാനം കോടി രൂപ കൊടുക്കാനുണ്ടെന്നൊരു കണക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുമ്പോൾ, അദ്ദേഹത്തിന്റെ മറുപടി കഴിഞ്ഞാൽ ഞങ്ങൾക്കിവിടെ ഒന്നും പറയാൻ പറ്റാത്ത ഒരു സ്ഥിതിയുണ്ട്. മാർച്ച് മാസം വരെയുള്ള മുഴുവൻ ബില്ലുകളും കൊടുത്ത് തീർത്തിട്ടാണ് ഞങ്ങൾ അധികാരത്തിൽ നിന്നിറങ്ങിയതെന്ന് ആത്മാർഥമായി പറയുകയാണ്. 5000 കോടിയോളം രൂപയുടെ ബില്ലുകൾ കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് കൊടുത്ത് തീർത്തിട്ടുണ്ട്. തുടർന്ന്, ഏപ്രിൽ, മേയ് മാസങ്ങളിലെ ബില്ലുകളെല്ലാം ചേർത്ത് പത്ത് മുന്നൂറ് കോടിയോളം രൂപ കൊടുക്കേണ്ടി വരില്ലേ; ഇതെല്ലാംകൂടി ചേർത്തിട്ട് എസ്.സി./എസ്.റ്റി. മേഖലയിൽ ഫണ്ട് അനുവദിക്കുന്നില്ലെന്ന തരത്തിൽ ധവളപത്രത്തിൽ പറയുന്നത് ശരിയല്ല.

നെൽ കർഷകർക്ക് നൽകേണ്ട 2000 കോടി രൂപ; എവിടുന്ന് കിട്ടാനുള്ളതാണ്? യു.ജി.സി.ക്കുള്ള 1500 കോടി രൂപ കേന്ദ്രത്തിൽനിന്ന് കിട്ടാനുള്ളതാണ്. കേന്ദ്ര സർക്കാരിൽ നിന്ന് സംസ്ഥാനത്തിന് അർഹതപ്പെട്ട വിഹിതം ലഭിക്കാത്തതിന് എൽ.ഡി.എഫ്. ഗവൺമെന്റിനെയല്ല കുറ്റം പറയേണ്ടത് മറിച്ച്, ഡൽഹിയിലിരിക്കുന്ന ബി.ജെ.പി. ഗവൺമെന്റിനെയാണ്. ഗുജറാത്തിനൊഴികെ മറ്റൊരു സംസ്ഥാനത്തിനും കൊടുത്തിട്ടില്ല. ധവളപത്രത്തിൽ പരാമർശിച്ചതുകൊണ്ടാണ് യു.ജി.സി.യുടെ പണം കിട്ടാനുള്ളതിനെപ്പറ്റി

ഞാൻ പറഞ്ഞത്. ഇത്തരത്തിൽ ധവളപത്രത്തിൽ കണക്കുകളാകെ തെറ്റിച്ച് പറഞ്ഞുവെന്ന് മാത്രമല്ല, അതെല്ലാം ഉപയോഗിക്കുന്നത് ഈ പറഞ്ഞ കാര്യങ്ങൾ ചെയ്യാനാണ്.

കഴിഞ്ഞ ഗവൺമെന്റ് പാസ്സാക്കിയ ബജറ്റിൽ പറഞ്ഞിരുന്ന പ്രധാനപ്പെട്ട ഒട്ടേറെ കാര്യങ്ങൾ ഈ സർക്കാരിന്റെ പുതുക്കിയ ബജറ്റിൽ ഒഴിവാക്കിയിട്ടുണ്ട്. അതൊക്കെ എടുത്ത് പറയേണ്ടതും കൊടുക്കേണ്ടതുമാണ്. അതിനെക്കുറിച്ച് ഈ സർക്കാരിന്റെ സമീപനം എന്താണെന്ന് അറിയില്ല. ആ ബജറ്റ് സ്പീച്ച് നിലനിൽക്കുന്നുണ്ടോയെന്നും അതിലെ കാര്യങ്ങളെക്കുറിച്ചും കൃത്യമായി അദ്ദേഹം പറഞ്ഞില്ലെങ്കിൽ അപകടമുണ്ടാകും.

സ്ത്രീ സുരക്ഷയ്ക്ക് 3720 കോടി രൂപ, ക്ഷേമ പെൻഷന് 14500 കോടി രൂപ, മുഖ്യമന്ത്രിയുടെ കണക്ട് ടു വർക്ക് സ്കോളർഷിപ്പിനായി 400 കോടി രൂപ എന്നിങ്ങനെയാണ് വകയിരുത്തിയിരുന്നത്. എന്നാൽ ഈ സർക്കാർ ഇതിനായി അനുവദിച്ച തുകയിൽ വൻ വെട്ടിക്കുറവ് വരുത്തിയിരിക്കുകയാണ്. വൈക്കം മുഹമ്മദ് ബഷീറിന്റെ 'ഒരു  മനുഷ്യൻ' എന്ന ചെറുകഥയിൽ 'നല്ല മനുഷ്യൻ' എന്നൊരു കഥാപാത്രമുണ്ട്. അന്യദേശത്തെ ഒരു നഗരത്തിൽ ജോലി ചെയ്തു ജീവിക്കുന്ന ഒരു കഥാകൃത്ത് നഗരത്തിലെ ഒരു ഹോട്ടലിൽനിന്ന് ഭക്ഷണം കഴിച്ചശേഷം പണം കൊടുക്കാൻ കൈയിൽ പണമില്ലാതെ കുടുങ്ങിപ്പോകുന്നു. കാരണം, അയാളുടെ പേഴ്സ് പോക്കറ്റടിച്ചുപോയിരുന്നു. അന്നത്തെ കാലമനുസരിച്ച് ഹോട്ടലുടമ കഥാകൃത്തിനോട് ഷർട്ടും പാന്റുമെല്ലാം ഊരി വാങ്ങിയശേഷം അരിയാട്ടാനായി അപ്പുറത്തേയ്ക്ക് ഇരിക്കാൻ പറഞ്ഞു. ആ സമയത്ത് ആൾക്കൂട്ടത്തിനിടയിൽ നിന്ന് മുന്നോട്ടുവരുന്നൊരു അപരിചിതൻ ബിൽ തുക  എത്രയാണെന്ന് ചോദിക്കുകയും ഹോട്ടലുടമയ്ക്ക് കാശ് കൊടുക്കുകയും ചെയ്യുന്നു. അതാണ് നല്ല മനുഷ്യൻ. പിന്നീട് കഥാകൃത്തിനെ ഒരു പ്രൈവറ്റ് ബസ് സ്റ്റാന്റിനപ്പുറത്തെ വിജനമായ സ്ഥലത്തേക്ക് കൂട്ടിക്കൊണ്ടുപോകുന്ന 'നല്ല മനുഷ്യൻ' അഞ്ചാറ് പേഴ്സുകൾ എടുത്തു കാണിച്ചശേഷം ഇതിലേതാണ് നിങ്ങളുടെ പേഴ്സെന്ന് കഥാകൃത്തിനോട് ചോദിക്കുകയും 'നിങ്ങളുടെ പേഴ്സ് എടുത്തോളൂ' എന്നു പറയുകയും ചെയ്യുന്നു. ആ നല്ല മനുഷ്യനെപ്പോലെയാണ് ഇപ്പോൾ ധനകാര്യ വകുപ്പുമന്ത്രി പെരുമാറുന്നത്. 3720 കോടി രൂപയിൽ നിന്ന് തുക കട്ട് ചെയ്തശേഷം സ്ത്രീകളുടെ സൗജന്യ യാത്രയ്ക്കായി കെ.എസ്.ആർ.ടി.സി.ക്ക് 600 കോടി രൂപ കൊടുത്തു; നല്ല കാര്യം. ഇത് ആളുകൾക്ക്

*24-06-2026*
*Financial Business - General Discussion on the Revised Budget (2026-27)*

മനസ്സിലാകുന്ന കാര്യമാണ്. സംസ്ഥാനത്ത് സ്ത്രീകൾക്ക് സൗജന്യ ബസ് യാത്ര നടപ്പിലാക്കിയതിലുള്ള സന്തോഷത്തിൽ ഞങ്ങളും പങ്കുചേരുകയാണ്. എന്നാൽ പറഞ്ഞ കാര്യങ്ങൾ പാലിക്കണമെന്ന് മാത്രമേ ഞാൻ സൂചിപ്പിക്കുന്നുള്ളൂ. ഓരോ മേഖലയിലും വകയിരുത്തിയ തുക വെട്ടിക്കുറച്ചിട്ട് അതിനുള്ള ന്യായീകരണവും ആർഗ്യുമെന്റും നടത്തി എത്രകാലം മുന്നോട്ടുപോകാൻ സാധിക്കും. കഴിഞ്ഞ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ പാസാക്കിയ ബജറ്റിൽനിന്നും പറഞ്ഞ ചില കാര്യങ്ങളിൽ വിട്ടുപോയത് ഞാൻ പറയാം. ധനകാര്യ വകുപ്പുമന്ത്രി എന്ന നിലയിൽ മുഖ്യമന്ത്രി ശ്രദ്ധിക്കുമെന്ന് ഞാൻ കരുതുന്നു. മുൻ മുഖ്യമന്ത്രി വി. എസ്. അച്യുതാനന്ദന്റെ പേരിൽ ഒരു സെന്ററിന് 20 കോടി രൂപ ഞങ്ങൾ വകയിരുത്തിയിരുന്നു. എന്നാൽ ഈ സർക്കാരിന്റെ ബജറ്റിൽ അതിനെക്കുറിച്ചൊന്നും പറഞ്ഞിട്ടില്ല. അങ്ങനെ ധാരാളം കാര്യങ്ങൾ പുതുക്കിയ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. അതുപോലെ പ്രധാനപ്പെട്ടതാണ് എം.സി. റോഡ് വികസനം. ഏഴെട്ട് ജില്ലക്കാരുടെ ഏറ്റവും പ്രധാനപ്പെട്ട യാത്രാസൗകര്യങ്ങളുടെ മേഖലയാണത്. അവിടെ എൻ.എച്ച്. ഇല്ല. അങ്ങേയ്ക്കും അറിയാമല്ലോ. കോട്ടയത്തെ ഉൾപ്പെടെയുള്ള എല്ലാ സ്ഥലങ്ങളിലേക്കും അതിവേഗം പോകേണ്ടതല്ലേ. അതിൽ കിഫ്ബിയിലൂടെ 5217 കോടി രൂപയാണ് നീക്കി വച്ചിരുന്നത്. കിഫ്ബി വഴി എത്രയോ പദ്ധതികൾ നമ്മൾ നടത്തുന്നു. അതും ഇതിനകത്ത് എടുത്ത് പറഞ്ഞിട്ടില്ല. എം.സി. റോഡ് നമ്മുടെയെല്ലാം പൊതു ആവശ്യമാണ്. ഇതുപോലുള്ള പല കാര്യങ്ങളും ഒഴിവാക്കിയിട്ടുണ്ട്. അതുപോലെ ഗിഗ് തൊഴിലാളികളുടെ കാര്യത്തിലും ഓട്ടോറിക്ഷാ തൊഴിലാളികൾക്കും ഓട്ടോറിക്ഷാ സ്റ്റാന്റിനും അവരുടെ ഇൻഷ്വറൻസിനും ഇലക്ട്രിക് ഓട്ടോ വാങ്ങുന്നതിന് പണം കൊടുക്കുന്നതുമുൾപ്പെടെയുള്ള കാര്യങ്ങൾ ഇതിലില്ല.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട അംഗം മുൻധനകാര്യ വകുപ്പുമന്ത്രികൂടിയാണ്. ഇവിടെ അവതരിപ്പിച്ചത് സമ്പൂർണ്ണ ബജറ്റ് അല്ലല്ലോ; അദ്ദേഹം അവതരിപ്പിച്ച ബജറ്റ് ഇവിടെ നിലനിൽക്കുകയാണ്. മുൻ മുഖ്യമന്ത്രി വി. എസ്. അച്യുതാനന്ദന്റെ പേരിലുള്ള സ്മാരകമുൾപ്പെടെയുള്ള കാര്യങ്ങൾ ഇവിടെ നിലനിൽക്കുകയാണ്. ഇത് പുതിയ ഗവൺമെന്റ് വന്നതിനുശേഷമുള്ള ഒരു സമ്പൂർണ്ണ

ബജറ്റ് അല്ലെന്ന് അദ്ദേഹത്തിനും അറിയാമല്ലോ. പഴയ ബജറ്റിൽപ്പെട്ട എല്ലാ കാര്യങ്ങളും ഇവിടെ പറയേണ്ട ആവശ്യമില്ലല്ലോ.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ഒരു അഷ്വറൻസായി ഞാൻ കണക്കാക്കുകയാണ്. ആ ബജറ്റിൽ പറഞ്ഞിരുന്ന കാര്യങ്ങളെല്ലാം അതേപോലെ ഇതിൽ ഉൾപ്പെടുന്നുണ്ടെങ്കിൽ എനിക്ക് യാതൊരു പ്രശ്നവുമില്ല. പിന്നെ എനിക്ക് അതേപ്പറ്റി ഒന്നും പറയാനില്ല. എനിക്കൊരു സംശയം തോന്നിയതുകൊണ്ട് ഞാൻ പറഞ്ഞതാണ്. ഡിഗ്രി സൗജന്യ വിദ്യാഭ്യാസം, നേറ്റിവിറ്റി കാർഡ് അങ്ങനെ കുറേ കാര്യങ്ങളുണ്ട്. ബഹു. മന്ത്രി നൽകിയ അഷ്വറൻസിൽ ഞാൻ വിശ്വസിക്കുന്നു. അതുപോലെ വളരെ പ്രധാനപ്പെട്ടതാണ്, ബഹു. ധനകാര്യ വകുപ്പുമന്ത്രി ശ്രദ്ധിക്കുമെന്ന് ഞാൻ കരുതുന്നു, ഭരണാനുമതി കൊടുത്ത വർക്കുമുണ്ട്, ഭരണാനുമതി കൊടുക്കാത്ത വർക്കുമുണ്ട്, ഇതിൽ രണ്ടിലും അമെന്റ്മെന്റ് വരുത്തിയിട്ടുണ്ട്. അമെന്റ്മെന്റ് അങ്ങനെ വരുത്തിയിട്ടില്ലെങ്കിൽ കുഴപ്പമില്ല. അതും വന്നിട്ടുണ്ട്. തുടർച്ചയായതുകൊണ്ട് സാധാരണ ഉണ്ടാകുന്നതിലധികം ആശങ്കയുണ്ടാകും എന്നുള്ളതുകൊണ്ട് ഞാൻ പറഞ്ഞതാണ്. ആ കാര്യങ്ങൾ ശ്രദ്ധിക്കണം. മറ്റൊരു കാര്യം, ലോട്ടറിയെക്കുറിച്ചാണ്. മുൻ ധനകാര്യ വകുപ്പുമന്ത്രി എന്ന നിലയിൽ ഞാൻ ഇതൊന്നും എതിർക്കുന്നതല്ല, ഇപ്പോഴത്തെ ധനകാര്യ വകുപ്പുമന്ത്രിയെ സഹായിക്കാൻ വേണ്ടി പറയുന്നതാണ്.

മി. സ്പീക്കർ: അങ്ങ് എന്നോട് പറഞ്ഞത് നാല് മിനിറ്റാണ്. അതും കഴിഞ്ഞു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ലോട്ടറിയുടെ കാര്യത്തിൽ ഡിജിറ്റലൈസേഷന്റെ ഒരു കാര്യം പറഞ്ഞു. അത് നിലവിലുള്ള ഏജന്റുമാരെയും കച്ചവടത്തെയും ബാധിക്കുന്ന ഒരു പ്രശ്നമാകരുത് എന്നുള്ളതുകൊണ്ടാണ് പറയുന്നത്. കാരണം കേരളത്തിൽ ഒരു ലക്ഷം പേർക്ക് ജോലി കിട്ടുന്ന ഒരു മേഖലയാണ് ലോട്ടറി. അതുപോലെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ അപകടകരമായ കാര്യമായി വരാവുന്ന ഒരു സംഗതി പിഎം ശ്രീ.യുടെ കാര്യം പോലെ ബജറ്റ് സ്പീച്ചിൽ 33-ാമത്തെ പാരഗ്രാഫിൽ സൂചിപ്പിച്ച തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിനും തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിങ്

*24-06-2026*
*Financial Business - General Discussion on the Revised Budget (2026-27)*

കോളേജിനും 'കോൺസ്റ്റിറ്റ്യുവന്റ് കോളേജ് ഓഫ് ദി യൂണിവേഴ്സിറ്റി' പദവി നൽകുമെന്ന കാര്യമാണ്. ഞാൻ അങ്ങനെ കൊടുക്കുന്നതിന് എതിരല്ല. കേരളത്തിലെ ഏറ്റവും നല്ല ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽപ്പെട്ടതാണ് തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിങ് കോളേജും തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജും. പക്ഷെ യു.ജി.സി. പറയുന്ന നോംസ് അനുസരിച്ച് യൂണിവേഴ്സിറ്റിയുടെ കീഴിൽ കൊടുക്കുമ്പോൾ ഇപ്പോൾ ഗവർണർ നിയന്ത്രിക്കുന്ന ഉന്നതവിദ്യാഭ്യാസം പോലെയാകുമത്. സ്വതന്ത്രരാകുമ്പോൾ അതിന്റെ സിൻഡിക്കേറ്റ് അക്കാഡമിക് ബോഡിയുമെല്ലാം അങ്ങനെയാകും. അത് വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇങ്ങനെ ചില കാര്യങ്ങൾ ഈ ബജറ്റിലുണ്ട്. ഇത്തരം കാര്യങ്ങൾ വരുമ്പോൾ വീണ്ടും അതിന്റെ നിയന്ത്രണവും പോകും എന്നുള്ള സ്ഥിതിയുണ്ട്. രാവിലെ പറഞ്ഞല്ലോ എം.ജി. യൂണിവേഴ്സിറ്റിയിലെ പത്തൊമ്പത് സെനറ്റ് മെമ്പർമാരും ബി.ജെ.പി.യുടെ ലിസ്റ്റ് അനുസരിച്ചാണ് വച്ചത് എന്നത്, ഇങ്ങനെയുള്ള കാര്യങ്ങളിൽ പ്രശ്നങ്ങളുണ്ട്. എന്നാൽ നമ്മുടെ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞതുപോലെ പഴയ കാര്യങ്ങളെല്ലാം കൃത്യമായി സംരക്ഷിക്കുമെന്ന് ഞാൻ കരുതുന്നു. ജീവനക്കാരുടെ ശമ്പള പരിഷ്കരണവും ലീവ് സറണ്ടറുമുൾപ്പെടെയുള്ള കാര്യങ്ങളുടെ പരിഷ്കരണവും ഇപ്പോഴാണ് വന്നത്. എല്ലാവർക്കും വലിയ പ്രതീക്ഷയായിരുന്നു. ആ പ്രതീക്ഷ നിലനിൽക്കട്ടെ. കഴിഞ്ഞ സർക്കാരിന്റെ ബജറ്റിൽ പെൻഷനെയും ശമ്പള പരിഷ്കരണത്തെയും സംബന്ധിച്ച് പറഞ്ഞ കാര്യങ്ങൾ തുടർന്നും നടപ്പിലാക്കണമെന്നാണ് ആഗ്രഹിക്കുന്നത്. എൽ.ഡി.എഫ്. ഭരണകാലത്തുണ്ടായിരുന്ന ജീവനക്കാർത്തന്നെയാണ് ഇപ്പോഴുമുള്ളത്. അവർക്ക് രാഷ്ട്രീയമില്ല. ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനുവേണ്ടി ഫിറ്റ്മെന്റ് ബെനിഫിറ്റ് ഒഴികെയുള്ള ബാക്കിയെല്ലാ ആനുകൂല്യങ്ങളും നൽകിയിട്ടുണ്ട്. പത്ത് ശതമാനം ഡി.എ. നൽകാനുണ്ടായിരുന്നത് മുഴുവനായും കൊടുത്തു. അതിൽ ഫിറ്റ്മെന്റ് ബെനിഫിറ്റ് ഉൾപ്പെടെയുള്ള കാര്യങ്ങൾ കൂടി നൽകിയാൽ ശമ്പള പരിഷ്കരണം പൂർത്തിയാകും. അഷ്വേർഡ് പെൻഷന്റെ കാര്യം നേരത്തെ പറഞ്ഞിരുന്നു. അഷ്വേർഡ് പെൻഷന്റെ കാര്യത്തിൽ സംശയമില്ലാത്തതും നടപ്പിലാക്കാൻ സാധിക്കുന്നതുമാണ്. അതിനാൽ അത് നടപ്പിലാക്കാൻ കഴിയണം.

*24-06-2026*
*Financial Business - General Discussion on the Revised Budget (2026-27)*

അതുപോലെ കോവിഡ് സമയത്ത് ഒരു വർഷം മാത്രമാണ് സർക്കാർ ജീവനക്കാരുടെ ലീവ് സറണ്ടർ ഗവൺമെന്റ് നൽകാതിരുന്നത്. അതിനുശേഷം ലീവ് സറണ്ടർ നൽകാതിരുന്നിട്ടില്ല. നിശ്ചിത വരുമാനം വരെയുള്ള സർക്കാർ ജീവനക്കാർക്ക് കാശായും അതിനുമുകളിൽ വരുമാനമുള്ളവരുടെ ലീവ് സറണ്ടർ പി.എഫ്.-ൽ ലയിപ്പിക്കുകയും ചെയ്യുന്ന രീതിയായിരുന്നു അനുവദിച്ചിരുന്നത്. എന്നാൽ ഇപ്പോൾ മൊത്തം ലീവ് സറണ്ടറും തൽക്കാലികമായി ഫ്രീസ് ചെയ്തിരിക്കുകയാണ്; അത് നൽകുമായിരിക്കും. ഞാൻ ഒരു കാര്യം പറയാം, കേരളത്തിന്റെ സാമ്പത്തിക സ്ഥിതി വിചാരിക്കുന്നതുപോലെ സാമ്പത്തികമായ അബദ്ധമോ അപകടമോ നേരിടുന്നില്ല. പെൻഷൻ നൽകുന്നതിനായി രണ്ടായിരം കോടി രൂപ അനുവദിച്ചുകൊണ്ടുള്ള ഒരു ഓർഡർ ഇന്ന് വന്നല്ലോ; അതിനുള്ള സാമ്പത്തിക സ്ഥിതിയുണ്ടെന്നുള്ള കാര്യം അംഗീകരിക്കണം. കേരളത്തിന് അപകടകരമായ സാമ്പത്തിക സ്ഥിതിയില്ല; കടം വർധിച്ചിട്ടുമില്ല സാമ്പത്തിക സ്ഥിതി മോശമായിട്ടുമില്ല. അതുകൊണ്ടാണ് ഇന്ദിരാ ഗ്യാരന്റികളിൽ ചിലത് നൽകാനായി സർക്കാർ തയ്യാറായത്.

ഈ സംസ്ഥാനത്തെ വിറ്റഴിക്കാനുള്ള നിലപാട് സ്വീകരിക്കരുത്. കേരള മോഡലിനൊരു പ്രത്യേകതയുണ്ട്. ഇവിടെ പഴയ നെഹ്റുവിയൻ സോഷ്യലിസം (സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ പശ്ചാത്തലമൊക്കെ) ഉപയോഗിച്ച് പൊതുമേഖലയെയും സ്വകാര്യ മേഖലയുമൊക്കെ ശക്തമായി മുന്നോട്ടുകൊണ്ടുപോകണം. എല്ലാം സ്വകാര്യ മേഖലയ്ക്ക് നൽകാൻ പാടില്ല. സ്വകാര്യ മൂലധനത്തിന് പ്രതിപക്ഷം എതിരല്ല. സ്വകാര്യ മൂലധനം ആവശ്യമാണ്. പക്ഷെ ക്രോണി കാപ്പിറ്റലിസം എന്നുപറയുന്ന പൊതുമേഖലയെ ചവറുവിലയ്ക്ക് സ്വകാര്യ മേഖലയ്ക്ക് വിട്ടുകൊടുക്കുന്ന/വൻകിട കോർപ്പറേറ്റുകൾക്ക് വിട്ടുകൊടുക്കുന്ന ഒരു സാമ്പത്തിക നയം നടപ്പിലാക്കുന്നതിന് ആദ്യമായി ഇത്രയും ശക്തമായി കേരളത്തിൽ ഒരു മുഖ്യമന്ത്രിയും ഗവൺമെന്റും തയ്യാറാകുന്നുവെന്ന പ്രശ്നമുണ്ട്. കമ്മ്യൂണിസം നശിച്ചുപോയി എന്നൊക്കെ ഇവിടെ പറഞ്ഞു. കമ്മ്യൂണിസം നശിച്ചുപോയിട്ടില്ല. ഇവിടെ ഇപ്പോൾ ശ്രീ. സി. പി. ജോൺ ഇല്ല. അദ്ദേഹം വളരെ മുമ്പുതന്നെ രാഷ്ട്രീയ അഭിപ്രായവ്യത്യാസങ്ങളോടുകൂടി ഞങ്ങളുടെ പാർട്ടിയിൽനിന്നും വിട്ടുപോയതാണ്. അദ്ദേഹം

കമ്മ്യൂണിസ്റ്റുകാരനാണെന്ന് അവകാശപ്പെടുന്നതാണ്. അദ്ദേഹത്തിന് അദ്ദേഹത്തിന്റേതായ രാഷ്ട്രീയാഭിപ്രായം മുമ്പേയുണ്ട്.

മി. സ്പീക്കർ: സമയം.......സമയം....

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, എന്നാൽ ഞങ്ങൾക്ക് ഇന്നയിന്ന സീറ്റ് കിട്ടിയില്ലെന്ന് അവസരവാദം പറഞ്ഞ് അപ്പുറത്തേക്ക് ചാടിപോയിട്ട് കമ്മ്യൂണിസത്തെക്കുറിച്ച് അഭിപ്രായം പറയുന്ന ആളുകളുണ്ട്. അവർ നേരത്തെ പറഞ്ഞതും പ്രവർത്തിക്കുന്നതും വ്യത്യസ്തമാണെന്ന് കണ്ടുകൊണ്ട് അഭിപ്രായം പറയാൻ തയ്യാറാകാമോ;.......

മി. സ്പീക്കർ: പ്ലീസ്..... കൺക്ലൂഡ്.....

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, പത്തോ അഞ്ചോ മിനിട്ട് ആകട്ടെ. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇനി സംസാരിക്കുന്നില്ല. ഞാൻ പ്രസംഗം അവസാനിപ്പിക്കാൻ പോകുകയാണ്. ഇതുസംബന്ധിച്ച് അധികം പറഞ്ഞിട്ടോ വാദിച്ചിട്ടോ കാര്യമില്ല. രണ്ട് ഉദാഹരണം പറയാം. സാധാരണഗതിയിൽ ഒരു പേപ്പർ വയ്ക്കുന്നതിനുമുമ്പാണ് തടസ്സവാദം ഉന്നയിക്കുന്നത്. ഞാൻ മന്ത്രിയായിരുന്ന കഴിഞ്ഞ അഞ്ച് വർഷവും അങ്ങനെതന്നെയാണ് കണ്ടുവന്നിരുന്നത്. അക്കാര്യം ഞാൻ ഇവിടെ പറഞ്ഞപ്പോൾ നിങ്ങൾ അഞ്ച് വർഷം അംഗമായിരുന്നെങ്കിൽ ഞാൻ ഇരുപത്തിയഞ്ച് വർഷമായി നിയമസഭാംഗമാണെന്നാണ് അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. അഞ്ച് വർഷമാണോ ഇരുപത്തിയഞ്ച് വർഷമാണോ എന്നതല്ല ഇവിടത്തെ പ്രശ്നം. നമ്മൾ അങ്ങോട്ടുമിങ്ങോട്ടും പറയുമ്പോൾ എപ്പോഴും അദ്ദേഹം പറയുന്നത് ഇത് ഒരു ഡിസ്കോഴ്സാണെന്നാണ്. ഇതിൽ 50-60 ശതമാനം പോയിന്റുകൾ അങ്ങോട്ടുമിങ്ങോട്ടും എടുക്കാൻ സാധിക്കുന്നതാണ്. 20-25 ശതമാനം പോയിന്റുകളിൽ മാത്രമെ ഹാർഡ് പൊളിറ്റിക്സ് ഉള്ളൂ. ബാക്കി കേരളത്തിന്റെ കാര്യങ്ങളാണ് പറയുന്നത്. ഞങ്ങളുടെ വ്യക്തിപരമായ കാര്യങ്ങളല്ല ഇവിടെ പറഞ്ഞത്. അതുപോലും പറയേണ്ടതില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയായ പി. കെ. ബഷീർ പറഞ്ഞത്. അദ്ദേഹം പ്രതിപക്ഷത്തിന്റെ സ്ഥാനത്തുനിന്ന് പറഞ്ഞപ്പോൾ ഞങ്ങളെല്ലാവരും നല്ല രീതിയിൽ പിന്തുണച്ചിരുന്നതാണ്. ഞങ്ങൾ മോശമായ എന്തെങ്കിലും കാര്യം പറഞ്ഞോ; ഈ ബജറ്റ്

കേരളത്തിനകത്ത് ഇതുവരെ വന്നിരുന്ന ഒരു പൊതു വ്യവസ്ഥയ്ക്ക് തകർച്ചയുണ്ടാക്കുന്നു. കിഫ്ബി ഉൾപ്പെടെയുള്ള കേരളത്തിന്റെ പല വികസന മാതൃകകളെയും നാടിന്റെ പുരോഗതിയെയും തകർക്കുന്ന തരത്തിലുള്ള കാര്യങ്ങൾ ചെയ്യരുത്. കേന്ദ്ര ഗവൺമെന്റിന്റെ നിലപാടിനെതിരായി അതിശക്തമായ ചില കാര്യങ്ങൾ പറയേണ്ടതാണ്. അത് രാഷ്ട്രീയമായല്ല പറയേണ്ടത്. കോൺഗ്രസ് ഭരിക്കുന്ന മറ്റ് സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ സ്വീകരിക്കുന്ന രാഷ്ട്രീയ നിലപാടെങ്കിലും സ്വീകരിക്കാൻ കേരളത്തിലെ വി. ഡി. സതീശൻ സർക്കാർ തയ്യാറാകണം. സമ്പത്തിന്റെ പേരിൽ സംസ്ഥാനത്തിന്റെ താൽപര്യങ്ങളെ ഹനിക്കുന്ന തരത്തിലുള്ള നിലപാടുകൾ സ്വീകരിക്കാൻ പാടില്ലെന്ന് പറഞ്ഞുകൊണ്ടും ഈ ബജറ്റിന്റെ സ്വഭാവം ഇങ്ങനെയായതിനാൽ അതിനെ എതിർത്തുകൊണ്ടും ഞാൻ നിർത്തുന്നു.

ശ്രീ. വി. മുരളീധരൻ: സർ, .......(മൈക്ക് ഓഫ്)....... ഏത് അടിസ്ഥാനത്തിലാണെന്ന് വിശദീകരിക്കുന്നത് നന്നായിരിക്കും. ഗവർണറുടെ പദവിയിരുന്നുകൊണ്ട് ഗവർണർ നടത്തുന്ന നിയമനങ്ങൾ ഒരു രാഷ്ട്രീയ പാർട്ടിയുടെ ശിപാർശയനുസരിച്ചാണെന്ന് പറയുന്നത് ഗവർണറുടെ പദവിയെ അപമാനിക്കുന്നതാണ്. ഭാരതീയ ജനതാ പാർട്ടി അത്തരത്തിലുള്ള ഒരു ലിസ്റ്റും നൽകിയിട്ടില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. പിണറായി വിജയൻ): സർ, ബി.ജെ.പി. അല്ലെങ്കിൽ ആർ.എസ്.എസ്. ആയിരിക്കും. അത് ആരാണെന്ന് അവർ തീരുമാനിച്ചാൽ മതി.

ശ്രീ. വി. മുരളീധരൻ: സർ, ഇത് രണ്ടും രണ്ടാണ്. ആർ.എസ്.എസ്. നൽകിയതായിട്ടുള്ള തെളിവുകൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ കൈയിലുണ്ടോ?.............

മി. സ്പീക്കർ: ഇത് കൺക്ലൂഡ് ചെയ്യാം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഈ സർക്കാരിനെ ഉജ്ജ്വലമായ ഭൂരിപക്ഷത്തിൽ അധികാരത്തിലെത്തിച്ചത് കേരളത്തിലെ ജനങ്ങളാണ്. റിക്കോർഡ് ഭൂരിഭക്ഷം നൽകിയാണ് യു.ഡി.എഫ്.-നെ അധികാരത്തിലെത്തിച്ചത്. ജനങ്ങളോട് ഞങ്ങൾ സംവദിക്കുമ്പോൾ അന്നത്തെ ഗവൺമെന്റിന്റെ നയപരിപാടികളെയും സാമ്പത്തിക പരിപാടികളെയും ഞങ്ങൾ രൂക്ഷമായി വിമർശിച്ചിട്ടുണ്ട്. ആ രൂക്ഷമായ വിമർശനം നടത്തുമ്പോൾതന്നെ ആ ഗവൺമെന്റ് എവിടെയെല്ലാമാണ് പരാജയപ്പെട്ടത് അവിടെയെല്ലാം

*24-06-2026*

*Financial Business - General Discussion on the Revised Budget (2026-27)*

ബദൽ നിർദേശങ്ങളുമായാണ് ഞങ്ങൾ ജനങ്ങളുമായി ആശയവിനിമയവും തിരഞ്ഞെടുപ്പ് പ്രചാരണവും നടത്തിയത്. കേരളം തകർച്ചയിലേക്ക് പോവുകയാണ് എന്നാണ് ഞങ്ങൾ കേരളത്തിലെ ജനങ്ങളോട് പറഞ്ഞത്. ആ കേരളത്തെ രക്ഷിക്കാനും പുനഃസംഘടിപ്പിക്കാനും ഭാവി കേരളത്തെ സുരക്ഷിതമാക്കാനുമുള്ള പദ്ധതികൾ ഞങ്ങൾ അധികാരത്തിൽ വന്നാൽ നടപ്പിലാക്കുമെന്ന ഉറപ്പാണ് ജനങ്ങൾക്ക് നൽകിയത്. അധികാരത്തിലേറി ഒരു മാസം കഴിയുമ്പോൾ അതിൽ ശ്രദ്ധേയമായ ചില ചുവടുവയ്പുകൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞതിന്റെ അഭിമാനത്തിലും ആത്മവിശ്വാസത്തിലുമാണ് ഈ ഗവൺമെന്റ് ഇവിടെ നിൽക്കുന്നത്. ഞങ്ങൾ അധികാരത്തിൽ വന്ന് ഒരുമാസത്തിനകം ഞങ്ങളുടെ നയപരിപാടികൾ കൃത്യമായും വ്യക്തമാക്കുന്ന ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം ഇവിടെ അവതരിപ്പിച്ചു. സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ സ്ഥിതി എന്താണ്; സമ്പദ്ഘടനയുടെ ആരോഗ്യത്തെ 'ഫിസ്കൽ ഹെൽത്ത്' എന്നാണ് ഞങ്ങൾ അതിന് പേരിട്ടത്, അത് എന്താണെന്ന് വ്യക്തമാക്കിക്കൊണ്ട് ഈ സംസ്ഥാനം കണ്ട ഏറ്റവും സമഗ്രമായൊരു ഡോക്യുമെന്റ് അവതരിപ്പിച്ചു. അത് രാഷ്ട്രീയ വിമർശനമല്ലെന്നും അതൊരു ഓതന്റിക് ഡോക്യുമെന്റാണെന്നുമാണ് ഞങ്ങൾ പറഞ്ഞത്. ഭാവിയെ കെട്ടിപ്പടുക്കാൻ എന്ത് ചെയ്യണമെന്നും എങ്ങനെ മുന്നോട്ടുപോകണമെന്നും നമ്മൾ തീരുമാനിക്കുമ്പോൾ, എന്താണ് യഥാർഥ സ്ഥിതിയെന്ന് തിരിച്ചറിയുന്നതിനുവേണ്ടിയുള്ള കാര്യങ്ങളാണ് ഡോക്യുമെന്റിലുള്ളത്. അതിനുശേഷം ഞങ്ങൾ ഈ ബജറ്റ് അവതരിപ്പിച്ചു. നിങ്ങൾ ഉന്നയിച്ച ചില ആക്ഷേപങ്ങൾ ഞാൻ സമ്മതിക്കുന്നു. കാരണം ഇത് പരമ്പരാഗത രീതിയിൽ അവതരിപ്പിക്കപ്പെട്ടൊരു ബജറ്റ് അല്ല. ഇതിനുമുമ്പ് അധികാരത്തിലിരുന്ന യു.ഡി.എഫ്.-എൽ.ഡി.എഫ്. ഗവൺമെന്റുകൾ അവതരിപ്പിച്ച രീതിയല്ല ഈ ബജറ്റ് അവതരണത്തിൽ അവലംബിച്ചിട്ടുള്ളത്. കാലഹരണപ്പെട്ട കാര്യങ്ങളെ മാറ്റിനിർത്തിക്കൊണ്ട്, നോളജ് എക്സ്പ്ലോഷൻ നടക്കുന്ന ഈ കാലഘട്ടത്തിൽ കേരളത്തിന്റെ സാധ്യതകൾ എന്താണെന്ന് പരിശോധിച്ച് അഡ്വാന്റേജസും ഡിസ്അഡ്വാന്റേജസും എന്താണെന്ന് കൃത്യമായി പരിശോധിച്ചാണ് ഈ ബജറ്റ് തയ്യാറാക്കിയത്. ഇതൊരു ഫ്യൂച്ചറസ്റ്റിക് ബജറ്റാണ്. കേരളം ഭാവിയിൽ എന്ത് ചെയ്യണമെന്ന് കൃത്യമായ ദിശാബോധം നൽകുന്ന രീതിയിലാണ് ഞങ്ങൾ

ബജറ്റ് അവതരിപ്പിച്ചത്. അതോടൊപ്പം ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ കൃത്യമായി പ്രതിഫലിക്കുകകൂടി ചെയ്യുന്നൊരു ബജറ്റാണിത്. കേരളത്തിൽ ഡെമോഗ്രാഫിക് ചെയ്ഞ്ചസ് നടക്കുന്നൊരു കാലമാണിത്. സാമ്പത്തികമായ പരിവർത്തനത്തിലൂടെ ലോകവും രാജ്യവും കേരളവും നടന്നുനീങ്ങുന്നൊരു കാലമാണ്. ജനസംഖ്യാപരമായ മാറ്റങ്ങളെ കണ്ടില്ലെന്ന് നടിക്കാൻ കേരളത്തിന് കഴിയില്ല. പഴയ കേരള മോഡലിനെക്കുറിച്ച് പറഞ്ഞ് നമ്മൾ ഇപ്പോഴും അഭിരമിക്കുകയാണ്. ആ കേരള മോഡലിന്റെ കരുത്ത് എന്തായിരുന്നു? അറുപതോ അറുപത്തിയഞ്ചോ ശതമാനം വരുന്ന കേരളത്തിലെ ജനസംഖ്യയുടെ ഒരു ശതമാനം ചെറുപ്പക്കാരുടെതാണ്. അറുപതോ അറുപത്തിയഞ്ചോ ശതമാനം വരുന്ന കേരളത്തിലെ തൊഴിൽപ്രായത്തിലുള്ള ചെറുപ്പക്കാരുടെ എണ്ണം കുറഞ്ഞുവരികയാണ്. കേരളത്തിലെ ആയുർദൈർഘ്യം വർധിക്കുകയും പ്രായമായവരുടെ എണ്ണം ഗണ്യമായി കൂടുകയാണ്. കേരളം ഡെമോഗ്രാഫിക് ചെയ്ഞ്ചിലാണ്. അതിനെ അഭിസംബോധന ചെയ്യണം. കേരളത്തിൽ ജനസംഖ്യ കുറയുക മാത്രമല്ല, ഹാർവാർഡ് സർവകലാശാലയിലെ സാമ്പത്തിക ശാസ്ത്രജ്ഞന്മാർ പറഞ്ഞിരിക്കുന്ന ഡെമോഗ്രാഫിക്ക് ഡിവിഡന്റ് എന്ന വാക്കും പരിഗണിക്കേണ്ടതാണ്. ജനസംഖ്യ നൽകുന്ന അഡ്വാന്റേജിലെ കൺസ്ട്രക്ടീവായിട്ടുള്ള കമ്പോണന്റ് യുവത്വമാണ്. അവരാണ് നാടിനുവേണ്ടി കോൺട്രിബ്യൂട്ട് ചെയ്യുന്നത്. എന്നാൽ അവരുടെ കോൺട്രിബ്യൂഷൻ ചെറുതാവുകയും അതിലൊരു വലിയ വിഭാഗം ബ്രെയിൻ ഡ്രെയിനിന്റെ ഭാഗമായി സംസ്ഥാനത്തിനുപുറത്തേയ്ക്കും രാജ്യത്തിനുപുറത്തേയ്ക്കും വലിയതോതിൽ കുടിയേറ്റം നടത്തുകയും മറ്റ് ജനസംഖ്യാ വിഭാഗം വർധിക്കുകയും ചെയ്യുന്നു. അതൊരു സമീപനമാണ്. സാമ്പത്തികമായ മാറ്റത്തിലൂടെ പോകുകയാണ്. അത്തരം സമീപനമുണ്ടാകുമ്പോൾ ഉന്നതവിദ്യാഭ്യാസ രംഗത്ത് ഊന്നൽ കൊടുത്ത്, നോളജ് എക്സ്പ്ലോഷൻ നടക്കുന്ന കാലഘട്ടത്തിൽ കൃത്യമായ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളും നല്ല യൂണിവേഴ്സിറ്റികളും പുതിയ കോഴ്സുകളുമുണ്ടാകണം. Nature of Jobs have been changing; ലോകത്താകെ വളരെ പെട്ടെന്ന് ജോലിയുടെ സ്വഭാവം മാറിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് ഈ സർക്കാർ 'ഗ്ലോബൽ ജോബ് വാച്ച് ടവർ' ആരംഭിക്കുന്നത്. ഇന്ത്യയിലും പുറത്തുമുള്ള ആളുകളിൽ നിന്ന് ഓരോ സെക്ടറുകളിലും എക്സ്പേർട്ടുകളെ നിയോഗിക്കുകയാണ്.

തൊഴിൽമേഖലയിൽ എന്തൊക്കെ മാറ്റങ്ങളാണ് സംഭവിക്കുന്നതെന്ന് അവർ നിരീക്ഷിക്കുകയും; അക്കാര്യം സർക്കാരിനും ഉന്നതവിദ്യാഭ്യാസ വകുപ്പിനും റിപ്പോർട്ട് ചെയ്യുകയും ചെയ്യും. തുടർന്ന് അതിനനുസൃതമായി കരിക്കുലം റീസ്ട്രക്ച്ചർ ചെയ്ത് പുതിയ കോഴ്സുകൾ തുടങ്ങുകയാണ്. ആ കോഴ്സുകൾ പഠിച്ചിറങ്ങുന്ന ചെറുപ്പക്കാർക്ക്, വിദ്യാർഥികൾക്ക് തൊഴിലവസരങ്ങൾ ഉറപ്പുവരുത്തണം, മാറ്റമുണ്ടാകണം. അതിനായിട്ടുള്ള സർവകലാശാലകളും ആശയങ്ങളും പ്രോഗ്രാമുകളുമുണ്ടാകണം. ഇപ്പോൾ 'കോഴ്സ്' എന്നല്ല 'പ്രോഗ്രാം' എന്നാണ് പറയുന്നത്. അക്കാഡമിക്ക് പ്രോഗ്രാമാണ്, അതാണ് പുതിയ വാക്ക്. അക്കാഡമിക്ക് പ്രോഗ്രാമുകളുണ്ടാകണം. അതിനുവേണ്ടിയാണ് ഈ ബജറ്റിൽ ഊന്നൽ കൊടുത്തിരിക്കുന്നത്. അവിടെയാണ് ഗ്ലോബൽ ജോബ് വാച്ച് ടവറും നോളജ് വാല്യൂവും നൽകിയിരിക്കുന്നത്. വലിയ സങ്കല്പത്തോടും പ്രതീക്ഷയോടും നടപ്പാക്കാൻ കഴിയുമെന്ന ഉത്തമ ആത്മവിശ്വാസത്തോടുംകൂടിയാണ് ഇത്തരമൊരു ആശയം അവതരിപ്പിച്ചിരിക്കുന്നത്. വയോജനങ്ങളെ സംരക്ഷിക്കണം. എന്നാലത് കുറെ ഔദാര്യങ്ങൾ വാരിക്കൊടുക്കുന്ന ഒരു വെൽഫെയർ പ്രോജക്ടല്ല. ലോകരാജ്യങ്ങളിൽ ഫലപ്രദമായി നടപ്പിലാക്കിയ സംവിധാനങ്ങളെക്കുറിച്ച് പഠിച്ചിട്ടാണ് മുതിർന്ന പൗരന്മാർക്കായി പ്രസ്തുത വകുപ്പ് രൂപീകരിച്ചിരിക്കുന്നത്. അവർ നമ്മളെ സഹായിക്കും, പക്ഷേ അവരെ കൺസ്ട്രക്റ്റീവാക്കണം. പോപ്പുലേഷന്റെ മേജർ ചങ്ക് യാതൊരു കോൺട്രിബ്യൂഷനുമില്ലാതെ ഇരിക്കരുത്. അവരെ നമുക്ക് യുവത്വവുമായി കൂട്ടിയിണക്കി കൺസ്ട്രക്റ്റീവാക്കാനുള്ള പദ്ധതികൾ സീനിയർ സിറ്റിസൺസ് വകുപ്പ് പ്രഖ്യാപിക്കും. അതിൽ ഏറ്റവും പ്രായമായവർ, തളർന്ന് കിടക്കുന്നവർ, വയ്യാതാകുന്നവർ എന്നിവരെ സംരക്ഷിക്കാനുള്ള നടപടികളുണ്ടാകും. ഒരാളും സാമൂഹ്യമായി ഒറ്റപ്പെടില്ലെന്ന് ഈ സർക്കാർ ഉറപ്പുവരുത്തും. അതിനാണ് സാമ്പത്തികശേഷിയുള്ളവർക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള 'കെയർ ഗിവർ പദ്ധതികൾ' ആരംഭിക്കുന്നത്. മൂന്ന് മാസത്തെ കോഴ്സും മൂന്ന് മാസത്തെ പ്രാക്റ്റീസും ഉണ്ടായിരിക്കും. അതിന്റെ സിലബസ് യൂറോപ്യൻ രാജ്യങ്ങളിലുള്ള മോഡലാണ്. സർക്കാർ കൊടുക്കുന്ന സിലബസിൽ നേഴ്സിങ് കോളേജുകളും മെഡിക്കൽ കോളേജുകളും ആശുപത്രികളും അത് തുടങ്ങട്ടെ. അത്തരം കോഴ്സുകൾ പഠിച്ച് പുറത്തിറങ്ങുമ്പോൾ പതിനായിരക്കണക്കിനാളുകൾക്ക് ജോലി ലഭിക്കും. പണമുള്ളവർ

അവരെ നിയമിക്കട്ടെ, പണമില്ലാത്ത പാവങ്ങൾക്ക് ഈ സർക്കാർ വേറെ സംവിധാനമൊരുക്കും.

രോഗികളെ, വിദ്യാഭ്യാസത്തിന് ബുദ്ധിമുട്ടുന്ന കുഞ്ഞുങ്ങളെയും ചേർത്തുനിർത്താനാണ് 'വൺ കേരള കരുതൽ മിഷൻ' തുടങ്ങിയിരിക്കുന്നത്. ഇന്ത്യാ രാജ്യത്ത് ആദ്യമായിട്ടാണ് അത്തരമൊരു പദ്ധതിയുമായി ഈ സർക്കാർ മുന്നോട്ടുപോകുന്നത്. അവിടെ നടപടികളുണ്ടാകും, ചേർത്തുനിർത്തലുണ്ടാകും, തൊഴിലവസരങ്ങളുണ്ടാക്കുകയും ചെയ്യും. ഒരുവശത്ത് നമ്മുടെ സമ്പദ്‌വ്യവസ്ഥ, അതിൽ 77 ശതമാനം കമ്മിറ്റഡ് എക്സ്പെൻഡീച്ചറാണ്, സാലറി, പെൻഷൻ, ഇന്ററസ്റ്റ് എന്നിവയ്ക്കായി ചെലവഴിക്കുകയാണ്. നൂറു രൂപ കിട്ടിയാൽ 23 രൂപയാണ് ബാക്കി. പാലം, റോഡ് എന്നിവ നിർമ്മിക്കാനും ബാക്കിയുള്ള വെൽഫെയർ ആക്ടിവിറ്റീസ് നടത്താനും ക്യാപ്പിറ്റൽ എക്സ്പെൻഡീച്ചറിനോ പുതിയ വികസന പദ്ധതികൾക്കോ, പുതിയ ക്ഷേമ പരിപാടികൾക്കോ പണം നൽകാനില്ല. നികുതി ചുമത്തിയല്ല ഖജനാവ് നിറയ്ക്കുന്നത്, അതാണ് യു.ഡി.എഫ്. സർക്കാരിന്റെ പുതിയ എക്കണോമിക് മോഡൽ. ജനങ്ങളുടെ തലയിൽ നികുതിഭാരം കെട്ടിവയ്ക്കാതെ ഈ സർക്കാർ ഖജനാവ് നിറയ്ക്കും. എങ്ങനെയാണ്? കൃത്യമായ ഫിനാൻഷ്യൽ മാനേജ്മെന്റിലൂടെയും കൃത്യമായ ടാക്സ് അഡ്മിനിസ്ട്രേഷനിലൂടെയും ഖജനാവിന്റെ ലീക്കേജ് തടയാൻ ഈ സർക്കാരിന് സാധിക്കും. ഞങ്ങൾക്കതിനുള്ള ആത്മവിശ്വാസമുണ്ട്. സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിച്ച് ആക്ടിവിറ്റികളുണ്ടാക്കി, മണി സർക്കുലേഷൻ വർധിപ്പിച്ച് ഖജനാവ് നിറയ്ക്കും. ഇപ്രകാരമാണ് എല്ലാകാര്യത്തിലും ഈ സർക്കാർ സ്വീകരിക്കുന്ന സമീപനം. പുതിയ ഡെലിവറി മോഡലുകളുണ്ടാകണം. മൊത്തം സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ചുവെന്ന് ഇവിടെ പറയുകയുണ്ടായി. കേരളത്തിലെ ഏതെങ്കിലുമൊരു പൊതുമേഖലാ സ്ഥാപനമോ പൊതുരംഗമോ സ്വകാര്യവൽക്കരിക്കുന്നതിനെക്കുറിച്ച് ഒരു വാചകം ഈ ബജറ്റിൽ എവിടെയെങ്കിലുമുണ്ടോ? ഇക്കാര്യം പറഞ്ഞ് പ്രതിപക്ഷം എന്ത് ആഘോഷമാണ് ഇവിടെ നടത്തുന്നത്. ഒരു സ്ഥാപനവും പ്രൈവറ്റൈസ് ചെയ്യില്ല. പ്രൈവറ്റൈസ് ചെയ്യുമെന്ന് എവിടെയാണ് എഴുതിവച്ചിരിക്കുന്നത്? ബജറ്റിൽ ഇല്ലാത്ത കാര്യങ്ങളെക്കുറിച്ചാണ് പുറത്ത് സമൂഹ മാധ്യമങ്ങളിൽ ചർച്ച ചെയ്യുന്നത്. ഇക്കാര്യത്തിൽ ഞങ്ങൾക്ക് കൃത്യമായ നയമുണ്ട്.

ഞങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടാൻ പോകുന്നവരല്ല. നിങ്ങൾ നോക്കിക്കോളൂ, കെ.എസ്.ആർ.ടി.സി.-യെയും എൽ.ഡി.എഫ്.സർക്കാർ മൂവായിരം കോടി രൂപ കൊടുക്കാനുള്ള സിവിൽ സപ്ലൈസ് കോർപ്പറേഷനെയും ഈ സർക്കാർ മാറ്റിയെടുക്കും. കെ.എസ്.ആർ.ടി.സി.-യെ സ്വയംപര്യാപ്തമാക്കും. സിവിൽ സപ്ലൈസ് കോർപ്പറേഷനെക്കുറിച്ച് ബജറ്റിലൊന്നും പറഞ്ഞില്ലെന്ന് ഇവിടെ ആരോ പറഞ്ഞു. കൂടുതലൊന്നും പറഞ്ഞിട്ടില്ല, കാരണം പറയുന്നതിനെക്കാൾ നല്ലത് പ്രവൃത്തിക്കുകയാണ്. എന്നാൽ ബജറ്റിൽ 'സപ്ലൈ ചെയിൻ മാനേജ്മെന്റ് മാതൃക' എന്നൊരു വാചകമുണ്ടായിരുന്നു. സപ്ലൈ ചെയിൻ മാനേജ്മെന്റ് മാതൃകയിൽ സപ്ലൈകോ സംഭരണം നടത്തി ലാഭമുണ്ടാക്കാനും സർക്കാർ സബ്സിഡി നൽകാതെത്തന്നെ സിവിൽ സപ്ലൈസ് കോർപ്പറേഷനെ സ്വയംപര്യാപ്തമാക്കാനുമുള്ള പദ്ധതിയാണ് സർക്കാർ ലക്ഷ്യമിടുന്നത്. വെള്ളാനകളായ പൊതുമേഖലാ സ്ഥാപനങ്ങളെ സൃഷ്ടിച്ച് പാവപ്പെട്ട ജനങ്ങളിൽനിന്നും ഈടാക്കുന്ന നികുതി തുക എല്ലാവർഷവും കൊടുക്കലല്ല ഈ സർക്കാരിന്റെ ജോലി. കൃത്യമായ പരിപാടികളുടെയും പദ്ധതികളുടെയും ആസൂത്രണത്തിലൂടെ പൊതുമേഖലാ സ്ഥാപനങ്ങൾ ശക്തമാക്കുകയും ലാഭകരമാക്കുകയും വേണം. അതാണ് നാളിതുവരെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ചെയ്യാത്ത സപ്ലൈ ചെയിൻ മാനേജ്മെന്റ്. വലിയ സ്വകാര്യസംരംഭങ്ങൾ ചെയ്യുന്നതുപോലെ പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭമുണ്ടാക്കുകയും സർക്കാരിന്റെ ബാധ്യത കുറയ്ക്കുകയും ചെയ്യും. അല്ലാതെ സപ്ലൈകോയും കെ.എസ്.ആർ.ടി.സി.-യും അടച്ചുപൂട്ടുകയല്ല വേണ്ടത്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലഘട്ടത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് ലാഭത്തിലായിരുന്നെങ്കിൽ ഇപ്പോൾ കോടികളുടെ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. 4.29 രൂപയ്ക്ക് ഒരു യൂണിറ്റ് വൈദ്യുതി വാങ്ങാൻ ഇരുപത്തിയഞ്ച് വർഷത്തെ കരാർ ഒപ്പുവച്ചിട്ടാണ് ഉമ്മൻ ചാണ്ടി സർക്കാർ അധികാരത്തിൽ നിന്നിറങ്ങിയത്. അതിൻപ്രകാരം ഏഴ് വർഷം നിങ്ങളും ഒരു വർഷം ഞങ്ങളും വൈദ്യുതി വാങ്ങി. ഒരു സുപ്രഭാതത്തിൽ ആ കരാർ റദ്ദായി, അതിന് പിന്നിൽ അഴിമതിയാണ്. ഒരു യൂണിറ്റിന് 4.29 രൂപ നൽകി വാങ്ങിച്ചിരുന്ന വൈദ്യുതി ഇപ്പോൾ എട്ടും പതിനാലും രൂപയ്ക്കുമാണ് വാങ്ങുന്നത്. അതിന്റെ ഫലമായി ഒരു ദിവസം കെ.എസ്.ഇ.ബി.ക്ക് കോടികളുടെ നഷ്ടമാണുണ്ടാകുന്നത്. ഇത് പൊതുമേഖലയെ

സംരക്ഷിക്കുന്ന നയമാണത്രേ! പതിനായിരക്കണക്കിന് കോടി രൂപയുടെ നഷ്ടമാണ്; ഇതിനുവേണ്ടി പാവപ്പെട്ട ജനങ്ങളടയ്ക്കുന്ന നികുതിപ്പണം നൽകുകയാണ്. നാലോ അഞ്ചോ പ്രാവശ്യം വൈദ്യുതിചാർജ് കൂട്ടി പാവപ്പെട്ടവന്റെ തലയിൽവയ്ക്കുകയാണ്. അതല്ല ഈ സർക്കാരിന്റെ നയം. വൈദ്യുതി ബോർഡിനെ ഞങ്ങൾ ലാഭത്തിലാക്കും. ആര്യാടൻ മുഹമ്മദ് മന്ത്രിയായിരിക്കുമ്പോൾ ഒരു യൂണിറ്റിന് 22 പൈസ കുറച്ചുകൊടുത്തു. ഞങ്ങൾ നവീകരിക്കുകയാണ് ചെയ്യുന്നത്, പൂട്ടുകയല്ല. അതിനെ കാര്യക്ഷമമാക്കുകയെന്നതാണ് ഞങ്ങളുടെ സമീപനം. ഇവിടെയുള്ള വലിയൊരു ആരോപണമാണ്, ഇതാ കരിമണൽ സ്വകാര്യവൽക്കരിക്കാൻ പോകുന്നു, ഈ ബജറ്റിൽ എവിടെയാണ് കരിമണൽ സ്വകാര്യവൽക്കരിക്കുമെന്ന് പറഞ്ഞിട്ടുള്ളത്? സതേൺ ഇക്കണോമിക്ക് കോറിഡോർ സൃഷ്ടിക്കുന്നതിലൂടെ ദക്ഷിണ കേരള സാമ്പത്തിക ഇടനാഴി ശക്തമായൊരു സമ്മിശ്ര സമ്പദ്‌വ്യവസ്ഥ ആവിഷ്കരിക്കുകയും സ്വകാര്യ നിക്ഷേപം ആകർഷിക്കുകയും ഭാവിയിൽ രാജ്യത്തിന്റെതന്നെ തന്ത്രപ്രധാനവും സമുദ്രബന്ധിതവുമായി വികസനമേഖലകളിൽ മുൻനിര സ്ഥാനത്തെത്തിനിൽക്കുകയും ചെയ്യും എന്നാണ് പറഞ്ഞിരിക്കുന്നത്. എവിടെയെങ്കിലും ധാതുക്കൾ പ്രൈവറ്റൈസ് ചെയ്യുമെന്ന് പറഞ്ഞിട്ടുണ്ടോ? കരിമണൽ സ്വകാര്യവൽക്കരിക്കാൻ പോകുന്നുവെന്ന ഇല്ലാക്കഥകൾ നാട്ടുമുഴുവൻ പ്രചരിപ്പിപ്പിക്കുകയാണ്. ഞാൻ പറഞ്ഞ ഒരു വാചകം ഇവിടെ ക്വാട്ട് ചെയ്യു. ബഹുമാനപ്പെട്ട മുൻ ധനകാര്യ വകുപ്പുമന്ത്രി കരിമണൽ പോളിസിയെക്കുറിച്ച് 2024-ൽ പറഞ്ഞ വാചകം, ഞാൻ ആവർത്തിച്ച് പറയുന്നു, വാക്ക് മാറില്ല, യൂടേണില്ല, ആ വാക്കിൽ ഉറച്ചുനിൽക്കുന്നു.

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് 'ക്രിട്ടിക്കൽ മിനറൽ കോറിഡോർ' . കേന്ദ്രസർക്കാർ സ്ഥാപനമായ കോൾ ഇന്ത്യാ ലിമിറ്റഡ്, എൻ.എഫ്.ടി.ഡി.സി., കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ കെ.എം.എം.എൽ., കെൽട്രോൺ, റ്റൈറ്റാനിയം തുടങ്ങി കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ ഒരുമിച്ചുചേർന്നുള്ള ഒരു കൺസോർഷ്യമാണ് ഇതിലെ പങ്കാളികൾ. സ്വകാര്യവൽക്കരണമോ മൈനിങ്ങോ ഇല്ല, മെറ്റീരിയൽസ് വാല്യൂ അഡിഷനാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. വാല്യൂ അഡിഷൻ ചെയ്യുന്നതിലൂടെ

ആയിരക്കണക്കിന് കോടി രൂപ ലഭിക്കും. കേന്ദ്ര സർക്കാരിന്റെ പോളിസി അനുസരിച്ച് ഒരു ക്രിട്ടിക്കൽ മിനറൽ കോറിഡോർ ഞങ്ങൾ സൃഷ്ടിക്കും. എല്ലാം കേന്ദ്ര സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ മാത്രമാണ് ഉൾപ്പെട്ടിരിക്കുന്നത്.

സർ, ഇല്ലാത്ത കഥകൾ ഉണ്ടാക്കുകയാണ്. അതുസംബന്ധിച്ച ഒരു വാചകം ഈ ബജറ്റിലില്ല. എന്നിട്ട് പറയുകയാണ്, "ദേ വി. ഡി. സതീശൻ മുഖ്യമന്ത്രിയായി, നയം യു-ടേണായി. കരിമണൽ ഇതാ കംപ്ലീറ്റ് സ്വകാര്യവൽക്കരിക്കാൻ പോകുകയാണ്, ആലപ്പുഴയിൽ പ്രശ്നമാണ്". ആലപ്പുഴയിൽ മണൽ വാരലിന് അനുമതി നൽകിയതാരാണ്; ആരാണ് കരിമണൽ കൊണ്ടുപോകുന്നത്; എന്നെക്കൊണ്ട് പറയിക്കല്ലേ? ഇതാണ് ഞങ്ങളുടെ നയം. കേരള മോഡൽ എന്നുപറഞ്ഞ് ആരും അഭിരമിക്കണ്ട. ആ കേരള മോഡൽ സ്റ്റാഗ്നന്റ് ആണ്, അത് മന്ദീഭവിച്ച് ഔട്ട്ഡേറ്റഡ് ആയിക്കൊണ്ടിരിക്കുകയാണ്. ഒരു നിയോ കേരള മോഡൽ ഉണ്ടാക്കി അതിനെ നവീകരിക്കണം. ആ നിയോ കേരള മോഡൽ കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്? ഉൽപാദനക്ഷമത വർധിപ്പിക്കണം, നിക്ഷേപം ആകർഷിക്കണം, വ്യവസായ-സേവന മേഖലകളെ ശക്തിപ്പെടുത്തണം, തൊഴിലവസരങ്ങൾ സൃഷ്ടിക്കണം. സമ്പദ്‍വ്യവസ്ഥയിലുണ്ടാകുന്ന വളർച്ച കേരളത്തിന്റെ നികുതി വരുമാനം വർധിപ്പിക്കുകയും പൊതുസേവനം ഉറപ്പാക്കുകയും ചെയ്യും.

നിങ്ങൾ സ്ഥിരം ഉന്നയിക്കുന്ന ചില വാക്കുകളുണ്ട്. അതിലൊന്നാണ് 'നവലിബറൽ നയം' . എത്ര വർഷമായി നിങ്ങളിത് പറയാൻ തുടങ്ങിയിട്ട്? ഡോ. മൻമോഹൻ സിങ് ഇക്കണോമിക് റിഫോമ്സ് അവതരിപ്പിച്ചപ്പോൾ നിങ്ങൾ പറഞ്ഞത് 'കംപ്ലീറ്റ് നവലിബറൽ നയം' എന്നാണ്. എന്താണ് അദ്ദേഹം ചെയ്തത്; 1991-ൽ അന്നത്തെ കേന്ദ്ര ഗവൺമെന്റ് റിസർവ് ബാങ്കിലെ സ്വർണ്ണക്കട്ടികൾ ലണ്ടനിലെ ബാങ്ക് ഓഫ് ഇംഗ്ലണ്ടിൽ പണയപ്പെടുത്തി ഇന്ത്യയുടെ സമ്പദ്‍വ്യവസ്ഥ തകർത്തതുപോലെ ഇപ്പോൾ മുൻകേരള സർക്കാർ സംസ്ഥാനത്തിന്റെ സമ്പദ്‍വ്യവസ്ഥയെയും തകർത്തിരിക്കുകയാണ്. ആ സാഹചര്യത്തിൽ ഇക്കണോമിക് റിഫോമ്സ് കൊണ്ടുവന്ന് ആക്ടിവിറ്റി ഉണ്ടായതിന്റെ ഭാഗമായി ഖജനാവ് നിറഞ്ഞു, എക്സൈസ് ഡ്യൂട്ടി കൂടി, ടാക്സ് കൂടി, ഇൻകം ടാക്സ് കൂടി. ആക്ടിവിറ്റി ഉണ്ടാകുമ്പോൾ ഖജനാവ് നിറയും. പിന്നീട് പറഞ്ഞു, 'നെഹ്രുവിൽ നിന്ന് വ്യതിചലിച്ച്' . വ്യതിചലിച്ചില്ല,

ഉണ്ടായ പണം എന്തുചെയ്തുവെന്നതാണ് ചോദ്യം. ഉണ്ടായ പണം, it was an equitable distribution of wealth, സമ്പത്തിന്റെ നീതിപൂർണ്ണമായ വിതരണം, അതാണ് ഇവിടെ സംഭവിച്ചത്. ഇന്ത്യയിലെ വിദൂര ഗ്രാമങ്ങളിലെ പാവപ്പെട്ട സ്ത്രീകൾക്കാണ് ആ പണം പോയത്. കൂടാതെ MGNREGA പദ്ധതിയും ഇന്ത്യയിലെ കുഗ്രാമങ്ങളിൽ ആശുപത്രികൾ നിർമ്മിക്കാൻ NRHM (National Rural Health Mission) പദ്ധതിയും കൊണ്ടുവന്നു. Right to Education പ്രകാരം ഇന്ത്യയിലെ വിവിധ ഗ്രാമപ്രദേശങ്ങളിൽ സ്കൂളുകൾ നിർമ്മിച്ച് അധ്യാപകരെ നിയമിച്ചു. പണം....... let me complete.... ഞാൻ അവസരം തരാം....... (ബഹളം). ഇവയെല്ലാം മൻമോഹൻ സിങ് അവതരിപ്പിച്ചു, മൻമോഹൻ സിങ് ഗവൺമെന്റിന്റെ അതേ നയമാണ് യു.ഡി.എഫ്. ഗവൺമെന്റിന്റേതും. .... (ബഹളം)......

<u>മി. സ്പീക്കർ</u>: പ്ലീസ്...പ്രതിപക്ഷത്തുള്ളവർ സംസാരിച്ചപ്പോൾ ആരും ഡിസ്റ്റർബ് ചെയ്തില്ലല്ലോ? മുഖ്യമന്ത്രി സംസാരിക്കട്ടെ. അദ്ദേഹം ഒരു ഗവൺമെന്റിന്റെ നയമാണ് പറയുന്നത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: അങ്ങ് ശല്യപ്പെടുത്തരുത്. എന്തിനാണ് അങ്ങ് അസ്വസ്ഥനാകുന്നത്? അങ്ങ് ഇരിക്കൂ. ഒരു മര്യാദ വേണ്ടേ? എന്റെ പോയിന്റ് പൂർത്തീകരിച്ചിട്ട് ഞാൻ അങ്ങേക്ക് വഴങ്ങാം. അങ്ങയെപ്പോലെ ഒരാൾ എഴുന്നേറ്റാൽ ഞാൻ വഴങ്ങാതിരിക്കുമോ; അങ്ങ് ക്ഷുബ്ധനാകല്ലേ; ക്ഷോഭിക്കല്ലേ? Let me complete my point. I am on my legs. You don' t have any right.....(ബഹളം).....to interrupt... (ബഹളം)

<u>മി. സ്പീക്കർ</u>: പ്ലീസ്.... ശാന്തമാകൂ.......അദ്ദേഹം സംസാരിക്കട്ടെ..... ഒരു ഗവൺമെന്റ് ഗവൺമെന്റിന്റെ നയം പറയുകയല്ലേ; ആ നയം സഭയെ അറിയിക്കുകയല്ലേ? അത് കേൾക്കൂ. വിയോജിപ്പുണ്ടാകാം, അത് വേറെ പ്രശ്നം. പക്ഷേ ഒരു ഗവൺമെന്റിന്റെ നയമല്ലേ പറയുന്നത്; ആ നയം മുഖ്യമന്ത്രിയല്ലേ വിശദീകരിക്കേണ്ടത്; ആ നയം വിശദീകരിക്കുകയല്ലേ? എല്ലാവരും ശാന്തമായിരിക്കൂ. .......(ബഹളം)...... മൂന്ന് ദിവസങ്ങളിലായി സഭയിൽ നടന്ന ചർച്ചയ്ക്കുശേഷം ഈ ഗവൺമെന്റിന്റെ നയമെന്താണെന്ന് മുഖ്യമന്ത്രി പ്രഖ്യാപിക്കുകയാണ്. ആ നയത്തോട് വിയോജിപ്പ് കാണും, ഇല്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷെ അത് അദ്ദേഹത്തിന്റെ പ്രസംഗം പൂർത്തീകരിക്കാൻ അനുവദിച്ചിട്ടല്ലേ; അതിന് നമ്മൾ തടസ്സമുണ്ടാക്കിയാൽ

അതിന്റെ അർഥമെന്താണ്; ആ നയം എന്താണെന്ന് അറിയേണ്ട എന്നുള്ള നിലയിലാണോ? മുഖ്യമന്ത്രി പറയട്ടെ, ഈ ഗവൺമെന്റിന്റെ നയമെന്താണെന്ന് മുഖ്യമന്ത്രി പറയുകയാണ്. അത് അംഗങ്ങളെല്ലാം ശാന്തമായി കേൾക്കൂ.

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രതിപക്ഷത്തെ നേരിടേണ്ടത് ഇപ്രകാരമല്ലല്ലോ?....(ബഹളം)...You have no right എന്നാണ് അദ്ദേഹം പറഞ്ഞത്. അങ്ങനെയാണോ പ്രതിപക്ഷത്തെ നേരിടേണ്ടത്?

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, അങ്ങ് ശാന്തമായി കേൾക്കൂ, അങ്ങ് പത്ത് വർഷക്കാലം ഈ സംസ്ഥാനം ഭരിച്ച മുഖ്യമന്ത്രിയായിരുന്നു. അങ്ങയുടെ ഗവൺമെന്റിന്റെ നയം അവസാനമായി പറയാനുള്ള അധികാരം അങ്ങേയ്ക്ക് തന്നെയായിരുന്നു. അതുപോലെതന്നെ ഈ ഗവൺമെന്റിന്റെ നയം എന്താണെന്ന് ഈ സഭയെ അറിയിക്കേണ്ടത് മുഖ്യമന്ത്രിയാണ്. ദയവായി അങ്ങ് അതിനോട് സഹകരിക്കൂ. വിയോജിപ്പ് ഉണ്ടാകാം, ഇല്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷേ വിയോജിപ്പുണ്ടെങ്കിൽ അപ്പോൾത്തന്നെ ഒരു വാഗ്വാദവും അതിന്റെ പേരിലൊരു ഡിബേറ്റും നടത്തി പോകുകയല്ല വേണ്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ നയം വിശദീകരിക്കട്ടെ. എന്ത് കാരണത്താലാണ് ആ നയത്തിന്മേൽ വിയോജിപ്പുണ്ടായതെന്ന് വ്യക്തമാക്കാൻ പിന്നെയും സമയമുണ്ടല്ലോ? അതുകൊണ്ട് നിർദിഷ്ട നയം വിശദീകരിക്കുന്നതിനുള്ള മുഖ്യമന്ത്രിയുടെ അവകാശത്തെ നമ്മൾ തടയുന്നത് ശരിയല്ല.

ശ്രീ. പിണറായി വിജയൻ: സർ, നയം വിശദമാക്കുന്നതിനോടൊന്നും ഞങ്ങൾ എതിരല്ല. ഏത് ഗവൺമെന്റും ആ ഗവൺമെന്റിന്റെ നയം വിശദമാക്കണം. അത് മുഖ്യമന്ത്രി തന്നെയാണ് വിശദമാക്കേണ്ടത്. അതിനെയൊന്നും ഞങ്ങൾ തടസ്സപ്പെടുത്തുന്നില്ല. കേരളം എത്തിച്ചേർന്നൊരു സ്ഥിതിവിശേഷത്തെക്കുറിച്ച് അദ്ദേഹം ഇവിടെ സൂചിപ്പിച്ചതിനെയാണ് ശ്രീ. കെ. എൻ. ബാലഗോപാൽ സി.&എ.ജി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചോദ്യം ചെയ്യാൻ ശ്രമിച്ചത്. അക്കാര്യത്തിൽ അദ്ദേഹം വഴങ്ങാമെന്ന് പറഞ്ഞെങ്കിലും തുടർന്നുപറഞ്ഞത് you have no right എന്നാണ്. അത്തരത്തിലുള്ള ഒരു സമീപനമാണോ ഇക്കാര്യത്തിൽ സ്വീകരിക്കേണ്ടത്?

*24-06-2026*
*Financial Business - General Discussion on the Revised Budget (2026-27)*

മി. സ്പീക്കർ: അദ്ദേഹം പറഞ്ഞ വെർബാറ്റിം ഞാൻ പറയാം. You don't have any right to interrupt എന്ന് മാത്രമേ അദ്ദേഹം പറഞ്ഞിട്ടുള്ളൂ. 90 മിനിറ്റ് സമയം അദ്ദേഹത്തിന് അനുവദിച്ചിട്ടുള്ളതാണ്. ആ സമയത്തിനുള്ളിൽ നിന്ന് അദ്ദേഹം സംസാരിക്കുകയാണ്. You have no right to interrupt എന്ന് പറഞ്ഞാൽ interrupt ചെയ്യുന്നതിന് അവകാശമില്ലെന്നല്ല പറഞ്ഞത്. ഞാൻ പറയുന്നത് അങ്ങ് ദയവായി കേൾക്കൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പ്രസംഗം തുടരാവുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എഴുന്നേറ്റപ്പോൾ തന്നെ അദ്ദേഹത്തിന് വഴങ്ങാം, let me complete my point എന്ന് വളരെ കൃത്യമായി ഞാൻ പറഞ്ഞതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് മുഖ്യമന്ത്രിയായിരിക്കുന്ന സമയത്ത് ഞാൻ ഇപ്രകാരം എഴുന്നേൽക്കുമ്പോൾ അദ്ദേഹം വഴങ്ങാമെന്ന് പറഞ്ഞിട്ടുണ്ട്. ഇപ്പോൾ അങ്ങയുടെ അടുത്തിരിക്കുന്ന അംഗം ബഹളമുണ്ടാക്കിയതുപോലെ ഞാൻ എന്നെങ്കിലും ബഹളമുണ്ടാക്കിയിട്ടുണ്ടോ? അപ്പോൾ ഞാൻ ഇരിക്കും. അങ്ങ് എനിക്ക് വഴങ്ങിത്തരുകയും ചെയ്യും. ഞാൻ പ്രതിപക്ഷനേതാവെന്ന നിലയിൽ എപ്പോഴെല്ലാം എഴുന്നേറ്റിട്ടുണ്ടോ അപ്പോഴൊക്കെ മുഖ്യമന്ത്രിയായിരുന്ന അങ്ങ് വഴങ്ങിത്തന്നിട്ടുണ്ട്. ഞാൻ വഴങ്ങാമെന്ന് പറഞ്ഞു. പക്ഷെ അദ്ദേഹം എന്താണ് ചെയ്തത്? ഞാൻ പ്രസംഗിക്കുമ്പോൾ എന്റെ പോയിന്റ് കംപ്ലീറ്റ് ചെയ്യാതിരിക്കാൻ അദ്ദേഹം നിരന്തരമായി ബഹളമുണ്ടാക്കുകയാണ്. അങ്ങയെപ്പോലൊരാൾക്ക് യോജിച്ചതല്ല ഈ പ്രവൃത്തി. 'I am on my legs' എന്നത് ഒരു Parliamentary word ആണ്. പഴയ പാർലമെന്റ്, നിയമസഭാംഗങ്ങളൊക്കെ പ്രസംഗിച്ചത് പരിശോധിച്ച് നോക്കിയാൽ നിങ്ങൾക്കത് മനസ്സിലാക്കാൻ സാധിക്കും.

മി. സ്പീക്കർ: Hon'ble Chief Minister, You please proceed.

ശ്രീ. വി. ഡി. സതീശൻ: സർ, സ്വകാര്യ പങ്കാളിത്തത്തോടുകൂടി ഞങ്ങൾ പുതിയൊരു ഇക്കണോമിക് മോഡൽ ഉണ്ടാക്കുകയാണെന്നതാണ് ഇതിലെ പോയിന്റ്. കേരളത്തിലെ സാധിക്കുന്ന എല്ലാ മേഖലകളിലും സ്വകാര്യ നിക്ഷേപം ഉണ്ടാകണം, എന്നാൽ സാധിക്കാത്ത മേഖലകളിൽ അതുണ്ടാകില്ല. സംസ്ഥാനത്ത് ഇൻവെസ്റ്റ്മെന്റ് പ്രോത്സാഹിപ്പിക്കണം. നിങ്ങൾ എന്തിനാണ് എറണാകുളത്ത് വച്ച് ഇൻവെസ്റ്റ്മെന്റ്

കോൺക്ലേവ് നടത്തിയത്; 500 കോടി രൂപയിൽ കൂടുതൽ ഇൻവെസ്റ്റ്മെന്റ് കൊണ്ടുവരുന്ന വ്യക്തികളെ പൊന്നാടയണിയിച്ചത് എന്തിനാണ്? ഇൻവെസ്റ്റ്മെന്റ് ആകർഷിക്കാനുള്ള കഴിഞ്ഞ ഗവൺമെന്റിന്റെ മുഴുവൻ നടപടികൾക്കും പൂർണ്ണ പിന്തുണ നൽകിയ ആദ്യത്തെ പ്രതിപക്ഷനേതാവാണ് ഞാൻ. ഇപ്പോഴത്തെ വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രിയും അന്ന് ആ വേദിയിലുണ്ടായിരുന്നു. സംസ്ഥാനത്ത് കൂടുതൽ ഇൻവെസ്റ്റ്മെന്റ് വരണമെന്ന ലക്ഷ്യത്തിലാണ് ഞങ്ങൾ പൂർണ്ണ പിന്തുണ നൽകിയത്. ഇവിടെ ഒരു ട്രേഡ് യൂണിയൻ പ്രശ്നവുമില്ലെന്നും ട്രേഡ് യൂണിയൻ മിലിറ്റൻസി മാറിക്കൊണ്ടിരിക്കുകയാണെന്നും ഭയപ്പെടേണ്ടെന്നും നിങ്ങൾ കേരളത്തിൽ പണം നിക്ഷേപിച്ചോളൂ എന്നും അന്നത്തെ മുഖ്യമന്ത്രി പറഞ്ഞതുപോലെ അന്നത്തെ പ്രതിപക്ഷനേതാവുംകൂടി ആ മീറ്റിങ്ങിൽ പറഞ്ഞു. ഒരിക്കലും ഒരു കാലത്തും ഇതുപോലെ മറ്റൊരു പ്രതിപക്ഷവും പറഞ്ഞിട്ടുണ്ടാകില്ല. കാരണം കേരളത്തിൽ ഇൻവെസ്റ്റ്മെന്റ് ഉണ്ടാകണം, ഒരിക്കലും നശിക്കരുത്. അതിലൂടെ ഇക്കണോമിക് മോഡൽ ഉണ്ടാകും. ഞങ്ങൾ ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്നത് പ്രവാസികളുടെ ഇൻവോൾവ്മെന്റ് ആണ്. അവർക്കൊരു പങ്കാളിത്തം വേണ്ടേ? നമ്മുടെ സമ്പദ്‌വ്യവസ്ഥയുടെ ബാക്ക്ബോൺ എന്നത് റെമിറ്റൻസാണ്. അതുകൊണ്ട് സംസ്ഥാനത്തിന് എന്തെങ്കിലും ഗുണം ലഭിക്കുന്നുണ്ടോ; ഇല്ല. ഇവിടെ ആക്റ്റിവിറ്റി ഉണ്ടാകുന്നുണ്ടോ? പ്രവാസികൾ അയയ്ക്കുന്ന റെമിറ്റൻസ് ഇക്കോണമിയെ ഒരു ഇൻവെസ്റ്റ്മെന്റ് ഇക്കോണമിയാക്കി മാറ്റണം. ഈ സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രവാസികളെക്കുറിച്ച് ഒന്നും പരാമർശിച്ചിട്ടില്ലെന്ന് പറയരുത്. ഈ ബജറ്റിലെ ഏറ്റവും സുപ്രധാനമായ വാക്ക് അതാണ്. റെമിറ്റൻസ് ഇക്കോണമിയിൽ നിന്നും ഇൻവെസ്റ്റ്മെന്റ് ഇക്കോണമിയിലേക്ക് പോകും. നമ്മുടെ പദ്ധതികളിൽ വൻകിടക്കാർ കുറച്ച് ഇൻവെസ്റ്റ് ചെയ്യുന്നുണ്ട്. വൻകിടക്കാർ മാത്രം ഇൻവെസ്റ്റ് ചെയ്താൽപോരാ, ഇടത്തരക്കാരും സാധാരണക്കാരും പദ്ധതികളിൽ ഇൻവെസ്റ്റ് ചെയ്യണം. ഉദാഹരണത്തിന്, ഗവൺമെന്റ് ഭൂമി നൽകും. ഭൂമിയാണ് ഗവൺമെന്റിന്റെ ഇക്വിറ്റി. ബാക്കി തുക നിക്ഷേപകരിൽനിന്നും സമാഹരിക്കണം. സാധാരണക്കാരും ഇടത്തരക്കാരും ഇരുപത്തി അയ്യായിരം രൂപ മുതൽ അഞ്ചുലക്ഷം രൂപ വരെ ഷെയറായിട്ട് അവർ അതിൽ ഇൻവെസ്റ്റ് ചെയ്യട്ടെ. 25,000/- രൂപ ഇൻവെസ്റ്റ്

ചെയ്യുന്നൊരു വ്യക്തി ജോലി മതിയാക്കി തിരികെ വരുമ്പോൾ നിക്ഷേപത്തുകയുടെ പത്തിരട്ടിയായി വാല്യൂ ലഭിക്കും. അഞ്ചുലക്ഷം രൂപ ഇൻവെസ്റ്റ് ചെയ്യുന്ന വ്യക്തി റിട്ടയർ ചെയ്ത് തിരികെ വരുമ്പോൾ നിർദിഷ്ട ഷെയറിന്റെ വാല്യൂ കൂടും. കെ. കരുണാകരൻ മുന്നോട്ടുവച്ച സിയാൽ മോഡലിന് എന്തെല്ലാം വിമർശനങ്ങളാണ് നേരിടേണ്ടി വന്നത്; ഇന്ന് ആ ഷെയറിന്റെ വാല്യൂ എത്രയാണ്? ഉന്നതരായ ചിലയാളുകളാണ് സിയാലിൽ പണം നിക്ഷേപിച്ചത്. അവർ മാത്രം പണം നിക്ഷേപിച്ചാൽ പോരാ. സാധാരണക്കാരായ പ്രവാസികളെ നിക്ഷേപകരാക്കി കേരളത്തിന്റെ സാമ്പത്തിക വികസനത്തിൽ പങ്കാളികളാക്കി മാറ്റണം. ഞങ്ങൾക്ക് എല്ലാ കാര്യങ്ങളിലും കൃത്യമായ പ്ലാനുണ്ട്. ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ, റിന്യൂവബിൾ എനർജി, ലോജിസ്റ്റിക്സ് ആൻഡ് വെയർ ഹൗസിങ്, സോളിഡ് വേസ്റ്റ് മാനേജ്മെന്റ്, എൽഡേർളി അസിസ്റ്റഡ് ലിവിങ് ഫെസിലിറ്റീസ്, ഗ്ലോബൽ ക്യാപ്പബിലിറ്റി സെന്റേഴ്സ് തുടങ്ങിയ എംപ്ലോയബിളും ഇൻകം ജനറേറ്റിങ്ങും ആയിട്ടുള്ള പ്രോജക്ടുകളിൽ അവർ നിക്ഷേപിക്കുന്ന പണം നഷ്ടപ്പെടില്ല എന്നുറപ്പുവരുത്തുന്ന പദ്ധതികളിൽ എത്ര പണം വരും; പണം വരണ്ടേ? പ്രവാസജീവിതം മതിയാക്കി തിരിച്ചുവരുന്ന സാധാരണക്കാരായ പ്രവാസികളെ ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിൽ പങ്കാളികളാക്കുകയും ചേർത്തുനിർത്തുകയും അവരുടെ ജീവിതം സുരക്ഷിതമാക്കുകയും ചെയ്യുന്ന പദ്ധതികളാണ് ഞങ്ങൾക്കുള്ളത്. ഈ ഗവൺമെന്റ് AI ഉപയോഗിച്ചാണ് വൈറ്റ് പേപ്പർ തയ്യാറാക്കിയതെന്ന് പറഞ്ഞു. അതിന് AI ഉപയോഗിക്കേണ്ടി വന്നില്ല. എന്നാൽ ഈ സർക്കാർ AI ഉപയോഗിച്ചുള്ള ഡാറ്റ ഡ്രിവൺ ഗവേണൻസ് ആയിരിക്കും ഇനി മുതൽ ഉപയോഗിക്കുന്നത്. സംസ്ഥാനത്ത് നടക്കുന്ന മുഴുവൻ കാര്യങ്ങളും ഇനിമുതൽ മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ഓഫീസിൽ അറിയാൻ സാധിക്കും. ഒരു വില്ലേജ് ഓഫീസിലെ കളക്ഷൻ മുഖ്യമന്ത്രിയുടെയും റവന്യൂ വകുപ്പുമന്ത്രിയുടെയും ഓഫീസിൽ അറിയാൻ കഴിയും. ജി.എസ്.ടി. കളക്ഷൻ അറിയാൻ സാധിക്കും. മുഖ്യമന്ത്രി ചെയർമാനും വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി ഡെപ്യൂട്ടി ചെയർമാനുമായുള്ള ഒരു ഇൻവെസ്റ്റ്മെന്റ് കൗൺസിൽ ഞങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ഒരു നിക്ഷേപകനോട് ഒരു മാസത്തിനകം എല്ലാ ക്ലിയറൻസും നൽകാമെന്ന ഉറപ്പോടെ

*24-06-2026*
*Financial Business - General Discussion on the Revised Budget (2026-27)*

ഞങ്ങൾ ആ വ്യക്തിയോട് ഒരു go ahead പറഞ്ഞാൽ അയാളെ യാത്രയാക്കി ആറ് മാസം കഴിയുമ്പോൾ അയാളെ അന്വേഷിക്കുന്ന നിലയല്ല ഞങ്ങൾക്കുള്ളത്. അയാൾക്ക് ജി.എസ്.ഐ. ക്ലിയറൻസ് ലഭിച്ചോ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും എൽ.എസ്.ജി.ഡി.-യുടെയും ക്ലിയറൻസ് ലഭിച്ചോ എന്നൊക്കെ ഞങ്ങൾ ഓരോ ദിവസവും നിരീക്ഷിക്കും; ക്ലിയറൻസിൽ എന്താണ് തടസ്സമെന്നുള്ളത് ഞങ്ങൾ ഞങ്ങളുടെ ഓഫീസിലിരുന്ന് നിരീക്ഷിക്കും. സങ്കടവും നിരാശയും കാരണം ഒരു നിക്ഷേപകനും കേരളത്തിൽ നിന്ന് തിരിച്ചുപോകേണ്ട അവസ്ഥ ഞങ്ങളുടെ കാലത്ത് ഒരിക്കലുമുണ്ടാകില്ല. ഓരോ വകുപ്പുകളെയും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടുകൂടി ഈ സംസ്ഥാനം ഇതുവരെ കാണാത്ത ഒരു ഡാറ്റാ ഡ്രിവൺ ഗവേണൻസിലേക്ക് ഞങ്ങൾ എത്തിക്കും. ഞാൻ നേരത്തെ Leakage from the Exchequer-നെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. രണ്ട് വർഷം കാലാവധിയുള്ള 100 കോടി രൂപയുടെ ഒരു പദ്ധതി പത്തുവർഷം കഴിഞ്ഞാൽപ്പോലും പൂർത്തിയാകില്ല. രണ്ട് വർഷത്തെ കാലാവധിക്ക് ഭൂമി എടുത്തുകൊടുക്കില്ല. അങ്ങനെവരുമ്പോൾ കോൺട്രാക്ടർ രക്ഷപ്പെട്ടു. ആർബിട്രേഷന് പോകുമ്പോൾ പദ്ധതി കാലാവധി രണ്ട് വർഷമായിരുന്നെന്ന് കോൺട്രാക്ടർ പറയും. കോൺട്രാക്ടർ ആർബിട്രേഷൻ നടപടികളിലേയ്ക്ക് പോയാൽ അദ്ദേഹത്തിന് കോടികൾ ലഭിക്കും. നിങ്ങളെ കുറ്റപ്പെടുത്തിയതല്ല, എല്ലാ ഗവൺമെന്റുകളും അപ്രകാരംതന്നെയാണ് ചെയ്യുന്നത്. 100 കോടി രൂപയുടെ ഒരു പദ്ധതി രണ്ട് വർഷം കഴിഞ്ഞ് പത്തുവർഷമാകുമ്പോൾ അതിന് 500 മുതൽ 1000 കോടി രൂപവരെയാകും. എന്നാലിത് സംഭവിക്കുന്നത് ഒരു പ്രൈവറ്റ് സെക്ടറിൽ ആണെങ്കിലോ? ഒരു പ്രൈവറ്റ് സെക്ടറിലെ സി.ഇ.ഒ. മാനേജരെ വിളിച്ച് ഈ പ്രോജക്ട് ഒരു വർഷംകൊണ്ട് പൂർത്തിയാക്കണമെന്ന് നിർദേശിച്ചാൽ 366-ാമത്തെ ദിവസം അത് പൂർത്തിയാക്കിയില്ലെങ്കിൽ ആ വ്യക്തി ആ സ്ഥാപനത്തിലുണ്ടാകില്ല. യാതൊരു അക്കൗണ്ടബിലിറ്റിയും സിസ്റ്റവുമില്ലാതിരുന്നിടത്ത് ഞങ്ങൾ ഒരു സിസ്റ്റമുണ്ടാക്കി. പ്രോജക്ട് ഇംപ്ലിമെന്റേഷന് പ്രോട്ടോകോളും അക്കൗണ്ടബിലിറ്റിയും ഉണ്ടാക്കി. ഇനി ഉത്തരവാദിത്വവും ഉണ്ടാകും. ലാൻഡ് എടുത്ത് നൽകാൻ

അഞ്ഞൂറോആയിരമോരണ്ടായിരമോ സർവേയർമാരെ നിയോഗിച്ചാലും അതിന് ചെറിയ തുകയേ ചെലവാകുകയുള്ളൂ. ലാൻഡ് എടുത്ത് കൊടുക്കാത്തതിന്റെ പേരിൽ എക്സ്ചെക്കറിൽ നിന്ന് കോടികളാണ് പോകുന്നത്. Delay in the Projects, ഇവിടെ delay എന്നുപറഞ്ഞാൽ, 25 വർഷം എം.എൽ.എ. ആയ എന്റെ ഒരു അനുഭവമോർക്കുമ്പോൾ ഇപ്പോഴും എനിക്ക് സങ്കടം വരും. ഞാൻ ആദ്യം എം. എൽ. എ. ആകുമ്പോൾ കൊച്ചിയിൽ 1998-ൽ തുടങ്ങിയ 36 കോടി രൂപയുടെ ഒരു കുടിവെള്ള പദ്ധതി മൂന്ന് വർഷം കൊണ്ട് പൂർത്തിയാകേണ്ടതാണ്. പന്ത്രണ്ട് വർഷം കഴിഞ്ഞ് 2010-ലാണ് പൂർത്തിയായത്. 36 കോടി രൂപയുടെ പദ്ധതി പൂർത്തിയാക്കാൻ ചെലവായത് 172 കോടി രൂപയാണ്. ആരുടെ പണമാണ് ഇത്? നിങ്ങളും ഞാനും പാവപ്പെട്ടവരും അടയ്ക്കുന്ന നികുതിപ്പണമാണ്. ഇവിടെ ചോർച്ചയുണ്ടാകാൻ പാടില്ല. പ്രോജക്ട് ഇംപ്ലിമെന്റേഷന് ഒരു പ്രോട്ടോക്കോൾ ഉണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. ജനങ്ങളുടെ മേൽ നയാപൈസയുടെ നികുതിഭാരം അടിച്ചേല്പിക്കാതെ ആത്മവിശ്വാസത്തോടുകൂടിയാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ജി.എസ്.ടി. അടക്കമുള്ള വകുപ്പുകളെ ഞങ്ങൾ ആധുനികവൽക്കരിക്കും. ടാക്സ് അഡ്മിനിസ്ട്രേഷൻ റീ-സ്ട്രക്ചർ ചെയ്യും. ഞങ്ങൾ ടാക്സ് ഡ്രൈവ് നടത്തി ചോർച്ച തടയും. കേരളത്തിന് പുറത്തുനിന്നും ധാരാളം സാധനങ്ങൾ കൊണ്ടുവന്ന് ഇവിടെ വിൽക്കുകയാണ്. അതിലൂടെ സംസ്ഥാനത്തിന്റെ വരുമാനം ചോരുകയാണ്. കൃത്യമായും ടാക്സ് അടച്ചിരുന്നവർ ഇന്ന് കട പൂട്ടി പോകുകയാണ്. കർണ്ണാടകയിൽ നിന്നും ടൈലുകൾ ബിസിനസ്സ് ടു ബിസിനസ്സും (B2B) ബിസിനസ്സ് ടു കസ്റ്റമറും (B2C) ആയി ഇവിടെ വില്പന നടത്തുമ്പോൾ ഗവൺമെന്റിന് നികുതി ചോർച്ചയുണ്ടാകുകയാണ്. മാത്രമല്ല, സ്ഥിരമായി നികുതിയടയ്ക്കുന്ന നിരവധി കടകൾ പൂട്ടിപ്പോകുന്ന സാഹചര്യംകൂടി സംജാതമാകുകയാണ്. അതിന്റെ victim ഗവൺമെന്റാണ്. ഈ ഗവൺമെന്റ് ഒരു കാരണവശാലും അത്തരം പ്രവണത അനുവദിക്കില്ല. എസ്.സി./എസ്.റ്റി. അലോക്കേഷൻ കുറവാണെന്ന് ഇവിടെ പറയുകയുണ്ടായി. കുറവുണ്ടായി. നേരത്തെ സൂചിപ്പിച്ചല്ലോ; 35,000 കോടി രൂപയുടെ പ്ലാൻ വച്ചതിനുശേഷം 20,500 കോടി രൂപ ഇല്ലെന്ന് മുൻ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് സമ്മതിച്ചു. പതിനാലായിരത്തി ചില്വാനം കോടി രൂപയുടെ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റുമില്ല. 2.8 ശതമാനത്തിന്റെ കണക്ക്

*24-06-2026*
*Financial Business - General Discussion on the Revised Budget (2026-27)*

അദ്ദേഹത്തിന് എവിടെനിന്നും കിട്ടിയെന്ന് എനിക്കറിയില്ല. പതിനാറാം ധനകാര്യ കമ്മീഷൻ തന്നേക്കും. 2.32 ശതമാനം കിട്ടാത്തതിനാൽ 5,000 കോടി രൂപ ലഭിച്ചില്ല. വേറൊരു 600 കോടി രൂപയുടെ ഗ്രാന്റും പോയി. 35,000 കോടി രൂപയുടെ പ്ലാൻ നടപ്പാക്കാൻ ഞങ്ങൾ വന്നപ്പോൾ 20,500 കോടി രൂപയില്ല. ഞങ്ങൾ വന്നിട്ട് എന്താണ് ചെയ്തത്? ഞങ്ങൾ പദ്ധതിക്ക് 20000 കോടി രൂപ ഡൗൺസൈസ് ചെയ്തില്ല. പകരം 5,000 കോടി രൂപ കുറവുവരുത്തി. ആ കുറവ് ഇവിടെ ഉണ്ടായിട്ടുണ്ട്. എന്നിട്ട് ബാക്കി 15000 കോടി രൂപ കണ്ടെത്തുകയാണ് ഗവൺമെന്റ് ചെയ്തത്. പട്ടികജാതി-പട്ടികവർഗക്കാർക്ക് കുറവ് വരുത്തരുതെന്ന് ആ കസേരയിലിരുന്ന് മുമ്പ് ഞാൻ സഭയിൽ പറഞ്ഞിട്ടുണ്ട്. അങ്ങ് 35000 കോടി രൂപയുടെ പ്ലാൻ നടത്തുമായിരുന്നെങ്കിൽ പട്ടികജാതി-പട്ടികവർഗക്കാർക്ക് എത്ര കിട്ടുമായിരുന്നു? അതിന് ഞങ്ങൾ അഡീഷണലായി എസ്.സി.പി. (Special Component Plan)-യിൽ 527 കോടി രൂപയും ടി.എസ്.പി. (Tribal Sub-Plan)-യിൽ 152 കോടി രൂപയും വകയിരുത്തി. ഫിഷറീസിന് 70 കോടി രൂപ കുറഞ്ഞുവെന്നത് ശരിയാണ്. അഡീഷണലായിട്ട് 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ മണ്ണെണ്ണയ്ക്ക് 25 രൂപയിൽ നിന്ന് 40 രൂപ വിലയുണ്ടായിരുന്നപ്പോഴാണ് ഉമ്മൻ ചാണ്ടി സർക്കാർ 25 രൂപ സബ്സിഡി നൽകിയത്. കഴിഞ്ഞ പത്ത് വർഷമായി മണ്ണെണ്ണയുടെ വില 120-ഉം 130-ഉം 140-ഉം ഒക്കെയാണ്. 40 രൂപയുണ്ടായിരുന്ന മണ്ണെണ്ണയുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്? ഇപ്പോൾ ഞങ്ങൾ മണ്ണെണ്ണയുടെ വില 75 രൂപയാക്കി വർധിപ്പിച്ചു. അതുപോലെ ഡീസലിന്റെ കാര്യവും ഞങ്ങൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അവരെയെല്ലാം ഞങ്ങൾ ചേർത്ത് നിർത്തുമെന്നതിൽ ഒരു സംശയവും വേണ്ട. എൽ.എസ്.ജി.ഡി. ഫണ്ട് അലോക്കേഷൻ കുറവാണെന്ന ഒരു ആരോപണം ഇവിടെ വന്നിരുന്നു. മൂന്ന് ഗഡുവായാണ് എൽ.എസ്.ജി.ഡി. ഗ്രാന്റ് നൽകേണ്ടത്. കഴിഞ്ഞ തവണ അലോക്കേഷൻ വച്ചിരുന്നെങ്കിലും മൂന്നാം ഗഡു നൽകാതെയാണ് ഇടതുപക്ഷ സർക്കാർ അധികാരത്തിൽനിന്നും ഇറങ്ങിപ്പോയത്. ആ 6000 കോടി രൂപ ഉണ്ടായിരുന്നെങ്കിൽ അതിൽനിന്നും 2000 കോടി രൂപ നൽകിയാൽ മതിയായിരുന്നു. പക്ഷേ കൊടുത്തില്ല, ഞങ്ങളിനി മൂന്നാം ഗഡു കൊടുക്കണം. ലോക്കൽ ബോഡിക്ക് മാറാനുള്ള ബില്ലുകളും നൽകിയിട്ടില്ല. കുറച്ചു നാൾ ഞങ്ങൾ ഇവിടെ പറഞ്ഞിട്ടുള്ള

പ്രധാനപ്പെട്ട മറ്റൊരു വിഷയമാണ് ഉമ്മൻ ചാണ്ടിയുടെ കാലത്ത് 18 മാസത്തെ പെൻഷൻ കുടിശ്ശികയുണ്ട് എന്നുള്ളത്. പലതവണ ശ്രീ. പി. സി. വിഷ്ണുനാഥ് അക്കാര്യം ഇവിടെ വായിച്ചിട്ടുമുണ്ട്. 2016-നുശേഷം അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക് ഇറക്കിയ വൈറ്റ് പേപ്പറിൽ കൃത്യമായി അക്കാര്യങ്ങളൊക്കെ പറയുന്നുണ്ട്. സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ആകെ മൂന്ന് മാസം കൊടുത്തില്ല. കാരണം ഭരണപരമായ നടപടിക്രമങ്ങൾ മാറുന്നതിന്റെ ഇടയിലായിരുന്നു അത് ചെയ്തതെന്ന് ഡോ. തോമസ് ഐസക് പറഞ്ഞിട്ടുണ്ട്. 806 കോടി രൂപയുടെ കുറവായിരുന്നു അന്നുണ്ടായിരുന്നത്. ഇത് വൈറ്റ് പേപ്പറിൽ പറഞ്ഞിരിക്കുന്നതാണ്. പെൻഷൻ 18 മാസം മുടങ്ങിയെന്ന് കളവ് പറയുകയാണ്. മാത്രമല്ല നിങ്ങളുടെ കാലത്ത് നിങ്ങളും കുടിശ്ശിക മുടക്കിയിട്ടുണ്ട്. നിങ്ങളുടെ കാലത്ത് നാല് മാസത്തെ പെൻഷൻ കുടിശ്ശിക ഇവിടെ ഉണ്ടായിരുന്നു. റൂൾ 300 പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട അന്നത്തെ മുഖ്യമന്ത്രി കുടിശ്ശിക തീർക്കുമെന്ന് ഇവിടെ പറഞ്ഞതാണ്. ഇപ്പോഴത്തെ സ്ഥിതിയെന്താണ്? പെൻഷൻ നൽകുന്നതിനുവേണ്ടി extra-budgetary mechanism എന്ന നിലയിൽ ഇടതുപക്ഷ സർക്കാർ Kerala Social Security Pension Limited (KSSPL) രൂപീകരിച്ചു. ഒരു മാസത്തിൽ നൽകേണ്ട ശരാശരി പെൻഷൻ തുക 1,100 കോടി രൂപയാണ്. നിലവിൽ KSSPL-ന് നൽകാനുള്ളത് 17,175 കോടി രൂപയുടെ കടബാധ്യതയാണ്. കഴിഞ്ഞ 16 മാസത്തെ കടബാധ്യതയായ 17,175 കോടി രൂപയുടെ ബാധ്യത തീർക്കേണ്ട ഉത്തരവാദിത്വം ഈ സർക്കാരിനാണ്. 18 മാസത്തെ കുടിശ്ശികയെക്കുറിച്ചുള്ള കഥ പറഞ്ഞവരോട് എനിക്ക് പറയാനുള്ളത്, കഴിഞ്ഞ സർക്കാർ പെൻഷൻ നൽകിയെന്നത് ശരിയാണ്. എന്നാൽ ആ തുക കടം വാങ്ങിയാണ് നൽകിയത്. അങ്ങനെ കടമെടുത്ത് നൽകിയ മുഴുവൻ ബാധ്യതയും ഈ സർക്കാർ ഏറ്റെടുത്ത് തിരിച്ചടയ്ക്കേണ്ട സാഹചര്യമാണുള്ളത്. അതിനുള്ള മറുപടി മുൻ ധനകാര്യ വകുപ്പുമന്ത്രിക്ക് പറയാവുന്നതാണ്, ഞാൻ വഴങ്ങാൻ തയ്യാറാണ്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, നേരത്തെ അങ്ങ് പറഞ്ഞപ്പോൾ ഞാൻ ഒറ്റകാര്യം മാത്രമാണ് സൂചിപ്പിച്ചത്. ഇന്ത്യയുടെ പ്രധാനമന്ത്രി ചന്ദ്രശേഖറും ധനകാര്യ

*24-06-2026*
*Financial Business - General Discussion on the Revised Budget (2026-27)*

വകുപ്പമന്ത്രി ഡോ. മൻമോഹൻ സിങ്ങും ആയിരുന്ന സമയത്ത് സാമ്പത്തിക പ്രതിസന്ധി വന്നപ്പോൾ ലണ്ടനിലെ ബാങ്ക് ഓഫ് ഇംഗ്ലണ്ടിൽ സ്വർണം പണയപ്പെടുത്തിയ സ്ഥിതിയാണ് കേരളത്തിലുമെന്ന് അങ്ങ് ആരോപിക്കുകയുണ്ടായി. അങ്ങ് ഇപ്പോഴത്തെ മുഖ്യമന്ത്രി സ്ഥാനം വഹിച്ചുകൊണ്ട് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് ഇത്രയും മോശമായി സംസാരിക്കാൻ പാടില്ല. സംസ്ഥാനത്തിന്റെ പത്ത് വർഷത്തെ സാമ്പത്തികസ്ഥിതിയെ സംബന്ധിച്ച് 2026 ജൂൺ 16-ന് സി.&എ.ജി. പ്രസിദ്ധീകരിച്ച സ്റ്റേറ്റ് ഫിനാൻസസ് ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ഇന്ത്യയിലെ ടാക്സ് കളക്ഷനിൽ (State's Own Tax Revenue) മെച്ചപ്പെട്ട ആറ് സംസ്ഥാനങ്ങളിൽ നാലാമത്തെ സംസ്ഥാനം കേരളമാണ്. കേരളത്തിന് സ്വന്തമായി 60 ശതമാനത്തിലധികം റവന്യൂ വരുമാനമാണുള്ളത്. ഭരണമാറ്റമൊക്കെ സംഭവിച്ചേക്കാം. എന്നാൽ വസ്തുതകൾ മറച്ചുവച്ച് സംസ്ഥാനം മൊത്തത്തിൽ കടബാധ്യതയിലാണെന്ന് പറയുന്നത് ശരിയായ കാര്യമല്ല. നേരത്തെ ആറ് ലക്ഷം കോടി രൂപ കടമാണെന്ന് പ്രചരിപ്പിച്ചത് ശരിയല്ല. സി.&എ.ജി. റിപ്പോർട്ട് പ്രകാരം നാലുലക്ഷത്തി എൺപതിനായിരം കോടി രൂപയാണ് കടം. എന്നാൽ ആയത് അഞ്ചുലക്ഷത്തി ഏഴായിരം കോടി രൂപയാണെന്നാണ് നിങ്ങളുടെ കണ്ടെത്തൽ. 48,000 കോടി രൂപയുടെ കടബാധ്യയുണ്ടെന്ന് പറഞ്ഞതിൽ 36,000 കോടി രൂപ ഡി.എ./ഡി.ആർ. കുടിശ്ശികയാണ്. ഞങ്ങളത് നാല് ഗഡുക്കളായി നൽകുമെന്ന് പറയുകയും ആദ്യഗഡുവായി 12,000 കോടി രൂപ ബജറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ഇതൊക്കെ രേഖയിലുള്ളതാണ്. മുമ്പ് കേന്ദ്ര സർക്കാർ സ്വർണ്ണം പണയപ്പെടുത്തിയതുപോലെ സംസ്ഥാനത്തിന്റെ സ്ഥിതിയും അപ്രകാരമായി എന്ന രീതിയിൽ പറഞ്ഞതുകൊണ്ടാണ് സി.&എ.ജി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഞാൻ ഇക്കാര്യം വ്യക്തമാക്കിയത്. മറ്റ് റിപ്പോർട്ടുകളൊന്നും ഞാൻ കൊണ്ടുവന്നിട്ടില്ല. പെൻഷൻ കമ്പനിയുടേത് ഉൾപ്പെടെ കടമെടുത്ത തുകയാണല്ലോ 48,000 കോടി രൂപയെന്ന് അങ്ങ് പറയുന്നത്. നേരത്തെ ഒന്നേകാൽ ലക്ഷം കോടി രൂപയുടെ കടമുണ്ടെന്നാണ് അങ്ങ് പറഞ്ഞത്. 3.5 ശതമാനത്തിനുള്ളിൽ മാത്രമേ ഈ കടമെല്ലാം വരികയുള്ളൂ. കേന്ദ്ര ധനകാര്യ കമ്മീഷന്റെ മാനദണ്ഡമനുസരിച്ച് ഇപ്പോൾ റിസർവ് ബാങ്കിൽനിന്നും കടമെടുക്കാനുള്ള പരിധി 3.5

ശതമാനമാണ്. ഞാൻ ധനകാര്യ മന്ത്രിയായിരുന്നപ്പോൾ KSSPL-ന്റെയും കിഫ്ബിയുടെയും കടങ്ങൾക്കായി 4,730 കോടി രൂപ വീതം ഓരോ വർഷവും കട്ട് ചെയ്യുന്നുണ്ടായിരുന്നു. സംസ്ഥാനങ്ങൾക്ക് കടമെടുക്കൽ പരിധിക്കപ്പുറം കടമെടുക്കാൻ സാധിക്കില്ല. പെൻഷൻ കമ്പനി വഴി കടമെടുക്കുന്നത് തിരിച്ചടക്കാനുള്ളതാണെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. പഞ്ചായത്തുകൾക്ക് തുക അനുവദിക്കാത്ത വിഷയംകൂടി സൂചിപ്പിക്കുകയാണ്. തിരഞ്ഞെടുപ്പ് പ്രഖ്യാപനം വന്നപ്പോൾ തുക ആവശ്യമാണെന്ന് ചൂണ്ടിക്കാട്ടിയുള്ള കത്ത് ഫിനാൻസ് സെക്രട്ടറി ചീഫ് സെക്രട്ടറി മുഖാന്തരം സംസ്ഥാന ഇലക്ഷൻ കമ്മീഷനെ അറിയിച്ചെങ്കിലും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ അനുവാദം ലഭിച്ചാൽ മാത്രമേ തുക നൽകാൻ കഴിയുമായിരുന്നുള്ളൂ. മുൻ ഇലക്ഷൻ കമ്മീഷൻ ഇപ്പോൾ അങ്ങയുടെ പ്രിൻസിപ്പൽ സെക്രട്ടറിയാണ്. തിരഞ്ഞെടുപ്പ് പ്രഖ്യാപന സമയത്ത് തുക നൽകുന്നതിന് തിരഞ്ഞെടുപ്പ് കമ്മീഷന്റെ അനുമതി വേണമെന്ന കാരണത്താൽ തുക ആവശ്യമാണെന്ന് കാണിച്ചുകൊണ്ടുള്ള കത്ത് ചീഫ് സെക്രട്ടറി അയച്ചെങ്കിലും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ അനുവാദം ലഭിക്കാത്തതിനെത്തുടർന്നാണ് തുക നൽകാതിരുന്നത്. (...ബഹളം...) പഞ്ചായത്തുകൾക്ക് തുക അനുവദിക്കാത്തതുമായി ബന്ധപ്പെട്ട വിശദീകരണമിതാണ്. തിരഞ്ഞെടുപ്പ് കമ്മീഷന്റെ അനുമതിയോടുകൂടി മാത്രമേ തുക നൽകാൻ കഴിയുകയുള്ളൂവെന്ന് ഫിനാൻസ് സെക്രട്ടറിയും ചീഫ് സെക്രട്ടറിയും വ്യക്തമാക്കിയത് സംബന്ധിച്ച് സഭയിൽ ക്ലാരിഫിക്കേഷൻ നൽകേണ്ടതല്ലേ?

മി. സ്പീക്കർ: അങ്ങയുടെ പോയിന്റ് ക്ലിയറാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് ഇരിക്കൂ. ആരെങ്കിലും ഇത്രയും സമയം പ്രസംഗിക്കാൻ വഴങ്ങുമോ? അദ്ദേഹം പറഞ്ഞത് ശരിയല്ല. കടം 48,000 കോടി രൂപ മാത്രമല്ല. കിഫ്ബിയുടെയും കെ.എസ്.എസ്.പി.എൽ.-ന്റെയും കൂടി ചേർക്കുമ്പോൾ 48,000 കോടി രൂപയല്ല, കടം 87,000 കോടി രൂപയാണ്. കിഫ്ബിവഴി ഒൻപത് ശതമാനത്തിലധികം പലിശയ്ക്കാണ് കടമെടുത്തിരിക്കുന്നത്. പെൻഷൻ കുടിശ്ശികയില്ലാതെ കൊടുത്തുവെന്ന് നിങ്ങൾ പറയുന്നത് ശരിയാണ്. നേരത്തെ പറഞ്ഞപ്രകാരം കമ്പനി

രൂപീകരിച്ച് ഫണ്ട് സമാഹരിച്ച് നിങ്ങൾ പെൻഷൻ നൽകിയെങ്കിലും ഇതിലൂടെ ഉണ്ടായ കടം ഈ സർക്കാരിന്റെ തലയിലാണ്. കഴിഞ്ഞ സർക്കാർ പതിനാറ് മാസം നൽകിയ പെൻഷൻ തുകയുടെ കടം ഞങ്ങളുടെ സർക്കാർ അടച്ചുതീർക്കണം.

അതുപോലെ സംസ്ഥാനത്ത് വർധിച്ചുവരുന്ന വനം-വന്യജീവി സംഘർഷത്തിനെതിരെ കഴിഞ്ഞ സർക്കാർ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ബജറ്റിൽ കാര്യമായി തുക വകയിരുത്തിയില്ലെന്നുമാത്രമല്ല വകയിരുത്തിയ തുക ചെലവഴിച്ചിട്ടുമില്ല. പരമ്പരാഗതമായതോ ആധുനികമായതോ ആയ ഒരു സംവിധാനവും നിങ്ങൾ ചെയ്തില്ല. വനം-വന്യജീവി സംഘർഷം പരിഹരിക്കാൻ ഞങ്ങളുടെ ഗവൺമെന്റ് പരമ്പരാഗതവും ആധുനികവുമായ സംവിധാനങ്ങൾ ഏർപ്പെടുത്തി പരിഹാരമുണ്ടാക്കും. ഞാൻ നേരത്തെ പറഞ്ഞതുപ്രകാരം ഫിഷറീസ് മേഖലയെ ചേർത്തുനിർത്തുന്നതോടൊപ്പം ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തും. വന്യജീവി സംഘർഷവും കാർഷിക ഉൽപന്നങ്ങളുടെ വില ഇടിവും കാരണം മലയോര ജനത വല്ലാതെ പ്രയാസപ്പെടുകയാണ്. പലരും പശുവിനെ കറന്നാണ് ജീവിക്കുന്നത്. മലയോര വികസനത്തിനും അവിടെ മികച്ച പദ്ധതികളുണ്ടാക്കാനും ഈ ഗവൺമെന്റ് കൂടുതൽ ശ്രദ്ധിക്കും. പി.എം. ശ്രീ പദ്ധതിയെക്കുറിച്ച് ഇന്ന് രാവിലെ പറഞ്ഞ കാര്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി കൃത്യമായി മറുപടി നൽകി. ആർ.എസ്.എസ്.-ന്റെ വിഷസർപ്പങ്ങൾക്ക് വിളക്കുവച്ചത് നിങ്ങളാണെന്ന് ബഹുമാന്യനായ മുൻമന്ത്രി ശ്രീ. പി. പ്രസാദ് ഇവിടെ പറഞ്ഞു. എന്നാൽ ആർ.എസ്.എസ്.-ന്റെ വിഷസർപ്പങ്ങളുടെ മുന്നിൽവച്ച വിളക്ക് കൊളുത്തിയ സർക്കാരാണ് ഇടതുപക്ഷ സർക്കാർ. നിങ്ങൾ പി.എം.ശ്രീ. കരാറിൽ ഒപ്പുവയ്ക്കുകയും ചെയ്തു. ആ പദ്ധതി പിൻവലിക്കാനും മരവിപ്പിക്കാനും വേണ്ടിയാണോ നിങ്ങൾ ഒപ്പുവച്ചത്; ഞങ്ങൾ വളരെ കൃത്യമാണ്. ഇന്ന് രാവിലത്തെ ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി പ്രസംഗത്തിൽ ഇക്കാര്യം വ്യക്തമായല്ലോ? അതിലൊന്നും നമ്മൾക്ക് പതറേണ്ട ആവശ്യമില്ല. ഞാൻ ചില മറുപടികൾ പറയുകയാണ്.

*24-06-2026*
*Financial Business - General Discussion on the Revised Budget (2026-27)*

ശ്രീ. പിണറായി വിജയൻ: സർ, കേരളത്തിൽ ഇപ്പോൾ പി.എം. ശ്രീ പദ്ധതി നടപ്പായിട്ടില്ല. ആ പദ്ധതി നടപ്പാക്കാതിരിക്കുന്നത് മരവിപ്പിക്കൽ കാരണമാണ്. നിങ്ങളിപ്പോൾ അതിനെപ്പറ്റി വീണ്ടും ആലോചിക്കുന്നത് എന്തിനാണ്?

ശ്രീ. വി. ഡി. സതീശൻ: സർ, നിങ്ങൾ പദ്ധതിയിൽ ഒപ്പുവച്ചത് മരവിപ്പിക്കാൻ വേണ്ടിയാണോ?

ശ്രീ. പിണറായി വിജയൻ: സർ, ആ പദ്ധതി നടപ്പാക്കേണ്ടതില്ലെന്ന് ഞങ്ങൾ നയപരമായി തീരുമാനിച്ചു. അപ്രകാരം തീരുമാനിച്ചതിനുശേഷം അത് നടപ്പായില്ല, അതിപ്പോൾ നടപ്പാകാതിരിക്കുകയാണ്. നടപ്പാക്കാതിരിക്കുന്ന ഒരു പദ്ധതിയെ സംബന്ധിച്ച് നടപ്പാക്കുന്നതിന്റെ ഭാഗമായി നിങ്ങൾ ആലോചിക്കുന്നത് എന്തിനാണ്?

ശ്രീ. വി. ഡി. സതീശൻ: സർ, എന്തിനാണ് ആ പദ്ധതി ഒപ്പുവച്ചതെന്ന് ഇതുവരെ പറയാത്തതാണ് ഒന്നാമത്തെ കാര്യം. പദ്ധതി മരവിപ്പിച്ചു എന്ന് പറഞ്ഞതാണ് രണ്ടാമത്തെ കാര്യം. പ്രസ്തുത പദ്ധതി മരവിപ്പിക്കാൻ പ്രൊവിഷനില്ല. എട്ടുമാസത്തോളമായി ഒരു സബ് കമ്മിറ്റി രൂപീകരിച്ചെങ്കിലും ഒരു മീറ്റിങ് കൂടി കേരളം ഈ പദ്ധതി നടപ്പാക്കില്ലെന്നൊരു തീരുമാനമെടുത്ത് കത്ത് നൽകാത്തതാണ് മൂന്നാമത്തെ കാര്യം. നിങ്ങൾ കത്ത് കൊടുത്തോ? ഞാൻ അങ്ങയോട് തർക്കത്തിനില്ല. നിങ്ങൾ കത്ത് കൊടുത്തില്ല. ഇത് രാവിലെ സംസാരിച്ചതാണ്.

ശ്രീ. പിണറായി വിജയൻ: സർ, അതുസംബന്ധിച്ച് സംവാദമാകുന്നതിൽ പ്രശ്നമില്ല. പി.എം. ശ്രീ-യിൽ ഒപ്പുവച്ചു. (......ബഹളം......) എന്തിനാണ് ഒപ്പുവച്ചതെന്നാണല്ലോ ചോദിക്കുന്നത്; (......ബഹളം......) ഇവിടെ സർവ ശിക്ഷാ അഭിയാന്റെ ഫണ്ട് ആയിരത്തി അഞ്ഞൂറ് കോടി രൂപയിലധികമാണ് തടഞ്ഞുവച്ചത്. (......ബഹളം......) National Education Policy (NEP)-യുടെ ഭാഗമായ പൊതുവിദ്യാഭ്യാസ നയം കേരളത്തിൽ നടപ്പാക്കുന്നില്ലെന്ന് നേരത്തെതന്നെ വ്യക്തമാക്കിയിട്ടുണ്ട്. അതിൽ യാതൊരു മാറ്റവുമില്ല. ആ നയം നടപ്പാക്കാൻ തയ്യാറല്ല. പി.എം. ശ്രീ പദ്ധതിയുടെ ഭാഗമായി ഇവിടെ ഒന്നും നടപ്പാക്കാനില്ല. എന്നാൽ സർവ ശിക്ഷാ അഭിയാന്റെ ഫണ്ട് നമുക്ക് ലഭിക്കണമായിരുന്നു.

(.....ബഹളം.....) ഇമ്മാതിരി ആളുകളെയും കൊണ്ടാണ് മുന്നോട്ടുപോകുന്നതെങ്കിൽ നിങ്ങൾ അപകടത്തിലാകും. (......ബഹളം.....)

മി. സ്പീക്കർ: പ്ലീസ്.......പ്ലീസ്......

ശ്രീ. പിണറായി വിജയൻ: സർ, സർവ ശിക്ഷാ അഭിയാൻ (SSA) ഫണ്ട് സംസ്ഥാനത്തിന് ലഭിക്കാതിരുന്നാൽ നാം പ്രയാസത്തിലാകും. ആ പ്രയാസം കേരളത്തെയാകെ ബാധിക്കുന്നതാണ്. അത് ഒഴിവാക്കുന്നതിനാണ് പി.എം.ശ്രീ. പദ്ധതിയുടെ ഭാഗമായി ഒപ്പുവച്ച് പണം ലഭ്യമാക്കാനുള്ള ശ്രമം നടത്തിയത്. എന്നാൽ ആ ശ്രമം ശരിയല്ലെന്ന് ഞങ്ങൾ തീരുമാനിക്കുകയും അതിന്റെ ഭാഗമായി ആ പദ്ധതി മരവിപ്പിക്കുകയും ചെയ്തു. ഇപ്പോൾ എട്ടുമാസമായി അത് നടപ്പായിട്ടില്ല. നിങ്ങളിപ്പോൾ വീണ്ടുമത് നടപ്പാക്കാൻ ശ്രമിക്കുന്നതെന്തിനാണ്?

ശ്രീ. വി. ഡി. സതീശൻ: സർ, രണ്ടു ചോദ്യത്തിനും മറുപടിയില്ല. എന്നാൽ എന്തിന് ഒപ്പുവച്ചുവെന്ന ചോദ്യത്തിന്, പണം ലഭിക്കാൻവേണ്ടി ഒപ്പുവച്ചു. ആ നടപടിക്രമങ്ങളിൽ ഒരുകാരണവശാലും ഒപ്പുവയ്ക്കില്ലെന്ന പ്രത്യയശാസ്ത്രപരവും നയപരവുമായ തീരുമാനത്തിനും, ആർ.എസ്.എസ്. വിഷസർപ്പമാണ് എന്നുപറഞ്ഞ തീരുമാനത്തിനും മുന്നിൽ കീഴടങ്ങി ഒപ്പുവച്ചു. എന്തുകൊണ്ട് നിങ്ങളിത് നടപ്പാക്കുന്ന എന്ന ചോദ്യത്തിന്, ഞങ്ങൾ നടപ്പാക്കുന്നുവെന്ന് പറഞ്ഞിട്ടില്ല; നിങ്ങളിത് നടപ്പാക്കില്ല എന്നുപറഞ്ഞ് എട്ട് മാസമായിട്ടും എന്തുകൊണ്ടാണ് കേന്ദ്ര സർക്കാരിന് ഒരു കത്തുപോലും നൽകാതിരുന്നത്. നിങ്ങൾ രണ്ടും ചെയ്തിട്ടില്ല, ഒപ്പ് വയ്ക്കുകയും ചെയ്തു. ആയത് നടപ്പാക്കില്ലെന്ന് പറഞ്ഞ് കത്തും നൽകിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നിങ്ങളൊരു സബ് കമ്മിറ്റിയെ നിയമിച്ചപ്പോൾ ഞങ്ങളെന്താണ് ചെയ്തത്? ഞങ്ങൾ മന്ത്രിമാരുടെ ഒരു സബ് കമ്മിറ്റിയെ രൂപീകരിച്ചശേഷം കരിക്കുലം ഫ്രീഡത്തിൽ തൊടാൻ സമ്മതിക്കില്ലെന്ന് തീരുമാനമെടുത്തു. Selection of schools ഗവൺമെന്റ് ചെയ്യുമെന്നും ആ സിലബസിൽ തൊടാൻ കേന്ദ്ര ഗവൺമെന്റിനെ അനുവദിച്ചുകൊണ്ടുള്ള ഒരു നെഗോസിയേഷനുമില്ലെന്നും പറഞ്ഞു.

ബി.ജെ.പി.-യുടെ കക്ഷിനേതാവ് സംസാരിച്ചത് സഭയുടെ റെക്കോർഡിൽ കിടക്കുന്നതിനാൽ അതിന് മറുപടി പറയണമല്ലോ; 63 സീറ്റുമായി കോൺഗ്രസ്

അധികാരത്തിൽ വന്നിരിക്കുകയാണെന്നും ഇത് തമ്മിൽതല്ലി പിളരുമെന്നും കേരളാ കോൺഗ്രസ് ഉണ്ടാകുമെന്നും അദ്ദേഹം ഇവിടെ പ്രസംഗിച്ചപ്പോൾ പറഞ്ഞു. മൂന്ന് നേതാക്കന്മാരുമായി ജയിച്ചുവന്ന നിങ്ങൾ മൂന്നുപേരും തമ്മിൽ വലിയ യോജിപ്പായതുകൊണ്ടാണല്ലോ രണ്ട് സീനിയർ നേതാക്കന്മാരിൽ ഒരാൾ രണ്ടാമത്തെ ബെഞ്ചിലും ഒരാളെ മൂന്നാമത്തെ ബെഞ്ചിലും ഇരുത്തിയശേഷം അങ്ങ് മുൻസീറ്റിലിരിക്കുന്നത്.

കോൺഗ്രസിൽ വലിയ മുഖ്യമന്ത്രി തർക്കമാണെന്ന് സി.പി.ഐ.(എം) പറഞ്ഞു. ഞങ്ങൾ ഗവൺമെന്റായി പോകുകയാണ്, ജനാധിപത്യ പാർട്ടികളിൽ അതൊക്കെയുണ്ടാകും. എന്നെക്കാൾ അർഹതയുള്ള ധാരാളം ആളുകൾ ഈ സഭയ്ക്കകത്തുണ്ടെങ്കിലും ഞാൻ മുഖ്യമന്ത്രിയായെന്ന് മാത്രമേയുള്ളൂ; ജനാധിപത്യ പാർട്ടിയിൽ അതൊക്കെ നടക്കും. നിങ്ങളുടെ സി.പി.ഐ.(എം.) പാർട്ടിയിൽ എല്ലാം ശാന്തമാണല്ലോ; തിരഞ്ഞെടുപ്പ് കഴിഞ്ഞശേഷം നടക്കുന്ന കാര്യങ്ങളെന്താണ്? ഞാൻ പ്രതിപക്ഷനേതാവായശേഷം വന്ന് കസേരയിലിരുന്നപ്പോൾ പാർട്ടിയിലെ ആരും എന്നെ ചോദ്യം ചെയ്തില്ല. എന്നാൽ നിങ്ങളുടെ പ്രതിപക്ഷനേതാവിനെയും പാർട്ടി സെക്രട്ടറിയെയും നേതൃത്വത്തെയും, പാർട്ടിയിലെ അണികളും നേതാക്കന്മാരും ചോദ്യം ചെയ്യുകയാണ്.

<u>പ്രതിപക്ഷനേതാവ്</u>: സർ, അതൊക്കെ വല്ലാത്ത ആഗ്രഹമാണ്. ഇതൊക്കെ ഞാനോ ഞങ്ങളോ ആദ്യമായി നേരിടുന്നതല്ല; നിങ്ങൾ നല്ലവണ്ണം ചിരിക്കുന്നില്ലേ, ചിരിക്കുന്നവർ നന്നായി മനസ്സിലാക്കിക്കോ; നിങ്ങളെയെല്ലാം പിന്താങ്ങിക്കൊണ്ടിരിക്കുന്ന വലതുപക്ഷ മാധ്യമങ്ങൾ കൊത്തിക്കീറിവലിച്ച് നടക്കുകയായിരുന്നപ്പോഴൊന്നും ഞങ്ങൾ തകർന്നുപോയിട്ടില്ല, അതിനെയെല്ലാം നേരിട്ടുകൊണ്ടാണ് ഈ സഭയിൽ നിൽക്കുന്നത്. എന്നെയോ ഞങ്ങളെയോ ഈ സ്ഥാനത്ത് പാടില്ലെന്ന് ഞങ്ങളുടെ പാർട്ടിയിൽ ഒരിടത്തും ആരോപിച്ചിട്ടില്ല. അതെല്ലാം ഈ നാട്ടിലെ വലതുപക്ഷ മാധ്യമങ്ങളുടെ സൃഷ്ടിയാണ്. അതുകേട്ട് ഇതാ സി.പി.ഐ.(എം.) തകരാൻപോകുന്നുവെന്ന് നിങ്ങൾ വല്ലാതെ മോഹിക്കണ്ട.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, സി.പി.ഐ.(എം.)-ൽ എല്ലാ കാര്യങ്ങളും നന്നായി നടക്കുന്നുവെങ്കിൽ ഞങ്ങൾക്ക് വലിയ സന്തോഷമാണ്. ഒരു തിരുത്തലുമില്ലാതെ ഇവയെല്ലാം

കറക്കാണെന്ന് നിങ്ങൾ തീരുമാനിക്കണമെന്നും ഇപ്രകാരംതന്നെ പോകണമെന്നുമാണ് ഞങ്ങളാഗ്രഹിക്കുന്നത്. എനിക്ക് മുഖ്യമന്ത്രി സ്ഥാനം എങ്ങനെയാണ് കിട്ടിയതെന്നും ഞങ്ങളുടെ മുഖ്യമന്ത്രി തർക്കത്തെക്കുറിച്ചുമെല്ലാം എൽ.ഡി.എഫ്. അംഗങ്ങൾ എഴുന്നേറ്റുനിന്ന് സംസാരിച്ചപ്പോൾ, ഞാനെന്റെ കസേരയിൽനിന്നും എഴുന്നേറ്റ് പ്രകോപിതനായോ? ഞാൻ ചിരിച്ചുകൊണ്ട് കേട്ടുകൊണ്ടിരുന്നു. ഞങ്ങളുടെ പാർട്ടിയെക്കുറിച്ച് എൽ.ഡി.എഫ്.-ലെ അംഗങ്ങൾ സംസാരിച്ചാൽ അതിന് മറുപടി ലഭിക്കും. അത്രയേയുള്ളൂ.

<u>പ്രതിപക്ഷനേതാവ്</u>: സർ, ഇത് പറയുന്നത് അങ്ങാണ്. അങ്ങെന്ന് പറഞ്ഞാൽ ശ്രീ. വി. ഡി. സതീശൻ എന്ന കേരളത്തിന്റെ മുഖ്യമന്ത്രി. ഞാനിവിടെ ഇരിക്കുന്നത് പ്രതിപക്ഷനേതാവായിട്ടായതിനാൽ അങ്ങ് പറയുമ്പോൾ അതിന് സ്വാഭാവികമായും മറുപടി പറയാൻ ഞാൻ ബാധ്യസ്ഥനാണ്. ആ മറുപടിയാണ് ഞാൻ പറയുന്നത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, പ്രതിപക്ഷാംഗങ്ങൾ എന്റെ പാർട്ടിയെയും ഞാൻ റെപ്രസന്റ് ചെയ്യുന്ന മുന്നണിയെയും കുറിച്ച് സംസാരിച്ചതിന്റെ മറുപടി പറയാനുള്ള ഉത്തരവാദിത്വം എനിക്കുണ്ട്. എന്റെ പാർട്ടിയെയും മുന്നണിയെയും കുറിച്ച് പറഞ്ഞാൽ ഞാൻ തിരിച്ചുപറയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ഇവിടെ ഗവർണറുമായുള്ള പ്രശ്നത്തെപ്പറ്റി പറഞ്ഞു. ഗവർണർ ആദ്യമായിട്ടാണോ കേരളത്തിൽ ഇഷ്ടമുള്ള വൈസ് ചാൻസലറെ നിയമിക്കുന്നത്; ഗവർണർ ആദ്യമായിട്ടാണോ സെനറ്റിലേക്ക് സ്വന്തം അംഗങ്ങളെ ചേർക്കുന്നത്? ഞങ്ങളതിനെ അതിശക്തിയായി എതിർത്തു. ഗവർണർ ഒരു പ്രത്യേക യോഗം ലോക്ഭവനിൽ വിളിച്ചപ്പോൾ, മുഖ്യമന്ത്രിയുടെ ഓഫീസ് എന്താണ് സംഭവിച്ചതെന്ന് അന്വേഷിച്ചശേഷം അപ്പോൾതന്നെ ഗവർണറുടെ സെക്രട്ടറിക്ക് ഗവൺമെന്റിന്റെ അതൃപ്തി രേഖപ്പെടുത്തി കത്തയയ്ക്കുകയും അപ്രകാരം ചെയ്യാൻ പാടില്ലെന്ന് നിർദേശിക്കുകയും ചെയ്തു.

ഈ ബജറ്റിൽ ഒരിടത്തും കേന്ദ്ര ഗവൺമെന്റിനെതിരായൊന്നും കാണില്ലെന്ന് നിങ്ങൾ പറഞ്ഞല്ലോ; ഒരു വിഷയം വരുമ്പോഴല്ലേ പറയേണ്ടത്. വിബി-ജി റാം ജി കേസ് വന്നപ്പോൾ, അതിൽ ഇതുവരെയുണ്ടാകാത്ത കോൺട്രിബ്യൂഷൻ അതായത് 40% ആക്കണമെന്ന് നിർദേശിച്ചു. ഏകദേശം 2500-3000 കോടി രൂപയോളം ഇതിനാവശ്യമായി

വരുന്നതിനാൽ ഞങ്ങൾ അവിടെ കേന്ദ്ര ഗവൺമെന്റിന്റേത് തെറ്റായ നയമാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്.

ഞങ്ങളുടെ ഗവൺമെന്റ് ചുമതലയേറ്റയുടൻ കേന്ദ്ര ഗവൺമെന്റുമായി യുദ്ധപ്രഖ്യാപനത്തിനൊന്നുമില്ല. തെറ്റായ കാര്യങ്ങൾ കേന്ദ്രത്തിന്റെ ഭാഗത്തുനിന്നുമുണ്ടായാൽ ഞങ്ങൾ സംസാരിക്കുകയും അതിനെതിരായി നിലപാട് സ്വീകരിക്കുകയും ചെയ്യും. അതായത് കോ-ഓപ്പറേറ്റീവ് ഫെഡറലിസത്തിനും ഈ ഗവൺമെന്റിനുമെതിരായി കേന്ദ്ര ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമ്പോൾ ഞങ്ങൾ അതിനെതിരായുള്ള നിലപാട് സ്വീകരിക്കും. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗം, വൈറ്റ് പേപ്പർ, ബജറ്റ് എന്നീ കാര്യങ്ങളിലെല്ലാം കേന്ദ്ര സർക്കാരിനെതിരായി എല്ലാ ദിവസവും യുദ്ധപ്രഖ്യാപനം നടത്തുകയല്ല ഞങ്ങളുടെ സമീപനം. തെറ്റ് പറഞ്ഞാൽ ഞങ്ങൾ ചൂണ്ടിക്കാണിക്കും. നിങ്ങളുടെ നയമല്ല ഞങ്ങളുടേത്; ഞങ്ങളുടേത് വ്യത്യസ്തമായ നയവും സമീപനവുമാണ്.

ഏറ്റവും പ്രധാനപ്പെട്ട കാര്യം, ലിക്വറിന് ടാക്സ് ഏർപ്പെടുത്തിയെന്നും Bacardi കമ്പനിയുമായി ഏർപ്പെട്ടിട്ടാണ് മുഖ്യമന്ത്രി ഇത് ചെയ്തതെന്നും എത്ര കിട്ടി എന്നതുടങ്ങി എന്തെല്ലാം ആരോപണങ്ങളാണ് ഇവിടെ ഉന്നയിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് എത്ര കിട്ടിയെന്ന് ഞാൻ പറഞ്ഞുതരാം. രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വന്നത് മേയ് 20-നാണ്. തുടർന്ന് ആറുമാസത്തിനകമാണ് ഈ പരിപാടി ആരംഭിച്ചത്. എനിക്കെതിരായി പറഞ്ഞ നിലവിലെ പാർട്ടി സെക്രട്ടറി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ അന്നത്തെ എക്സൈസ് വകുപ്പുമന്ത്രിയായിരുന്നു. ഇതുമായി ബന്ധപ്പെട്ട നോട്ട് ഫയലിലെ ആദ്യത്തെ ഖണ്ഡികയിൽ, എക്സൈസ് വകുപ്പുമന്ത്രി പറയുന്നത്, "Bacardi India, SDF Industries എന്നിവ നൽകിയ അപേക്ഷകളും സമാനമായ മറ്റ് അപേക്ഷകളും ഒരുമിപ്പിച്ച് ഖണ്ഡികയിൽ പറഞ്ഞുപ്രകാരം വീര്യംകുറഞ്ഞ മദ്യത്തിന് വ്യക്തമായ നിർവചനം നൽകി വിശദമായ റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കുക" എന്നാണ്. ആരാണ് Bacardi കമ്പനിയുമായി സംസാരിച്ചത്; രണ്ടാമത്തെ ആരോപണമെന്താണ്? ഈ വീര്യം കുറഞ്ഞ മദ്യം കേരളത്തിലിറങ്ങിയാൽ യുവതലമുറയെ മുഴുവനും നശിപ്പിച്ചുകളയുമെന്നും സ്ത്രീകളിലേക്കും കുട്ടികളിലേക്കും എളുപ്പത്തിൽ എത്തുമെന്നുമാണ് പ്രതിപക്ഷം

ആരോപിക്കുന്നത്. 31-03-2022-ലെ സർക്കാരിന്റെ മദ്യനയത്തിലെ ഐറ്റം നമ്പർ-25-ൽ ഉദയഭാനു കമ്മിഷന്റെ ശിപാർശയിൽ, വീര്യംകുറഞ്ഞ മദ്യം പ്രോത്സാഹിപ്പിക്കാൻ ശിപാർശ ചെയ്തിട്ടില്ലാത്തതിനാൽ സംസ്ഥാനത്ത് 20% വരെ വീര്യമുള്ള മദ്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമെന്നാണ്. ഇതാണ് വീര്യംകുറഞ്ഞ മദ്യം കേരളത്തിലിറങ്ങിയാൽ അപകടമാണെന്ന് പറഞ്ഞ മുൻസർക്കാരിന്റെ മദ്യനയം. (....ബഹളം..) അന്നത്തെ എക്സൈസ് വകുപ്പുമന്ത്രി നിയമസഭയിൽ പറഞ്ഞ ഉത്തരം, Bacardi India Limited എന്ന സ്ഥാപനം അവരുടെ ഉല്പന്നങ്ങളായ Bacardi Breezer, Bacardi Plus എന്നീ ലഹരി പാനീയങ്ങൾ കേരളത്തിൽ വിൽപ്പന നടത്തുന്നതിനുള്ള അനുമതിക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. Bacardi Breezer-ൽ 4.8%-വും Bacardi Plus-ൽ 8%-വും ആൽക്കഹോളാണ് അടങ്ങിയിരിക്കുന്നത്. 2022-23-ലെ മദ്യനയത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതുപ്രകാരം 0.5 മുതൽ 20 വരെ ആൽക്കഹോൾ കണ്ടന്റുള്ള മദ്യം വിപണനം നടത്തുന്നതിന് വിദേശമദ്യ ചട്ടത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ബിയറിനും വൈനിനും ഇടയ്ക്കുള്ള പ്രത്യേക കാറ്റഗറി അല്ലേയിതെന്നാണ് ബക്കാർഡി കമ്പനി ചോദിച്ചത്. കേരളത്തിൽ ബിയറിന്റെ നികുതി 116 ശതമാനവും വൈനിന്റെ നികുതി 86 ശതമാനവുമാണ്. ഇതിനിടയിലുള്ള ഒരു നികുതിയായിരുന്നു കമ്പനിയുടെ ആവശ്യം. ടി ഫയലും നടപടിക്രമങ്ങളുമെല്ലാം പൂർത്തിയായെങ്കിലും ഇലക്ഷനായതുകാരണം നികുതി നിരക്കുകൾ നിങ്ങൾക്ക് അന്തിമമായി പ്രഖ്യാപിക്കാൻ സാധിച്ചില്ല. (......ബഹളം......) എനിക്ക് പറയാനുള്ളത് പറഞ്ഞ് തീർന്നതിനുശേഷമേ ഇരിക്കുകയുള്ളൂ. അങ്ങ് പ്രസംഗിക്കണ്ട, ഞാനാണ് പ്രസംഗിക്കുന്നത്. ഇത് ഞാൻ പറഞ്ഞ് തീർക്കട്ടേ, എന്റെ പോയിന്റ് പൂർത്തീകരിച്ചിട്ടില്ല. തങ്ങളുടെ ഉൽപ്പന്നത്തെ നിലവിലുള്ള വൈനിന്റെ നികുതിയായ 86 ശതമാനത്തിനും ബിയറിന്റെ നികുതിയായ 116 ശതമാനത്തിനും ഇടയ്ക്കുള്ള നികുതിയിൽ ഉൾപ്പെടുത്തണമെന്നാണ് ബക്കാർഡി കമ്പനി പറഞ്ഞത്. ടി ഫയൽ ഞങ്ങളുടെ മുന്നിൽ ബജറ്റ് തയ്യാറാക്കുന്നതിന് മുമ്പുവന്നു. ഏഴ് ഉദ്യോഗസ്ഥർ ഈ ഫയൽ കണ്ടശേഷം ഞങ്ങൾ ശരവേഗത്തിൽ ഫയലിന്മേൽ തീരുമാനമെടുത്തുവെന്നാണ് ഇവിടെ പറഞ്ഞത്. ഒരു സർക്കാർ ബജറ്റ് അവതരിപ്പിക്കുമ്പോൾ തൊട്ടുമുമ്പിലത്തെ ദിവസമാണ് നികുതി

നിശ്ചയിക്കുന്നത്. ബജറ്റ് അവതരിപ്പിക്കുന്നതിന്റെ തലേദിവസം രാത്രി ഒരു മണിക്കുശേഷമാണ് നികുതിയുടെ ഭാഗം പ്രിന്റ് ചെയ്യാൻ നൽകുന്നത്. ഇതിന്മേൽ ചർച്ചയുണ്ടെങ്കിൽ അതെല്ലാം കഴിഞ്ഞാണ് വേഗത്തിൽ തീരുമാനമെടുക്കുന്നത്. ടാക്സിന്റെ കാര്യങ്ങളെല്ലാം ഇങ്ങനെ തന്നെയാണ് തീരുമാനിക്കുന്നത്. ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. എൻ. ബാലഗോപാലിന് ഇത് അറിയാവുന്ന കാര്യമാണ്. രാത്രി പന്ത്രണ്ടുമണിക്ക് മുമ്പായി ഫയലിന്മേൽ അന്തിമ തീരുമാനമെടുത്താണ് അത് പ്രിന്റ് ചെയ്യാൻ നൽകുന്നത്. ബക്കാർഡി കമ്പനി പറഞ്ഞ വൈനിന്റെ നികുതിയായ 86 ശതമാനത്തിനും ബിയറിന്റെ നികുതിയായ 116 ശതമാനത്തിനും ഇടയ്ക്കുള്ള ഒരു നികുതി നിരക്കല്ല സർക്കാർ നിശ്ചയിച്ചത്. 0.5 ശതമാനം മുതൽ 10 ശതമാനം വരെ ആൽക്കഹോൾ അടങ്ങിയവയ്ക്ക് 120 ശതമാനം വില്പന നികുതിയും 10 ശതമാനം മുതൽ 20 ശതമാനം വരെ ആൽക്കഹോൾ അടങ്ങിയവയ്ക്ക് 175 ശതമാനം വില്പന നികുതിയുമാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. മറ്റ് സംസ്ഥാനങ്ങളിൽ നൽകുന്ന വീര്യം കുറഞ്ഞ മദ്യത്തിന്റെ നികുതി പരിശോധിച്ചതിൽനിന്നും കേരളത്തിലാണ് വീര്യം കുറഞ്ഞ മദ്യത്തിന് ഏറ്റവും കൂടിയ നികുതി ഈടാക്കുന്നതെന്ന് ഞങ്ങൾക്ക് മനസ്സിലായി. നികുതി ഏർപ്പെടുത്തുന്നതിനെപ്പറ്റിയല്ലേ സംസാരിക്കുന്നത്, അപ്പോൾ ഒരുകാര്യംകൂടി അറിയണം. 2018-2019-ൽ ബഹുമാനപ്പെട്ട മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഒരു നികുതി നയം അവതരിപ്പിച്ചു. പൂർണ്ണമായും ഇന്ത്യയിൽ നിർമ്മിച്ച് വിൽക്കുന്നവയാണ് ഇന്ത്യൻ മെയ്ഡ് ഫോറിൻ ലിക്വർ (IMFL), എന്നാൽ പൂർണ്ണമായും വിദേശത്ത് നിർമ്മിച്ച് ഇന്ത്യയിൽ വിൽക്കുന്നതാണ് ഫോറിൻ മെയ്ഡ് ഫോറിൻ ലിക്വർ (FMFL). ഇന്ത്യൻ മെയ്ഡ് ഫോറിൻ ലിക്വറിനെക്കാൾ ഫോറിൻ മെയ്ഡ് ഫോറിൻ ലിക്വറിൽ ആൽക്കഹോളിന്റെ അളവ് 40 ശതമാനം മുതൽ 60 ശതമാനം വരെ കൂടുതലാണ്. 2018-19-ൽ ഇന്ത്യൻ മെയ്ഡ് ഫോറിൻ ലിക്വറിന് 210 ശതമാനം നികുതിയായി ഉയർത്തിയപ്പോൾ അന്നത്തെ എൽ.ഡി.എഫ്. മുഖ്യമന്ത്രി ഫോറിൻ മെയ്ഡ് ഫോറിൻ ലിക്വറിന് ഏർപ്പെടുത്തിയ നികുതി വെറും 78 ശതമാനമാണ്. 2022-2023-ൽ ഇന്ത്യൻ മെയ്ഡ് ഫോറിൻ ലിക്വറിന് 251 ശതമാനം നികുതിയായി വർധിപ്പിച്ചപ്പോൾ ഫോറിൻ മെയിഡ്

*24-06-2026*
*Financial Business - General Discussion on the Revised Budget (2026-27)*

ഫോറിൻ ലിക്വറിന്റെ നികുതി വെറും 115 ശതമാനമായിരുന്നു. ഇത് ബിയറിന്റെ നികുതിയെക്കാൾ താഴ്ന്ന നിരക്കാണ്. നിങ്ങൾ ജോണി വാക്കർ, ചിവാസ് റീഗൽ എന്നീ കമ്പനികളിൽനിന്നും കൈ നീട്ടി വാങ്ങിയിട്ടാണോ 40 ശതമാനം മുതൽ 60 ശതമാനം വരെ ആൾക്കഹോൾ അടങ്ങിയ വിദേശമദ്യത്തിന് 78 ശതമാനം നികുതി നിശ്ചയിച്ചത്. വീര്യം കുറഞ്ഞ മദ്യം എന്ന ഒരു പുതിയ കാറ്റഗറി നിശ്ചയിച്ചത് എൽ.ഡി.എഫ്. സർക്കാരാണ്. ഗവൺമെന്റ് continuation ആണല്ലോ. ഞങ്ങളുടെ മുന്നിൽ വീര്യം കുറഞ്ഞ മദ്യമുണ്ട്, അതിന് ഞങ്ങൾ ഒരു നികുതി നിശ്ചയിച്ചു. 05 മുതൽ 10 ശതമാനം വരെ ആൾക്കഹോൾ അടങ്ങിയവയ്ക്ക് 120 ശതമാനം വില്പന നികുതിയും 10 മുതൽ 20 ശതമാനം വരെ ആൾക്കഹോൾ അടങ്ങിയവയ്ക്ക് 175 ശതമാനം വില്പന നികുതി എന്നിങ്ങനെ രണ്ട് തരത്തിലുള്ള നികുതി സർക്കാർ നിശ്ചയിച്ചു. ഞങ്ങളുടെ മദ്യനയം തീരുമാനിക്കേണ്ടത് രാഷ്ട്രീയ തീരുമാനപ്രകാരം യു.ഡി.എഫ്. ആണ്. ഞങ്ങൾ എല്ലാ ഘടകകക്ഷികളുമായി സംസാരിച്ച് ഇതുമായി ബന്ധപ്പെട്ട് ഒരു ഡ്രാഫ്റ്റ് തയ്യാറാക്കിയതിനുശേഷം തീരുമാനമെടുക്കും. നിങ്ങളെപ്പോലെ മദ്യനയത്തിന്റെ ഭാഗമാക്കി വീര്യം കുറഞ്ഞ മദ്യം കേരളത്തിൽ വിൽക്കണമെന്ന യു.ഡി.എഫ്. നയം വന്നാൽ ഇപ്പോൾ ഏർപ്പെടുത്തിയ നിരക്കിലായിരിക്കും നികുതി ഈടാക്കുന്നത്. വീര്യം കുറഞ്ഞ മദ്യം കേരളത്തിൽ വിൽക്കേണ്ടെന്ന് തീരുമാനമെടുത്താൽ അത് വിൽക്കുകയില്ല. അത് രാഷ്ട്രീയ തീരുമാനമാണ്. പാർട്ടിയിൽ ആലോചിക്കാതെയാണ് ഈ തീരുമാനങ്ങളെല്ലാം എടുത്തതെന്ന് ഇവിടെ പറയുകയുണ്ടായി. മുൻ ധനകാര്യ വകുപ്പുമന്ത്രിക്ക് അറിയാം; നികുതി നിശ്ചയിക്കുന്നതിനുമുമ്പ് വകുപ്പുകളിൽ നിന്നും പ്രൊപ്പോസൽ വാങ്ങുമെങ്കിലും ഒരു വകുപ്പുമായും നികുതിയുമായി ബന്ധപ്പെട്ട് ചർച്ചകളൊന്നും നടത്താറില്ല. സഹകരണ-എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. ലിജു എന്റെ മുറിയിൽ വന്ന് സംസാരിക്കുമെന്ന പത്രവാർത്ത കേട്ട് സംസാരിക്കാൻ വരുന്നില്ലേയെന്ന് ഞാൻ അദ്ദേഹത്തോട് ചോദിച്ചു. അദ്ദേഹം എന്റെ അനുജനെപ്പോലെയാണ്. രണ്ടുമൂന്ന് കാര്യം പറയാനുണ്ടായിരുന്നു, പക്ഷെ ഈ വാർത്ത വന്നതുകാരണം എനിക്ക് അങ്ങോട്ട് വരാൻ സാധിക്കാത്ത അവസ്ഥയാണുള്ളതെന്നാണ് അദ്ദേഹം പറഞ്ഞത്. ഇതാണ് ഇവിടത്തെ ഇപ്പോഴുള്ള സ്ഥിതി. ദൈനംദിന ഭരണ കാര്യങ്ങളെ സംബന്ധിക്കുന്ന ഫയലും

കൊണ്ട് ഞങ്ങൾ കെ.പി.സി.സി.-യിൽ പോകാറില്ല. അത് നിങ്ങൾക്ക് മനസ്സിലായല്ലോ; മുമ്പത്തെ ഒരു മുഖ്യമന്ത്രി ഫയൽ ചുമന്ന് എ.കെ.ജി. സെന്ററിൽ പോയതുപോലെ ഒറ്റ കോൺഗ്രസ് മന്ത്രിയോ ഞങ്ങളുടെ ഘടക കക്ഷിയിൽ ഉൾപ്പെട്ട മന്ത്രിമാരോ ദൈനംദിന ഭരണകാര്യങ്ങളിൽ അവരുടെ പാർട്ടി ഓഫീസിലേക്ക് ഫയലുമായി പോകില്ല. But when it policy comes, I will go to the KPCC office and I will discuss it with our KPCC President, and ask him to convene a meeting of the concerned committee. അതിനുശേഷം ഞങ്ങൾ ഘടകകക്ഷികളുമായും സംസാരിച്ചശേഷം ഒരു നയമുണ്ടാക്കും. നികുതി നിശ്ചയിക്കുന്ന ഫയലും ദൈനംദിനം പ്രവർത്തനങ്ങൾ നിശ്ചയിക്കുന്ന ഫയലും മുഖ്യമന്ത്രി അറിയാതെ പാർട്ടി ഓഫീസിൽ കൊണ്ടുപോയി അംഗീകാരം നേടുന്ന പരിപാടിയൊന്നും ഈ സർക്കാരിനുണ്ടാവില്ലെന്നാണ് എനിക്ക് പറയാനുള്ളത്. കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ (CAG) റിപ്പോർട്ടിനെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. അതിൽ വേറെയും ഒരുപാട് കാര്യങ്ങളുണ്ട് അതിനെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. ബാറുകളിൽനിന്നും കഴിഞ്ഞ കാലങ്ങളിൽ നൂറ് കോടിരൂപ കുറഞ്ഞു. മദ്യത്തിന്റെ വ്യാപനം കൂട്ടരുതെന്ന് പ്രതിപക്ഷം ഞങ്ങളോട് ഉപദേശിക്കുകയാണ്. 2016-ൽ ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രിയാകുമ്പോൾ 28 ബാറുകളായിരുന്നു ഉണ്ടായിരുന്നത്. ഇപ്പോൾ കേരളത്തിൽ തൊള്ളായിരത്തി ചില്വാനം ബാറുകളുണ്ട്. ഇപ്പോഴുള്ള ബാറുകളിൽ കൂൾഡ്രിങ്ക്സാണോ വിൽക്കുന്നത്? മദ്യവ്യാപനം തടയാൻവേണ്ടി 28 ബാറിൽനിന്നും തൊള്ളായിരത്തി ചില്വാനം ബാറുകളായി വർധിപ്പിച്ച് കേരളത്തിൽ മദ്യം ഒഴുക്കിയ ഒരു സർക്കാരിന്റെ പ്രതിനിധികൾവന്ന് മദ്യം വിഷമാണ്, അത് വ്യാപിപ്പിക്കരുതെന്ന് ഞങ്ങൾക്ക് ഉപദേശം നൽകുകയാണ്. ഞങ്ങൾ ഇത്തരം കാര്യങ്ങളെ സംബന്ധിച്ചൊന്നും പറയാത്തതാണ്. പക്ഷെ എത്ര ഞങ്ങൾക്ക് കിട്ടിയെന്ന് ചോദിച്ചാൽ ഇതല്ലേ മറുപടി നൽകേണ്ടത്. എത്ര കിട്ടിയെന്ന് ചോദിച്ചാൽ നിങ്ങൾ എത്ര വാങ്ങിച്ചിട്ടുണ്ടെന്നാണ് തിരിച്ച് ചോദിക്കേണ്ടത്. ഞാൻ അത്തരത്തിൽ ഒന്നും ചോദിക്കില്ല. ഈ ബജറ്റ് വലിയൊരു തുടക്കമായിരിക്കും. ഞങ്ങൾ ഈ കേരളത്തെ മാറ്റി എഴുതും. ഈ നാട്ടിൽ വളർന്നുവരുന്ന തലമുറ പ്രതീക്ഷയോടെ ഈ സർക്കാരിനെ കാത്തിരിക്കുകയാണ്. കേരളത്തിലെ

യുവതലമുറയും വിദ്യാർഥികളും പ്രതീക്ഷയോടുകൂടി കാത്തിരിക്കുകയാണ്. അവരുടെ പ്രതീക്ഷ യാഥാർഥ്യമാക്കുന്നതിനുവേണ്ടി ഇപ്പോൾ പ്രഖ്യാപിച്ച പദ്ധതികൾക്ക് കൃത്യമായ ഡെലിവറിയുണ്ടാകും. അതിനുള്ള നടപടിക്രമങ്ങളുണ്ടാകും. ഒരു സംശയവും അക്കാര്യത്തിൽ വേണ്ട. അക്കാര്യം കേരളത്തിലെ ജനങ്ങൾക്കും ഈ നിയമസഭയ്ക്കും ഉറപ്പുനൽകിക്കൊണ്ട് ഈ ബജറ്റ് സഭ അംഗീകരിക്കണമെന്ന് ഞാൻ വിനയപൂർവം അഭ്യർഥിക്കുകയാണ്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, (മൈക്ക് ഓഫ്)

മി. സ്പീക്കർ: ചട്ടം താൽക്കാലികമായി സസ്പെൻഡ് ചെയ്യുന്നതിനുള്ള ഉപക്ഷേപം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഒന്നുരണ്ട് കാര്യങ്ങൾകൂടി പറയാനുണ്ട്. (...ബഹളം...) പുതിയ... (...ബഹളം...) യെസ്.... യെസ്... (...ബഹളം...) ഇല്ല. ഇരിക്കൂ.... (...ബഹളം...) പുതിയതായി അവതരിപ്പിക്കുന്ന പദ്ധതികളുടെ കാര്യത്തെക്കുറിച്ചുകൂടി പറയേണ്ടതുണ്ട്.

ക്രൈസ്തവ വിഭാഗങ്ങളുടെ കാര്യങ്ങൾ പഠിക്കുന്നതിനുവേണ്ടി തീരുമാനിച്ച ജെ.ബി. കോശി കമ്മിഷൻ റിപ്പോർട്ട് വിശദമായി പഠിച്ച് അത് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. വ്യവസായ ഐ.ടി. ഫ്യൂച്ചർ ടെക്നോളജി ആൻഡ് എ.ഐ. വകുപ്പിന് 100 കോടി രൂപ അധികമായി വകയിരുത്തുന്നു. അരൂരിൽ കെ. ആർ. ഗൗരിയമ്മയുടെ പേരിൽ സ്മാരകം നിർമ്മിക്കാൻ ഒരു കോടി രൂപ വകയിരുത്തുന്നു. ശാസ്താംകോട്ട താലൂക്കാശുപത്രി ആധുനിക സൗകര്യങ്ങളോടുകൂടിയ സൂപ്പർ സ്പെഷ്യാലിറ്റി ആക്കുന്നതിനും കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനും അഞ്ചുകോടി രൂപ വകയിരുത്തുന്നു. തിക്കോടി, മൂടാടി എന്നീ പഞ്ചായത്തുകളിലുള്ള കോടിക്കൽ മിനി ഫിഷിങ് ഹാർബർ നിർമ്മാണത്തിന് 7.5 കോടി രൂപ വകയിരുത്തുന്നു. മാവൂർ പഞ്ചായത്തിലെ കുറ്റിക്കടവ് പാലത്തിനായി 10 കോടി വകയിരുത്തുന്നു. പണ്ഡിറ്റ് കറുപ്പൻ സ്മാരകത്തിന്റെ നിർമ്മാണം പൂർത്തിയാക്കാൻ 50 ലക്ഷം രൂപ വകയിരുത്തുന്നു. അമ്പൂരി പഞ്ചായത്ത് കെട്ടിടം നിർമ്മിക്കാൻ ഒരു കോടി രൂപ വകയിരുത്തുന്നു. പൊതുവിദ്യാഭ്യാസ വകുപ്പിന് 50 കോടി രൂപകൂടി അധികമായി വകയിരുത്തുന്നു. തിരൂർ ക്യാൻസർ ആശുപത്രിക്ക് ഉപകരണം വാങ്ങാൻ മൂന്നുകോടി രൂപ വകയിരുത്തുന്നു. നീർക്കടവ് ഫിഷ് ലാൻഡിങ് സെന്ററിന് അഞ്ചുകോടി രൂപ

വകയിരുത്തുന്നു. കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ സ്റ്റേഡിയം നിർമ്മാണത്തിനായി അഞ്ചുകോടി രൂപ വകയിരുത്തുന്നു. ഷിറിയ റെയിൽവേ അടിപ്പാത നിർമ്മാണത്തിനായി മൂന്നുകോടി രൂപ വകയിരുത്തുന്നു. കറുകച്ചാൽ ഫയർ സ്റ്റേഷൻ നിർമ്മാണത്തിനായി ഒരു കോടി രൂപ വകയിരുത്തുന്നു. വെള്ളയിൽ ഫിഷിങ് ഹാർബർ നവീകരണത്തിന് രണ്ടുകോടി രൂപ വകയിരുത്തുന്നു. കോവളം നിയോജകമണ്ഡലത്തിൽ സ്ഥലം വാങ്ങി സ്റ്റേഡിയം നിർമ്മിക്കുന്നതിന് 20 കോടി രൂപ വകയിരുത്തുന്നു. കക്കോടി പോലീസ് സ്റ്റേഷനായി രണ്ടുകോടി രൂപ വകയിരുത്തുന്നു. കരുവട്ടൂർ എഫ്.എച്ച്.സി.-യെ സി.എച്ച്.സി. ആയി ഉയർത്താൻ 1.5 കോടി രൂപ വകയിരുത്തുന്നു. കാഞ്ഞിരപ്പുഴ പഞ്ചായത്ത് കാഞ്ഞിരം മുതൽ ആനമൂളി വരെയുള്ള റോഡിനായി ഒരു കോടി രൂപ വകയിരുത്തുന്നു. നീലിപ്പാറ മണിയൻകിണർ റോഡ് നവീകരണത്തിനായി രണ്ടുകോടി രൂപ വകയിരുത്തുന്നു. പുഞ്ചിരിപ്പാടം റോഡ് അഭിവൃദ്ധിപ്പെടുത്തലിനും സൗന്ദര്യവൽക്കരണത്തിനുമായി ഒരു കോടി രൂപ വകയിരുത്തുന്നു. വളാഞ്ചേരി ഫയർ സ്റ്റേഷന് അഞ്ചുകോടി രൂപ വകയിരുത്തുന്നു. പുത്തൂർ ചെന്നയ്ക്കൽ ബൈപ്പാസ് മൂന്നാംഘട്ട നിർമ്മാണത്തിന് സ്ഥലമേറ്റെടുക്കാൻ അഞ്ചുകോടി രൂപ വകയിരുത്തുന്നു. മമ്പുറം ഹെറിറ്റേജ് വില്ലേജ് പദ്ധതി നടപ്പാക്കും. ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ കൂടൽമാണിക്യം ഭരതസ്വാമി ക്ഷേത്രം, പായമ്മൽ ശത്രുഘ്നക്ഷേത്രം, തൃപ്രയാർ ശ്രീരാമക്ഷേത്രം, അങ്കമാലി നിയോജകമണ്ഡലത്തിലെ തിരുമൂഴിക്കുളം ശ്രീലക്ഷ്മണപ്പെരുമാൾ ക്ഷേത്രം എന്നിവ ഉൾപ്പെടെ നാലമ്പല തീർഥാടന പാക്കേജിനായി പത്തുകോടി രൂപ അനുവദിക്കുന്നു. കടുത്തുരുത്തി വലിയ തോടുകളുടെയും വിവിധ ജലാശയങ്ങളുടെയും പുനരുജ്ജീവനവും വെള്ളപ്പൊക്ക നിയന്ത്രണവും ജലസേചന ടൂറിസം അടിസ്ഥാനസൗകര്യ വികസനത്തിനായി പത്തുകോടി രൂപ വകയിരുത്തുന്നു. കരമന-കളിയിക്കാവിള നാലുവരിപ്പാത വികസനത്തിന് അടുത്ത റീച്ചിലേയ്ക്ക് ആവശ്യമായ പണം അനുവദിക്കും. കടുത്തുരുത്തി പഞ്ചായത്തിൽ ജലസേചന വകുപ്പിനുവേണ്ടിയുള്ള പുതിയ കെട്ടിട നിർമ്മാണത്തിനും അനുബന്ധ വികസന പ്രവർത്തനങ്ങൾക്കുമായി രണ്ടുകോടി രൂപ വകയിരുത്തുന്നു. പുനലൂർ റവന്യൂ ടവറിന് ഒരു കോടി രൂപ ആദ്യം അനുവദിക്കുന്നു. ചെങ്ങന്നൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ നിർമ്മാണത്തിന് രണ്ടുകോടി രൂപ അനുവദിക്കുന്നു.

കോതമംഗലം ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം ബജറ്റിൽ പ്രഖ്യാപിച്ചിരുന്നെങ്കിലും തുക വകയിരുത്തിയിരുന്നില്ല. അതിനായി അഞ്ചുകോടി രൂപ വകയിരുത്തുന്നു. മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി നഗരസഭയിൽ എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി എന്ന സ്ഥാപനത്തിന് അഞ്ചുകോടി രൂപ വകയിരുത്തുന്നു. പാലാ-എറണാകുളം സൂപ്പർഫാസ്റ്റ് ഹൈവേ നിർമ്മാണത്തിന്റെ പഠനത്തിനായി ഒരുകോടി രൂപ വകയിരുത്തുന്നു. റിവർവ്യൂ റോഡ് വന്നുനൽക്കുന്ന സാന്തോം കോംപ്ലക്സ് മുതൽ വൈക്കം റോഡ് ആർ.വി. ജങ്ഷൻ ക്രോസ് ചെയ്യുള്ള ഫ്ലൈഓവറിന്റെ പ്രാഥമിക പഠനത്തിനായി പത്തുലക്ഷം രൂപ വകുയിരുത്തുന്നു. പാലായിലെ പൂർത്തിയാകാത്ത ബൈപ്പാസ് റോഡിനും റിവർ വ്യൂ റോഡിനും ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി 5 കോടി രൂപ വകയിരുത്തുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളായ ഇലവീഴാപ്പൂഞ്ചിറ, ഇല്ലിക്കൽക്കല്ല് വികസനത്തിനായി മൂന്നുകോടി രൂപ വകയിരുത്തുന്നു. പിറവത്ത് ടി. എം. ജേക്കബ് സ്മാരകം നിർമ്മിക്കാൻ 50 ലക്ഷം രൂപ വകയിരുത്തുന്നു. ആലുവ നാഷണൽ ഹൈവേ പുളിഞ്ചോട് മുതൽ മംഗലപ്പുഴ പാലംവരെയുണ്ടാകുന്ന ട്രാഫിക് ബ്ലോക്ക് മാറ്റുന്നതിനായി NATPAC (National Transportation Planning and Research Centre)-യെക്കൊണ്ട് സാധ്യതാപഠനം നടത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് 30 ലക്ഷം രൂപ വകയിരുത്തുന്നു. എക്സൈസ് ഡിപ്പാർട്ട്മെന്റിലെ ലഹരിവിരുദ്ധ പ്രവർത്തനത്തിനായി അഞ്ചുകോടി രൂപ അധികമായി വകയിരുത്തുന്നു. കായംകുളം ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ നവീകരണത്തിനായി നാലുകോടി രൂപ വകയിരുത്തുന്നു. രാമന്തളി, **വടക്കുമ്പാട്** മാപ്പിള യു.പി. സ്കൂളിന് കെട്ടിടം നിർമ്മിക്കാൻ ഒരു കോടി രൂപ വകയിരുത്തുന്നു. പേരൂർക്കട ജില്ലാ മോഡൽ ഹോസ്പിറ്റലിനായി ആറുകോടി രൂപ വകയിരുത്തുന്നു. കന്യാകുളങ്ങര സിയോൺകുന്ന് റോഡിനായി രണ്ടുകോടി രൂപ വകയിരുത്തുന്നു. മല്ലപ്പള്ളി ഫയർ സ്റ്റേഷനായി ഒരു കോടി രൂപ വകയിരുത്തുന്നു. മുണ്ടക്കയം എഫ്.എച്ച്.സി.-യെ താലൂക്കാശുപത്രിയായി ഉയർത്തുന്നതിന് ഒരുകോടി രൂപ വകയിരുത്തുന്നു. കാഷ്യൂ വർക്കേഴ്സിന് ഗ്രാറ്റുവിറ്റിയായി പത്തുകോടി രൂപകൂടി അധികമായി അനുവദിക്കുന്നു.

| **2026-27-ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് (തുക കോടിയിൽ)** | |
|---|---|
| റവന്യൂ വരവ് | 169646.37 |
| റവന്യൂ ചെലവ് | 205001.67 |
| റവന്യൂ കമ്മി | (-)35355.30 |
| മൂലധന ചെലവ് (തനി) | (-)19651.41 |
| വായ്പകളും മുൻകൂറുകളും (തനി) | (-)1398.65 |
| പൊതുകടം (തനി) | 52364.13 |
| പൊതുകണക്ക് (തനി) | 4000.00 |
| ആകെ കമ്മി | (-)41.23 |
| വർഷാരംഭ രൊക്ക ബാക്കി | (-)382.45 |
| വർഷാന്ത്യ രൊക്ക ബാക്കി | (-)423.68 |
| സഭയിൽ പ്രഖ്യാപിച്ച അധിക ചെലവ് | (-)1080.95 |
| വർഷാന്ത്യ രൊക്ക ബാക്കി | (-)1504.63 |
| ഇപ്പോൾ സഭയിൽ പ്രഖ്യാപിച്ച അധിക ചെലവ് | (-) 315.00 |
| വർഷാന്ത്യ രൊക്ക ബാക്കി | (-)1819.63 |

ഇത് ഈ സഭ അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ചട്ടം താൽക്കാലികമായി സസ്പെൻഡ് ചെയ്യുന്നതിനുള്ള ഉപക്ഷേപം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, സംശയം ചോദിക്കാൻ സമയം നൽകാമെന്ന് അദ്ദേഹം പറഞ്ഞിരുന്നു. അതിലൊരു പോയിന്റ് ഓഫ് ഓർഡറുണ്ട്. അങ്ങ് അത് ശ്രദ്ധിച്ചില്ല. ഇലക്ഷൻ വന്നതുകൊണ്ടാണ് ഞങ്ങൾ ഇത് തീരുമാനക്കാത്തതെന്ന് പറഞ്ഞു. അത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. എന്നാൽ അങ്ങനെയല്ല. മൂന്നുവർഷത്തിലധികം ധനകാര്യ വകുപ്പുമന്ത്രിയായിരുന്നുവെന്ന നിലയിൽ ഇക്കാര്യം വരുമ്പോൾ, ഇത് കഴിഞ്ഞ ബജറ്റിന്റെ സമയത്തും വന്നതാണ്. ഉദ്യോഗസ്ഥർ ഇക്കാര്യം പറഞ്ഞതാണ്. ചിലപ്പോൾ കുറച്ച് നികുതി വരുമാനം വരുമെന്നുള്ളതും ശരിയാണ്. എന്നാൽ ഇതൊരു പുതിയ

സെക്കറാണ്. അത് നൽകാൻ പാടില്ലായെന്ന് ശക്തമായ തീരുമാനമുള്ളതുകൊണ്ടുതന്നെയാണ് നൽകാത്തത്. അല്ലാതെ വെറുതെ അല്ല. ഇലക്ഷൻ നേരത്തെ വന്നതാണല്ലോ; അതിനാൽ അദ്ദേഹം ആ പറഞ്ഞത് ശരിയായില്ല. മറ്റൊരു കാര്യം, 2018-19-ലെ ഫോറിൻ മെയ്ഡ് ഫോറിൻ ലിക്വറിന്റെ കാര്യം പറഞ്ഞു. നേരത്തെയുള്ള ധനകാര്യ വകുപ്പുമന്ത്രിയുടെ സമയത്തെ ഗവൺമെന്റിന്റേതാണ്. ഫോറിൻ മെയ്ഡ് ഫോറിൻ ലിക്കർ എന്നുപറയുന്നത് ഇംപോർട്ടാണ്. (....ബഹളം....) പോയിന്റ് ഓഫ് ഓർഡർ അല്ല. (....ബഹളം....) ബഹുമാനപ്പെട്ട മുഖ്യമന്ത്രി വഴങ്ങാമെന്നുപറഞ്ഞു. (....ബഹളം....) ഇവിടെ ഇല്ലാത്തൊരു കാര്യത്തെക്കുറിച്ച് അപ്രകാരം പറയാമോ; ഇത്രയും കാലം പറഞ്ഞില്ല. അതങ്ങനെ പറയുന്നത് ശരിയാണോ; ഈ സഭ അംഗീകരിച്ചുപോയതാണ്. വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുന്ന ഇതിന് കസ്റ്റംസ് ഡ്യൂട്ടി ഉൾപ്പെടെയുള്ളവ ഉള്ളതുകൊണ്ട് വിലയിൽ വലിയ വ്യത്യാസമുള്ളതുകൊണ്ടാണ് അങ്ങനെ വന്നത്. ഇത്രയും കാലം കഴിഞ്ഞ് ഒരു പോയിന്റ് എന്ന നിലയിൽ അദ്ദേഹം അതിനെക്കുറിച്ച് പറയുന്നത് ശരിയാണോ; ധനകാര്യ വകുപ്പുമന്ത്രിയെന്ന നിലയിൽ, അഞ്ചാറുവർഷംമുമ്പ് അംഗീകരിച്ച ബജറ്റിലെ അക്കാര്യത്തെ സംബന്ധിച്ച് പറയുന്നത് ശരിയാണോ; (....ബഹളം....) മൂന്നാമത്തെ കാര്യം, (....ബഹളം....) പോയിന്റ് ഓഫ് ഓർഡറും സംശയവുമാണ്. ഇപ്പോൾ ഈ ബജറ്റിനകത്ത് ഇത് പാസ്സാക്കിയാൽ (....ബഹളം....) .....ബഹുമാനപ്പെട്ട മുഖ്യമന്ത്രി.... (....ബഹളം....) ഇതൊരു സംശയമാണ്.(....ബഹളം....)

മി. സ്പീക്കർ: അങ്ങ് ചോദിച്ച് അവസാനിപ്പിക്കു. പ്ലീസ്.. പ്ലീസ്...

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, (....ബഹളം....) ഇപ്പോൾ പാസ്സാക്കിയാൽ..., (....ബഹളം....) അങ്ങ് ക്ലാരിറ്റി നൽകിയാലും മതി. ഇപ്പോൾ ഇത് പാസ്സാക്കുന്നു. ബക്കാർഡിയുടെ കാര്യം അല്ലെങ്കിൽ ആ വീര്യം കുറഞ്ഞ മദ്യം. (....ബഹളം....) അത് പാസ്സാക്കിയാൽ പിന്നീട് ചർച്ച ചെയ്ത് നടപ്പിലാക്കാൻ സാധിക്കുമോ; (....ബഹളം....) ഇത് പാസ്സാക്കുന്നതുമുതൽ ഇംപ്ലിമെന്റ് ആകില്ലേ; ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. ഷംസുദ്ദീനൊക്കെ നിയമം അറിയാവുന്നവരാണല്ലോ; (....ബഹളം....) ഇവിടെ ഇത് പാസ്സാക്കിയാൽ അത് വിൽക്കാൻ സാധിക്കില്ലേ; നിങ്ങളുടെ യു.ഡി.എഫ്.-ന്റെ യോഗം

ചേർന്ന്, കെ.പി.സി.സി. ഓഫീസിൽ പോയി, ഇംഗ്ലീഷിൽ ഡൽഹിയിൽ സംസാരിച്ച്, ഇതെല്ലാം കഴിഞ്ഞതിനുശേഷമേ മാത്രമേ ഇതെല്ലാം ഇഫക്ടീവ് ആകുവോ; ഈ സഭയിൽ അംഗീകരിച്ചാൽ അത് വിൽക്കാൻ സാധിക്കില്ലേ; (....ബഹളം....) അങ്ങ് പറഞ്ഞു, ഇത് വിൽക്കാൻ പറ്റില്ല. ഞങ്ങൾ യു.ഡി.എഫ്.-ന്റെ നയമെട്ടത്തേ വിൽക്കുവെന്ന്. ഇത് ഞങ്ങൾ പാസ്സാക്കി... നിങ്ങൾ പാസ്സാക്കുന്നു. വിൽക്കാൻ പറ്റുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. വിൽക്കാൻ സാധിക്കുമോ; (....ബഹളം....) അതേയുള്ളൂ. അത് സാങ്കേതികപരമായ കാര്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയേണ്ടതാണ്. ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞാലും മതിയാകും. അത് സഭയുടെ അവകാശമാണല്ലോ;

മി. സ്പീക്കർ: അങ്ങ് അടുത്ത സെന്റൻസുകൂടി കേൾക്കാൻ നിൽക്കാതെ ചോദ്യം ചോദിച്ചുതുകൊണ്ടാണ്. ഇവിടെ ബജറ്റ് പാസ്സാക്കുകയല്ല. ഇപ്പോൾ ചർച്ചയിൽ വന്നു. ചട്ടം താൽക്കാലികമായി സസ്പെൻഡ് ചെയ്യുകൊണ്ടുള്ള ഉപക്ഷേപം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അവതരിപ്പിക്കാം. അതോടുകൂടി ഉപക്ഷേപം അംഗീകരിക്കും. അതിനുശേഷം പ്രോസസ് അനുസരിച്ചുള്ള നടപടിക്രമം നടക്കുന്നതാണ്. അല്ലാതെ സ്ട്രെയിറ്റായി ബജറ്റ് പാസ്സാക്കുകയല്ല. ഇനി ഡിമാന്റുകളും ചർച്ചകളും വരും. അവിടെ നമുക്ക് കാര്യങ്ങൾ പറയാനുള്ള സന്ദർഭങ്ങൾ വരും. അതിനാൽ അങ്ങയുടെ ആ ക്രമപ്രശ്നം നിലനിൽക്കില്ല എന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു.

ചട്ടം താൽക്കാലികമായി സസ്പെൻഡ് ചെയ്യുന്നതിനുള്ള ഉപക്ഷേപം

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 142 പ്രകാരം ബജറ്റ് ചർച്ചയുടെ അവസാനം ധനാഭ്യർഥനകൾ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികളുടെ സൂക്ഷപരിശോധനയ്ക്കും റിപ്പോർട്ടിനുംവേണ്ടി അയച്ചുകൊടുത്തിരിക്കണമെന്ന നിബന്ധനയുണ്ട്. 2026-27-ലെ ബജറ്റ് ചർച്ച പൂർത്തിയാക്കി ധനാഭ്യർഥനകൾ സബ്ജക്ട് കമ്മിറ്റികൾക്ക് അയയ്ക്കുകയും അതിന്റെ റിപ്പോർട്ട് 2026 ഫെബ്രുവരി 23-ന് സമർപ്പിക്കുകയും ചെയ്ത സാഹചര്യത്തിൽ 2026-27-ലെ പുതുക്കിയ ബജറ്റ് നടപടിക്രമം പൂർത്തിയാക്കുന്നതിനായി ചട്ടം 142 പൂർണ്ണമായും ചട്ടം 143 ഭാഗീകമായും താൽക്കാലികമായി സസ്പെൻഡ് ചെയ്യണമെന്ന നിർദേശം 2026 മേയ് 29-ാം

തീയതി ചേർന്ന കാര്യോപദേശക സമിതി യോഗം അംഗീകരിച്ചിരുന്നു. ഈ സാഹചര്യത്തിൽ നിയമസഭാ ചട്ടം 142, 236 എന്നിവ പൂർണ്ണമായും ചട്ടം 143 ഭാഗീകമായും ഇക്കാര്യത്തിനായി താൽക്കാലികമായി സസ്പെൻഡ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ചട്ടം താൽക്കാലിക സസ്പെൻഡ് ചെയ്യുന്നതിനുള്ള ഉപക്ഷേപം പാസ്സാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ ......

ഉപക്ഷേപം സഭ അംഗീകരിക്കുന്നു.

ഓർഡർ..... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും ജൂൺ മാസം 29-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2026 ജൂൺ മാസം 29-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്കുശേഷം 3.31-ന് പിരിഞ്ഞു.)

*******